1829

# മയൂരസന്ദേശം

## കേരളഹൃദയം

VENGANOOR

(Malayalam)

Mayurasandesam-Keralahridayam

Poetry

By KERALAVARMA VALIAKOILTHAMPURAN

Commentary by

Dr. P. K. NARAYANA PILLAI

Professor of Malayalam

University of Kerala, Trivandrum

First Published February 1965

Reprinted May 1966, June 1967, September 1967

July 1968, October 1968, July 1970

PRINTED AT INDIA PRESS, KOTTAYAM

Price Rs. 2·75

Rights Reserved

Published by Dr. P. K. Narayana Pillai

Distributors:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR

PALGHAT - CANNANORE - QUILON - KOZHIKODE

# മയൂരസന്ദേശം

കേരളഹൃദയം

**കേരളവൎമ്മ**
**വലിയകോയിത്തമ്പുരാൻ**

അവതാരികയും വ്യാഖ്യാനവും

**ഡാ. പി. കെ. നാരായണപിള്ള**

D. K. SMARAKA GRAMODHARANA GRANTHASALA VENGOOR

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം

വില ക. 2·75

## ഡാ. പി. കെ.യുടെ

## ചില മലയാളകൃതികൾ

സാഹിത്യകേളി
വിചിത്രവിപിനം
സംസ്കൃതസാഹിത്യപ്രണയികം
പ്രാചീനമണിപ്രവാളം
ഹരിനാമകീർത്തനം–തത്ത്വദീപിക
ചെല്ലൂർനാഥസ്തവം വ്യാഖ്യാനം
ഭാഗവതകഥകൾ
ദേശീയഗാനം–ഒരു പഠനം
സാഹിതീകടാക്ഷം
മയൂരസന്ദേശം–കേരളഹൃദയം
ചിന്താരത്നം–സംശോധിതസംസ്കരണം
വീരജനനി (നാടകം)
ആശാന്റെ ഹൃദയം
അക്ബർ–നവീകൃതം
സംസ്കാരകൗതുകം

S1229 D3/70–71 7–5000 BP 118

BRAMHA BALA THENNOORKONAM VENGANOOR, A. O.

# കേരളഹൃദയം

മലയാളസാഹിത്യത്തിലെ നവോത്ഥാനത്തിനു നായകത്വം വഹിച്ച മഹാനായിരുന്നു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ. പണ്ഡിതനും കവിയും എന്ന നിലയിലാണു്, കേരളവർമ്മ ഏറിയകൂറും അറിയപ്പെടുന്നതെങ്കിലും പ്രഭാവം തുളുമ്പുന്ന ബഹുമുഖമായ വ്യക്തിത്വംകൊണ്ടു് അനുഗൃഹീതനായിരുന്നു അദ്ദേഹം. വിശിഷ്ടമായ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ ജനിച്ച കോയിത്തമ്പുരാൻ പ്രകൃതിദത്തങ്ങളായ വാസനകളേയും വൈഭവങ്ങളേയും നിസ്തന്ദ്രവും നിരന്തരവുമായ പ്രയത്നംകൊണ്ടു പരമാവധി സമ്പുഷ്ടമാക്കി. പ്രഭാവോജ്ജ്വലമായ തന്റെ വ്യക്തിവൈഭവത്തെ ബോധപൂർവ്വം വികസിപ്പിച്ച സാഹിത്യസേവനത്തിൽ സമുത്സുകനായി ജീവിതം നയിച്ച കേരളവർമ്മ കേരളീയമഹാന്മാരുടെ കൂട്ടത്തിൽ ഉന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. തികഞ്ഞ കായികാഭ്യാസി, പ്രശസ്തനായ കുതിരസ്സവാരിവിദഗ്ദ്ധൻ, വിജയലാളിതനായ ലക്ഷ്യവേധി, ധീരനായ മൃഗയാവിചക്ഷണൻ, ഭരണകാര്യങ്ങളിലതീവ നിഷ്ണാതൻ, പരിചയസമ്പന്നനായ രത്നപരീക്ഷകൻ, തർക്കവേദാന്താദിശാസ്ത്രങ്ങളിൽ അപാരപണ്ഡിതൻ, കൃതഹസ്തനായ കവിപ്രവേകൻ എന്നു തുടങ്ങിയ ബഹുവിധ സിദ്ധികൾകൊണ്ടു് ആ ജീവിതം സമ്പന്നമായിരുന്നു. എങ്കിലും സർവ്വാതിശായിയായ സാഹിത്യകൗതുകവും തൽപ്രേരിതമായ നിരന്തരസാഹിത്യസേവനവുമാണു് അതിനെ ധന്യമാക്കിയതെന്നുള്ളതിൽ സംശയമില്ല.

## വലിയകോയിത്തമ്പുരാൻ

മലബാറിലുള്ള പരപ്പനാട്ടുരാജവംശമാണു്* കേരളവർമ്മയുടെ മൂലകുടുംബം. ഒരുകാലത്തു രാജ്യാധികാരമനു

* ചാലിയം എന്നും ഈ രാജവംശം അറിയപ്പെടുന്നു ...
—കേരളഗസറ്റിയർ, കോഴിക്കോട്ടുജില്ല, പുറം 120

ഭേവിച്ചിരുന്ന ആ ചെറിയ രാജവംശം സമരത്തിലും സംസ്കാരത്തിലും ഒരുപോലെ പ്രശസ്തിയാജ്ജിച്ചിരുന്നു. കാലക്രമത്തിൽ ക്ഷയോന്മുഖമായ ആ രാജകുടുംബത്തിലെ കുഞ്ഞിക്കുട്ടിയമ്മ എന്ന സ്ത്രീ, സന്താനങ്ങളോടുകൂടി ടിപ്പുവിൻെറ ആക്രമണഭീഷണിയിൽനിന്നും രക്ഷനേടുവാനായി എ. ഡി. 965–ൽ തിരുവിതാംകൂർ മഹാരാജാവായ കാത്തികതിരുനാാം രാമവമ്മയെ അഭയംപ്രാപിച്ചു. ഉദാരചരിതനായിരുന്ന കാത്തികതിരുനാാം ആ അഭയാത്ഥികാംക്കു ചങ്ങനാശ്ശേരി നീരാഴിക്കൊട്ടാരം സ്ഥിരതാമസത്തിനായി നല്കി.[1]

രാജരക്ഷാധികാരത്തിൽ അഭിവൃദ്ധിപ്രാപിച്ച ഈ കുടുംബത്തിൽപ്പെട്ട രാജരാജവമ്മതമ്പുരാൻ തിരുവിതാംകൂർ രാജവംശത്തിലെ ലക്ഷ്മീറാണിയെ വിവാഹം കഴിച്ചകാലംമുതൽ പ്രസ്തുത കുടുംബം പ്രശസ്തമായിത്തീൎന്നു. ലക്ഷ്മീറാണിയുടെ സ്മാരകമായി ചങ്ങനാശ്ശേരിയിൽ 987–ൽ ഒരു കൊട്ടാരം പണിയിച്ചതോടുകൂടി ആ കുടുംബം ലക്ഷ്മീപുരം എന്ന നാമധേയം സ്വീകരിച്ചു.[2] ആ രാജ്ഞിക്കു രാജരാജവമ്മയിലുണ്ടായ പുത്രനാണു സംഗീതചക്രവത്തിയായിരുന്ന സ്വാതിതിരുനാാം.

രാജരാജവമ്മയുടെ അനന്തരവളായ പൂരംതിരുനാാം ദേവിയംബത്തമ്പുരാട്ടിയായിരുന്നു കേരളവമ്മ വലിയകോയിത്തമ്പുരാൻെറ അമ്മ. തളിപ്പറമ്പു മല്ലപ്പള്ളി ഇല്ലത്തെ നാരായണൻനമ്പൂതിരിയായിരുന്നു അദ്ദേഹത്തിൻെറ അച്ഛൻ. കൊല്ലവഷം 1020 കുംഭം 10–ാംതീയതി പൂയം നക്ഷത്രത്തിൽ കേരളവമ്മ ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു. സ്വഭാവമഹിമയും പാണ്ഡിത്യസമ്പത്തും തികഞ്ഞിരുന്ന മാതാപിതാക്കന്മാർ ബാലനായിരുന്ന കേരളവമ്മയിൽ ശുഭോദക്മായ സ്വാധീനംചെലുത്തിയിരുന്നു.

---

1 ഡോക്ടർ എൽ. എ. രവിവമ്മ, ലക്ഷ്മീപുരം എന്ന ഗ്രന്ഥത്തിൽ ശ്രീ സി. കെ. കേരളവമ്മ ഉദ്ധരിക്കുന്ന ഭാഗം നോക്കുക. പുറം 6.

2 ടി ഗ്രന്ഥം, പുറം 7.

ഒരു നീട്ടിൻപ്രകാരം 987–ൽ 2400 പറ നെല്ലു പാട്ടം ലഭിക്കുന്ന വസ്തുവും കൊടുത്തു ടി ഗ്രന്ഥം, പുറം 11.

സ്വമാതാവിനെപ്പററി കേരളവമ്മ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു: ''വിദുഷികളായി മലയാളത്തിലുണ്ടായിട്ടുള്ള ഏതാനും സ്ത്രീകളുടെ കൂട്ടത്തിൽ പ്രഥമഗണനീയയായ എൻെറ മാതാവു ബാല്യത്തിൽത്തന്നെ എനിക്കു വിദ്യയിൽ അഭിരുചി ജനിപ്പിക്കുന്നതിനായി പല വിദ്വാന്മാരുടേയും കഥകൾ പറയുകയും അവരുണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ ചൊല്ലിത്തരികയും മററും ചെയ്തിരുന്ന കൂട്ടത്തിൽ ചിലപ്പോൾ സ്വയം ലളിതങ്ങളായ ചെറിയ ശ്ലോകങ്ങൾ ഉണ്ടാക്കി എന്നെ പഠിപ്പിക്കയും ചെയ്തിരുന്നു.''* സിദ്ധരൂപം, അമരകോശം, ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, രഘുവംശം എന്നീ ക്രമത്തിലുള്ള പ്രാഥമികവിദ്യാഭ്യാസം പത്തുവയസ്സോടുകൂടി സമാപിച്ചു. അപ്പോൾ കേരളവമ്മയുടെ മാതുലനും മഹാപണ്ഡിതനുമായിരുന്ന രാജരാജവമ്മ സ്വഭാഗിനേയനെ തിരുവനന്തപുരത്തു കൊണ്ടുപോയി കൂടെത്താമസിപ്പിച്ച് ഉപരിവിദ്യാഭ്യാസം ചെയ്യിച്ചു.

രാജരാജവമ്മയുടെ അന്തേവാസിയായി കേരളവമ്മ നാലുകൊല്ലം വിദ്യാഭ്യാസം ചെയ്തു. അസാധാരണബുദ്ധിസാമത്ഥ്യവും നിരന്തരമായ പരിശ്രമവുംകൊണ്ട് ഈ കാലഘട്ടത്തിൽ സംസ്കൃതത്തിൽ പാണ്ഡിത്യവും ഇംഗ്ലീഷിൽ അഭിജ്ഞതയും സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പ്രഭാതത്തിൽ നാലുമണിമുതൽ രാത്രി പത്തുമണിവരെ ആയിരുന്നുവത്രേ കേരളവമ്മയുടെ അദ്ധ്യയനസമയം. ഈ വിധം ഗുരുകുലക്ലേശം സഹിച്ച അദ്ദേഹം നാലു വഷത്തിനുള്ളിൽ കിരാതാജ്ജുനീയം, മാഘം, നൈഷധം മുതലായ കാവ്യങ്ങൾ, അനേകം നാടകങ്ങൾ, പ്രസിദ്ധങ്ങളായ ചമ്പുക്കൾ, സിദ്ധാന്തകൗമുദി, പ്രൗഢമനോരമ, കുവലയാനന്ദം, കാവ്യപ്രകാശം തുടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ എന്നിവ സനിഷ്ക്കഷം ഗുരുമുഖത്തുനിന്നും അഭ്യസിച്ചു. പണ്ഡിതനും സൽസ്വഭാവിയുമായ മാതുലൻ, തന്നിൽ ചെലുത്തിയ അപാരമായ സ്വാധീനതയെപ്പററി കേരളവമ്മ പ്രായമായതിനുശേഷം ഇപ്രകാരം രേഖപ്പെടുത്തി: ''മഹാപണ്ഡിതനും ഗംഭീരപുരുഷനുമായിരുന്ന എൻെറ വന്ദ്യ

* എം. ആർ. ബാലകൃഷ്ണവാരിയർ—കേരളവമ്മദേവൻ, പുറം 7.

മാതുലൻെറ ശിക്ഷയിൽ എനിക്കു കുറെ സംസ്കൃതഭാഷാജ്ഞാനവും ഇംഗ്ലീഷ്ഭാഷാപരിജ്ഞാനവും ലഭിച്ചതിനാൽ അവിടത്തെ മഹനീയാദൎശങ്ങളനുഭവിച്ച് എൻെറ മാതൃഭാഷയുടെ ഉന്നമനത്തിനായി പരിശ്രമിക്കുവാൻ ആഗ്രഹമുണ്ടായി.''[1] കേരളവൎമ്മയുടെ പണ്ഡിതജീവിതത്തിനും വ്യക്തിജീവിതത്തിനും രൂപംകൊടുക്കുന്നതിനു പരമാവധി ശിക്ഷണവും പ്രചോദനവും ഈ അഭിവന്ദ്യമാതുലനിൽനിന്നാണ് അദ്ദേഹത്തിനു ലഭിച്ചതെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല.

വെറും വിദ്യാഭ്യാസത്തെ മാത്രം മുൻനിൎത്തിയായിരിക്കയില്ല രാജരാജവൎമ്മ സ്വഭാഗിനേയനെ തിരുവനന്തപുരത്തു കൊണ്ടുവന്നു തൻെറകൂടെ താമസിപ്പിച്ചതു്. സുമുഖനും ബുദ്ധിമാനുമായിരുന്ന ആ ഭാഗിനേയൻെറ ഭാവിയെപ്പററി ചില സുന്ദരസ്വപ്നങ്ങളും മാതുലനു് ആദ്യമേതന്നെ ഉണ്ടായിരുന്നിരിക്കണം. അന്നു കോയിത്തമ്പുരാക്കന്മാർ പരമമായി കാംക്ഷിച്ചിരുന്നതു രാജപ്രീതിയായിരുന്നു. തൻെറ മരുമകൻ തിരുവനന്തപുരത്തു രാജകൊട്ടാരത്തിൽ താമസിക്കുന്നപക്ഷം മഹാരാജാവിൻെറ ശ്രദ്ധയ്ക്കു വിഷയമാകുമെന്നും അങ്ങനെ അദ്ദേഹത്തിൻെറ പ്രീതിക്കു പാത്രമാകുമെന്നും രാജരാജവൎമ്മ പ്രതീക്ഷിച്ചിരിക്കണം.[2] രാജപ്രീതി ലഭിച്ചുകഴിഞ്ഞാൽ സൗകൎയ്യംവരുന്നപക്ഷം തൻെറ അമ്മാവനെപ്പോലെയും തന്നെപ്പോലെയും രാജവംശത്തിൽ വിവാഹം കഴിക്കുവാനുള്ള സൗഭാഗ്യവും തൻെറ അനന്തരവനു കൈവരാവുന്നതാണെന്നും രാജരാജവൎമ്മ ചിന്തിച്ചിരിക്കണം. ഇപ്രകാരം സ്വാഭാവികമായുണ്ടാകാവുന്ന ശുഭപ്രതീക്ഷകളോടുകൂടി ഒരു രാജ്ഞിയുടെ ഭൎത്താവിനും ഭാവിഭരണാ

1 ഇതു കൂടാതെ തിരുനാൾപ്രബന്ധം, ശൃംഗാരമഞ്ജരീഭാണം, ഹനുമദുത്ഭവം ആട്ടക്കഥ എന്നീ കൃതികളിലും രാജരാജവൎമ്മയെ അത്യന്തം ആദരവോടുകൂടി അനുസ്മരിച്ചിരിക്കുന്നു. ഷഷ്ടിപൂൎത്തിമംഗളാശംസയ്ക്കു ചെയ്ത മറുപടിപ്രസംഗവും നോക്കുക. പ്രസംഗസംഗ്രഹം, പുറം 31.

2 ഈ പ്രതീക്ഷ നിറവേററപ്പെടുകയുംചെയ്തു. 'വിശാഖവിജയ'ത്തിൽ (i–40) കേരളവൎമ്മ ഇങ്ങനെ പ്രസ്താവിക്കുന്നു:

''തസ്യ ദ്വിതീയോഽവരജാതനൂജഃ ശിഷ്യഃ പ്രിയഃ കേരളവൎമ്മനാമാ രാജാലയം ശൈശവ ഏവ നീതഃ പ്രീതിം നൃപാണാമതനോദ്വിനീതഃ''

ധിപന്റെ പിതാവിനും ഉണ്ടായിരിക്കേണ്ട സിദ്ധികളെല്ലാം സ്വഭാഗിനേയനു സമ്പാദിച്ചുകൊടുക്കുവാനായിരിക്കണം അദ്ദേഹം അശ്രാന്തപരിശ്രമംചെയ്തതു്. ഇതുനിമിത്തമായിരിക്കാം സ്വമാതുലനിൽനിന്നു ലഭിച്ച പരിശീലനം കേരളവമ്മയുടെ ജീവിതത്തിനു് ഇത്രത്തോളം ബലിഷ്ഠമായ അടിസ്ഥാനമായിപ്പരിണമിച്ചതെന്നനുമാനിക്കാം.

രാജരാജവമ്മയുടെ പത്നിയായിരുന്ന ലക്ഷ്മീഭായി മാത്രമേ അന്നു രാജകുടുംബത്തിൽ സ്ത്രീസന്താനമായുണ്ടായിരുന്നുള്ളു. ആ മഹതി ശ്രീമൂലംതിരുനാളിനെ പ്രസവിച്ചശേഷം ചരമഗതിപ്രാപിച്ചതിനാൽ രാജകുലം സ്ത്രീസന്താനരഹിതമായി പരിണമിച്ചു. ഈ ന്യൂനത പരിഹരിക്കുവാനായി 1033-ൽ മാവേലിക്കര കൊട്ടാരത്തിൽനിന്നും രണ്ടു കൊച്ചുതമ്പുരാട്ടിമാരെ ദത്തെടുത്തു. ഇവരിൽ മൂത്ത കുട്ടിയായ ലക്ഷ്മീഭായിയെ തന്റെ ഭാഗിനേയനെക്കൊണ്ടു കല്യാണം കഴിപ്പിക്കണമെന്നു രാജരാജവമ്മ തീവ്രമായി അഭിലഷിച്ചു. കേരളവമ്മ ലക്ഷ്മീഭായിക്കു് ഏററവും അനുരൂപനായ വരനായിരുന്നുതാനും. ഈ രാജകീയവിവാഹം സാധിതപ്രായമാകുന്നതിനു് അനുഗുണമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരുന്ന രാജരാജവമ്മ അപ്രതീക്ഷിതമായി രോഗശയ്യാവലംബിയായി. അദ്ദേഹം മരണത്തിന്റെ സീമയിലേക്കു നീങ്ങിത്തുടങ്ങി. ആ സന്ദർഭത്തിൽ ഉത്രം തിരുനാൾ മാർത്താണ്ഡവമ്മ തന്റെ സ്യാലനായ രാജരാജവമ്മയുടെ സുഖക്കേടന്വേഷിച്ചു വരികയുണ്ടായി. അപ്പോൾ ആ പ്രിയമാതുലൻ കേരളവമ്മയെക്കൊണ്ടു ലക്ഷ്മീഭായിയെ കല്യാണം കഴിപ്പിക്കണമെന്നു് തന്റെ അന്ത്യാഭിലാഷമായി മഹാരാജാവിനോടപേക്ഷിച്ചു *

സോദരീഭർത്താവിന്റെ അന്ത്യാഭിലാഷത്തെ ആദരിച്ചും വരന്റെ ഗുണവിശേഷങ്ങളെ അഭിനന്ദിച്ചും ഉത്രം തിരുനാൾ മാർത്താണ്ഡവമ്മമഹാരാജാവു്, കേരളവമ്മയും

---

* ''തസ്യ സ്വശിഷ്യസ്യ വിശിഷ്യരക്ഷാം
മാർത്താണ്ഡവമ്മപ്രഭുമാത്തബന്ധും
ഭിത്ത്വൈരഹോഭിർദിവമാരുരുക്ഷു-
ർവ്വരം യയാചേ കില രാജരാജഃ''—വിശാഖവിജയം, i-41.

ലക്ഷ്മീഭായിയുമായുള്ള വിവാഹം 1034 മേടം 13-ാംതീയതി സമംഗളം നടത്തിച്ചു.

## വൈഭവബഹുത്വം

ഒരു രാജബന്ധുവിന്ന് അന്നു ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ സ്ഥാനത്താണു കേരളവമ്മ അവരോധിക്കപ്പെട്ടതു്. ആ അവരോധം ഒരു പരീക്ഷണംതന്നെയായിരുന്നു. രാജകീയങ്ങളായ സുഖാനുഭവങ്ങളിൽ ലയിച്ചു രാജപിതാവാകുമെന്ന മധുരപ്രതീക്ഷയുമായി ലീലാലാലസമായ ഒരു ജീവിതം നയിക്കുന്നതിനു പ്രേരിപ്പിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ അപ്പോഴത്തെ പരിതഃസ്ഥിതികൾ. അല്പബുദ്ധിയും അലംഭാവഭരിതനുമായ ഏതൊരു യുവാവിനെയും ആ സാഹചര്യം സുഖപരവശമായ അലസതയിലേക്കു നയിക്കുമായിരുന്നു. എന്നാൽ ഉത്തിഷ്ഠമാനനും ഉദാത്തബുദ്ധിയുമായ കേരളവമ്മ തനിക്കു ലഭിച്ച വിലയേറിയ രാജകീയാനുകൂല്യങ്ങളെ തന്റെ വ്യക്തിത്വം വളർത്തിയെടുക്കുവാൻ വിനിയോഗിക്കുകയാണു ചെയ്തതു്.

പലപല നല്ലകാര്യങ്ങൾ ചെയ്തും ഒരു നിമിഷംപോലും പാഴാക്കിക്കളയാതെയും രാജലോകസാധാരണമായ അലസഭാവം അകലെ ത്യജിച്ചും കേരളവമ്മ സ്വജീവിതം നയിച്ചു. അത്യന്തം വ്യവസായശീലനായ അദ്ദേഹം നിയതമായ ഒരു പ്രവത്തനപരിപാടിയും അനുവത്തിച്ചിരുന്നു.[1]

കേരളവമ്മയുടെ ഉടലും അവയവങ്ങളും വാത്തുകെട്ടിയതുപോലെയിരുന്നു എന്നാണു് അദ്ദേഹത്തോടടുത്തു പെരുമാറിയിട്ടുള്ളവർ പറഞ്ഞുകേട്ടിട്ടുള്ളതു്.[2]

---

1 പില്ക്കാലത്തു് വിശാഖംതിരുനാളിന്റെ പരിശ്രമശീലത്തെപ്പററി 'വിശാഖവിജയ'ത്തിൽ കേരളവമ്മ ചെയ്ത പ്രശംസ അദ്ദേഹത്തിനു് അതേപടി യോജിക്കുന്നതാണു്.

''ആദധത് വിവിധസദ്വ്യവസായം
നാക്ഷിപൻ ക്ഷണമപീഹ വൃഥായം
പാപകാരണമവാപ ന ജാതു
ക്ഷ്മാപലോകസുലഭാലസശീലം.''—വിശാഖവിജയം, ii-4.

2 ''വ്യൂഢോരസ്കോ വൃഷസ്കന്ധഃ സാലപ്രാംശുർമഹാഭുജഃ
ആത്മകമ്മക്ഷമം ദേഹം ക്ഷാത്രോ ധമ്മ ഇവാശ്രിതഃ''

ഈ ശ്ലോകം ഉദ്ധരിച്ചുകൊണ്ടു് ഏ. ആർ. പറയുന്നു: 'ദിലീപനെ

ബാല്യകാലംമുതല്ക്കേ കേരളവമ്മ കായികസംസ്കാരത്തിൽ പ്രദശിപ്പിച്ചുവന്ന തീവ്രതാൽപര്യമായിരുന്നു, അദ്ദേഹത്തിന്റെ അരോഗദൃഢവും അഭ്യാസനിപുണവുമായ ശരീരത്തിന്നു കാരണം. ലക്ഷ്മീപുരത്തു താമസിക്കുമ്പോഴും തന്നെ കേരളവമ്മ കസരത്തു മുതലായ കായികാഭ്യാസങ്ങൾ അനുഷ്ഠിച്ചുവന്നിരുന്നു. എന്നാൽ കളികളുടെ ഇടയ്ക്കും അദ്ദേഹത്തിന്റെ സഹജമായ ഗാംഭീര്യം പ്രകടമായിരുന്നു എന്നു രേഖപ്പെടുത്തിക്കാണുന്നു.[1]

കട്ടന്തുടിയേറു്, ചാട്ടം, മറിച്ചിൽ, മല്ലയുദ്ധം, കുതിരസ്സവാരി മുതലായ കായികാഭ്യാസങ്ങളിലും അദ്ദേഹം കാലക്രമത്തിൽ വിദഗ്ദ്ധനായിത്തീൎന്നു.[2] പതിവായി പ്രഭാതത്തിൽ കുതിരസ്സവാരിക്കു പൊയ്ക്കൊണ്ടിരുന്നു. ലായത്തിലെ കുതിരകളുടെ പിണക്കം തീൎത്തു ചൊൽപ്പടിയാക്കുന്നതിൽ അദ്ദേഹം രസിച്ചിരുന്നതായി ഡയറിക്കുറിപ്പുകളിൽനിന്നും മനസ്സിലാക്കാം.[4] അതിവേഗത്തിൽ കുതിരസ്സവാ

---

ഉദ്ദേശിച്ചു കാളിദാസർ ചെയ്യുന്ന വൎണ്ണനം ഇക്കലിയുഗത്തിലുള്ള ഒരു പുരുഷനു ചേരുമെങ്കിൽ ആ പുരുഷൻ ഈ തിരുമനസ്സുകൊണ്ടുതന്നെ ആണെന്നതിനു യാതൊരു ആക്ഷേപവും വരുന്നതല്ല'—നമ്മുടെ മഹാന്മാർ, പുറം 7.

1 ''കളിഭ്രാന്തിൽപ്പോലും 'കുളപ്പുരച്ചേട്ടനു്' ഒരു ഗൗരവമുണ്ടായിരുന്നതായി അച്ഛൻ പറഞ്ഞുകേട്ടിട്ടുണ്ടു്.'' എം. രാജരാജവമ്മ—'കേരളവമ്മദേവൻ' ആമുഖം, പുറം viii.

''കൗമാരകേളിപ്രൗഢിതചാപലോഽയം
ലീലാസ്വപി സ്പഷ്ടഗഭീരഭാവഃ'' എന്ന വിശാഖരാജവൎണ്ണനം വാസ്തവത്തിൽ ആത്മവൎണ്ണനംതന്നെയാണു്.

2 മുട്ടാടിനു പലകപിടിക്കുന്ന ദുഷ്കരമായ ഒരു വ്യായാമരീതിയും കേരളവമ്മ വശപ്പെടുത്തിയിരുന്നതായി പറഞ്ഞുവരുന്നു.

3 വിശാഖവിജയം, ii_12.

4 വിശാഖംതിരുനാൾ ഇന്ദ്രിയനിഗ്രഹംചെയ്യതായി വൎണ്ണിച്ചിരിക്കുന്നതിൽ കേരളവമ്മയുടെ അശ്വനിയന്ത്രണപാടവം അഭിവ്യഞ്ജിക്കുന്നു.

''ധീരധീരയമയന്ത്രയദന്തസ്സന്തതം ബഹിരഭിദ്രവണേച്ഛം
ദുൎദ്ദമം വിഷയിഘോടകവൎഗ്ഗം പ്രഗ്രഹൈസ്സമദമാത്മഭിരുച്ചൈഃ''
—വിശാഖവിജയം, ii_11.

'എത്രതന്നെ ദുർല്ലളിതങ്ങളായിരുന്നാലും ലഗാൻ ഇവിടത്തെ

രി ചെയ്യുന്നതോടുകൂടി കാവ്യരചനചെയ്യുവാൻപോലുമുള്ള നൈപുണ്യം കേരളവൎമ്മ സമ്പാദിച്ചു.[1] കായികവിനോദങ്ങളിലും അഭ്യാസങ്ങളിലും എന്നപോലെ ആയുധപ്രയോഗത്തിലും കേരളവൎമ്മയ്ക്കു പ്രശംസാൎഹമായ പാടവമുണ്ടായിരുന്നു. വെടിവെയ്പിലായിരുന്നു അദ്ദേഹത്തിനു് അധികം ഭ്രമം. നല്ലനല്ല തോക്കുകൾ കരസ്ഥമാക്കുന്നതിനും അവയുപയോഗിച്ചു പലതരത്തിലുള്ള ലക്ഷ്യവേധനം നടത്തുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന കൗതുകം അസാമാന്യമായിരുന്നു.[2] മയൂരസന്ദേശത്തിലെ അടയാളവാക്യംതന്നെ

---

കൈയിൽ ഇരിക്കുന്നതുവരെയും അശ്വങ്ങൾ സാധുക്കളായ പശുക്കൾ തന്നെ.'' ഏ. ആർ.—നമ്മുടെ മഹാന്മാർ, പുറം 9.

1 ഒരിക്കൽ ആയില്യംതിരുനാൾ കേരളവൎമ്മയെ ഒന്നു പരീക്ഷിച്ചു. പിണക്കമുള്ള ഒരു കുതിരയെ കൊടുത്തിട്ടു് അതിൻെറ മുകളിൽ കയറി ശംഖുമുഖത്തു മണല്ക്കുന്നിൽനിന്നു ഒരു മൈലകലെയുള്ള കടൽപ്പുറത്തു വരുമ്പോഴേക്കും സമുദ്രത്തെപ്പററി ഒരു ശ്ലോകമുണ്ടാക്കണം എന്നു കല്പനയായി. സമുദ്രതീരത്തെത്തിയപ്പോൾ കേരളവൎമ്മ, താഴെപ്പറയുന്ന ശ്ലോകം ചൊല്ലി:

''സംക്ഷുഭ്യന്മാരുതാനത്തിതതരളതരോ-
ത്തുംഗവീചിഭ്രാജമാന-
ഭ്രാമ്യത്കല്ലോലപാളീവലയിതശഫരീ-
ജാലഹേലാജഡാലഃ
തീരാന്തശ്രാന്തമീനപ്രവരകളകള-
പ്രോല്ലസന്മന്ദ്രനാദ-
പ്രേംഖദ്വീചീച്ഛടാശീകരനികരസമു-
ദ്ഭാസമുദ്രഃ സമുദ്രഃ''

അതുകൊണ്ടു തൃപ്തനാകാതെ മഹാരാജാവു് 'ഒന്നുകൂടി' എന്നു കല്പിച്ചു. വാഗധീശനായ കേരളവൎമ്മ ഉടനെ ഈ ശ്ലോകംകൂടി ചൊല്ലി:

''ഝംഝാമാരുതപൂൎണ്ണഗൎഭബഹളപ്രേംഖോളശംഖാവലീ-
ഝംകാരദ്വിഗുണീകൃതാരവമഹാകല്ലോലഹല്ലോഹലഃ
രന്ധ്രാലോകിവലത്തിമിംഗിലഗിലപ്രേക്ഷാഭയാകമ്പിത-
ഭ്രാമ്യന്മദ്ഗുരപോതവല്ഗിതശതപ്രോജ്ജാഗരഃ സാഗരഃ''

രണ്ടാമത്തെ ശ്ലോകം ചൊല്ലിക്കഴിഞ്ഞപ്പോൾ കൈവശം വച്ചിരുന്ന വീരശൃംഖല മഹാരാജാവു് കേരളവൎമ്മയ്ക്കു സമ്മാനിച്ചു. രണ്ടു ശ്ലോകങ്ങൾ ഉണ്ടാക്കാനാജ്ഞാപിച്ചതനുസരിച്ചാണു് മേൽപ്രസ്താവിച്ച രണ്ടു ശ്ലോകങ്ങളും ഉണ്ടാക്കിയതെന്നും രേഖപ്പെടുത്തിക്കാണുന്നു.

2 ലക്ഷ്യവേധനത്തിലും കുതിരസ്സവാരിയിലും മറ്റും കേരളവൎമ്മയെ ആയില്യംതിരുനാൾ പ്രോത്സാഹിപ്പിച്ചിരുന്നു.

ഉദ്യാനത്തിൽവച്ചു കേരളവർമ്മ ഒരു പക്ഷിയെ വെടിവച്ചതിനെ അനുസ്മരിപ്പിക്കുന്നതാണല്ലോ.[1] ഒരിക്കൽ കൊല്ലത്തുവച്ചു നടന്ന ഒരു ലക്ഷ്യവേധമത്സരത്തിൽ കേരളവർമ്മ ചില യൂറോപ്യന്മാരെ പരാജയപ്പെടുത്തി. പാശ്ചാത്യർ പോലും അദ്ദേഹത്തിന്റെ നളികനൈപുണിയെ അഭിനന്ദിച്ചിരുന്നു. വിശാഖംതിരുനാളിന്റെ ഒരെഴുത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''അവിടുത്തേക്കു ലക്ഷ്യവേധത്തിലുണ്ടായ വലിയ പാടവത്തെപ്പററി കേണൽ സ്റ്റ്യുവർട്ട് ഇന്നു സായാഹ്നത്തിൽ എന്നോടു പറഞ്ഞു.''[2] 'എന്റെ മൃഗയാസ്മരണകൾ' എന്ന ഉപന്യാസത്തിൽ അദ്ദേഹംതന്നെ പ്രസ്താവിക്കുന്നതു നോക്കുക: ''ഉണ്ടയിട്ട് ഒരുത്തന്റെ നെഞ്ചിൽ വെടിവെച്ചാൽ ആ ഉണ്ട അവന്റെ നെഞ്ചിൽ തട്ടി താഴെ വീഴുന്ന സമ്പ്രദായം ആവിധത്തിൽ പരീക്ഷിക്കുവാൻ എനിക്കു ധൈര്യമില്ലാതെ ഒരു മുണ്ടു മടക്കി ചുവരിൽ ഇട്ടു വെടിവച്ചുനോക്കിയപ്പോൾ ഉണ്ട ആ മുണ്ടിൽ യാതൊരു കേടുതലും ചെയ്യാതെ തട്ടി താഴത്തു വീണു.'' തോക്കിന്റെ വാ കെട്ടുവാനും (നളികബന്ധനം) മന്ത്രം ജപിച്ചു മൃഗങ്ങളെ വരുത്തി വെടിവയ്ക്കാനും അദ്ദേഹത്തിനു കിളിമാനൂർകൊട്ടാരത്തിലെ ഗോദവർമ്മതമ്പുരാനിൽനിന്നും ഉപദേശം ലഭിച്ചതായും ആ ഉപദേശം പ്രയോഗത്തിൽ വരുത്തിയതായും സ്മരണകളിൽ വ്യക്തമാക്കിയിരിക്കുന്നു. തിരുവനന്തപുരത്ത് ഇദംപ്രഥമമായി ഒരു ക്രിക്കററ്ക്ലബ്ബ് സംഘടിപ്പിച്ചതു സ്പോർട്ട്സിൽ തൽപരനായിരുന്ന കേരളവർമ്മതന്നെയായിരുന്നു. അതുപോലെ ആദ്യമായി ഒരു ചതുരംഗസഭ സ്ഥാപിക്കുന്നതിനും അദ്ദേഹംതന്നെയായിരുന്നു പ്രധാനകാരണഭൂതൻ.

മൃഗയാവിനോദത്തിൽ കേരളവർമ്മയ്ക്കുണ്ടായിരുന്ന അഭിനിവേശം അദമ്യമായിരുന്നു. തിരുവനന്തപുരത്തിന്റെ

---

''ആഖേടാസക്തബുദ്ധോന്നമ മമ നളികാഭ്രരിശോപസ്പൃഗസ്ഥം
കിഞ്ചോച്ചൈർഘോടകാരോഹണകതുകജുഷേ മഹ്യമശേഷാരസാനി.''
—ക്ഷമാപണസഹസ്രം, പ്രഥമവിംശതി.

1 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 68.
2 കേരളവർമ്മദേവൻ, പുറം 50.

പരിസരങ്ങളിലെ വനങ്ങളിലായിരുന്നു അദ്ദേഹം വേട്ടയാടിയിരുന്നതു്. മൂക്കന്നിമല, പുലയന്നാർകോട്ട, കുളത്തൂർ, വേളികുന്നു് തുടങ്ങിയ സ്ഥലങ്ങളിലെ വനങ്ങളായിരുന്നു അദ്ദേഹത്തിന്റെ മൃഗയാവിനോദരംഗങ്ങൾ. മയൂരസന്ദേശത്തിൽ (i–65) വേളിപ്രദേശത്തു നടത്തിയിട്ടുള്ള മൃഗവേട്ടയെപ്പററി ഇങ്ങനെ സ്മരിച്ചിരിക്കുന്നു:

''കുന്നിന്നങ്ങേപ്പുറമടവിയാണായതിൽ പോയതന്ത്രം
കുന്നിച്ചീടും കുതുകമൊടു ഞാൻ കൂട്ടി നായാട്ടുകാരേ
പന്നിക്കൂട്ടം പുലിയിതുകളേ വേട്ടയാടീട്ടയത്നം
കൊന്നിട്ടുണ്ടന്നതിലൊരു രസം സ്വല്പമല്ലിപ്പൊഴും മേ.''

സന്ദേശം അയയ്ക്കുന്നതു് ഏതാണ്ടു മുപ്പത്തഞ്ചാം വയസ്സിലാണെന്നാണു സങ്കല്പിക്കപ്പെട്ടിരിക്കുന്നതെങ്കിലും അതെഴുതിയതു് അമ്പതാംവയസ്സിലാണു്. ശ്ലോകത്തിലെ അവസാനപാദത്തിലെ അനുഭവരസം നോക്കിയാൽ അതു് എഴുതിയ അവസരത്തിലും കേരളവർമ്മയ്ക്കു് അനല്പമായ മൃഗയാകൗതുകം ഉണ്ടായിരുന്നു എന്നു തോന്നിപ്പോകും.

ആററിങ്ങൽ വലിയതമ്പുരാൻ എന്ന നിലയ്ക്കു വളരെ അധികം സ്ഥാവരവസ്തുക്കളുടേയും വിലപിടിപ്പുള്ള ജംഗമങ്ങളുടേയും ഭരണഭാരം ലക്ഷ്മീഭായിയിൽ നിക്ഷിപ്തമായിരുന്നു. കൂടാതെ കുടുംബത്തിലെ മൂത്തതമ്പുരാട്ടിയായതുകൊണ്ടു ഭാരമേറിയ പല ചുമതലകളും തമ്പുരാട്ടിയിൽ വന്നുകൂടുകയുംചെയ്തു. ഗുരുതരങ്ങളായ ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ മഹാറാണിയെ ഒരു വിശ്വസ്തസചിവനെന്നപോലെ കേരളവർമ്മ സഹായിച്ചിരുന്നു. ശ്രീപാദംഭരണത്തിനു കൂടുതലായ അടക്കം ചിട്ടയും വരുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. ഭരണപരമായ എഴുത്തുകുത്തുകൾ നടത്തുന്നതിനു മലയാളഭാഷ അദ്ദേഹം കാര്യക്ഷമമായി കൈകാര്യംചെയ്തിരുന്നു എന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണു്. അദ്ദേഹത്തിന്റെ ഭരണപരമായ അറിവും പരിചയവും ശ്രീപാദസീമയിൽ ഒതുങ്ങിനിന്നില്ല. അദ്ദേഹം മൂന്നുകൊല്ലത്തോളം തിരുവിതാംകൂർ നിയമനിർമ്മാണസഭയിൽ ഒരു അനുദ്യോഗസ്ഥാംഗമായിരുന്നു. മഹാരാജാ

ക്കന്മാരും ദിവാൻജിമാരും മററും ഭരണകാര്യങ്ങളിൽ കേരളവർമ്മയുടെ അഭിപ്രായങ്ങൾ ആരായുക സാധാരണമായിരുന്നു. ഭൂപരിഷ്കരണം മുതലായ കാര്യങ്ങളിൽ ഗവണ്മെൻറിനു് ഉപദേശം നല്കിയതായും മററും അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ആദികാലങ്ങളിൽ ആയില്യം തിരുനാൾ കേരളവർമ്മയെ പലപ്പോഴും ഗൗരവമേറിയ രാജ്യകാര്യങ്ങൾക്കായി റസിഡൻറിൻെറ അടുക്കൽ അയയ്ക്കുക പതിവായിരുന്നു.* ബ്രിട്ടീഷ് റസിഡൻറന്മാരുമായി സാഹിത്യസമ്പർക്കം പുലർത്തിയിരുന്നതും അദ്ദേഹത്തിനു രാജ്യകാര്യങ്ങളിൽ അഭിജ്ഞത സമ്പാദിച്ചുകൊടുത്തു. ആയില്യംതിരുനാളിൻെറ ഭരണപരിപാടിയിൽ വികലത കണ്ടുതുടങ്ങിയപ്പോൾ സത്യനിഷ്ഠനായ വിശാഖംതിരുനാളിനോടും നീതിമാന്മാരായ ദിവാൻജിമാരോടും ചേർന്നു് അഴിമതിപ്രവണതയെ ചെറുക്കുവാൻ കേരളവർമ്മ തയ്യാറായി. അത്രത്തോളം ഭരണകാര്യധുരീണത അദ്ദേഹം സമാർജ്ജിച്ചിരുന്നു.

കേരളവർമ്മയുടെ വിവിധസാഭരിതമായ കുശാഗ്രബുദ്ധി പ്രസരിക്കാത്ത വിജ്ഞാനമണ്ഡലം വിരളമായിരുന്നു. രത്നപരീക്ഷണംപോലെയുള്ള സാങ്കേതികകാര്യങ്ങളിലെ നൈപുണ്യത്തിനുപോലും അദ്ദേഹം പ്രസിദ്ധിനേടി. രത്നങ്ങളുടെ ജാത്യം നിർണ്ണയിക്കുന്നതിനും വില നിശ്ചയിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന വൈദഗ്ദ്ധ്യം പലരും പ്രയോജനപ്പെടുത്തി. രാജകൊട്ടാരത്തിൽ രത്നങ്ങൾ വാങ്ങുമ്പോഴൊക്കെ കേരളവർമ്മയുടെ വിദഗ്ദ്ധോപദേശം തേടിയിരുന്നു. ഒരവസരത്തിൽ അദ്ദേഹംതന്നെ പരീക്ഷിച്ചെടുത്ത രത്നങ്ങൾ ഉപയോഗിച്ചു മഹാറാണിക്കൊരു മോതിരം തീർപ്പിക്കയുണ്ടായി. ആ മോതിരമണിഞ്ഞ ആത്മപ്രേയസിയെ അഭിസംബോധനചെയ്തു്,

''മറിമാൻമിഴി പറയാം ഞാ—
നറിയുന്നീലേതിനേതലങ്കാരം—'' എന്നു തുടങ്ങുന്ന അതിലളിതങ്ങളായ മലയാളപദ്യങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി.

* കേരളവർമ്മദേവൻ, പുറം 85.

ഹൈന്ദവപുരാണങ്ങളിൽ അംഗീകരിച്ചിരിക്കുന്ന ഭൂമിശാസ്ത്രത്തെപ്പററി കേരളവൎമ്മയ്ക്കു വ്യക്തമായ ചില സിദ്ധാന്തങ്ങളുണ്ടായിരുന്നു. ഈ വിഷയത്തെപ്പററി അദ്ദേഹം പല ധിഷണാശാലികളോടും പണ്ഡിതന്മാരോടും ചൎച്ചചെയ്തിട്ടുണ്ട്. അവരിൽ ഒരാളായിരുന്നു തിരുവിതാംകൂർ ദിവാൻജിയായിരുന്ന സർ ടി. മാധവറാവു. തിരുവിതാംകൂറിൽനിന്നു് ഉദ്യോഗമൊഴിഞ്ഞു റാവു ബറോഡായിൽ റീജൻറായിരിക്കുമ്പോഠം പൗരാണികഭൂമിശാസ്ത്രത്തെപ്പററി ഒരു പ്രബന്ധമെഴുതി അയയ്ക്കണമെന്നു് അദ്ദേഹം കേരളവൎമ്മയോടപേക്ഷിച്ചു. കേരളവൎമ്മയാകട്ടെ പുരാണാന്തർഹിതങ്ങളായ ഭൂമിശാസ്ത്രതത്ത്വങ്ങളെ വിശദീകരിക്കുന്നതിനായി ശില്പികളുടെ സഹായത്തോടുകൂടി മരത്തിൽ ഒരു വലിയ ഗ്ലോബുതന്നെ ഉണ്ടാക്കി. അതിൽ കരയും കടലും മററും കലാഭംഗിയോടുകൂടി അടയാളപ്പെടുത്തി ആകൎഷകവും പഠനോചിതവുമാക്കി സ്വസിദ്ധാന്തങ്ങഠം വിശദീകരിക്കുന്ന ഒരു പ്രബന്ധത്തോടുകൂടി റാവുവിനു് അയച്ചുകൊടുക്കുകയും ചെയ്തു.[1]

''സാഹിത്യം സരസ്വതിയോടു് അവകാശമായി വാങ്ങി; സംഗീതം ക്ഷത്രിയോചിതമായ ബലാൽക്കാരത്താൽ പിടിച്ചുപറിച്ചു:''[2] എന്നു കേരളവൎമ്മയെപ്പററിപ്പറഞ്ഞിരിക്കുന്നതു ശരിയായിരിക്കാം. ശാരീരസംഗീതത്തിൽ അദ്ദേഹം പരിശ്രമിച്ചതായി അറിവില്ല. എന്നാൽ ഫിഡിൽ, സാരംഗി, വീണ തുടങ്ങിയ ഉപകരണസംഗീതത്തിൽ അദ്ദേഹം വളരെ വൈദഗ്ദ്ധ്യം നേടിയിരുന്നു. ജ്യേഷ്ഠനായിരുന്ന മൂത്തകോയിത്തമ്പുരാനിൽനിന്നും സംഗീതവിദുഷിയായിരുന്ന സഹധൎമ്മിണിയിൽനിന്നും വീണവായനയിൽ പ്രാഥമികപാഠങ്ങഠം ഗ്രഹിച്ച കേരളവൎമ്മ

1. രത്നപരീക്ഷണത്തിലും പൗരാണികഭൂമിശാസ്ത്രത്തിലും കേരളവൎമ്മയ്ക്കുണ്ടായിരുന്ന നൈപുണ്യത്തെപ്പറ്റി വിവരംതന്നതിനു ഞാൻ അനന്തപുരത്തുകൊട്ടാരത്തിലെ ശ്രീ ആർ. രവിവൎമ്മയോടു കടപ്പെട്ടിരിക്കുന്നു.

2 എം. രാജരാജവൎമ്മ—'കേരളവൎമ്മദേവൻ', മുഖവുര, പുറം xi. സംഗീതവും സ്വാധീനമാക്കി കലാസാൎവ്വഭൗമനായ കഥ ഏ. ആർ. വിവരിക്കുന്നുണ്ടു്. നമ്മുടെ മഹാന്മാർ, പുറം 8.

അന്നത്തെ വൈണികവിദ്വാന്മാരായിരുന്ന വെങ്കിടാദ്രി ഭാഗവതരുടേയും കല്യാണകൃഷ്ണഭാഗവതരുടേയും ശിഷ്യത്വം സ്വീകരിച്ചു വീണവായനയിൽ പ്രശംസാർഹമായ നൈപുണ്യം സമ്പാദിച്ചു. കേരളവർമ്മയ്ക്കു വീണവായനയിലുണ്ടായിരുന്ന സാമർത്ഥ്യത്തെപ്പററി കല്യാണകൃഷ്ണഭാഗവതർ, ഒ. ചന്തുമേനവനോടു സ്തുതിച്ചു പറഞ്ഞതായി ശ്രീമേനോൻെറ ഒരു കത്തിൽ പറഞ്ഞിട്ടുണ്ട്.[1] കേരളവർമ്മയും പത്നിയും ഒരുമിച്ചു രാജസന്നിധിയിൽ വീണ വായിച്ചതായും രേഖപ്പെടുത്തിക്കാണുന്നു. മലയാളത്തിലെഴുതിയിട്ടുള്ള അനേകം കഥകളിപ്പാട്ടുകൾ കൂടാതെ അദ്ദേഹം തെലുങ്ക്, കർണ്ണാടകം, തമിഴ് എന്നീ ഭാഷകളിലും യഥാവസരം ഗാനങ്ങൾ രചിച്ചിരുന്നതു് കേരളവർമ്മയുടെ സംഗീതനൈപുണ്യിയെ പ്രകടമാക്കുന്നു.

സ്വമാതുലനായ രാജരാജവർമ്മയിൽനിന്നും ബാല്യത്തിലേ ലഭിച്ച സംസ്കൃതശിക്ഷണത്തിൻെറ ബലിഷ്ഠമായ അടിസ്ഥാനത്തിൽ കേരളവർമ്മ കാലക്രമേണ വിസ്മയാവഹമായ ഒരു പാണ്ഡിത്യസൗധംതന്നെ കെട്ടിപ്പടുത്തു. ഇതിന്നു മഹാരാജാവിൻെറ ആനുകൂല്യവും രാജസദസ്സിലെ പണ്ഡിതന്മാരുടെ സാദരമായ സഹായവും അദ്ദേഹത്തിനു് അത്യന്തം പ്രയോജകീഭവിച്ചു. പ്രശസ്തപണ്ഡിതന്മാരായിരുന്ന സുബ്ബാദീക്ഷിതരും ശീനുഅയ്യങ്കാർശാസ്ത്രികളുമായിരുന്നു കേരളവർമ്മയെ വ്യാകരണശാസ്ത്രത്തിലെ ഉദ്ഗ്രന്ഥങ്ങൾ അഭ്യസിപ്പിച്ചതു്. പണ്ഡിതർ രാമസ്വാമിശാസ്ത്രികളായിരുന്നു അദ്ദേഹത്തിൻെറ ന്യായശാസ്ത്രഗുരു. സാക്ഷാൽ ശങ്കരനെപ്പോലെ കേരളവർമ്മ ബഹുമാനിച്ചിരുന്ന ഇലത്തൂർ രാമസ്വാമിശാസ്ത്രികളിൽനിന്നായിരുന്നു അദ്ദേഹത്തിനു സാഹിത്യത്തിലും വേദാന്തത്തിലും ഉപരിശിക്ഷണം ലഭിച്ചതു്[2] സംസ്കൃതത്തിലെ പ്രധാനശാസ്ത്രങ്ങൾ

1 രാജാ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, പുറം 86.

2 'ബ്രഹ്മവിദ്യോപദേഷ്ടാരം സ്വസ്യ സാഹിത്യദേശികം' എന്നു വിശാഖവിജയത്തിൽ (iv–4) സ്മരിക്കപ്പെട്ടിരിക്കുന്ന ശാസ്ത്രികൾ മരിച്ചപ്പോൾ, ''ശ്രീശങ്കരോപമാനശ്രീമദാനന്ദനാഥഗുരുചരണാഃ
ശ്രീമേദിനീസനാഥം ശ്രീപുരമേവാപുരദ്യ പൂർവ്വാഹ്നേ''
എന്നു കേരളവർമ്മ ജ്യേഷ്ഠസഹോദരനു് എഴുതിയയച്ചു.

എല്ലാംതന്നെ അഭ്യസിച്ചിരുന്നു എങ്കിലും വ്യാകരണത്തിലായിരുന്നു അദ്ദേഹത്തിൻെറ ഹൃദയം കൂടുതലായി രമിച്ചിരുന്നതെന്നു കൃതികറം സൂചിപ്പിക്കുന്നു.*

മഹാപ്രയത്നംചെയ്തു സമാജ്ജിച്ച ഈ പാണ്ഡിത്യസമ്പത്തിനെ കൂടുതൽ പരിപുഷ്ടമാക്കുവാനും അതിനെ വളരെയധികം പ്രയോജനപ്പെടുത്തുവാനും കൊട്ടാരഗ്രന്ഥപ്പുരയുടെ പര്യവേഷകൻ എന്ന നിലയിൽ കേരളവമ്മയ്ക്കു സാധിച്ചു. ഗ്രന്ഥങ്ങറം ശേഖരിക്കുന്നതിലും പകൎത്തിയെടുക്കുന്നതിലും പ്രസിദ്ധപ്പെടുത്തുന്നതിലും അദ്ദേഹം അത്യന്തം ജാഗരൂകനായിരുന്നു. ഹൃദയക്ഷേത്രംപോലെ സ്നേഹിച്ചിരുന്ന ഗ്രന്ഥപ്പുരയ്ക്കു് ഒരിക്കൽ തീപിടിച്ചപ്പോറം അസ്വസ്ഥനും അവശനുമായിരുന്ന കേരളവമ്മ അദ്ധരാത്രിയിൽ വായുവിനെപ്പോലെ പാഞ്ഞെത്തി തീ കെടുത്തിച്ച വൃത്താന്തം, അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. തിരുവനന്തപുരത്തെ സംസ്കൃതകോളേജിൻെറ സ്ഥാപനത്തിൽ അദ്ദേഹം വിലയേറിയ സേവനം നല്കി. പാണ്ഡിത്യപരമായ ചാരിതാത്ഥ്യത്തിനായി അദ്ദേഹം ആചാര്യവൃത്തിയും അനുഷ്ഠിച്ചിരുന്നു. അനുത്തമനായ ആ ആചാര്യൻെറ പ്രമുഖശിഷ്യന്മാരായിരുന്നു ഏ. ആർ. രാജരാജവമ്മയും തുറവൂർ നാരായണശാസ്ത്രിയും മററും. കാവ്യപരിശോധനയിലൂടെ അദ്ദേഹം ആരുടെയെല്ലാം രചനാഗുരുവായില്ല? ബഹുമുഖമായ പാണ്ഡിത്യത്തിൻേറയും സാഹിത്യസേവനത്തിൻേറയും അംഗീകാരമായി റോയൽ ഏഷ്യാററിക് സൊസൈററി അംഗത്വംകൊണ്ടും, മദ്രാസ് സവ്വകലാശാലയും റോയൽ ഹിസ്റ്റോറിക്കൽ സൊസൈററിയും 'ഫെല്ലോ'സ്ഥാനംകൊണ്ടും, ചക്രവൎത്തിനി സി. എസ്. ഐ. (Companion of the Star of India) ബിരുദംകൊണ്ടും കേരളവമ്മയെ ബഹുമാനിച്ചു.

സംസ്കൃതവും മലയാളവും കൂടാതെ മററു പല ഭാഷകളും കേരളവമ്മ അഭ്യസിച്ചിരുന്നു. സ്വാതിതിരുനാറം തുടങ്ങിവച്ച പാരമ്പര്യമനുസരിച്ചു രാജകുടുംബത്തിൽ തെലുങ്ക്, കന്നാടകം, തമിഴ്, മറാട്ടി, ഹിന്ദുസ്ഥാനി മുതലായ ഭാഷ

* ഉള്ളൂർ—കേരളസാഹിത്യചരിത്രം വാല്യം iv, പുറം 394.

കളുടെ പഠനം തുടൻവന്നിരുന്നതു് ഇതരഭാഷാഭ്യസനത്തിൽ അദ്ദേഹത്തിന്ന പ്രചോദനം നല്കിയിരിക്കണം. സ്വപരിശ്രമംകൊണ്ടു സ്വാധീനമാക്കിയ ഈ ഭാഷകളിൽ അപ്പോഴപ്പോഠം ചില കീത്തനങ്ങഠം രചിച്ചിരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഇതരഭാഷകളുടെ കൂട്ടത്തിൽ കേരളവമ്മ കൂടുതൽ പാണ്ഡിത്യം സമ്പാദിച്ചതും അദ്ദേഹത്തിൻെറ സാഹിത്യസേവനത്തിന്ന കൂടുതൽ ഉപകരിച്ചതും ഇംഗ്ലീഷുതന്നെയായിരുന്നു. സ്വമാതുലൻതന്നെയായിരുന്നു കേരളവമ്മയെ ഇംഗ്ലീഷിലും പ്രഥമപാഠങ്ങഠം അഭ്യസിപ്പിച്ചതു്. തുടന്നു ഡോ. വെയറിങ്ങ്, അണ്ണാജിരായർ എന്നിവരും അദ്ദേഹത്തെ പഠിപ്പിച്ചു. എങ്കിലും രാജധാനിയിൽ യൂറോപ്യന്മാരുമായുള്ള ഗാഢസമ്പക്കവും വിശാഖംതിരുനാഠം ഇളയതമ്പുരാനും മാധവരായർദിവാൻജിയുമായുള്ള സന്തതസാഹചര്യവും സവ്വോപരി നിയതമായ സ്വപ്രയത്നവുംതന്നെയാണു് കേരളവമ്മയ്ക്കു് ആ ഭാഷയിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം നേടുവാൻ കാരണഭൂതമായതു്. മിസ്റ്റർ ബല്ലാഡ്മുതൽ തിരുവിതാംകൂർ ബ്രിട്ടീഷ് റസിഡൻറുദ്യോഗമായി വന്നിട്ടുണ്ടായിരുന്ന യൂറോപ്യന്മാർ, ശേഷയ്യാശാസ്ത്രികഠം മുതലായ ദിവാൻജിമാർ, സദാശിവൻപിള്ള തുടങ്ങിയ ജഡ്ജിമാർ, എന്നുവേണ്ട യൂറോപ്യന്മാരിലും നാട്ടുകാരിൽ യോഗ്യതയുണ്ടായിരുന്ന എല്ലാവരുമായി തമ്പുരാൻ ഇംഗ്ലീഷിൽ അവിച്ഛിന്നമായ എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നു.* ഇംഗ്ലീഷ്ഭാഷ ഉപയോഗിക്കുന്നതിന്നു് അദ്ദേഹത്തിനുണ്ടായിരുന്ന അന്യാദൃശമായ വൈഭവം ഉദാഹരിക്കുന്നതിന്ന വള്ളത്തോളിൻെറ വാല്മീകിരാമായണ തജ്ജമയ്ക്കു് എഴുതിയിട്ടുള്ള അവതാരികയിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"Leave the divine element which can possibly appeal only to the Hindu, and view it, if you choose, as even a work of art, pure and simple—The Ramayana still remains grand, inimitable and supreme—a faithful portraiture of all that is good and noble in

---

* ഏ. ആർ. രാജരാജവമ്മ—നമ്മുടെ മഹാപുരുഷന്മാർ, പുറം 6.

man. It is beyond doubt, the high water mark of human imagination. Small wonder that it guides the thoughts and shapes the conduct of the vast majority of the population of this country. It enters in to the very marrow of their bones and is, unto them, alike preceptor and law. One can well understand Murari and Jayadeva when they say that it is the theme and not the poet that is responsible for the selection. Just cause has India to be proud of Valmiki and his immortal poem, and if one fact more than another has contributed to elevate the Hindu nation to higher and higher eminences from age to age, it is the presence, in the literature, of work like Ramayana, every syllable of which breathes a spirit of the purest morality and loftiest truth.''

**സമുചിതങ്ങളായ പദങ്ങളുടെ സന്നിവേശം, വാക്യബന്ധത്തിന്റെ സമതുലിതാവസ്ഥ, ഭാവപ്രകാശകമായ രചനാരീതി, സൎവ്വോപരി ശ്ലാഘ്യമായ അൎത്ഥപുഷ്ടി എന്നിവകൊണ്ടു് ഏതു് ഇംഗ്ലീഷ്പണ്ഡിതനും അഭിമാനിക്കാവുന്ന ഭാഷാവിചക്ഷണത ഇവിടെ കേരളവൎമ്മ പ്രത്യക്ഷമാക്കിയിരിക്കുന്നു. ശബ്ദസൗഭാഗ്യം തികഞ്ഞ ഈ രചനാവിശേഷത്തിലെ സംഗീതമധുരമായ വാക്യഭംഗി സഹൃദയലോകത്തെ ഹഠാദാകൎഷിക്കാതിരിക്കയില്ല.**

**കേരളവൎമ്മയുടെ പാണ്ഡിത്യസമ്പത്തും സാഹിത്യനൈപുണിയും സംസ്കൃതത്തിനും മലയാളത്തിനും അത്യന്തം അനുഗ്രാഹകമായിത്തീൎന്നു. കാവ്യരചനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഷ്ടാവധാനിത്വം പ്രസിദ്ധമാണല്ലോ. സംസ്കൃതത്തിൽ ക്ഷമാപണസഹസ്രം, യമപ്രണാമശതകം, വിശാഖവിജയം എന്നിവ ഉൾപ്പെടെ അദ്ദേഹം നിൎമ്മിച്ചിട്ടുള്ള മുപ്പതോളം കൃതികളിലാണു് അദ്ദേഹത്തിന്റെ കവിസാൎവ്വഭൗമയശസ്സു് സൎവ്വോപരി അധിഷ്ഠിതമായിരിക്കുന്നതു് എന്നാണു പണ്ഡിതാഭിപ്രായം.**

**കേരളവൎമ്മയുടെ മലയാളകൃതികൾ താഴെപ്പറയുന്നവയാണു്:**

***ആട്ടക്കഥകൾ:*** **ഹനുമദുത്ഭവം, ധ്രുവചരിതം, മത്സ്യവല്ലഭവിജയം, പ്രലംബവധം, പരശുരാമവിജയം, സോമവാരവ്രതം ഉത്തരഭാഗം.**

*പദ്യകൃതികൾ:* മയൂരസന്ദേശം, ദൈവയോഗം, ശ്രീപത്മനാഭപാദപത്മശതകം, സ്തുതിശതകം, ചില ലഘുകൃതികൾ.

*തർജ്ജമകൾ:* കേരളീയഭാഷാശാകുന്തളം, അമരുകശതകം, അന്യാപദേശശതകം, അക്ബർ.

ഗദ്യത്തിൽ അക്ബർ കൂടാതെ മഹച്ചരിതസംഗ്രഹവും ചില സഹപ്രവർത്തകരുടെ സഹായത്തോടുകൂടി കേരളവർമ്മ നിർമ്മിച്ചിട്ടുണ്ട്. ഭാഷാപാഠപുസ്തകങ്ങളും മലയാളത്തിൽ ചരിത്രം, ഭൂമിശാസ്ത്രം, ധനതത്വശാസ്ത്രം, ആരോഗ്യശാസ്ത്രം, കൃഷിശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു പല പാഠഗ്രന്ഥങ്ങളും അദ്ദേഹം രചിച്ച് ആധുനികഗദ്യശൈലിയുടെ അടിസ്ഥാനമുറപ്പിച്ചു * ടെക്സ്റ്റ്ബുക്കുകമ്മിററിയുടെ അദ്ധ്യക്ഷൻ എന്ന നിലയ്ക്കാണ് അദ്ദേഹം ഈ മഹനീയസേവനം അനുഷ്ഠിച്ചതു് എന്ന വസ്തുതയും പ്രസ്താവമർഹിക്കുന്നു. കേരളവർമ്മയുടെ കൃതികളിലെല്ലാംതന്നെ— തർജ്ജമകളിൽപ്പോലും — അദ്ദേഹത്തിന്റെ മഹത്വപൂർണ്ണവും പാണ്ഡിത്യഭാസുരവുമായ വ്യക്തിവൈശിഷ്ട്യം തുളുമ്പിനില്ക്കുന്നതാണു് അവയുടെ അതിരസനീയമായ സവിശേഷത.

കേരളവർമ്മയുടെ കാലത്താണു മലയാളത്തിൽ അച്ചടിക്കു വലിയ പ്രചാരം സിദ്ധിച്ചതും ഗ്രന്ഥരചന, വിശേഷിച്ചും കാവ്യരചന, പ്രചുരമായിത്തീർന്നതും. അന്നു മലയാളസാഹിത്യത്തിനും സാഹിത്യകാരന്മാർക്കും ആസ്വാദകനും പ്രോത്സാഹകനുമായ ഒരു രക്ഷാധികാരിയുടെ ആവശ്യമുണ്ടായിരുന്നു. ആ സ്ഥാനം സ്വാഭാവികമായി കേരളവർമ്മയിൽ ചെന്നുചേർന്നു. അദ്ദേഹം അതിനെ ആവേശപൂർവ്വം സ്വാഗതം ചെയ്യുകയുംചെയ്തു. സൗജന്യമനോഭാവത്തോടും പ്രോത്സാഹനബുദ്ധിയോടുംകൂടി അന്നു് അദ്ദേഹം ചെയ്തിട്ടുള്ള ഗ്രന്ഥാസ്വാദനങ്ങൾ മലയാളഭാഷയിലെ നിരൂപണപ്രസ്ഥാനത്തിന്റെ പ്രഥമസോപാനങ്ങളായിപ്പരി

* 'മലയാളഭാഷയിൽ ഗദ്യരീതി എന്നൊന്നു് ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ഇത്തിരുമനസ്സിലെ സരസ്വതീവിലാസത്തിന്റെ ഫലമാകുന്നു.' ഏ. ആർ. രാജരാജവർമ്മ—നമ്മുടെ മഹാന്മാർ, പുറം 10.

ണമിച്ചു. കേരളത്തിലെ പണ്ഡിതലോകത്തിന്റെ ഏകകണ്ഠമായ അംഗീകാരത്തോടുകൂടി ഭാഷാപോഷിണിസഭയുടെ അദ്ധ്യക്ഷസ്ഥാനത്തു് അധിരോഹിതനായപ്പോൾ അദ്ദേഹത്തിൽ ഭാഷാചക്രവൎത്തിയുടെ പരിവേഷം കലന്നു. ഇംഗ്ലീഷിനെ അനുകരിച്ച ഗദ്യശാഖയ്ക്കും സംസ്കൃതത്തെ അനുകരിച്ച പദ്യശാഖയ്ക്കും അഭിവൃദ്ധി വരുത്തുവാനായി അദ്ദേഹം ചെയ്ത തപസ്സദൃശമായ പരിശ്രമം മലയാളത്തിൽ നവോത്ഥാനത്തിനു വഴിതെളിച്ചു. അതിലദ്ദേഹം തികച്ചും ചരിതാൎത്ഥനായി. "ഇതുവരെയുള്ള എന്റെ ജീവിതകാലത്തിൽ പകുതിയിലധികവും എന്നല്ല മൂന്നിൽ രണ്ടുഭാഗവും ഞാൻ പുസ്തകരചനയ്ക്കായിട്ടുതന്നെ ഉപയോഗിക്കുകയും അതിനു തക്കതായ ബഹുമതി മഹാമഹിമശാലിനിയായ ഭാരതചക്രവൎത്തിനിയിൽനിന്നു് എനിക്കു ലഭിക്കുകയും ചെയ്തതിനാൽ എന്റെ ജന്മത്തിനു് ഐഹികമായ സാഫല്യം സിദ്ധിച്ചിരിക്കുന്നു എന്നുള്ള കൃതാൎത്ഥതയോടുകൂടി ഇനി ആമുഷ്മികഫലാൎത്ഥമായിത്തന്നെ ആയുശ്ശേഷത്തെ കഴിച്ചുകൂട്ടണമെന്നാണു് എനിക്കിപ്പോൾ ആഗ്രഹമുള്ളതു്," എന്നു കേരളവൎമ്മതന്നെ പ്രസ്താവിച്ചിരിക്കുന്നു.[1] സാഹിത്യസേവനത്തിലും രാജകുടുംബപരിചരണത്തിലും ഈശ്വരഭജനത്തിലും ആയുശ്ശേഷം—17 കൊല്ലം—അൎപ്പിച്ചുകൊണ്ടു് ആ മഹാൻ 1090 കന്നിമാസം 6-ാംതീയതി എഴുപതാംവയസ്സിൽ അന്ത്യവിശ്രമംകൊണ്ടു.

കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ ബഹുമുഖങ്ങളായ സിദ്ധിവിശേഷങ്ങളുടെ ദിങ്മാത്രനിൎദ്ദേശത്തിനാണു് ഇവിടെ യത്നിച്ചതു്.[2] പണ്ഡിതന്മാരും കവികളും

1 കോട്ടയത്തുവച്ചു് 1073-ൽ ചേൎന്ന ഭാഷാപോഷിണി സഭയിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം, പ്രസംഗസംഗ്രഹം, പുറം 28.

2 അസാധാരണമായ ഈ വൈഭവബഹുത്വം (versatility) പരിഗണിക്കുമ്പോൾ ഈ വിഷയത്തിൽ കേരളവൎമ്മയോടു സദൃശനായ സർ ഫിലിപ്പു് സിഡ്നിയെ സ്മരിച്ചുപോകുന്നു. എലിസബത്തു രാജ്ഞിയുടെ സമകാലികനായിരുന്ന സിഡ്നി യൂറോപ്പിലെ നവോത്ഥാനത്തെ പ്രതിനിധാനംചെയ്ത ഉത്കൃഷ്ടകുലജാതനായ ഒരു മാതൃകാപുരുഷനായിരുന്നു. ലിസ്റ്റർപ്രഭുവിന്റെ ഭാഗിനേയനും പെംബ്രോക്കിന്റെ സ്യാലനുമായിരുന്ന അദ്ദേഹം ഏതു രാജകീയവധുവിനും അനുരൂ

മററു ലോകവ്യവഹാരങ്ങളിൽ അസമർത്ഥന്മാരായിരിക്കും എന്നാണു സാധാരണ ധാരണ. അതിനാൽ ഇവരിലാരെങ്കിലും മററു കാര്യങ്ങളിൽ നൈപുണ്യം പ്രദർശിപ്പിച്ചാൽ ആളുകൾ ആശ്ചര്യപ്പെടും. പക്ഷേ, മഹാസത്വന്മാരായ വ്യക്തികളിൽ വൈഭവബഹുത്വം സർവ്വസാധാരണമാണെന്നുതന്നെ പറയാം. എന്നാൽ അങ്ങനെയുള്ളവർ ബഹുമുഖങ്ങളായ വാസനകളെ തൃപ്തിപ്പെടുത്തുവാനായി കഴിവുകളെ ഛിന്നഭിന്നമാക്കിക്കളയുന്നതു ബുദ്ധിപൂർവ്വമാണെന്നു പറഞ്ഞുകൂടാ. കേരളവർമ്മയാകട്ടെ മററു പല കാര്യങ്ങളിലും അഭിനിവിഷ്ടനും വ്യാപൃതനും ആയിരുന്നു എങ്കിലും സാഹിത്യസേവനമാണു തന്റെ പ്രധാനമായ ധർമ്മമെന്നു മനസ്സിലാക്കിത്തന്നെയാണു പ്രവർത്തിച്ചിരുന്നതു്. എന്നിരുന്നാലും കാര്യാന്തരവ്യവധാനംനിമിത്തം അവിച്ഛിന്നമായ സാഹിത്യസപര്യയ്ക്കു സൗകര്യം ലഭിച്ചിരുന്നില്ല എന്നു് അദ്ദേഹം പരിദേവനംചെയ്തിരുന്നു.* എന്നുമാത്രമല്ല അദ്ദേഹത്തിന്റെ സാഹിത്യപരമായ സർഗ്ഗശക്തിയെ സംസ്കൃതവും മലയാളവും വിഭജിച്ചെടുക്കുകയും ചെയ്തു. സാഹിത്യപ്രവർത്തനം മാത്രം ജീവിതവ്രതമാക്കി ഏകഭാഷാമാധ്യമത്തിൽക്കൂടി ആത്മോദ്യോതനം ചെയ്തിരുന്നു എങ്കിൽ കേരളവർമ്മയിൽനിന്നും ഇന്നു ലഭിച്ചിട്ടുള്ളവയെ അപേക്ഷിച്ചു് എത്രയോ അധികം അനുപേക്ഷണീയസംഭാവനകൾ കേരളീയർക്കു ലഭിക്കുമായിരുന്നു!

---

പനായ കാമുകനായിരുന്നു. കവി, കവികളുടെ രക്ഷാധികാരി, ഭരണകാര്യവിദഗ്ദ്ധൻ, 'സർ'സ്ഥാനബഹുമതൻ, സമുന്നതനായ ഭടൻ എന്നീ നിലകളെല്ലാം അദ്ദേഹത്തിൽ സമഞ്ജസമായി ഇണങ്ങിച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം, സ്വകൃതികളിൽ പ്രതിഫലിച്ചു എന്നുള്ളതും മൂന്നു വിഭിന്ന സാഹിത്യപ്രസ്ഥാനങ്ങളിൽ (നിരൂപണം, കവിത, ഗദ്യം) അദ്ദേഹം വിജയംവരിച്ചു എന്നുള്ളതും ശ്രദ്ധേയമാണു്. സിഡ്നിയുടെ പാണ്ഡിത്യവും പ്രതിഭയും അദ്ദേഹത്തെ ഇംഗ്ലണ്ടിൽ അന്നു് ഉദയംചെയ്ത സാഹിത്യമണ്ഡലത്തിന്റെ കേന്ദ്രബിന്ദുവാക്കി.

* ''പാരം കാര്യപരമ്പരാപരവശീഭാവംനിമിത്തം മമ
സൈ്വരം സാഹിതിചെയ്‌വതിന്നവസരം കിട്ടുന്നതി-
ല്ലൊട്ടുമേ—''

എന്നു കേരളവർമ്മ രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക.

## ചരിത്രപശ്ചാത്തലം

മയൂരസന്ദേശത്തിനു ജീവൻ കൊടുക്കുന്ന സവിശേഷത അതിന്റെ ചരിത്രപശ്ചാത്തലമാണ്. കാമിനീസവിധത്തിൽനിന്നും ദൂരീകൃതനായ കാമുകൻ ദൂതൻമുഖേന ചെയ്യുന്ന കുശലനിവേദനവും കുശലാന്വേഷണവുമാണല്ലോ സന്ദേശകാവ്യത്തിലെ പ്രധാനമായ പ്രതിപാദ്യം. മററു സന്ദേശകാവ്യങ്ങളിൽ കാമുകനെ ദൂരസ്ഥിതനാക്കുന്നതു് ഭാവനാപ്രവണമായ കവിപ്രതിഭയാണ്.* എന്നാൽ ആയില്യംതിരുനാളിന്റെ ഉഗ്രമായ രാജകല്പനയാണ് മയൂരസന്ദേശത്തിലെ നായകനായ കേരളവർമ്മയെ സ്വപ്രേയസിയായ ലക്ഷ്മീഭായിയുടെ സന്നിധിയിൽനിന്നും നിർദ്ദയം നിഷ്കാസനംചെയ്തതു്. സാഹിത്യലോകത്തിലെ ഒരു ഇതിഹാസമാണ് ഈ നിഷ്കാസനചരിത്രം. സ്തോഭജനകമായ ഈ സംഭവത്തെ ചിത്രീകരിക്കുന്നതിൽ ബന്ധപ്പെട്ടവരും സാധാരണജനങ്ങളും അക്കാലത്തു് അവരുടെ ഭാവനാവിലാസം ധാരാളമായി പ്രയോഗിച്ചിരുന്നു. അതിന്റെ ഫലമായി പല രൂപത്തിലും നിറത്തിലും ഈ മഹാസംഭവത്തിലെ ഉപകഥകൾ വർണ്ണിതങ്ങളായി. ചരിത്രസത്യം അറിയാവുന്ന ആളുകൾ നിശ്ശബ്ദരായിരുന്നു; ചരിത്രരേഖകൾ സാമാന്യജനങ്ങൾക്കു് അപ്രാപ്യങ്ങളുമായിരുന്നു. അതിനാൽ ഇതിനെ സംബന്ധിച്ച ചരിത്രസത്യം ഏറിയകൂറും ഇന്നും അജ്ഞാതമായിത്തന്നെ ഇരിക്കുന്നു. വിശാഖംതിരുനാളും ലക്ഷ്മീഭായിയും ജീവിച്ചിരുന്നപ്പോൾ രചിച്ച 'വിശാഖവിജയ'ത്തിന്റെ ചരിത്രമൂല്യം അഗണ്യമായിരിക്കയില്ലല്ലോ. പോരെങ്കിൽ മയൂരസന്ദേശത്തിന്റെ ആസ്വാദനത്തിനു കേരളവർമ്മയുടെ കാഴ്ചപ്പാടാണല്ലോ അനുഗുണമായിട്ടുള്ളതും. അതിനാൽ വിശാഖവിജയത്തിൽ

* മേഘസന്ദേശത്തിൽ വൈശ്രവണന്റെ ശാപംനിമിത്തം നായകനായ ഒരു യക്ഷനു് അളകാപുരിയുപേക്ഷിച്ച രാമഗിരിയിൽ താമസിക്കേണ്ടിവന്നു. ഉണ്ണുനീലിസന്ദേശത്തിൽ ഒരു യക്ഷി നായകനെ തൂക്കിയെടുത്തു് കടന്തേരിയിൽനിന്നും തിരുവനന്തപുരംവരെ കൊണ്ടുവന്നു. ശുകസന്ദേശത്തിൽ കാമുകനെ തൃക്കണാമതിലകത്തുനിന്നും രാമേശ്വരത്താക്കിയതോ സ്വപ്നത്തിന്റെ വിലാസം.

കേരളവമ്മ ചെയ്തിട്ടുള്ള വിവരണങ്ങളെ ഏറെക്കുറെ അനുസരിച്ച മയൂരസന്ദേശത്തിൻെറ ചരിത്രപശ്ചാത്തലം ഇവിടെ സംവിധാനംചെയ്യാം.

ലക്ഷ്മീഭായിയെ വിവാഹംചെയ്യുന്നതിനുമുമ്പുതന്നെ കേരളവമ്മ ആയില്യംതിരുനാളിൻേറയും വിശാഖംതിരുനാളിൻേറയും സുഹൃത്തായിത്തീന്നിരുന്നു. മാതുലനായ രാജരാജവമ്മയുടെകൂടെ താമസിച്ചിരുന്നകാലത്തു് ബാലനായിരുന്നു എങ്കിലും ബാല്യാതീതമായ വ്യക്തിപ്രഭാവം കൊണ്ടു് അനുഗൃഹീതനായിരുന്ന അദ്ദേഹം തന്നെക്കാറം പ്രായംകൂടിയ ആ രാജയുവാക്കന്മാരുടെ പ്രീതിക്കും വിശ്വാസത്തിനും പാത്രമായി. ആയില്യം പതിമൂന്നുവയസ്സിനും വിശാഖം എട്ടുവയസ്സിനും കേരളവമ്മയേക്കാറം മൂത്തതായിരുന്നു. രണ്ടു് ഇളയതമ്പുരാക്കന്മാരും അദ്ദേഹത്തോടു പ്രീതിയും മതിപ്പും പ്രദശിപ്പിച്ചിരുന്നു എന്നാൽ വിവാഹത്തിൻെറ ആലോചന വന്നപ്പോറം വിശാഖംതിരുനാറം അതിനെ സ്വാഗതംചെയ്തെങ്കിലും ആയില്യംതിരുനാറം എതിക്കുകയാണുണ്ടായതു്. കേരളവമ്മയെക്കൊണ്ടു പള്ളിക്കെട്ടു കഴിപ്പിക്കുന്നതിൽ ആയില്യംതിരുനാറം പ്രദശിപ്പിച്ച വൈമനസ്യത്തിൻെറ രഹസ്യം ദുർജ്ഞേയമായിരിക്കുന്നു. മറേറതെങ്കിലും ഒരു ക്ഷത്രിയയുവാവിലുള്ള പ്രത്യേക മമതകൊണ്ടാകാം അദ്ദേഹം ഈ പ്രതികൂലമായ നില സ്വീകരിച്ചതു്.* ഒരുപക്ഷേ, അസാധാരണബുദ്ധിമാനായിരുന്ന ആയില്യംതിരുനാളിനു് കേരളവമ്മയുടെ ഉദ്ദാന്തമായ വ്യക്തിപ്രഭാവം രാജകൊട്ടാരത്തിൻെറ ഭിത്തികറംക്കുള്ളിൽ ഒതുങ്ങിനില്ക്കയില്ലെന്നു് അന്നുതന്നെ തോന്നിയിരിക്കയും ചെയ്യാം.

വിവാഹവിഷയത്തിൽ പ്രതികൂലഭാവം പ്രകടിപ്പി

---

* ''യുവാവനീശസ്സ ഹി രാമവമ്മാ
വരാന്തരായാപ്പ്ണമാചകാംക്ഷ.'' —വിശാഖവിജയം, i–43.
(യുവരാജാവായ രാമവമ്മ സ്വഭാഗിനേയിയെ മറെറാരു വരനു നല്കാനാഗ്രഹിച്ചു.) കേരളവമ്മയുടെകൂടെ തിരുവനന്തപുരത്തു താമസിച്ചു വിദ്യാഭ്യാസംചെയ്തുവന്ന പരപ്പനാട്ടു രാമവമ്മയായിരുന്നിരിക്കാം ആയില്യംതിരുനാളിൻെറ സ്ഥാനാത്ഥി.

ച്ച എങ്കിലും വിവാഹത്തിനുശേഷം ആയില്യംതിരുനാാം കേരളവമ്മയോടു വളരെ സൗഹാർദ്ദത്തോടും വയോവ്യത്യാസമോ സ്ഥാനവ്യത്യാസമോ പരിഗണിക്കാതെ സമതാഭാവനയോടുംകൂടി പെരുമാറിയിരുന്നു. സത്യം ആലോചിച്ചാൽ കേരളവമ്മ കേരളവമ്മയായതു് ആയില്യംതിരുനാാം മഹാരാജാവിന്റെ ഉദാരമായ പ്രോത്സാഹനംകൊണ്ടാണെന്നുള്ളതിൽ സംശയമില്ല.[1] മഹാപണ്ഡിതന്മാരുടെ ആദരപൂർവ്വമായ ശിക്ഷണത്തിൽ സംസ്കൃതത്തിലെ ശാസ്ത്രങ്ങളിൽ പാണ്ഡിത്യം നേടുന്നതിനും, ഇംഗ്ലീഷുഭാഷയിൽ നിഷ്ണാതനാകുന്നതിനും, മഹത്തായ ഒരു ഗ്രന്ഥശാല സ്വന്തമായി സജ്ജീകരിക്കുന്നതിനും, സംഗീതാദികലകളിൽ നൈപുണ്യം സമ്പാദിക്കുന്നതിനും, കുതിരസ്സവാരി മുതലായ കായികവിനോദങ്ങളിൽ വിദഗ്ധനാകുന്നതിനും, മഹാന്മാരുമായി സമ്പക്കത്തിലേപ്പെടുന്നതിനും സർവ്വോപരി മലയാളഭാഷാസേവനത്തിൽ ദത്തശ്രദ്ധനാകുന്നതിനും ആയില്യംതിരുനാളിൽനിന്നും കേരളവമ്മയ്ക്കു ലഭിച്ചിട്ടുള്ള പ്രചോദനത്തിനും പ്രോത്സാഹത്തിനും അതിരില്ലായിരുന്നു. ഭരണപരമായ കാര്യങ്ങാംപോലും അദ്ദേഹവുമായി മഹാരാജാവു് ചർച്ചചെയ്തിരുന്നതായി രേഖകാം തെളിയിക്കുന്നു. അങ്ങനെ ആയില്യംതിരുനാാം മഹാരാജാവിന്റെ സൗഹാർദ്ദവും വിശ്വാസവും സമാർജ്ജിച്ചുകൊണ്ടു് കേരളവമ്മ ഒരു വ്യാഴവട്ടക്കാലത്തോളം രാജകീയമായ ശുക്രദശയിൽ കഴിഞ്ഞു.[2]

ആയില്യംതിരുനാളിനെപ്പോലെ ഓജസ്സും തേജസ്സും ബുദ്ധിയും പാണ്ഡിത്യവും ഭരണശേഷിയും നയകോവിദ

1 ''സകലമപി ഭവദ്ദത്തമേവാനുഭവം—''

—ക്ഷമാപണസഹസ്രം, പ്രഥമവിംശതി.

ലോകപ്രസിദ്ധനായ രാജാ രവിവമ്മയേയും പ്രോത്സാഹിപ്പിച്ചതു് ആയില്യംതിരുനാളായിരുന്നു.

2 അക്കാലത്തു് 'കേരളത്തിൽ ആരാണു് അത്യന്തം ഭാഗ്യവാൻ?' എന്ന ചോദ്യത്തിനു് 'കേരളവമ്മ വലിയകോയിത്തമ്പുരാൻ' എന്നല്ലാതെ ആക്കും ഉത്തരം പറയുവാൻ തോന്നുമായിരുന്നില്ല.

ഉള്ളൂർ—കേരളസാഹിത്യചരിത്രം, വാല്യം 4, പുറം 398.

ത്വവും തികഞ്ഞ അധികം മഹാരാജാക്കന്മാർ കേരളത്തിലെന്നല്ല ഭാരതത്തിൽത്തന്നെ ആധുനികകാലത്തു വിരളമായേ ഉണ്ടായിരുന്നുള്ളു.[1] പുരോഗമനേച്ഛുവായിരുന്ന അദ്ദേഹത്തിന്റെ ഭരണത്തിൽ തിരുവിതാംകൂർരാജ്യം വളരെയധികം അഭിവൃദ്ധിപ്രാപിക്കയുംചെയ്തു. ഒരു മാതൃകാസംസ്ഥാനം എന്ന അംഗീകാരം തിരുവിതാംകൂറിനും 'സ്റ്റാർ ഓഫ് ഇന്ത്യ' എന്ന ബഹുമതി ആയില്യംതിരുനാളിനും അന്നു സിദ്ധിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ഭരണകാലം ഉത്തരഭാഗത്തേക്കു കടന്നപ്പോഴേക്കും സ്വേച്ഛാധിപത്യത്തിന്റേയും ധർമ്മലോപത്തിന്റേയും ലാഞ്ഛനകൾ പ്രകടമായിത്തുടങ്ങി. സുഖലോലുപനും സ്വച്ഛന്ദവൃത്തിയും ആയ മഹാരാജാവ് രാജകുടുംബത്തിന്റെ ക്ഷേമൈശ്വര്യങ്ങളിൽപ്പോലും ഉദാസീനനായിത്തീർന്നു.[2] നിയമാനുസാരിയായ ഒരു ഭരണാധിപന്റെ നിലവിട്ട് അനുദിനഭരണകാര്യങ്ങളിൽ സ്വേച്ഛാവർത്തിയായ അദ്ദേഹം ക്രമാധികം കൈകടത്തിവന്നു. മഹാരാജാവിന്റെ ഹിതാനുവർത്തികൾക്കേ ഔദ്യോഗികജീവിതത്തിൽ സുരക്ഷിതത്വമുള്ളു എന്നുപോലും വന്നുകൂടി. സ്വന്തം ഗുരുഭൂതനായിരുന്ന മാധവരാവുദിവാനുമായിത്തന്നെ സ്വരച്ചേർച്ചയിൽ കഴിയുവാൻ മഹാരാജാവിനു സാധിക്കാത്തമട്ടിലായി. സർവ്വോപരി തന്റെ സഹോദരനും സിംഹാസനത്തിനു് അനന്തരാവകാശിയും നീതിനിപുണനും പണ്ഡിതനും സാത്വികനും സന്മാർഗ്ഗനിരതനും ആയിരുന്ന വിശാഖംതിരുനാളിനേയും ആയില്യംതിരുനാൾ ശത്രുപക്ഷത്തിലാക്കി.

ഭരണാധിപനായിരുന്ന ആയില്യംതിരുനാളിനോടു സവിശേഷമായ ബഹുമാനം വിശാഖംതിരുനാൾ പ്രദർശിപ്പിച്ചുവന്നു. എന്നാൽ ഇവരുടെ സൗഭ്രാത്രത്തിനു ശൈഥില്യം നേരിടുവാനുള്ള സാഹചര്യങ്ങൾ ക്രമേണ വന്നുചേരു

---

1 ''സ്വശ്രീനിരാസിനി ധരാസുമസായകസ്യ
ദേഹേ സമത്സരതയാ കിമു ഹേമകാമൗ.''
—വിശാഖവിജയം, v–16.

''വിപുലമതീനാമഗ്രഹോഽസ്യാഗ്രജന്മാ.'' —വിശാഖവിജയം, i–48

2 വിശാഖവിജയം, ii–6.

കയുണ്ടായി. മാധവറാവു ആയിരുന്നല്ലോ ആയില്യംതിരുനാളിൻേറയും വിശാഖംതിരുനാളിൻേറയും ഗുരുനാഥനായി നിയമിക്കപ്പെട്ടിരുന്നതു്. രണ്ടുപേരും റാവുവിൻെറ ശിഷ്യത്വം വഹിച്ചുവെങ്കിലും അതുകൊണ്ടു സാരമായ പ്രയോജനമുണ്ടായതു് വിശാഖംതിരുനാളിനായിരുന്നു. വളരെ കുറച്ചു കാലമേ ആയില്യംതിരുനാളിനെ റാവു പഠിപ്പിച്ചിരുന്നുള്ളു. എന്നാൽ വിശാഖംതിരുനാൾ തുടച്ചയായി നാലു വഷം ഗുരുഭക്തിയോടുകൂടി റാവുവിൻെറ അടുക്കൽ വിദ്യാഭ്യാസംചെയ്തു. വിശാഖംതിരുനാളിനെ പഠിപ്പിച്ചതിലുള്ള വിരുതു കണ്ടു സന്തുഷ്ടനായാണു മാധവറാവുവിനെ ഉത്രം തിരുനാൾ മഹാരാജാവു് ദിവാൻജിയാക്കിയതെന്നുവരെ വിശ്വസിക്കപ്പെട്ടിരുന്നു. അങ്ങനെ മാധവറാവുവിനു് ആയില്യംതിരുനാളിനെ അപേക്ഷിച്ചു വിശാഖംതിരുനാളിനോടു കൂടുതലായ മമത ജനിക്കുവാൻ അദ്ദേഹം അവരുടെ അദ്ധ്യാപകനായിരിക്കവേതന്നെ ഇടയായി. വിശാഖംതിരുനാളിനോടുണ്ടായിരുന്ന ഈ ഗാഢമായ ഹൃദയബന്ധം റാവു ദിവാൻജിയായതിനുശേഷവും തുടൎന്നുവന്നു. ഇതു് ആയില്യംതിരുനാളിനെ സ്വാഭാവികമായി വിപ്രകൃതനാക്കിയിരിക്കണം.

രാജകുടുംബത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു കാര്യത്തിൽ രാജഭ്രാതാക്കൾതമ്മിൽ സ്പഷ്ടമായ അഭിപ്രായവ്യത്യാസം ഉണ്ടായി. അതു് മുമ്പു സൂചിപ്പിച്ചിട്ടുള്ള കേരളവൎമ്മയുടെ വിവാഹക്കാര്യമായിരുന്നു. ആയില്യംതിരുനാൾ അതിനെ എതിൎത്തപ്പോൾ വിശാഖംതിരുനാൾ പിൻതാങ്ങിയെന്നു നേരത്തെ പറഞ്ഞല്ലോ. ഒടുവിൽ കേരളവൎമ്മയെക്കൊണ്ടു് ലക്ഷ്മീഭായിയെ പള്ളിക്കെട്ടു കഴിപ്പിക്കുവാൻ അന്നു് രാജ്യം ഭരിച്ചിരുന്ന ഉത്രംതിരുനാൾ മഹാരാജാവു തീരുമാനിച്ചു. ഇക്കാര്യത്തിൽ അപ്പോൾ ദിവാൻജിയായിരുന്ന മാധവറാവു കേരളവൎമ്മയ്ക്കനുകൂലമായി മഹാരാജാവിനെ ഉപദേശിച്ചിരിക്കണം എന്നു മാത്രമല്ല, മഹാരാജാവിൻെറ കല്പനയനുസരിച്ചു് ആഡംബരങ്ങളോടുകൂടി വിവാഹം നടത്തിച്ചതു മാധവറാവുതന്നെയായിരുന്നുതാനും. അതായിരിക്കണം ആയില്യംതിരുനാ

ളിന ഹിതമല്ലാത്ത രീതിയിൽ വിശാഖംതിരുനാളും മാധവറാവുവും കേരളവമ്മയും ഒരു കൂട്ടുകെട്ടിലേപ്പെടുന്നതിനുള്ള തുടക്കം. ഇവരുടെ സൗഭ്രാത്രനിവ്വിശേഷമായ സൗഹാർദ്ദപ്രകഷം ആയില്യംതിരുനാാം മഹാരാജാവിൻെറ വദ്ധമാനമായ അസൂയയ്ക്കും രോഷത്തിനും കാരണമായിത്തീൎന്നു.

യുവരാജാവെന്ന നിലയിൽ വിശാഖംതിരുനാാം, അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യവും ഉന്നതവിദ്യാഭ്യാസവും പാണ്ഡിത്യവിലാസവുംനിമിത്തം ജനങ്ങളുടെ സ്നേഹബഹുമാനാദികൾക്ക പാത്രീഭവിച്ചു. പ്രതാപശാലിയായ ആയില്യംതിരുനാളിന് സ്വഭ്രാതാവിന ലഭിച്ച ഈ ബഹുജനസമ്മതി അത്രതന്നെ ഹൃദ്യമായിരുന്നിരിക്കാൻ തരമില്ല. അങ്ങനെയിരിക്കെയാണ് വിശാഖംതിരുനാാം മദ്രാസ്യാത്രയ്ക്കു മഹാരാജാവിനോട് അനുവാദം ചോദിച്ചത്. തനിക്ക സ്വതേ അത്ര ഇഷ്ടമായിരുന്നില്ലെങ്കിലും ദിവാൻജിയായ മാധവറാവുവിൻെറ ഉപദേശമനുസരിച്ചു മഹാരാജാവ് യുവരാജാവിൻെറ അപേക്ഷ അനുവദിച്ചു.[1] മാധവറാവുവിൻെറ ബുദ്ധിവൈഭവവും സ്വാധീനശക്തിയും സജ്ജീകരണസാമൎത്ഥ്യവും പൂണ്ണമായി മനസ്സിലാക്കുന്നതിന വിശാഖംതിരുനാളിന് ഈ യാത്ര പ്രയോജനകരമായിത്തീൎന്നു.[2] വിശദാംശങ്ങളിൽപ്പോലും യുവരാജാവിന സുഖസൗകര്യങ്ങാം ചെയ്തുകൊടുക്കുന്നതിലും അദ്ദേഹത്തിന കീത്തിയും ബഹുമതിയും സമ്പാദിച്ചുകൊടുക്കുന്നതിലും ദിവാൻജി തീവ്രമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. മദ്രാസിൽവച്ചു ഭരണാധിപന്മാരുമായും പണ്ഡിതന്മാരുമായും മററു സമുന്നതവ്യക്തികളുമായും പരിചയപ്പെടാൻ വിശാഖംതിരുനാളിന സാധിച്ചു. ഇതോടൊപ്പം ഈ യാത്രയിൽ ഗുരുവായൂർക്ഷേത്രദശനത്തിനും രാമേശ്വരയാത്രയ്ക്കും വിശാഖംതിരുനാളിന സൗകര്യം ലഭിച്ചു. ചുരുക്കത്തിൽ മാധവറാവുവിൻെറ സഹായത്തോടുകൂടി നടത്തിയ ഈ മദ്രാസ്യാത്ര വിജയശ്രീലാളിതമായിപ്പരിണമിച്ചു. ഇപ്രകാരം അഭ്യുദയശാലിയായി വളൎന്നവരുന്ന

1 വിശാഖവിജയം, ii–17.
2 വിശാഖവിജയം, ii–24.

അനുജനോട്ട് ആയില്യംതിരുനാളിനു് അസൂയയും സ്പർദ്ധയും ഉണ്ടായതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ല.[1] ഈ സാഹചര്യത്തിൽ വിശാഖംതിരുനാളിന്റെ സുഹൃത്തും സഹായിയുമായ മാധവറാവുവിനോടു മഹാരാജാവിനു് അതൃപ്തിയും രോഷവും വദ്ധിച്ചുവന്നതിന്റെ ഫലമായി അദ്ദേഹം 1047-ൽ മന്ത്രിസ്ഥാനത്തുനിന്നും നീക്കപ്പെട്ടു;[2] സർ ശേഷയ്യാശാസ്ത്രി ദിവാൻജിയായി നിയമിതനാകയുംചെയ്തു. ഇതിനെത്തുടൎന്നു് മഹാരാജാവിനെ പരിഹാസപാത്രമാക്കിക്കൊണ്ടും മാധവറാവുവിന്റെ ഭരണനൈപുണ്യത്തെ പ്രശംസിച്ചുകൊണ്ടും വിശാഖംതിരുനാൾ 'കല്ക്കട്ടാറിവ്യൂ' വിൽ പേരുവയ്ക്കാതെ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. ഈ ലേഖനം അന്നത്തെ വൈസ്രോയിയായിരുന്ന നോത്ത്ബ്രൂക്ക്പ്രഭുവിന്റെ ശ്രദ്ധയിൽപ്പെടുകയും മാധവറാവു ബറോഡയിൽ റീജൻറായി നിയമിക്കപ്പെടുകയും ചെയ്തു. അനുജന്റെ ഈ സാഹസം ആയില്യംതിരുനാളിനെ എത്രത്തോളം കോപാവിഷ്ടനാക്കിയിരിക്കുമെന്നു് ഊഹിക്കുന്നതാണു ഭേദം. എന്തിനധികം, വിശാഖവിജയത്തിൽ വൎണ്ണിച്ചപ്രകാരം രാവണൻ വിഭീഷണനോടെന്നപോലെ ആയില്യംതിരുനാൾ വിശാഖംതിരുനാളിനോടു കോപാകുലനായിത്തീൎന്നു.[3]

---

1 ''ഇത്ഥമഭ്യുദയനിസ്പൃകനിഷ്ഠേ മത്സരീ കില ബഭൂവ മഹാരാട്
മാനിനാം പരജനോന്നതിഗന്ധേ മാനസാനി നഹി ജാതു
സഹന്തേ.'' —വിശാഖവിജയം, ii–49.

2 മാധവറാവുവിനെ മഹാരാജാവു വിഷമിപ്പിച്ച പല കഥകളും ഉണ്ടു്. ഉദ്യോഗത്തിൽനിന്നും വിരമിച്ചതിനുശേഷം തിരുവനന്തപുരത്തുനിന്നും പോകുവാൻ ഒരു വാഹനം കിട്ടാതെ റാവു വിഷമിച്ചുവത്രേ.

3 ഇതേപ്പററി വിശാഖംതിരുനാൾ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

''രാമവൎമ്മരാജകുമാരൻ മാധവരായരുടെ ഭരണനയത്തെ എപ്പോഴും ശക്തിയോടു പിന്താങ്ങിവന്നതിനാൽ ഇരു പ്രമാണിച്ചു രാജസഹോദരന്മാർ തമ്മിൽ അഭിപ്രായവ്യത്യാസത്തിനിടയായെങ്കിലും അവരുടെ സ്വഭാവഗുണംകൊണ്ടു പ്രത്യക്ഷമായ സൈ്വരക്കേടായിത്തീരുന്നതിനു് അവർ അനുവദിച്ചില്ല.'' —കേരളവൎമ്മദേവൻ, പുറം 89.

ആയില്യംതിരുനാളിനു് അനുജനോടു ശത്രുതയുണ്ടാകുവാൻ ഇനിയും പല കാരണങ്ങളും കണ്ടെന്നുവരാം.

വിശാഖംതിരുനാളിന്റെയും മാധവരായരുടേയും സുഹൃത്തായിരുന്ന എങ്കിലും കേരളവമ്മ മഹാരാജാവിനോട്ട ദ്വേഷംകൂടാതെ, എന്നുമാത്രമല്ല വളരെ ഇഷ്ടമായിത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. ഈ വിഷയത്തിൽ കേരളവമ്മ നയകോവിദമായിത്തന്നെ പെരുമാറിവന്നു എന്നുവേണം വിചാരിക്കുവാൻ. ദിവാൻജിയും യുവരാജാവും തന്നിക്കെതിരായി തിരിഞ്ഞിരുന്ന അവസരത്തിൽ, കേരളവമ്മ വലിയകോയിത്തമ്പുരാനെ അകററാതെ വയ്ക്കുവാൻ ആയില്യംതിരുനാളും ശ്രമിച്ചിരിക്കണം. ഈ കാലഘട്ടത്തിൽ കേരളവമ്മയ്ക്കു മഹാരാജാവു പല സമ്മാനങ്ങളും നല്കിവന്നിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.* തന്റെ ഉപകത്താവായ ആയില്യംതിരുനാളിനെതിരായി മാധവരാവുവിനെ പിൻതാങ്ങുവാൻ വിശാഖംതിരുനാളിനോട്ടുണ്ടായിരുന്ന സ്നേഹത്തിനുപോലും കേരളവമ്മയെ പ്രേരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നുമാത്രമല്ല തനിക്കിഷ്ടമില്ലാത്ത റാവുപരിഷ്കാരങ്ങളെ അപലപിക്കുവാനും കേരളവമ്മ സന്നദ്ധനാകുകയും ചെയ്തു. അതിലൊന്നാണ് വിദ്യാഭ്യാസപരിഷ്കാരം. രാജഭക്തൻ എന്ന പ്രച്ഛന്നനാമധേയത്തിൽ അദ്ദേഹം 'സന്ദിഷ്ടവാദി'യിൽ എഴുതിയ കൂട്ടത്തിൽ ഇങ്ങനെ ഒരു ശ്ലോകവും ഉൾപ്പെടുന്നു:

''പണ്ടേ നാട്ടിൽ പരക്കെ പ്രഥിതതരമതാം
സംസ്കൃതത്തിന്നിദാനീ-
മുണ്ടായുള്ളോരവസ്ഥാന്തരമതിനു ദിവാ-
നല്ലയോ ഹേതുഭൂതൻ?
തണ്ടാർമാതിൻ കരാംഭോരുഹലസിതസിതാം-
ഭോജമാധ്വീവിലാസം
പൂണ്ടീടും സംസ്കൃതത്തിൻ മധുരതയറിയാ-
തെന്തു വിദ്യാഭിവൃദ്ധി?''

ഈ ശ്ലോകവും മററും മഹാരാജാവു കണ്ടു സന്തോഷിക്കുന്നതിനെ ക്ഷമാപണസഹസ്രത്തിൽ കേരളവമ്മ പ്രത്യേകം

* കേരളവമ്മദേവൻ, പുറം 83, 85.

പരാമർശിച്ചിട്ടുണ്ട്.[1] മാധവറാവുവിന്റെ നിഷ്കാസനത്തോടു കൂടി മഹാരാജാവും വിശാഖംതിരുനാളും ശത്രുതയുടെ ഉച്ചകോടിയിലെത്തിയെങ്കിലും[2] അതിനുശേഷം ആറുമാസം കഴിഞ്ഞ് 1048-ൽ മഹാരാജാവു കാശിയിൽ എഴുന്നള്ളിയ അവസരത്തിൽ കേരളവർമ്മയും കൂടെ പോയിരുന്നു എന്നുള്ളതും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടിയിരിക്കുന്നു.

മഹാരാജാവിനെ അനുഗമിച്ചു ചെയ്ത കാശിയാത്ര കേരളവർമ്മയ്ക്കു വളരെ ഉല്ലാസകരവും വിജ്ഞാനപ്രദവും ആയിരുന്നു. മടക്കയാത്രയിൽ അദ്ദേഹം ഷൊർണ്ണൂരിൽ വച്ചു മഹാരാജാവുമായി പിരിഞ്ഞു ഹരിപ്പാട്ടു പോയി സ്വഭവനത്തിൽ കുറച്ചുനാൾ താമസിച്ചശേഷം 1048 ധനു 6-ാംതീയതി തിരുവനന്തപുരത്തു വന്നുചേർന്നു. ഇതിനു ശേഷം വലിയകോയിത്തമ്പുരാൻ മഹാരാജാവിൽനിന്നും അകന്നുതുടങ്ങുന്നതായി നാം കാണുന്നു. യാത്രാമദ്ധ്യത്തിൽ പരസ്പരം നീരസപ്രദമായി യാതൊന്നും സംഭവിച്ചതായറിയുന്നില്ല. പിന്നെ, മഹാരാജാവു മടങ്ങി തിരുവനന്തപുരത്തെത്തിയതിനും കേരളവർമ്മ ഹരിപ്പാട്ടു ചിലനാൾ താമസിച്ചശേഷം രാജധാനിയിൽ വന്നുചേർന്നതിനും ഇടയ്ക്കോ അതിനുശേഷമോ വല്ലതും വൈരസ്യജനകമായി സംഭവിച്ചിരിക്കണം. ബനാറീസിൽ താമസിക്കുമ്പോൾ കേരളവർമ്മ ലക്ഷ്മീഭായിക്ക് അയച്ച ഒരു കത്തിൽ റാണിമാർ ഇളയരാജാവിനെ സന്ദർശിക്കുന്നതിൽ തെററില്ലെന്നു പ്രസ്താവിച്ചിരുന്നു. യാത്ര കഴിഞ്ഞു തിരുവനന്തപുരത്തെത്തി താമസിയാതെ മഹാരാജാവിനു് ഈ എഴുത്തു കാണുവാനിടയായി. ഇളയരാജാവുമായുള്ള ഒരു ഉപജാപത്തെ സൂചിപ്പിക്കുന്ന ഈ കത്ത് ആയില്യംതിരുനാളിനെ

---

1 '''രാജഭക്ത' ഇതി കേനചിത്തദാ തത്ര യദ്വിലിഖിതം ഖലൂത്തരം തദ് ബഭൂവ ഭവതാവലോകിതം 'സ്വാമിഭക്ത' മുഖമുദ്രണേ ചണം.''

2 മഹാരാജാവിന്റെ അഹിതത്തെ ഭയന്നു് സോദരിയായ പാർവ്വതീഭായി തനിക്കു് ഒരു കുട്ടി(മാർത്താണ്ഡവർമ്മ)യുണ്ടായ കാര്യം പോലും വിശാഖംതിരുനാളിനെ അറിയിച്ചില്ലത്രേ.

—വിശാഖവിജയം, ii-9.

പൊടിപ്പിച്ചിരിക്കാം.[1] കാരണം ഏതായാലും അവർ രണ്ടുപേരും നാൾക്കുനാൾ പരസ്പരം അകന്നകന്നു പൊയ്ക്കൊണ്ടിരുന്നു. കലാസ്വാദനത്തിനായാലും പണ്ഡിതചർച്ചകൾക്കായാലും സ്വൈരസംഭാഷണത്തിനായാലും നിത്യമെന്നോണം കണ്ടിരുന്ന ആ സുഹൃത്തുക്കളുടെ പരസ്പരസന്ദർശനം ആഴ്ചയിലൊരിക്കൽ, വല്ലപ്പോഴും ചില വിശേഷദിവസങ്ങളിൽ എന്നിങ്ങനെ ചുരുങ്ങിച്ചുരുങ്ങി അഭാവത്തിൽ ലയിച്ച മട്ടിലായി. വരുംവരായ്കയെപ്പററി വേണ്ടവിധത്തിൽ ചിന്തിക്കാതെ തനിക്കുതാൻപോന്നവനായ കേരളവർമ്മ രാജഹിതത്തെ മാനിക്കാതെ സംസാരിക്കുവാനും പ്രവർത്തിക്കുവാനും മുതിർന്നു. ഏഷണിക്കാർ നിശിതമായ ജിഹ്വാഗ്രവുമായി മഹാരാജാവിൻെറ സന്നിധാനത്തിൽ അഭ്യാസവും തുടങ്ങി. മഹാരാജാവിൻെറ 'ഉദാത്തമായ സൗഹാർദ്ദം ഉൽക്കടമായ വിദ്വേഷമായി രൂപംമാറി.' രാജകോപത്തിനിരയായ കേരളവർമ്മ സ്വാഭാവികമായി യുവരാജാവായ വിശാഖംതിരുനാളിനോടു കൂടുതൽ കൂടുതൽ അടുത്തു. തുല്യദുഃഖിതരായ അവരുടെ കൂട്ടത്തിൽ കല്പനകൾ മുഴുവൻ നടപ്പിലാക്കാൻ അശക്തനാകുകാരണം രാജകോപത്തിനു ലക്ഷ്യമായിത്തീർന്ന അന്നത്തെ ദിവാൻ ശേഷയ്യാശാസ്ത്രികളും ചേരുകനിമിത്തം ശക്തമായ ഒരു പ്രതിദ്വന്ദ്വിസംഘത്തെ മഹാരാജാവിനു നേരിടേണ്ടിവന്നു. തന്ത്രശാലിയും വൈരിഭീഷണനുമായ അദ്ദേഹം പ്രതികാരപരിപാടികൾക്ക് അവസരവും പ്രതീക്ഷിച്ചു കഴിഞ്ഞു. വിശാഖംതിരുനാളിനെ സിംഹാസനത്തിനനർഹനാക്കണമെന്നും[2] ശേഷയ്യാശാസ്ത്രിയെ ഉദ്യോഗത്തിൽ

1 കേരളഹൃദയത്തിന്റെ പ്രസാധനത്തിനുശേഷം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (1965 ഏപ്രിൽ 25) ശ്രീ പി. കെ. പരമേശ്വരൻനായർ എഴുതിയ ലേഖനം നോക്കുക.

2 ''സ്വാനന്തരം വിഷയനായകഭൂയമസ്യ
ന സ്യാദ്യഥേതി പ!ശ്രുനൈസ്സഹ മന്ത്രയിത്വാ
മിഥ്യാഭിശംസനമഹോ സ്വസഹോദരസ്യ
തേന വ്യധായി ബഹുധാ വസുധാധിപേന.''

—വിശാഖവിജയം, v–28.

വിശാഖവിജയം അഞ്ചാംസർഗ്ഗം 34–ാം പദ്യവും നോക്കുക.

നിന്നും നീക്കംചെയ്യണമെന്നും വലിയകോയിത്തമ്പുരാനെ രാജകൊട്ടാരത്തിൽനിന്നും നിഷ്കാസനം ചെയ്യണമെന്നുമായിരുന്നു[1] മഹാരാജാവിന്റെ ഉല്ക്കടമായ ആഗ്രഹം.

## ബന്ധനവും മോചനവും

സന്മാർഗ്ഗനിരതരും നീതിനിഷ്ഠരുമായ പൗരജനങ്ങൾ ആയില്യംതിരുനാളിന്റെ സ്വേച്ഛാധിപത്യത്തിലും സ്വജനദ്രോഹത്തിലും പ്രതിഷേധിച്ചിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രതാപവഹ്നിയിൽ ശലഭങ്ങളാകുന്നതിലുള്ള ഭയം അവരെ നിഷ്ക്രിയരാക്കിക്കളഞ്ഞു. അതേ അവസരത്തിൽ മഹാരാജാവിന്റെ ദൗർബ്ബല്യങ്ങളെ ചൂഷണം ചെയ്തുകൊണ്ടു ഭിക്ഷാംദേഹികളായ സേവകപ്പരിഷകൾ അദ്ദേഹത്തിന്റെ ചുററിനും കൂടുകയും ചെയ്തു. ഇക്കൂട്ടർ ആഴ്ചതോറും വലിയകൊട്ടാരത്തിൽ ചേരുകയും മഹാരാജാവിന്റെ ചാപല്യങ്ങൾക്കൊത്തു വർത്തിക്കയും ചെയ്തുവന്നു. മദിരാമത്തരായ സ്ത്രീപുരുഷന്മാരുടെ കോലാഹലങ്ങൾ കാണുന്നതിനു മഹാരാജാവിനു വളരെ ഇഷ്ടമായിരുന്നത്രെ. ഒരുദിവസം അങ്ങനെയൊരു പാനഗോഷ്ഠി നടക്കുകയായിരുന്നു. സേവകന്മാരും സേവികമാരും ധാരാളം വന്നുകൂടി. അവരെല്ലാം മഹാരാജാവിന്റെ അതിഥികളായി മധുകുംഭങ്ങളിൽ സ്നാനംചെയ്തു.[2] മഹാരാജാവാകട്ടെ സ്വയം മധുപാനംചെയ്യാതെ അതിഥികളുടെ 'മധുപാനമോദലഹരികൾ' കണ്ടു രസിച്ചതിനുശേഷം അവരോട് ഇങ്ങനെ കല്പിച്ചു: ''ഈ ദുഷ്ടനായ കുടവയറൻ ദിവാൻജി എന്നെ തൃണംപോലെ ഗണിക്കുന്നു. എപ്പോഴും പ്രതികൂലമായി പ്രവർത്തിച്ച് നന്ദികെട്ട ഇവൻ എന്നെ അത്യന്തം ക്ലേശിപ്പിക്കുന്നു. അല്ലയോ സേവകന്മാരേ, നിങ്ങൾക്കതിൽ ദുഃഖ

---

1 ''ചിരകാംക്ഷിതതത്പ്രവാസനാവസരം സ്വാ–
ഗതമന്വമോദത '' —വിശാഖവിജയം, iii–41.

2 ''മിഥുനാനി നിജാന്യദീയയോർവ്യതിരേകം
സ്മ വിദന്തി യത്ര നോ'' —വിശാഖവിജയം, iii–18.

എന്നാണ് ഈ മധുപാനവാരത്തിനെ കേരളവർമ്മ വർണ്ണിച്ചിരിക്കുന്നത്.

മില്ലേ? രാജാവിൻെറ സുഖത്തിലും ദുഃഖത്തിലും ഭേസവകന്മാർ ഒരുപോലെ പങ്കുകൊള്ളേണ്ടവരാണല്ലോ. നിങ്ങടം ക്കറിഞ്ഞുകൂടേ, മാടഭൂപൻെറ ഹിതാനുവർത്തിയായിരുന്ന ശിവരാമഭാഗവതർ രാജശത്രുവായ ദിവാൻജി ശങ്കരനു വിഷംകൊടുക്കവാനുദ്യമിച്ച കഥ?[1] എൻെറ ഹിതവും ആജ്ഞയുമനുസരിച്ച് ഉദ്യോഗമൊഴിഞ്ഞു പൊയ്ക്കൊള്ളാമെന്ന് അയാടം വാഗ്ദാനംചെയ്തിരുന്നു എങ്കിലും അതനുസരിച്ച സ്വയം ഒഴിഞ്ഞുപോകുന്നില്ല; എനിക്ക പിശാചിനെപ്പോലെ ഉപദ്രവമുണ്ടാക്കുകയും ചെയ്യുന്നു. മാധവറാവുവിനെ കവച്ചുവയ്ക്കുന്ന ഇയാളുടെ അഹങ്കാരം എനിക്ക് ഇനി ക്ഷമിക്കാൻ വയ്യ. പേഷ്ക്കാരന്മാരിലാരെങ്കിലും മതി എനിക്ക ദിവാൻജിയായി.''[2]

മഹാരാജാവിൻെറ മുഖത്തുനിന്നു നിർഗ്ഗളിച്ച ഈ വാക്കുകടം അദ്ദേഹത്തിൻെറ സേവകന്മാരായ ശ്രോതാക്കടം മദിരയോടൊപ്പം ആസ്വദിച്ചു. എന്നാൽ ഇതു കേട്ടറിഞ്ഞ കേരളവർമ്മയ്ക്ക് ആ വാക്കുകടം വിഷവഷ്തുല്യമായിത്തോന്നി. അവ അദ്ദേഹത്തെ വലിയ ധർമ്മസങ്കടത്തിൽ ആഴ്ത്തുകയുംചെയ്തു.[3] യഥാർത്ഥത്തിൽ അതൊരു ധർമ്മസങ്കടംതന്നെയായിരുന്നു. മഹാരാജാവിൻെറ കല്പന അനുഷ്ഠിക്കേണ്ടതു

1 ഏ. ഡി. 1840 മുതൽ 1856 വരെ കൊച്ചി ദിവാനായിരുന്ന ശങ്കരവാര്യരെയാണ ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്?

2 ''അയമദ്യ ഖലഃ പിചണ്ഡിലസ്സചിവോ മാം ന തൃണായ മന്യതേ
സതതം പ്രതികൂലമാചരന്നകൃതജ്ഞോ വ്യഥയത്യതീവ മാം.
അയി മത്പ്രിയസേവകാഃ കഥം ഭവതാമത്ര ന ജായതേ വ്യഥാ?
സമദുഃഖസുഖൈർഹി സന്തതം ഭവിതവ്യം നൃപസേവനോത്സുകൈഃ
വിദിതം നനു മാടഭൂപതേഃ പ്രിയകാരീ ശിവരാമഗായകഃ
തദമിത്രമമാത്യശങ്കരം ഗരളം പ്രാശയിതും യദൈഹത.
അപയാമി യഥേഷ്ടമാജ്ഞയേത്യമുനാ യദ്യപി മേ പ്രതിശ്രുതം
ന തഥാപി നിവർത്തതേ സ്വയം മമ പീഡാം ജനയൻ പിശാചവത്.
കമതേരവലേപമസ്യ ന ക്ഷമതേ ഹന്മമ മാധവാധികം
ഉപമന്ത്രിഷു കശ്ചിദേവ മേ ഭവിതാലം സചിവസ്യ കർമ്മണേ.''
—വിശാഖവിജയം, iii-31-35.

3 ''ഇതി രാജമുഖാത് പരിശ്രുതാ ഖലവാഗാസ്വദിതാ പരിശ്രുതാ
വിഷവഷ്നിഭാ വിശങ്കടേ നിദധൗ കഞ്ചന ധർമ്മസങ്കടേ.''
—വിശാഖവിജയം, iii-36

പ്രജകളുടെ ധമ്മം. അതിൻെറ ഫലമോ, ദിവാൻജിയുടെ ജീവനാശമെന്ന മഹാവിപത്തും. ആ പരിതഃസ്ഥിതി അധമ്മശത്രുവും രാജവംശത്തിൻെറ സദ്യശസ്സിൽ ശ്രദ്ധാലുവുമായിരുന്ന കേരളവമ്മയുടെ ഹൃദയത്തെ ക്രമാധികം വേദനിപ്പിച്ചു. രാജകുടുംബത്തിനു വന്നുചേരാവുന്ന തീരാക്കളങ്കത്തെ ഏതുവിധമെങ്കിലും തടയണമെന്നു നിശ്ചയിച്ചതിൻെറ ഫലമായി അദ്ദേഹം പേരുവയ്ക്കാതെ ശേഷയ്യാശാസ്ത്രിക്കു് ഒരെഴുത്തെഴുതി.[1] ''മഹാരാജാവു് അങ്ങയെ ദ്രോഹിക്കും. അതിനാൽ ഒന്നുകിൽ ദിവാൻപദം ഒഴിഞ്ഞുപോകുക; അല്ലാത്തപക്ഷം വളരെ വിശ്വസ്തരായ പാചകന്മാരെ മാത്രം കൂടെ നിറുത്തി ജീവിക്കുക.[2] മഹാരാജാവിൻെറ ആത്മമിത്രമായ പേഷ്കാർ നാണുപിള്ളയെ എങ്ങനെയെങ്കിലും താമസിയാതെ അങ്ങയുടെ സ്ഥാനത്തു നിയമിക്കും.''[3]

എഴുത്തു കിട്ടിയ ഉടനെ സംഭ്രാന്തനായ ശാസ്ത്രി അതിനെ യുവരാജാവിൻെറയും മഹാരാജാവിൻെറയും ശ്രദ്ധയിൽ പെടുത്തി.[4] ആ എഴുത്തു് ഇളക്കിവിട്ട ശക്തിയായ കാററ

1 എഴുത്തെഴുതിയതു് കേരളവമ്മയാണെന്നു് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്:
''ശേഷായ പൂർവ്വമലിഖത് കില കേരളോഽയം''
—വിശാഖവിജയം, v–13.
ഈ ഊമക്കത്തെഴുതാൻ പ്രേരിപ്പിച്ച ചേതോവികാരം അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:
''മാഭൂത് കിഞ്ചിദഭദ്രമിത്യജനി മേ കമ്മേദമേതാദൃശം.''
—വിശാഖവിജയം, iii–53

2 പാചകന്മാർ വിശ്വസ്തരല്ലെങ്കിൽ രാജകിങ്കരന്മാർ ഭക്ഷണത്തിൽ വിഷം ചേർക്കുമെന്നു താൽപര്യം.

3 ''പ്രജിഘായ സ കോഽപി പത്രികാം സചിവ ദ്രുഹ്യതി തേ മഹീപതിഃ
സപദി സ്വപദാദപേഹി വാ സുപരീക്ഷ്യസ്വഗുണാൻ ഗൃഹാണവാ
ഉപമന്ത്രിണമാത്മനഃപ്രിയം തവ നാരായണസംജ്ഞമാസ്പദേ.
കഥമപ്യചിരാന്നിവേശയേത് സ മഹാരാഡിതി ശേഷ–
ശാസ്ത്രിണേ'' —വിശാഖവിജയം, iii–36—37.

4 ''സ ച താം സമവേക്ഷ്യ പത്രികാം
സചിവസ്സംഭൃതസംഭ്രമോ ഭൃശം
പ്രഥമം യുവഭൂഭുജേഽഹിനോ–
ദഥ തദ്ഗൈ മഹതേ മഹീഭൃതേ.'' —വിശാഖവിജയം, iii–39.

ടിച്ചു സമുജ്ജ്വലിതമായ കോപാനലൻ മഹാരാജാവിൻെറ ഹൃദയമാസകലം വ്യാപിച്ചു. കേരളവമ്മയാണ് എഴുതിയതെന്നറിഞ്ഞപ്പോഴേക്കും അതിൽ അദ്ദേഹത്തിൻെറ ശ്രദ്ധ ശതഗ്ഗുണീഭവിച്ചു. കാരണം, കേരളവമ്മയെ രാജഗേഹത്തിൽനിന്നു നിഷ്കാസനംചെയ്യുവാൻ വളരെനാളായി കാത്തിരുന്ന അവസരം സ്വയം വന്നുചേൻതുതന്നെ. പിന്നെ മഹാരാജാവു തെല്ലും അമാന്തിച്ചില്ല. രാജദ്രോഹം ചെയ്യുന്ന രാജകുടുംബാംഗങ്ങളെ സാധാരണപ്രജകളെപ്പോലെ നിയമവിധേയരാക്കുന്നതിനുമുമ്പുതന്നെ മേൽക്കോയ്മയുടെ അനുവാദം രഹസ്യമായി വാങ്ങിച്ചുവച്ചിരുന്ന മഹാരാജാവ്[1] ഉടനെതന്നെ ഇക്കാര്യം ഗവണ്മെൻറിക്കെഴുതിയയച്ചു. എഴുത്തു കേരളവമ്മയുടെ കൈയക്ഷരത്തിലാണ് എഴുതിയിരിക്കുന്നതെന്നുള്ളതിനു വേണ്ട തെളിവുകൾ കൊടുത്തതുകൂടാതെ അദ്ദേഹത്തിനെതിരായ തീരുമാനം വേഗത്തിൽ ലഭിക്കുന്നതിനു മഹാരാജാവ് ബലമുള്ള ശുപാശ്കളും താമസമെന്യേ ചെയ്തുകഴിഞ്ഞു.[2] ഇതിന്നിടയിൽ തൻെറ സുഹൃത്തിനു വരാൻപോകുന്ന ആപത്തിനെക്കുറിച്ചാശങ്കിച്ചു വിശാഖംതിരുനാൾ, പരസ്പരവൈരത്തെ അവഗണിച്ചുപോലും ജ്യേഷ്ഠനെ അനുനയിക്കുവാൻ ഹൃദയപൂവ്വം ശ്രമിച്ചു. നിഗ്രഹാനുഗ്രഹശക്തിയുള്ള മഹാരാജാവിനെ അപേക്ഷിച്ചു നിസ്സാരനായ കേരളവമ്മയുടെ ചാപല്യം ക്ഷമിക്കണമെന്നും വേണമെങ്കിൽ തിരുവനന്തപുരത്തു സ്വവസതിയിൽ അദ്ദേഹത്തെ നിയന്ത്രണവിധേയനാക്കാവുന്നതാണെന്നും പതിപരായണയായ ഭാഗിനേയിയുടെ ദുഃഖംകൂടി കണക്കിലെടുക്കണമെന്നും വിശാഖംതിരുനാൾ നിവേദനംനടത്തി. എന്നുമാത്രമല്ല, മേലാൽ ഇങ്ങനെയൊന്നും ചെയ്യാതിരിക്കാൻ കേരളവമ്മയെ ഉപദേശിക്കാമെന്നും വാക്കുകൊടു

1 വേണ്ടിവന്നാൽ വിശാഖംതിരുനാളിൻെറ പേരിൽത്തന്നെ രാജദ്രോഹക്കുററത്തിനു് നടപടിയെടുക്കുവാൻ ആയില്യംതിരുനാൾ വേണ്ട കരുതലുകൾ ചെയ്തിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്.

2 വിശാഖവിജയം, iii-49.

ണ്ണു.[1] ഏതാദൃശങ്ങളായ സമ്മർദ്ദങ്ങൾ എല്ലാംതമന്ന കാലേ കൂട്ടി കണ്ടുകൊണ്ടു നടപടികളാരംഭിച്ച മഹാരാജാവിന്ന് അനുജനെ മുഷിപ്പിക്കാതെ അയയ്ക്കുന്നതിന്ന വിഷമമുണ്ടായില്ല. നേരേ അങ്ങു പറഞ്ഞു, കാര്യം മദ്രാസ് ഗവമ്മെന്റെ അറിയിച്ചുകഴിഞ്ഞു എന്നും അവിടത്തെ ഉത്തരവ് അനുസരിച്ചേ എന്തെങ്കിലും മേലിൽ ചെയ്യാൻ സാധിക്കയുള്ളു എന്നും.[2] തന്ത്രകുശലനായ ആയില്യംതിരുനാളിന്റെ സന്നിധിയിൽനിന്നും അങ്ങനെ ശ്രദ്ധസത്വനായ വിശാഖം തിരുനാൾ വ്യാകുലഹൃദയനായി മടങ്ങിപ്പോയി.

രാജകൊട്ടാരത്തിലെ അന്തരീക്ഷം ഇരുണ്ടു. കുറെനാളായി പുകഞ്ഞുകൊണ്ടിരുന്ന വൈരവഹ്നി ആളിക്കത്തി ആരെയൊക്കെയോ ദഹിപ്പിക്കാൻപോകുന്ന എന്നൊരു പ്രതീതി സംജാതമായിക്കഴിഞ്ഞു. രാജദ്രോഹകുററം ചുമത്തപ്പെട്ട കേരളവമ്മ ലോകാവഹേളനത്തിന്ന പാത്രമായിത്തീൎന്നു.[3] യുവരാജാവായ വിശാഖംതിരുനാൾപോലും വല്ലാതെയായി. രാജഭീഷണി താണ്ഡവംചെയ്യുന്ന ആ പരിതഃസ്ഥിതിയിൽ നിഷ്പക്ഷമായ ഉദാസീനതയവലംബിക്കകയാണ് ഏററവും ഉചിതമെന്ന് അദ്ദേഹത്തിന്ന തോന്നി.[4] എന്നാലും ക്ഷത്രാഭിമാനനായ കേരളവമ്മയെ

---

1 ''ശ്രമമൂലകമസ്യ ചാപലം കിമപീദം ക്ഷമതാം സകൃദ്ഭവാൻ.''
—വിശാഖവിജയം, iii–43.

''പരതന്ത്രതയാ നിയമ്യതാമയമത്രൈവ കളത്രസന്നിധൗ''
—വിശാഖവിജയം, iii–45.

''വിതനോമി തഥാസ്യ ബോധനാം ന യഥായം പുനരേവ–
മാചരേത്.'' —വിശാഖവിജയം, iii–46.

2 ''യുവരാജമഥാബ്രവീത് പ്രഭുഃ പ്രഹിതാ മദ്രപുരായ പത്രികാ
പരമത്ര തദീശവരേരിതം കരവാണീതി കരാളനിശ്ചയഃ''
—വിശാഖവിജയം, iii–47.

3 ''മനുജപരിവൃഢേന ദ്രോഹലക്ഷീകൃതേ ദ്രാ–
ഗഭവദഖിലലോകേ കേരളേ സാവഹേളഃ.''
—വിശാഖവിജയം, iii–50.

4 ''ഉദാസീനവദാസീനം മഹാരാജോ നിജാനുജം.''
—വിശാഖവിജയം, iv–2.

കൂടുതൽ സാഹസത്തിൽ ചാടാതെ ഉപദേശിക്കുവാനായി അദ്ദേഹം ഒരു കത്തെഴുതി: ''ഞാൻ അവിടുത്തേക്കു സർവ്വദാ കുശലമാശംസിക്കുന്നു. മഹാരാജാവിൻെറ കോപത്തെ ജ്വലിപ്പിക്കത്തക്കവണ്ണം വിവേകരഹിതമായി യാതൊന്നും ഇനിയും ചെയ്യുവാൻ പാടില്ല. മഹത്തുക്കൾക്കു് അഭിമതമായ മദ്ധ്യവൃത്തി അവിടുന്നു് അവലംബിക്കുകയാണു വേണ്ടതു്.''[1] ഇതായിരുന്നു ആ കത്തിലെ ഉള്ളടക്കം.

മുഖ്യസുഹൃത്തായ വിശാഖംതിരുനാളിനെപ്പോലെ ഗുരുപ്രധാനനായ ഇലത്തൂർ രാമസ്വാമിശാസ്ത്രിയും കേരളവർമ്മയുടെ കുണ്ഠാവത്തിൽ ഉൽക്കണ്ഠിതനായി. അദ്ദേഹം പ്രിയശിഷ്യനെ സന്ദർശിച്ചു സംഭാഷണം നടത്തി. ക്ഷമാപണംചെയ്തു രാജകോപത്തിനു് ഉപശാന്തി വരുത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉപദേശം. തന്നെക്കാണുവാൻ താൽപര്യമില്ലാത്ത ആളിനോടു താൻ എങ്ങനെയാണു ക്ഷമാപണംചെയ്യുക എന്നു കേരളവർമ്മ ചോദിച്ചതിനു് ഒരെഴുത്തയച്ചു സന്ദർശനാനുവാദം വാങ്ങണമെന്നു ശാസ്ത്രി നിർദ്ദേശിച്ചു. ഏററവും വൈമനസ്യത്തോടുകൂടിയാണെങ്കിലും ഗുരുത്വം പാലിക്കുവാനായി മഹാരാജാവിനു് എഴുത്തെഴുതി. അതു് അതിലേറെ 'കുരുത്തക്കേടാ'യിത്തീർന്നു. ആ എഴുത്തിൽ മഹാരാജാവിനോടു കാണിക്കേണ്ട വിനയമോ ബഹുമാനമോ പ്രതിഫലിപ്പിക്കുവാൻ കേരളവർമ്മയ്ക്കു സാധിക്കാതെപോയി.[2] 'ചക്കിനുവെച്ചതു കൊക്കിനുകൊണ്ടതുപോലെ' മഹാരാജാവിനെ പ്രീണിപ്പിക്കുവാൻചെയ്ത ആ ശ്രമം അദ്ദേഹത്തെ കൂടുതൽ രോഷാകുലനാക്കുവാൻ കാരണമായി. അങ്ങനെ പദേപദേ മഹാരാജാവിൻെറ ക്ഷാത്രം വർദ്ധിച്ചുവർദ്ധിച്ചുവന്നു.

1 ''ആശംസേഽഹം തവ കുശലമേ വാനിശം; മാ കൃഷീഷ്ഠാ-
ശ്ചാപല്യാനി ക്ഷിതിബലഭിദഃ കോപസന്ദീപനാനി
മധ്യാം വൃത്തിം മഹദഭിമതാം മാനയേത്യേകമിത്രം
പത്രേണാസ്മൈ ഹിതമുപദിദേശാഞ്ജസാ ശ്രീവിശാഖഃ''
—വിശാഖവിജയം, iii–52.

2 ''പ്രമത്തധീർ ന തത്രാപി പത്രേ ദുർദൈവചോദിതഃ
ഉചിതം കേരളശ്ചക്രേ പ്രശ്രയസ്യ പ്രകാശനം.''
—വിശാഖവിജയം, vi–20.

പണ്ഡിതയും ധീരയുമായിരുന്നു എങ്കിലും രാജരോഷം പടിപടിയായി ഉയൎന്നുവരുന്നതു കണ്ടപ്പോൾ മഹാറാണിയുടെ മനസ്സും ഇളകിപ്പോയി. കേതുദശയുടെ ദുരിതങ്ങൾ ഭത്താവിനെ തീണ്ടാതിരിക്കാനായി വ്രതാനുഷ്ഠാനങ്ങൾ ചെയ്തുവരികയായിരുന്നു മഹാറാണി. രാജദ്വേഷപരമായ പ്രവത്തനങ്ങളിൽനിന്നും സ്വഭത്താവിനെ വിനിവത്തിപ്പിക്കുവാനും ആ ബുദ്ധിമതി പരിശ്രമിച്ചു. എന്നാൽ നളനെ ദ്യൂതത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ ശ്രമിച്ച ഭൈമിയെപ്പോലെ ആ മഹതി പരാജയപ്പെട്ടു.[1] ഏകമിത്രമായ വിശാഖംതിരുനാളും ആചാര്യോത്തമനായ രാമസ്വാമിശാസ്ത്രിയും പ്രാണപ്രേയസിയായ മഹാരാജ്ഞിയും അനുനയപൂവ്വം പ്രേരിപ്പിച്ചിട്ടും മഹാരാജാവിൻെറ കോപമകററുവാൻ ക്ഷമാപണംചെയ്യുവാനോ മററുപായങ്ങൾ തേടുവാനോ കേരളവമ്മയുടെ മനസ്സ് അനുവദിച്ചില്ല. എങ്ങനെ അനുവദിക്കും? അദ്ദേഹത്തിൻെറ ഹൃദയത്തിനറിയാമായിരുന്നു, ആയില്യംതിരുനാളിൻെറ ഹൃദയത്തിൽ തുള്ളിക്കൊണ്ടിരുന്ന കലിയുടെ കരാളത. ഓരോന്നും ആലോചിക്കുംതോറും തന്നോടു മഹാരാജാവു് ആർദ്രത കാണിക്കയില്ല എന്ന ബോധം അദ്ദേഹത്തിൽ രൂഢമൂലമായിത്തീന്നു. പിന്നെയുണ്ടോ ആ മതിമാൻ യാചനയ്ക്കൊരുമ്പെടുന്നു.[2] അതുമാത്രമല്ല, വിശാഖംതിരുനാൾ ഉപദേശിച്ചതുപോലെ മദ്ധ്യവൃത്തിയായും ഇരുന്നില്ല കേരളവമ്മ. മഹാരാജാവിനെ ഭയന്നു ജീവിച്ചാൽ അദ്ദേഹത്തിൽനിന്നും ലഭിക്കാവുന്ന പ്രീതി കൂടുതൽ ഭയാവഹമായി കേരളവമ്മയ്ക്കു തോന്നി.[3] യാതൊരു സങ്കോചവുംകൂടാതെ അദ്ദേഹം രാജ

1 വിശാഖവിജയം, iv–23.

2 ''അഭ്യൎത്ഥനാ വിഫലതാവഗമേ ന ജാതു
പ്രേക്ഷാവതാം ഭവതി യാചന സാഹസിക്യം.''
—വിശാഖവിജയം, v–2.

3 ''ഭീതിം നിശമ്യ ഭവതഃ പ്രീതിം ഭജതു ഭൂപതിഃ
ഭൂപതേഃ പ്രീതയേ തൎഹി ഭൂയസീ ഭീതിരസ്തു മേ.''
—വിശാഖവിജയം, iv–16.

ഹൃദയത്തെ ക്ഷോഭിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകി.[1] എന്തുതന്നെ ചെയ്താലും തന്നോടു ദയതോന്നി ചെയ്തുപോയ തെറ്റ് മഹാരാജാവു് ക്ഷമിക്കയില്ല എന്നു കേരളവർമ്മയുടെ അന്തഃകരണം അദ്ദേഹത്തോടു പറഞ്ഞുകൊണ്ടിരുന്നു. ഈ പാതാളപതനത്തിൽനിന്നും രക്ഷ ലഭിക്കുന്നതിൽ ഒരേയൊരാശാതന്തുവേ അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നുള്ളു. അവസാനഘട്ടത്തിൽ വിശാഖംതിരുനാളും മഹാറാണിയുംകൂടി വല്ലവിധേനയും ആയില്യംതിരുനാളിന്റെ മനസ്സു മാററി തന്നെ രക്ഷിക്കുമെന്ന ആശയെന്തിരായ ആശ—അതായിരുന്നു അന്ധതാമിസ്രത്തിലെ ഏകമായ രജതരേഖ.[2]

താമസംകൂടാതെ മദ്രാസ് ഗവർണ്ണറുടെ കല്പനയും വന്നുചേർന്നു. ശേഷയ്യാശാസ്ത്രികു ലഭിച്ച ഊമക്കത്തിന്റെ കർത്താവു് കേരളവർമ്മയാണെന്ന നിഗമനം ഗവർണ്ണറും അംഗീകരിച്ചു. ഹൃദയഭേദകമായ ഈ വാർത്ത അറിഞ്ഞതോടുകൂടി മഹാരാജ്ഞി കാട്ടുതീയിൽപ്പെട്ട സിംഹിയെപ്പോലെ വിവശയായിത്തീർന്നു.[3] ഇതെല്ലാം സ്വയംകൃതാനർത്ഥമാണെന്നും അഹങ്കാരമത്തനായി, തന്റെ വാക്കുകൾ കേൾക്കാതെ പ്രവർത്തിച്ചതിന്റെ ഫലമാണെന്നും മഹാറാണി ആ സന്ദർഭത്തിൽ ഭർത്താവിനോടു പരിഭവമായിപ്പറഞ്ഞു. സ്ത്രീസഹജമായ രീതിയിൽ ആ ദുഃഖപരവശ അദ്ദേഹത്തോടു ചോദിച്ചു: ''മഹാരാജാവു് തന്റെ ദിവാൻജിയെ കൊല്ലുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, അവിടുത്തേക്കു മാത്രമാണോ ആ അമംഗളം തടയുവാനുള്ള ചുമതല?''[4] മഹാ

1 ''ഭൂയോഽപി ലക്ഷ്മീരമണോ ഭൂപതേർഹൃദയാർണ്ണവം
വ്യളീകമന്ദരേണോച്ചൈർവ്യലോഡയദകുണ്ഠിതഃ''
—വിശാഖവിജയം, iv–25.

2 ''ദണ്ഡം ചണ്ഡമസൗ വിധാസ്യതി തദാ ലക്ഷ്മീർയുവക്ഷ്മാപതിർ-
ദ്ദൗ രക്ഷിഷ്യത ഇത്യസാവഭജത ശ്രീനാഥമസ്തവ്യഥഃ''
—വിശാഖവിജയം, iii–53.

3 ''രാജ്ഞീ ദാവാവരുദ്ധേവ സിംഹീ വൈഹ്വല്യമാനശേ.''
—വിശാഖവിജയം, iv–29.

4 ''അജിഘാംസദമാത്യം ചേദവനീജാനിരാത്മനഃ
കസ്തദൈവകസ്യ ഭാരോഽഭൂത്തദഭവ്യനിവാരണേ.''
—വിശാഖവിജയം, iv–34.

രാജാവു സത്യമാർഗ്ഗം വെടിഞ്ഞവനാണെങ്കിലും ഭയംനിമിത്തം ജനങ്ങൾ അദ്ദേഹത്തെ അനുസരിച്ചു കഴിയുന്നു എന്നും യുവരാജാവു പ്രദർശിപ്പിക്കുന്ന നിസ്സീമമായ ക്ഷമാശക്തി ആ വിഷയത്തിൽ നിദർശനമാണെന്നും ശോകപ്രലപനങ്ങളുടെ ഇടയ്ക്കു മഹാരാജ്ഞി പറയുകയുണ്ടായി.[1] നൈരാശ്യമഗ്നയായ ആ മഹതി കേരളവർമ്മയോട്ട് വീണ്ടും ഇങ്ങനെ ചോദിച്ചു: ''നമ്മളെ രണ്ടുപേരെയും ദ്രോഹിക്കുവാൻ എന്തെങ്കിലും പഴുതുണ്ടോ എന്നു നോക്കിക്കൊണ്ടിരിക്കുന്ന ഹിംസാപ്രിയനായ മഹാരാജാവ് ഈ അവസരം എങ്ങനെ പാഴാക്കും?''[2] ദുഃഖാർത്തയായ മഹാറാണിയുടെ ഏതാദൃശഭാഷണങ്ങൾക്കു സമാധാനം പറയുവാൻ കേരളവർമ്മ തികച്ചും അശക്തനായിരുന്നു. അങ്ങനെ ആസന്നമായ ആപത്തിനേയും പ്രതീക്ഷിച്ചുകൊണ്ടു് ആ ദമ്പതികൾ അഭാഗ്യച്ഛത്രത്തിൽ കഴിഞ്ഞുകൂടി.

ആ പുരുഷകേസരിയെ കൂട്ടിലടയ്ക്കുന്നതിനു നിശ്ചയിച്ചിരുന്നതു്. 1050 കർക്കടകം 21-ാം തീയതിയായിരുന്നു. പ്രകൃത്യാ ധീരനായ മഹാരാജാവ് ത്രസ്തഹൃദയനായിട്ടായിരുന്നു അന്നു് ഉണർന്നെഴുന്നേററതു്. കേരളവർമ്മയെ ജയിലിലിലയയ്ക്കുവാനുള്ള ഉദ്യമത്തെത്തുടർന്നു് എന്തെല്ലാം സംഭവിക്കുമെന്നു മഹാരാജാവിനുതന്നെ നിശ്ചയമില്ലായിരുന്നു. മഹാറാണിയുടെ ബലവത്തരമായ പ്രതിരോധം അദ്ദേഹം പ്രതീക്ഷിക്കാതെയിരുന്നില്ല. വേണ്ടിവന്നാൽ ദത്തെടുത്തതു റദ്ദുചെയ്തുകൊണ്ടു മഹാരാജ്ഞിയെ മാവേലിക്കരക്കൊട്ടാരത്തിലേക്കു മടക്കിയയയ്ക്കാൻപോലും ആ ഉഗ്രശാസനൻ കല്പിച്ചിരുന്നത്രേ. കേരളവർമ്മയെ ബന്ധനസ്ഥനാക്കി തിരുവനന്തപുരത്തുനിന്നും പുറത്താക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും അതിനകം രഹസ്യമായി പൂർത്തിയാക്കിയിരുന്നു. ആലപ്പുഴക്കൊട്ടാരം ജയിലായി സംവിധാനംചെയ്തിരുന്നു. കൽപ്പാലക്കടവിൽ തണ്ടുവെച്ച ബോട്ടു തയ്യാറാക്കി

1 വിശാഖവിജയം, iv-32, 33.

2 ''രന്ധ്രപ്രതീക്ഷീ നൗ ദ്രോഗ്ധും ലബ്ധാവസരമീദൃശം
കഥംകാരമുപേക്ഷേത ക്ഷിതീശോ വൈശസപ്രിയഃ''
—വിശാഖവിജയം, iv-36.

യിരുന്നു. രണ്ടു കുതിരയെക്കെട്ടിയ ഒരു ഫീററൺവണ്ടി തേവാരത്തുകോയിക്കലെ നടയിൽ നിർത്തിയിരുന്നു.[1]

മഹാരാജാവിന്റെ ചിരപ്രാർത്ഥിതമായ ആഗ്രഹം സാഫല്യത്തിലെത്തുകയായി; അദ്ദേഹത്തിന്റെ കല്പന പ്രവർത്തനപഥത്തിലേക്കു നീങ്ങുകയായി. കാലത്തു പത്തുപത്തര മണിയായപ്പോഴേക്കും പോലീസ് സൂപ്രണ്ട് ത്രിവിക്രമൻതമ്പി അനുയായികളുമായി തേവാരത്തുകോയിക്കൽ എത്തി. ദിവാൻജിയുടെ ഉത്തരവു മഹാറാണിയെ കാണിച്ചുകൊണ്ടു സാധാരണയുള്ള വിനയപ്രകടനം കൂടാതെ ഇങ്ങനെ പറഞ്ഞു: രാജദ്രോഹക്കററം ചെയ്ത ഈ കേരളവർമ്മയെ ഇവിടെനിന്നും മറെറാരു പട്ടണത്തിലേക്കു കൊണ്ടുപോകുവാൻ ദിവാൻജി എന്നെ നിയോഗിച്ചിരിക്കുകയാണ്.''[2] എവിടേക്കാണു കൊണ്ടുപോകുവാനുദ്ദേശിക്കുന്നതെന്നുപോലും വെളിപ്പെടുത്താൻ ആ ഉദ്യോഗസ്ഥൻ കൂട്ടാക്കിയില്ല. സ്വഭർത്താവിനെ, 'കേരളവർമ്മ' എന്നു പേരുപറഞ്ഞു നിർദ്ദേശിച്ചതിൽ കോപിച്ചുകൊണ്ടു രാജ്ഞി തമ്പിയോടിങ്ങനെ കല്പിച്ചു: ''എന്റെ വാലിയക്കാരത്തിയുടെ ചൂലുകൊണ്ട് അടികൊള്ളാതിരിക്കണമെങ്കിൽ നീചനായ നീ വേഗം എന്റെ മുമ്പിൽനിന്നു പൊയ്ക്കൊള്ളണം.''[3] രാജ്ഞിയുടെ രോഷരൂക്ഷമായ വാക്കുകൾ കേട്ടപ്പോൾ കേരളവർമ്മ സമചിത്തതയോടുകൂടി ഇങ്ങനെ പറഞ്ഞു: ''അലംഘനീയമായ രാജകല്പനയനുസരിച്ചു മന്ത്രി ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ

1 കേരളവർമ്മയെ കോട്ടയ്ക്കു പുറത്താക്കിയിട്ടേ അന്നു കുളിയും ഊണും ഉള്ളൂവെന്നു മഹാരാജാവു മനസ്സിലുറച്ചിരുന്നുപോലും. കേരളവർമ്മയെ കയററിക്കൊണ്ടുപോകുന്ന വണ്ടി കോട്ടയ്ക്കു പുറത്താകുമ്പോൾ ഒരു കതിനാവെടി തനിക്കു കേൾക്കത്തക്കവണ്ണം മുഴക്കുവാനും മഹാരാജാവ് ഏർപ്പാടുചെയ്തിരുന്നത്രേ.

2 ''അമും കേരളവർമ്മാണം നൃപദ്രോഹേണ സാഹസം
അമാത്യേന നിയുക്തോഽഹമിതോ നേതും പുരാന്തരം.''
—വിശാഖവിജയം, iv–40.

3 ''അപേഹ്യപേഹി ദുർബുദ്ധേ സഹസാ മമ സന്നിധേഃ
യദി നേച്ഛസി മദ്ദാസീഹസ്തസമ്മാർജനീഹതിം.''
—വിശാഖവിജയം, iv–43.

അവിടുന്നു് ഇങ്ങനെ കോപിക്കുന്നതു ശരിയല്ല. രാജാവിന്റെ ആജ്ഞാപാലകന്മാരായ ഇവരോടു കോപിക്കുന്നതു് അവിടുത്തേക്കു ഭൂഷണമല്ല. കഴിയുമെങ്കിൽ മഹാരാജാവിനെ അനുനയിക്കുക.''[1] ഭർത്തൃനിർദ്ദേശമനുസരിച്ചു കാരുണ്യപ്രാർത്ഥനചെയ്ത മഹാരാജ്ഞിക്കു മഹാരാജാവിൽനിന്നു ലഭിച്ച മറുപടി മുമ്പു വിശാഖംതിരുനാളിനു ലഭിച്ചതുതന്നെയായിരുന്നു. കേരളവർമ്മയുടെ ബന്ധനം ഗവർണ്ണരുടെ നിർദ്ദേശപ്രകാരമാണെന്നും തനിക്കു് അതിൽ ഒന്നും ചെയ്യുവാനാവില്ലെന്നും ആയിരുന്നു ആ നിർദ്ദയമായ മറുപടി.[2] സ്വഭർത്താവിനെ മറ്റെവിടെയെങ്കിലും കൊണ്ടുപോയേ മതിയാവൂ എങ്കിൽ അദ്ദേഹത്തെ അനുഗമിക്കുവാൻ തന്നെ അനുവദിക്കണമെന്നായി അടുത്ത അപേക്ഷ.[3] അതും മഹാരാജാവു നിരസിച്ചു. അപ്പോൾ മഹാറാണി അവലംബിച്ച നില ഇതാണു്: ''കാന്തനെ അനുഗമിക്കുവാൻ തന്നെ അനുവദിക്കുകയില്ലെങ്കിൽ അദ്ദേഹത്തെ പുറത്തുകൊണ്ടുപോകുവാൻ താനും അനുവദിക്കുകയില്ല.''[4] ഈ നിശ്ചയം പ്രഖ്യാപിച്ചുകൊണ്ടു പ്രാണപ്രിയനോടുകൂടി മഹാറാണി കൊട്ടാരത്തിന്റെ ഉള്ളിലേക്കു പോയി.

ദുർഘടമായ ആ പ്രതിസന്ധി മനസ്സിലാക്കിയ മഹാരാജാവു് തന്റെ വിശ്വസ്തമിത്രമായ നാണുപിള്ളപ്പേഷ്കാരെ തേവാരത്തുകോയിക്കലേക്കു് അയച്ചു.[5] അദ്ദേഹത്തിന്റെ സഹജമായ സൗമ്യസംഭാഷണംകൊണ്ടും മഹാരാജ്ഞിയുടെ മനസ്സു മാറിയില്ല. മഹാറാണി വീണ്ടും ഇങ്ങനെ ന്യായവാദംചെയ്തു: ''അപരാധിയായ എന്റെ ഭർത്താവിനെ

---

1 ''സംപ്രത്യസാംപ്രതമിദം തവ സംരഭജൃംഭിതം
രാജാജ്ഞയാ മന്ത്രിപത്രേ പ്രവൃത്തേഽസ്മിന്നഭേദ്യയാ
രാജ്ഞ ആജ്ഞാകരേഷ്വേഷു രാജ്ഞി രോഷോ ന ശോഭതേ
ശക്യം ചേദനുനേതവ്യോ ഭൂപ ഏവ ത്വയാധുനാ.''
—വിശാഖവിജയം, iv–45, 46.

2 ''മദ്ഭർത്തൃനിയോഗേന പ്രക്രാന്തേഽസ്യ നിയന്ത്രണേ
ന മയാ ശക്യതേ കിഞ്ചിദിതി രാജാകൃതോത്തരം.''
—വിശാഖവിജയം, iv–49.

3 വിശാഖവിജയം, iv–51.

4 വിശാഖവിജയം, iv–53. 5 വിശാഖവിജയം, iv–55.

രാജശാസനമനുസരിച്ച് എവിടെയെങ്കിലും കൊണ്ടുപോകുന്നെങ്കിലാകട്ടെ. എന്നാൽ എൻെറ ഹിതമനുസരിച്ച് അദ്ദേഹത്തിൻെറകൂടെ പോകുന്നതിൽനിന്നും എന്നെ എങ്ങനെ നിരോധിക്കും?''[1] അങ്ങനെ ആ പ്രതിസന്ധി തുടൎന്നു. മഹാറാണി കേരളവൎമ്മയുടെ കൈയ്യു പിടിച്ചുകൊണ്ടുതന്നെ നില്പായി. എന്നാൽ വിശ്വസ്തരായ ഉദ്യോഗസ്ഥന്മാർ രാജകല്പനയനുസരിച്ച് അവസാനം കേരളവൎമ്മയെ മഹാറാണിയിൽനിന്നും വേർപെടുത്തി.[2] അറസ്റ്റുചെയ്ത കുതിരവണ്ടിയിൽ കയററി കൽപ്പാലക്കടവിലേക്കു യാത്ര തിരിച്ചു. ഭഗ്നസ്വപ്നയായ മഹാറാണി മതിമറന്നോടി തേവാരത്തുകോയിക്കലെ ശംഖുചക്രത്തുറഗയിറ്റിലെത്തി. തൻെറ പ്രാണനാഥനെ വഹിച്ചുകൊണ്ടുവന്ന വണ്ടി കടന്നു പോയപ്പോഠം ആ ഭർത്തൃപരായണ വണ്ടിയുടെ പുറകേ ഓടുവാൻ ഭാവിച്ചു എങ്കിലും, ആയുധപാണികളായ ഭടന്മാർ അതു സമത്ഥമായി തടഞ്ഞു.[3] ഗത്യന്തരമില്ലാതെ കരഞ്ഞുകൊണ്ട് ആ വിയോഗാത്ത കൊട്ടാരത്തിനുള്ളിലേക്കു മടങ്ങിപ്പോയി. ഇതിനെത്തുടൎന്നു ലക്ഷ്മീഭായിയുടെ സഞ്ചാരസ്വാതന്ത്ര്യവും മഹാരാജാവു നിരോധിച്ചു.[4] അങ്ങനെ ആയില്യംതിരുനാഠം സ്വഭാഗിനേയിയെ തേവാരത്തുകോയിക്കലും കേരളവൎമ്മയെ ആലപ്പുഴ കൊട്ടാരത്തിലും ബന്ധനസ്ഥരാക്കി വിജയവൈജയന്തി പാറിച്ചു.[5]

---

1 വിശാഖവിജയം, iv–57.

2 അപമാനിതയാകേണ്ടെങ്കിൽ കൈവിടുകയാണു നല്ലതെന്നു് പോലീസ് സൂപ്രണ്ട് മഹാറാണിയോട് ഒടുവിൽ പറയേണ്ടതായി വന്നത്രേ.

3 ''അഥ ന്യരോധി നിശ്ശങ്കം യോധൈരായുധപാണിഭിഃ
തരളാക്ഷീ കുരംഗീവ വ്യാധൈരാബദ്ധവാഗുരൈഃ''
—വിശാഖവിജയം, iv–65.

4 ''മഹാരാജാജ്ഞയാ രാജ്ഞീ ഗൃഹാന്നിർഗ്ഗന്തുമക്ഷമാ
പരതന്ത്രതയാ ഭർത്തൃനിർവ്വിശേഷമഖിദ്യത.''
—വിശാഖവിജയം, iv–70.

5 ശേഷയ്യാശാസ്ത്രികയച്ച എഴുത്താണു് രാജശിക്ഷയ്ക്കു പ്രത്യക്ഷമായ കാരണമായതെങ്കിലും പരോക്ഷമായ കാരണാന്തരമുണ്ടായിരുന്നു എന്നു് വിശാഖംതിരുനാഠം സ്വജീവിതചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കേരളവൎമ്മദേവൻ, പുറം 91.

കേരളവർമ്മ ദൂരസ്ഥലത്തു ബന്ധനസ്ഥനായശേഷം മററൊരു വരനെ സ്വീകരിക്കുവാൻ ആയില്യംതിരുനാറാം മഹാറാണിയിൽ സമ്മർദ്ദം ചെലുത്തിത്തുടങ്ങി.[1] എന്നാൽ ആ മഹതി അതിനു വഴിപ്പെട്ടില്ല. അവരുടെ ഭർത്തൃഭക്തിയും ധൈര്യവും ഒരുപോലെ തലയുയർത്തി മഹാരാജാവിന്റെ കല്പനയെ വെല്ലുവിളിച്ചു. രാജാവിന്റെ ഇംഗിതത്തെ നിരസിച്ചുകൊണ്ടു മഹാറാണി, ''രണ്ടാമതൊരു വരനെ സ്വീകരിക്കുന്നതിനു ഞാൻ ഇപ്പോൾ വിധവയല്ലല്ലോ''[2] എന്നു സമുചിതമായ മറുപടിയും നല്കി.[3] അതുകൊണ്ടൊന്നും മഹാരാജാവു നിരാശനായില്ല. യുവതിയായ ലക്ഷ്മീഭായി കാലക്രമത്തിൽ മറ്റൊരു വരനെ സ്വീകരിക്കുമെന്നുതന്നെ അദ്ദേഹം മനഃപായസം കുടിച്ചു.[4] അതേസമയത്തു പതിഭക്തയായ രാജ്ഞിയാകട്ടെ രണ്ടാമതൊരു വരനെ സ്വീകരിക്കയില്ലെന്നും കുറച്ചുകഴിയുമ്പോൾ മഹത്തുക്കൾ പറയുന്നതു കേട്ടെങ്കിലും മഹാരാജാവു തന്റെ ഭർത്താവിനോടു ചേരുവാൻ തന്നെ അനുവദിക്കുമെന്നും വിചാരിച്ചുകൊണ്ടു കഴിഞ്ഞുകൂടി.[5] ലക്ഷ്മീഭായി മററൊരു വരനെ സ്വീകരിക്കുന്നതുവരെ കേരളവർമ്മയെ ബന്ധനത്തിൽനിന്നും മോചിപ്പിക്കയില്ല എന്നതായിരുന്നു മഹാരാജാവിന്റെ ദൃഢവ്രതം.[6] എന്നാൽ അദ്ദേഹത്തിന്റെ മുട്ടാപ്പിടിത്തത്തിനു തെല്ലും

1 വിശാഖവിജയം, iv–72.

പരപ്പനാട്ടു രാമവർമ്മയെയായിരുന്നത്രേ മഹാരാജാവു മനസ്സിൽ കണ്ടിരുന്നതു്.

2 ''ആഹ സ്മ നാഹമധുനാ വിധവേതി രാജ്ഞീ.''

—വിശാഖവിജയം, iv–73.

3 ആയില്യംതിരുനാളിന്റെ ഇത്തരത്തിലുള്ള അനാശാസ്യങ്ങളായ അനുശാസനങ്ങളെ ചെറുത്തുനിന്നതിനെപ്പറ്റിയുള്ള അഭിനന്ദനം മയൂരസന്ദേശത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മയൂരസന്ദേശം, ii–60.

4 വിശാഖവിജയം, v–3.

5 വിശാഖവിജയം, v–4.

6 ''ഗൃഹ്ണാതി യാവദിതരം കമിതാരമേഷാ
യോഷാസ്വഭാവസുലഭേന കുതൂഹലേന
മുഞ്ചാമി താവദഗതിം പതിമേതദീയം
ബന്ധാദിതി ക്ഷിതിപതിർമതിമാബബന്ധ.''

—വിശാഖവിജയം, v–5.

കീഴടങ്ങാതെ പതിനിരതയായി ഈശ്വരവിചാരവും സല്ക്കമ്മവും ചെയ്തുകൊണ്ട് ആ മനസ്വിനി കാലംകഴിച്ചു.[1] കൊട്ടാരത്തിനു പുറത്തു് അധികമായി സഞ്ചരിച്ചിരുന്നില്ലെങ്കിലും മഹാറാണി വൈകിട്ടു് ഉള്ളൂരിലുള്ള സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ പോയി ആരാധന നടത്തിയിരുന്നു.[2] തിരിച്ചു കൊട്ടാരത്തിൽ വന്നാൽ ശ്രീപത്മനാഭനേയും പാർവ്വതീപരമേശ്വരന്മാരേയും ഭജിച്ചശേഷം ഭർത്താവിൻെറ ഐശ്വര്യത്തിനുവേണ്ടി മംഗല്യപൂജ നടത്തുകയും പതിവായിരുന്നു.[3] വിരഹവിധുരയായ ആ നായിക പകൽസമയം വീണവായിച്ചും ഭഗവത്കീർത്തനമാലപിച്ചും സഖികളുമായി സംഭാഷണംചെയ്തും മററും കഴിച്ചുകൂട്ടുമായിരുന്നു.[4] എന്നാൽ രാത്രിയിൽ ഏകാകിനിയായിത്തീരുമ്പോഴാം ആ മഹതി അനുഭവിച്ച ക്ലേശത്തിനു് അതിരുണ്ടായിരുന്നില്ല.[5] ഈശ്വരാനുഗ്രഹത്തിലും വിശാഖംതിരുനാളിൻെറ സൗമനസ്യത്തിലും ഉള്ള വിശ്വാസം മാത്രമായിരുന്നു മഹാറാണിയുടെ മനസ്സിനു് ഏകാവലംബം. ഏതായാലും ലക്ഷ്മീഭായിയെക്കൊണ്ടു താൻ നിർദ്ദേശിക്കുന്ന ആളിനെ കല്യാണം കഴിപ്പിക്കണമെന്ന ആയില്യംതിരുനാളിൻെറ അത്യാഗ്രഹവും ദുർവ്വാശിയും പതിപരായണയായ ആ ധീരവനിത പരാജയപ്പെടുത്തുകതന്നെ ചെയ്തു.[6]

മുന്നറിയിപ്പോ കാലാവധിയോ കൂടാതെ ആലപ്പുഴ കൊട്ടാരത്തിലെ ജയിലിലടയ്ക്കപ്പെട്ട കേരളവർമ്മ അവിടെ

1 ലക്ഷ്മീഭായിയുടെ അപ്പോഴത്തെ അവസ്ഥയെ കൊട്ടാരത്തിൽ ശങ്കുണ്ണി വർണ്ണിച്ചിരിക്കുന്നതു നോക്കുക:

''കളിയും ചിരിയും പോയി കുളിയും ജപവും മുറയ്ക്കു വർദ്ധിച്ചു
നളിനദളാക്ഷിക്കന്നാഠം വെളിയിലിറങ്ങിസ്സവാരിയും നിന്നു
ഭൂഷാമണിഗണമെല്ലാം യോഷാമണിയാഠം വെടിഞ്ഞിതക്കാലം
ദോഷാകരമുഖി ഹന്ത വിശേഷാംബരവും ത്യജിച്ചു സന്താപാൽ.''

2 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 29.

3 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 32, 33.

4 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 39—43.

5 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 44—46.

6 ''കസ്മിംശ്ചിദന്യവിഷയേ കഥമുത്സുകാ സ്യാ—
ദുത്സൃജ്യ കേരളമസംശയമേവ ലക്ഷ്മീഃ''

—വിശാഖവിജയം, v—35.

പതിനഞ്ചുമാസത്തോളം ഏകാന്തവാസമനുഭവിച്ചു. ജയിലധികൃതർ അദ്ദേഹത്തോട് ആ അവസരത്തിൽ അവജ്ഞാപൂരസ്സരം പെരുമാറിവന്നു.[1] അക്കാലത്തു മഹാരാജാവു കഠിനമായ ഏതോ രോഗത്താൽ ബാധിതനായി. ആ അവസരം അനുഗുണമാണെന്നു കണ്ട് കേരളവർമ്മയുടെ അമ്മ മഹാരാജാവിനോടു തൻെറ മകനെ ബന്ധനത്തിലായാലും അനന്തപുരത്തുകൊട്ടാരത്തിൽ തന്നിക്കു കാണത്തക്കവണ്ണം താമസിപ്പിക്കണമെന്നപേക്ഷിച്ചു. അപേക്ഷ രാജസമക്ഷം സമർപ്പിച്ചതു കേരളവർമ്മയുടെ ജ്യേഷ്ഠനും ഭിഷഗ്വരനുമായിരുന്ന മൂത്തകോയിത്തമ്പുരാനായിരുന്നു. രോഗാതുരനായിരുന്ന മഹാരാജാവിൻെറ ഹൃദയം അല്പമൊന്ന് ആർദ്രമാകനിമിത്തം ഈ അപേക്ഷ അനുവദിച്ചുകൊടുത്തു.[2] കേരളവർമ്മ അങ്ങനെ അനന്തപുരത്തേക്കു മാററിത്താമസിപ്പിക്കപ്പെട്ടു. കുളപ്പുരമാളികയുടെ സമീപത്തുള്ള കെട്ടിടമായിരുന്നു അദ്ദേഹത്തിൻെറ ആവാസം. ക്ഷേത്രദർശനത്തിനായി മാത്രം പുറത്തുപോകുന്നതിന് അദ്ദേഹത്തിനനുവാദമുണ്ടായിരുന്നു. ബലിഷ്ഠഹൃദയനായ താൻ ഒരു ദുർബ്ബലനിമിഷത്തിൽ അനുവദിച്ചുകൊടുത്ത ഈ സൗജന്യത്തെപ്പററി രോഗമുക്തനായപ്പോ‍ാം മഹാരാജാവ് പശ്ചാത്തപിച്ചതായി വിശാഖവിജയത്തിൽനിന്നും മനസ്സിലാക്കാം.[3]

ബന്ധുജനങ്ങളുടെ മദ്ധ്യത്തിൽ ബന്ധനപരാധീനനായി കഴിഞ്ഞ കേരളവർമ്മയെ അപമാനബോധം പൂർവ്വാധികം ഗ്രസിക്കുവാൻതുടങ്ങി. അതുമാത്രമല്ല ഏകാന്തമായിരു

---

1 ''അബിഭരുരധികാരിണസ്ത്വദീയാമയി നിതരാമ-
ധികാരിതാം തദാനീം
അപി വിവിധമുപദ്രവം ദിശന്തോ ദധുരതിമാത്ര-
മഥാധികാരിതാം മേ.''
—ക്ഷമാപണസഹസ്രം, വിംശതി 44.

2 ''കാഠിന്യമന്യജനദൈന്യമജാനതോഽസ്യ
കിഞ്ചിദ്രുജൈവ നിജയാ ശ്ലഥതാമനായി.''
—വിശാഖവിജയം, v–6.

3 ''താത്കാലികേ കിമപി ശാന്തിമിതേ ഗദേ തു
തദ്ബന്ധമുക്തിമനുചിന്ത്യ ഭൃശം ശുശോച.''
—വിശാഖവിജയം, v–7.

ന്നു് ആലോചിക്കുവാൻ അവസരം ലഭിച്ചപ്പോഠം ഒരു രാജബന്ധുവിന്റെ വേണ്ടിടത്തോളം കരുതലോടുകൂടിയല്ലല്ലോ താൻ പെരുമാറിയതെന്ന പശ്ചാത്താപവും ആത്മപ്രേയസിയുമായുള്ള വിരഹവും കേരളവർമ്മയെ ക്രമാധികം വ്യാകുലചിത്തനാക്കി. ഇതിന്റെയെല്ലാം ഫലമായിട്ടാണു് ക്ഷമാപണസഹസ്രം രൂപംകൊണ്ടതു്.[1] അശ്രുതപൂർവ്വമായ ആ ക്ഷമാപണം ആയില്യംതിരുനാളിനാൽ സാവജ്ഞം നിരസിക്കപ്പെട്ടു. ദുഃസഹമായ ഈ അധിക്ഷേപത്താൽ വിജൃംഭിതവൈരനായ കേരളവർമ്മ ബന്ധനമോചനത്തിനു പൂരുഷപ്രയത്നം നിഷ്ഫലമാണെന്ന ബോധത്തോടെ സംഹാരശക്തിയെ ഉപാസിച്ചതിന്റെ ബഹിർസ്ഫുരണമാണു് യമപ്രണാമശതകം. പശ്ചാത്താപത്തിന്റെയും സംഹാരശക്തിയുടെ ആരാധനത്തിന്റെയും ഇടയ്ക്കു രാജരാജവർമ്മ, തുറവൂർ നാരായണശാസ്ത്രി തുടങ്ങിയവരെ പഠിപ്പിക്കയും ഗ്രന്ഥങ്ങഠം പകൎത്തുകയും മററും ചെയ്തുവന്നു. മുപ്പതുവയസ്സിൽ ബന്ധനസ്ഥനാക്കപ്പെട്ട കേരളവർമ്മ ഈ വിധത്തിൽ മുപ്പത്തഞ്ചാംവയസ്സിലെത്തിച്ചേർന്നു. കേതുവിന്റെ ഉപദ്രവം കുറഞ്ഞു. ആയില്യംതിരുനാഠം ചരമോന്മുഖനായി. ചരമശയ്യയിൽ കിടക്കുന്ന ആ മഹാരഥനെ വിശാഖംതിരുനാളും ലക്ഷ്മീഭായിയും പോയിക്കണ്ടു. സംഭാഷണത്തിൽ അദ്ദേഹം കേരളവർമ്മയോടു കാണിച്ച കാഠിന്യത്തിൽ കുണ്ഠിതം സൂചിപ്പിക്കാതിരുന്നില്ല[2] എ-

1 ''ഈവിധം ഒരു സങ്കടഹർജി എഴുതുവാൻ നമ്മുടെ തമ്പുരാനും അതിനെ കൈക്കൊള്ളാതിരിപ്പാൻ ആസന്നമൃത്യുവായ ആയില്യം തിരുനാഠം പൊന്നുതമ്പുരാനുമേ കഴിയൂ.''

എ. ആർ. രാജരാജവർമ്മ—നമ്മുടെ മഹാന്മാർ, പുറം 16.

ക്ഷമാപണസഹസ്രം എഴുതുന്നതിനു് ഇലത്തൂരിന്റെ പ്രേരണയും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിക്കാണുന്നു.

—കേരളവർമ്മദേവൻ, പുറം 95.

2 ''തേനക്ഷിതീശവരവരേണ വിശാഖരാജോ
ലക്ഷ്മീശ്ച കേരളപുരാതനപുണ്യപാകൗ
ക്ഷന്തും സ്വ മന്തുമനുതാപവതാനുനീതൗ
സന്തുഷ്യതാപി മനസാ വ്യഥിതാവഭൂതാം.''

—വിശാഖവിജയം, v–39.

ന്നാലും തന്റെ കാലശേഷം അദ്ദേഹത്തെ മോചിപ്പിക്കു വാനാണു് അനുജനോടു മഹാരാജാവു പറഞ്ഞതു്. ആയില്യംതിരുനാൾ 1055 ഇടവം 19–ാംതീയതി നാടുനീങ്ങി. യുവരാജാവായ വിശാഖംതിരുനാൾ ജ്യേഷ്ഠന്റെ പിണ്ഡമടിയന്തിരം കഴിഞ്ഞ ഉടനെതന്നെ കേരളവൎമ്മയുടെ മോചനത്തിനു കല്പന കൊടുത്തു. അദ്ദേഹം രാജസന്നിധിയിലേക്കു സത്വരം ആനയിക്കപ്പെടുകയും ചെയ്തു.[1] ജടാജടിലനും താപസപരിവേഷനുമായിരുന്ന ആ ആജാനുബാഹു സുഹൃത്തും ഉപകൎത്താവുമായ വിശാഖംതിരുനാളിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തു കൃതജ്ഞത പ്രകാശിപ്പിച്ചു.[2]

## മയൂരസന്ദേശം–അതിന്റെ രചനാപ്രചോദനം

ആ രാജസിംഹവും ആ പണ്ഡിതകേസരിയും തമ്മിലുള്ള സംഘട്ടനം നിയതിയുടെ ഗതിയിൽ അനിവാര്യമായിരുന്നു. നയകോവിദനും സ്വച്ഛന്ദവൃത്തിയുമായ ആയില്യംതിരുനാളും ആൎജ്ജവശീലനും അഭിമാനധനനുമായ കേരളവൎമ്മയും ഒരേ വളപ്പിൽ രമ്യമായി കഴിയുക എന്നതു പ്രകൃതിനിയമത്തിനുതന്നെ യോജിച്ചതല്ല. ബാല്യംമുതല്ക്കേ തനിക്കുതാൻപോന്നവനായ കേരളവൎമ്മയ്ക്കു് അസ്വതന്ത്രമായ കോയിത്തമ്പുരാൻപദവി യോജിച്ചതായിരുന്നോ എന്നുപോലും ശങ്കിക്കാം. പോരെങ്കിൽ അപരിപക്വമായ യൗവനത്തിനു ലാഘവത്തോടുകൂടി വഹിക്കുവാനാവാത്ത സ്ഥാനവും മാനവും സിദ്ധിയുമൃദ്ധിയും അദ്ദേഹത്തെ ആശ്ലേഷിക്കുകയുംചെയ്തു. അപ്പോൾ കേരളവൎമ്മയുടെ ജീവിതം ഒരു സംഘട്ടനത്തിനു വിധേയമായാൽ അതു സ്വാഭാവികം, അല്ല, അനിവാര്യം എന്നേ വിധിക്കാനാവൂ. ഈ സംഘട്ടനം അതേത്തുടൎന്നുണ്ടായ ദുഃഖാനുഭവ

1 വിശാഖവിജയം, v–54.

2 'ജടിലേന ഹഷ്ജലധൗ ച പാദയോഃ
പതിതേന തേന നൃപതിസ്തപസ്വിനാ
ഉദവീവഹത് പുനരുദ്ഗൂഢകൗതുകാം
ഭഗിനീസുതാം സുകൃതപൂരനീരധീഃ''

—വിശാഖവിജയം, v–55.

ങ്ങളും അദ്ദേഹത്തിൻെറ ജീവിതത്തിൽ വലിയ വ്യതിയാനം വരുത്തി. ബഹുകാര്യതൽപരനായിരുന്ന അദ്ദേഹത്തിൻെറ ശ്രദ്ധ മലയാളസാഹിത്യത്തിലേക്കു കേന്ദ്രീകരിക്കപ്പെട്ടു എന്നതായിരുന്നു ആ സ്വാഗതാർഹമായ വ്യതിയാനം. ബന്ധനമുക്തനായി തിരുവനന്തപുരത്തു തിരിച്ചെത്തിയ ആ പണ്ഡിതകേസരി രാജസൗഹാർദ്ദവും പ്രേയസീപ്രേമവും ആസ്വദിച്ചുകൊണ്ടു തൻെറ ജീവിതം തൻേറതായ സാഹിത്യഗുഹയിൽ ഒതുക്കിനിർത്തിയതു കേരളത്തിനും കേരളീയക്കും വലിയ അനുഗ്രഹമായിത്തീൎന്നു. ആ കാലഘട്ടത്തിൽ അദ്ദേഹം നടത്തിയ ബഹുമുഖമായ സാഹിത്യസേവനത്തിനിടയിൽ സ്വാനുഭവത്തെ ആധാരമാക്കിയെഴുതിയ ഒരു വിശിഷ്ടകൃതിയാണു് 'മയൂരസന്ദേശം.'

മലയാളസാഹിത്യത്തിൻെറ നവോത്ഥാനത്തിൻെറ പുലരിയിൽ ആവിർഭവിച്ച മയൂരസന്ദേശത്തിൽ പ്രതിഫലിച്ച കവിയുടെ സ്വാനുഭൂതിയും സ്വച്ഛന്ദതയും സഹൃദയന്മാരിൽ ഒരു പുതുമയുടെ കൗതുകം ജനിപ്പിച്ചു. ഈ പുതുമയും കേരളവൎമ്മയുടെ പ്രശസ്തിയുംനിമിത്തം പ്രസ്തുത കൃതിക്കു സാഹിത്യലോകത്തിൽ അസാധാരണമായ പ്രചാരം ലഭിക്കുവാനിടയായി. കൊല്ലവൎഷം 1069 മേടം, ഇടവം, മിഥുനം എന്നീ മാസങ്ങളാണു് ഈ കൃതിയുടെ രചനാകാലം. ബന്ധനമുക്തനാകുന്നതിനു് അല്പംമുമ്പു സന്ദേശമയക്കുന്നതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു എന്നുമാത്രം. എന്നാൽ ഈ കൃതിയെപ്പററി അറിയുന്നവരിൽ ഏററിയകൂറും ധരിച്ചുവച്ചിരിക്കുന്നതു് ഇതു കേരളവൎമ്മ ജയിലിൽ കിടന്ന കാലത്തു നിൎമ്മിച്ചതാണെന്നാണു്.* തെററിദ്ധാരണയാണെങ്കിലും ഇതു നമ്മെ സ്വാഭാവികമായി സാരതരമായ ഒരു പ്രശ്നത്തിലേക്കു നയിക്കുന്നു. ഈ സന്ദേശകാവ്യം കേരളവൎമ്മ എന്തുകൊണ്ടു വിപ്രവാസകാലത്തുതന്നെ രചിച്ചില്ല? അതാണു പ്രശ്നം.

അനുഭവദശയിൽത്തന്നെ സ്വാനുഭവത്തെ ആസ്പദമാക്കി കവിതകരം രചിക്കുന്നതു് അസാദ്ധ്യമെന്നോ അപ്രാ

* കേരളകാളിദാസൻ എന്ന ഒരു ചെറിയ ജീവചരിത്രത്തിൽപ്പോലും (പുറം 11) ഈ തെററായ ധാരണ പ്രതിഫലിക്കുന്നു.

യോഗികമെന്നോ കരുതാവുന്നതല്ല. അനുഭൂതിസഹജാതങ്ങളായ അനേകം കൃതികൾ ഇതിനു നിദർശനമായിട്ടുണ്ടു്. പോരെങ്കിൽ കേരളവർമ്മയുടെ ബന്ധനകാലം അത്ര ഹ്രസ്വവുമായിരുന്നില്ലല്ലോ. അഞ്ചുവർഷം തികയുന്നതിനു് ഏതാണ്ടു് ഒരുമാസംമുമ്പേ അദ്ദേഹത്തിനു മോചനം ലഭിച്ചുള്ളു. സാമാന്യം ദീർഘമായ ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ വിപ്രയോഗവ്യഥയുടെ ചൂടു കുറെയൊക്കെ കുറയുവാനും അതു കവിതാവിഷയമാക്കുവാനുള്ള മനോവൃത്തിയുളവാകുവാനും സാവകാശമുണ്ടായിരുന്നു. എന്നിട്ടും ഈ കാലഘട്ടം സന്ദേശരചനയ്ക്കു് അദ്ദേഹം വിനിയോഗിച്ചില്ല. അതിനുള്ള കാരണമാണു് അന്വേഷിക്കേണ്ടതു്. അന്വേഷണം ഫലിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ചിത്തവൃത്തി വിശകലനംചെയ്തേ മതിയാവൂ. ജയിലിൽ അടയ്ക്കപ്പെട്ട കേരളവർമ്മയുടെ ഹൃദയത്തെ ഭരിച്ചിരുന്ന വികാരങ്ങൾ എന്തെല്ലാമായിരുന്നു? ആക്ഷം അസൂയാർഹമായ ഉത്തുംഗസ്ഥാനത്തുനിന്നും കാരാഗാരത്തിലേക്കുള്ള അധഃപതനംനിമിത്തമുണ്ടായ അപമാനബോധംകൊണ്ടു് ആ ഹൃദയം അത്യന്തം നീറിക്കൊണ്ടിരുന്നു. സീമാവിലംഘിയായ വൈരനിര്യാതനപരിപാടിക്കു വിധേയനായ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശത്രുമുഖ്യനായ ആയില്യംതിരുനാളിനോടുള്ള കോപാഗ്നി ഉന്നിദ്രമായുജ്ജ്വലിച്ചിരുന്നു. അസമീക്ഷ്യകാരിത്വംനിമിത്തം വന്നുചേൎന്ന ദുസ്സഹമായ ദീനാവസ്ഥ അദ്ദേഹത്തിന്റെ ഹൃദയത്തെ പശ്ചാത്താപനിർഭരമാക്കിയിരുന്നു. ഗംഭീരസത്ത്വനായിരുന്ന കേരളവർമ്മയുടെ തീവ്രങ്ങളായ ഈ ഭാവവിശേഷങ്ങളുടെ പ്രവാഹധോരണിയാണു് അദ്ദേഹം ബന്ധനകാലത്തു രചിച്ച ക്ഷമാപണസഹസ്രവും യമപ്രണാമശതകവും മററും. അക്കാലത്തു താരതമ്യേന അനതിതീവ്രമായിരുന്ന വിയോഗവ്യഥയ്ക്കു് ഒരു കാവ്യജീവാതുവാകുവാൻ കഴിയാതെപോയതു സ്വാഭാവികമെന്നേ വിചാരിക്കുവാനുള്ളു. അഭിമാനിയും പ്രതാപിയുമായിരുന്ന കേരളവർമ്മയെ ഉല്ക്കടമായ അപമാനബോധവും ഉൽബണമായ ക്രോധാവേശവും ഗ്രസിച്ചുകളഞ്ഞപ്പോൾ പേശലമായ വിയോഗവിപ്രലംഭത്തിനു് അദ്ദേഹ

ത്തിൻെറ ഹൃദയത്തെ സ്വാധീനപ്പെടുത്തുവാൻ സാധിച്ചില്ല എന്നുള്ളതു് ഇവിടെ ഉന്നയിച്ച പ്രശ്നത്തിനു സ്വീകാര്യമായ ഒരു സമാധാനമാകാം.

മനശ്ശാസ്ത്രത്തിൻെറ വെളിച്ചത്തിലായാലും വെറും സാമാന്യയുക്തിയുടെ പേരിലായാലും പ്രസ്തുത സമാധാനം സ്വീകരിക്കുന്നതോടൊപ്പം ഒരു സഹൃദയൻ തിരിഞ്ഞു നിന്നു മററാരു ചോദ്യം ചോദിക്കാതെയിരിക്കയില്ല. ബന്ധനമുക്തനായി തിരുവനന്തപുരത്തെത്തിയശേഷം മനസ്സിനു ശാന്തിയും സമാധാനവും ലഭിച്ചതോടുകൂടി എന്തുകൊണ്ടു കവി ഈ കൃതി രചിച്ചില്ല? എന്നതായിരിക്കും ആ ചോദ്യം. 'സമാഹിതാവസ്ഥയിൽ ചെയ്യുന്ന പൂർവ്വാനുഭൂതികളുടെ അനുസ്മരണമാണു് കവിത,'* എന്ന ദർശനം അതേപടി സ്വീകരിച്ചാൽത്തന്നെ ഒരനുഭവമുണ്ടായതിനു ശേഷം അതിനെ കാവ്യവിഷയമാക്കുവാൻ പത്തിരുപതു കൊല്ലം തള്ളിവിടുക എന്നു വരുന്നതു് അത്ര സ്വാഭാവികമാണോ? അങ്ങനെയായാൽത്തന്നെ വികാരോഷ്മളത ഏറിയകൂറും നഷ്ടപ്പെട്ടുപോകയില്ലേ? സ്വാഭാവികത കുറഞ്ഞുപോകയില്ലേ? ഇതെല്ലാം ശരിയാണെങ്കിലും യൗവനമൂർദ്ധന്യത്തിലനുഭവിച്ച വിപ്രയോഗത്തെ ആസ്പദമാക്കി പ്രേമമസൃണമായ ഒരു സന്ദേശകാവ്യം രചിക്കുവാൻ വലിയ കോയിത്തമ്പുരാൻ ഏതാണ്ടു് അമ്പതാമത്തെ വയസ്സുവരെ കാത്തിരുന്നു. അതാണു സത്യം. ഇതിനുള്ള വിശദീകരണമാണു് ജിജ്ഞാസുവായ സഹൃദയൻ ആവശ്യപ്പെടുന്നതു്.

അരിപ്പാട്ടുനിന്നും സ്വതന്ത്രനായി തിരുവനന്തപുരത്തെത്തിയ കേരളവർമ്മയുടെ ഹൃദയത്തിൽ ഏതെല്ലാം വികാരങ്ങളായിരുന്നു ഊഷ്മളങ്ങളായിരുന്നവ? കാലപരിധിപോലും കല്പിക്കാതെ വിധിക്കപ്പെട്ട ബന്ധനശിക്ഷയിൽനിന്നും തന്നെ മോചിപ്പിച്ച ബന്ധുവും സുഹൃത്തും ഭരണാധിപനുമായിരുന്ന വിശാഖംതിരുനാളിനോടുള്ള കൃതജ്ഞതയും ബഹുമാനവും അദ്ദേഹത്തെ സ്വാധീനപ്പെടുത്തി

* Emotion recollected in tranquillity.—Wordsworth.

A. K. ... GRAMODHARAKA ... VAYANASALA ... THONNAKKAL

യിരുന്നു.* സ്വഹിതാനുസാരം മറെറാരു ദയിതനെ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നിട്ടും മഹാരാജാവിൻെറ പരിഭവത്തിനും പരമരോഷത്തിനും പാത്രമായിട്ടും അപമതികളും ദുരിതങ്ങളും അടിക്കടി വന്നുചേൎന്നിട്ടും തന്നെ കൈവെടിയാതെ സതീവ്രതയായി ഉറച്ചുനിന്ന മഹാറാണിയോടുള്ള പ്രേമാർദ്രമായ അഭിനന്ദനം കേരളവൎമ്മയിൽ തുളുമ്പിനിന്നിരുന്നു. യമപ്രണാമശതകത്തിലൂടെ കുറെയൊക്കെ ഒഴുകിപ്പോയെങ്കിലും ആയില്യംതിരുനാളിനോടുള്ള കോപജലധി അദ്ദേഹത്തിൻെറ ഹൃദയത്തിൽ തിരതല്ലുന്നുണ്ടായിരുന്നു. അതിതീവ്രങ്ങളായ ഈ വികാരങ്ങളും അവയെ ഉദ്ദീപനംചെയ്ത സംഭവപരമ്പരകളുമായിരുന്നു കേരളവൎമ്മയുടെ അന്തൎമ്മണ്ഡലത്തെ സ്വാധീനപ്പെടുത്തിയിരുന്നതെന്നുള്ളതിൽ സംശയിക്കേണ്ടതില്ല. ഈ ജീവിതാനുഭവങ്ങളും വികാരധാരകളും ഏറിയകൂറും തൻെറ പ്രമുഖകൃതിയായ വിശാഖവിജയത്തിൻെറ നിൎമ്മിതിയിൽ അദ്ദേഹം ചെലവഴിച്ചു. വിശാഖംതിരുനാളിനോടും മഹാറാണിയോടും ആയില്യംതിരുനാളിനോടും കേരളവൎമ്മയ്ക്കുണ്ടായിരുന്ന ഹൃദയഭാവങ്ങളുടെ ഉറവകളിൽനിന്നാണു് അതിവിശിഷ്ടമായ ആ മഹാകാവ്യം രൂപം പൂണ്ടതു്. ആ കൃതിയുടെ രചനയിൽ അദ്ദേഹം അനേകവൎഷം വ്യാപൃതനായിരുന്നു. ആ അവസരത്തിൽ വിശാഖവിജയത്തിലെ കഥാപാത്രങ്ങളും സംഭവങ്ങളും ഭാവവിശേഷങ്ങളും ഉൾപ്പെടുന്ന വിരഹകഥയെ അവലംബിച്ചു് ഒരു കാവ്യം രചിക്കുന്നതിനു പ്രത്യേകമായ പ്രേരണയുണ്ടാകുവാൻ തരമില്ലല്ലോ. പോരെങ്കിൽ കേരളവൎമ്മ വിശാഖംതിരുനാളിൻെറ നിൎദ്ദേശവും ആത്മപ്രേരണയും അനുസരിച്ചു വിവിധസാഹിത്യപ്രവൎത്തനങ്ങളിൽ മുഴുകുകയും ചെയ്തു. ഈ സാഹചര്യത്തിലായിരിക്കണം മോചനത്തിനു സമനന്തരമായി, തന്നേയും തൻെറ പ്രാണപ്രേയ

---

* ''ദമ്പത്യോശ്ചിരവിരഹാൎത്തയോസ്തയോൎയ-
സ്സമ്പന്നസ്സപദി ഹൃദി പ്രമോദഭാരഃ
തദ്ഭേദോഃ കഥമിവ കഥ്യതേ വിശാഖ-
ശ്രീരാമക്ഷിതിരമണസ്യ പുണ്യഭ്രമാ.''—വിശാഖവിജയം, v–56.

സിയേയും ഗാഢമായി സ്പർശിക്കുന്ന വിയോഗാനുഭവം വിഷയീകരിച്ചുകൊണ്ടു കേരളവർമ്മ ഒരു കാവ്യനിർമ്മിതിക്കൊരുങ്ങാതിരുന്നതു് എന്നു് അനുമാനിക്കാം.[1]

കാലം മുന്നോട്ടു നീങ്ങി. മഹാറാണിയും കേരളവർമ്മയും യൗവനത്തിന്റെ സീമകൾ തരണംചെയ്തു. താൽക്കാലികമായിരുന്ന വിയോഗദുഃഖത്തെ അപേക്ഷിച്ചു വളരെയധികം രൂക്ഷതയോടെ അവരുടെ ദാമ്പത്യജീവിതത്തെ കാർന്നുതിന്നുകൊണ്ടിരുന്ന ഒരു ശോകബീജം മുളച്ചു വളർന്നു പന്തലിക്കുവാൻ തുടങ്ങി. അനപത്യതനിമിത്തമുള്ള ദുഃഖം യൗവനമദ്ധ്യത്തിൽത്തന്നെ മഹാറാണിയെ പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ സോദരിയുടേയും വിശാഖംതിരുനാളിന്റേയും കുട്ടികളെ വാത്സല്യിച്ചും പ്രത്യാശയോടുകൂടി ഈശ്വരഭജനം ചെയ്തും മഹാറാണി സങ്കടമടക്കിവന്നു.[2] അഭീഷ്ടസിദ്ധിക്കായി ഔഷധങ്ങൾ കഴിച്ചു; ദൈവജ്ഞന്മാരുടെ നിർദ്ദേശപ്രകാരം പല സൽക്കർമ്മങ്ങളും ചെയ്തു; അനേകം ദേവാലയങ്ങളിൽ വഴിപാടുകൾ കഴിച്ചു.[3] ഇതെല്ലാം വിഫലങ്ങളാണെന്നും തനിക്കു സന്താനലാഭത്തിനു ദൈവാനുഗ്രഹമില്ലെന്നും ബോദ്ധ്യപ്പെടുവാൻ മഹാറാണിക്കു വളരെനാൾ വേണ്ടിവന്നു. അനുജത്തിയായ പാർവ്വതീഭായി പെൺകുട്ടികളില്ലാതെ മരിക്കുകയും മഹാറാണി വന്ധ്യയായിത്തുടരുകയും ചെയ്തതു കണ്ടപ്പോൾ സുഹൃത്തുക്കളായിരുന്ന സർ ശേഷയ്യാശാസ്ത്രി തുടങ്ങിയവർ ദത്തെടുക്കുന്ന കാര്യത്തെപ്പററി ആ മഹതിയെ ഉപദേശിക്കുകയുണ്ടായി. എന്നാൽ അതൊന്നും മഹാറാണിയുടെ പരിഗണനയ്ക്കു വിഷയമായില്ല. സ്വപ്രേയസിയുടെ 48-ാമത്തെ വയസ്സിൽ കേരളവർമ്മ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

---

1 അക്കാലത്തെങ്ങാനും എഴുതിയിരുന്നു എങ്കിൽ മയൂരസന്ദേശം ഒരു സംസ്കൃതകൃതിയാകാനായിരുന്നില്ലേ സാദ്ധ്യത?

2 വിശാഖവിജയം, iii-12.

3 ആർ. കുളത്തു അയ്യർ—രാജാ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, പുറം 61. സന്താനലാഭത്തിനുവേണ്ടിയുള്ള അത്യാശയും അനപത്യത പരിഹരിക്കാനുള്ള പരിപാടികളും ഫലസിദ്ധിയുണ്ടാകായ്കനിമിത്തമുള്ള തീവ്രനൈരാശ്യവും കേരളവർമ്മയുടെ ഡയറിയിൽ പലെടത്തും പരാമർശിക്കപ്പെട്ടിട്ടുള്ളതായി അറിയുന്നു.

''മഹാരാജ്ഞി തിരുമനസ്സുകൊണ്ടു് സ്വകുടുംബത്തിൽനിന്നും രണ്ടു ബാലികമാരെ ദത്തെടുക്കുവാൻ സമ്മതിക്കുന്നതായാൽ എനിക്കെത്ര സന്തോഷപ്രദമായിരിക്കും? എന്നാൽ അക്കാര്യത്തെക്കുറിച്ച് ഒന്നും അറിയിക്കുന്നതിനു ധൈര്യപ്പെടുന്നില്ല. അവിടുത്തെ ഹിതത്തിനു വിരോധമായി വല്ലതും അറിയിക്കുന്നതു് അനപത്യതകൊണ്ടും മററും ജീവിതനൈരാശ്യത്തിനു വശംവദയായ അവിടുന്നു് ഏതു വിധത്തിൽ സ്വീകരിക്കുമെന്നു് ഊഹിക്കാവുന്നതാണു്.''* ശേഷയ്യാശാസ്ത്രിക്കയച്ച അതേ എഴുത്തിൽത്തന്നെ കേരളവർമ്മ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''നിരവധി അപൂർവ്വയോഗ്യതകളോടുകൂടിയ സംസ്കൃതചിത്തയായ മഹാരാജ്ഞിയിൽ യഥാർത്ഥസ്ത്രീത്വത്തിനുതന്നെയാണു് പ്രാധാന്യം. അവിടുത്തെ സ്നേഹിതയായ മിസ്സ് ബ്ലാൻഡ്ഫോർഡിനെപ്പോലെ നിത്യകന്യകയായി അവിവാഹിതജീവിതം നയിക്കുന്നതിനു് അവിടുത്തേക്കു സാധിച്ചില്ലല്ലോ എന്നു ചിലപ്പോഴൊക്കെ പരിതപിക്കാറുണ്ടു്. നമ്മുടെ ആശകളെല്ലാം ഒരു സംഗതിയിൽ കേന്ദ്രീഭവിക്കുകയും അതിൻെറ ഫലപ്രാപ്തി സന്ദിഗ്ദ്ധാവസ്ഥയിലാകുകയും ചെയ്യുമ്പോഴാം, അതുവരെ ഉണ്ടായിട്ടുള്ള ആനന്ദഭാസുരമായ സുഖജീവിതത്തെ വേണ്ടപോലെ വിലമതിക്കാത്തതു ലോകസ്വഭാവമാണു്.'' ഒരു സ്ത്രീയെന്ന നിലയിൽ തൻെറ ജന്മസാഫല്യത്തിനും രാജ്ഞിയെന്ന നിലയിൽ തൻെറ ശാശ്വതയശസ്സിനും കാരണമാകുന്ന സന്താനലബ്ധിക്കുവേണ്ടി ആററുനോററിരുന്ന ആ മഹതി എന്തൊരു നൈരാശ്യഗർത്തത്തിലാണു് പതിച്ചിരുന്നതെന്നു് അവരുടെ പ്രാണവല്ലഭൻെറതന്നെ വാക്കുകൾ തെളിയിക്കുന്നുണ്ടല്ലോ.

ധീരനും ബഹുകാര്യവ്യഗ്രനുമായിരുന്ന കേരളവർമ്മയും അനപത്യതനിമിത്തമുള്ള വിഷാദാത്മകത്വത്തിൽനിന്നു മുക്തനായിരുന്നില്ല. സാഹിത്യസപര്യയിലും സാമൂഹ്യകാര്യങ്ങളിലും ആകണ്ഠം ആമഗ്നനായിരുന്ന ആ കർമ്മനിരതൻ അതിൻെറ ആക്രമണത്തിൽനിന്നും കുറെയൊക്കെ ഒഴിഞ്ഞു നിന്നിരിക്കാം. പക്ഷേ, സന്താനാർത്ഥിയായ ഒരു ഹൃദയാ

* കേരളവർമ്മദേവൻ, പുറം 185.

ല്യവായിരുന്നു അദ്ദേഹം; രാജപിതാവിന്റെ മഹിമ ആഗ്രഹിച്ച ഒരു കോയിത്തമ്പുരാനുമായിരുന്നു അദ്ദേഹം. പിന്നെ എങ്ങനെ അനപത്യതാദുഃഖത്തിന്റെ ദാരുണങ്ങളായ അഭിഘാതങ്ങളേല്ക്കാതെ കഴിഞ്ഞുകൂട്ടും! പോരെങ്കിൽ ഉദ്ദീപനത്തിനായി ശോകവിവശയായ മഹാറാണിയുടെ സന്തതസാഹചര്യവുമുണ്ടല്ലോ. അത്യുൽക്കടമായ ആ ദുഃഖം ധീരചിത്തനായിരുന്ന കേരളവർമ്മയുടെ ഹൃദയത്തെ പൊട്ടിക്കരയിച്ചിരുന്നു. അതിന്റെ മാറെറാലി അദ്ദേഹത്തിന്റെ ഡയറിയിൽനിന്നു തന്നെ കേൾക്കാം: ''കഷ്ടം! എപ്പോഴാണു് ഞാൻ ഒരു മകന്റെ മുഖദർശനം കണ്ടാനന്ദിക്കുവാൻ പോകുന്നതു്? എന്തു്, മകൻ എന്നു ഞാൻ പറഞ്ഞുവോ? ഇപ്പോഴത്തെ സ്ഥിതിക്കു് ഒരു മകളല്ലേ ഭേദം.[1] പക്ഷേ, എല്ലാം ഈശ്വരനാണല്ലോ നിശ്ചയിക്കേണ്ടതു്. ഞാൻ എല്ലാം അവിടെ സമർപ്പിക്കുന്നു.''[2] എന്തൊരു ദൈന്യം! എന്തൊരു ശോകവൈവശ്യം! ഇങ്ങനെ മഹാറാണിയുടേയും കേരളവർമ്മയുടേയും ദുഃഖഭാരത്തെ ഭാവനചെയ്യുമ്പോൾ അവരുടെ ഭവനം അനപത്യതയുടെ കരിനിഴൽകൊണ്ടു മാത്രമല്ല, മഹത്തായ ഒരു പ്രതീക്ഷയുടെ അസ്തമയത്തിലുണ്ടായ അന്ധകാരംകൊണ്ടും സമാവൃതമായിരുന്നു എന്നു പ്രതീതമാകും.

ഗാർഹികജീവിതത്തെ സമാവരണംചെയ്ത ഈ അന്ധകാരം കേരളവർമ്മയുടെ ഹൃദയത്തെ അത്യധികം വിഷാദവിവശമാക്കി. സ്വന്തം കദനഭാരമല്ല, തന്റെ പ്രാണപ്രേയസിയുടെ ഹൃദയമർമ്മച്ഛേദകമായ ദുഃഖപരിസ്ഫൂർത്തിയായിരുന്നു ആ ഹൃദയാലുവിനെ അത്യന്തം വ്യാകുലചിത്തനാക്കിയതു്. തന്റെ പ്രിയതമയുടെ കണ്ണുനീർ തുടയ്ക്കുവാനും ആ മഹതിയെ പ്രസന്നയാക്കുവാനും കേരളവർമ്മ സദാ ജാഗരൂകനായിരുന്നു. അതിനു് അദ്ദേഹത്തിന്റെ വാക്കുകൾതന്നെയാണു പ്രമാണം: ''ഈയിടെ വിഷാദാത്മകമായ ഒരു മനോഗതി മഹാരാജ്ഞി തിരുമനസ്സുകൊണ്ടു പ്രദർശിപ്പിക്കുന്നതു് ഒട്ടും ആശ്ചര്യകരമല്ല....എന്റെ ജീവിതസർവ്വസ്വ

1 ഇളയറാണിയായ പാർവ്വതീഭായിക്കു് ആൺമക്കളുണ്ടായിട്ടുള്ള സ്ഥിതിക്കു രാജകുടുംബത്തിനു് ഒരു പെൺസന്താനമായിരുന്നു കാമ്യം.

2 രാജാ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, പുറം 62.

മായ അവിടത്തെ മനഃപ്രസാദം വീണ്ടെടുക്കുന്നതിനു ഞാൻ എന്തു ത്യാഗവും ചെയ്യുവാൻ ഒരുക്കമാണു്,'' എന്നു് ഒരു സുഹൃത്തിനയച്ച കത്തിൽ കേരളവർമ്മ പ്രസ്താവിച്ചിരിക്കുന്നു. വിദുഷിയും സംസ്കാരസമ്പന്നയുമായ സ്വപ്രേയസിയെ പ്രസന്നയാക്കുവാൻ പണ്ഡിതനും കവിയുമായ കേരളവർമ്മയ്ക്കു സ്വാധീനമായിരുന്ന ഉപായങ്ങളിൽ സർവ്വപ്രധാനം സാഹിത്യംതന്നെയായിരുന്നു എന്നതിൽ പക്ഷാന്തരമുണ്ടാവില്ല. ഇരുകൂട്ടക്കും രസിക്കാവുന്ന കാവ്യകലയിലേക്കും ഇരുകൂട്ടരേയും ഗാഢമായി സ്പർശിക്കുന്ന പ്രതിപാദ്യത്തിലേക്കും സ്വാഭാവികമായി കേരളവർമ്മയുടെ മനസ്സു തിരിഞ്ഞു. അപ്പോഴതാ തെളിഞ്ഞുവന്നു, ഹൃദയത്തിൽ മറഞ്ഞുകിടന്ന അസംതൃപ്തമായ ഒരാഗ്രഹം—രണ്ടുപേരുടേയും പരസ്പരപ്രേമത്തെ ചിത്രീകരിക്കുവാനും സുവർണ്ണവർണ്ണങ്ങളിൽ ആത്മപ്രേയസിയെ ലോകസമക്ഷം അവതരിപ്പിക്കുവാനുമുള്ള ആഗ്രഹം. അതിന്റെ ചാരിതാർത്ഥ്യത്തിനു കേരളവർമ്മയുടെ ഹൃദയം കണ്ടെത്തിയ ഉപാധിയാണു് മയൂരസന്ദേശരചന.

മയൂരസന്ദേശത്തിൽ എവിടെയാണു കേരളവർമ്മയുടെ മമതാബന്ധം? അരിപ്പാട്ടുതുടങ്ങി തിരുവനന്തപുരംവരെയുള്ള പ്രദേശങ്ങളും മാർഗ്ഗഭംഗികളുമെല്ലാം പൊതുതാൽപര്യത്തിന്റെ മേഖലയിൽപ്പെടുന്നവയാണു്. എന്നാൽ മയിലിനെ സന്ദേശഹരനാക്കിക്കൊണ്ടു് വ്യംഗ്യമര്യാദയിൽ ആയില്യംതിരുനാളിനെ അപലപിക്കുന്നതും വിശാഖംതിരുനാളിനെ വാഴ്ത്തുന്നതും മഹാറാണിയെ മാതൃകാമഹിളയാക്കി ചിത്രീകരിക്കുന്നതുമെല്ലാം കേരളവർമ്മയുടെ രക്തത്തിലും മജ്ജയിലും അരഞ്ഞുചേർന്നിട്ടുള്ള കാര്യങ്ങളാണു്. രാജസഹോദരന്മാരോടുള്ള ഭാവവൈജാത്യം പ്രകടിപ്പിച്ചുകൊണ്ടു് യമപ്രണാമശതകവും വിശാഖവിജയവും നിർമ്മിച്ച കേരളവർമ്മയ്ക്കു മഹാറാണിയോടുള്ള പ്രേമവും അഭിനന്ദനവും പ്രകടമാക്കുവാൻ പര്യാപ്തമായ ഒരു രചനാസന്ദർഭം മുമ്പു ലഭിച്ചില്ല. മയൂരസന്ദേശത്തിന്റെ സർവ്വാതിശായിയായ സവിശേഷത സഹൃദയാഗ്രണിയായ ചന്തുമേനോൻ ചൂണ്ടിക്കാണിച്ചതുതന്നെ: ''ഒന്നാമതായി മയൂരസന്ദേശത്തെപ്പറ്റി

എനിക്കു് അളവില്ലാതെയുണ്ടായ ഒരാശ്ചര്യവും സന്തോഷവും അതിലെ കഥാസന്ദർഭത്തെ കൊണ്ടുവന്ന മാതിരിയിലാണു്. പ്രസിദ്ധനായി അറിയപ്പെട്ടിട്ടുള്ള ഒരു കേരളീയനായ ഈ മഹാകവിതന്നെയാണു നായകൻ. ഈ സന്ദേശം ആരെ ഉദ്ദേശിച്ചോ ആ ദേഹം അത്യന്തോൽകൃഷ്ടപദവിയിലിരിക്കുന്ന അതിവിദുഷിയായ ഒരു രാജ്ഞി; തന്റെ അത്യന്തം പ്രിയപ്പെട്ട പത്നി; കേരളത്തിലെങ്ങും അറിയപ്പെട്ടിട്ടുള്ള ഒരു സ്ത്രീരത്നം.''[1] ഇങ്ങനെയൊരു കാവ്യം നിർമ്മിക്കണമെങ്കിൽ അതു് മഹാറാണിക്കു തീർച്ചയായും സമ്മതവും ഹൃദ്യവുമായിരുന്നിരിക്കണം. ആ സ്ത്രീരത്നത്തിനു് ഈ കൃതിയിലുള്ള കൗതുകം പൂർവ്വാനുഭവങ്ങളെ കലാത്മകമായ ഉപാധിയിൽക്കൂടി അയവിറക്കി രസിക്കുന്നതിൽ മാത്രം ഒതുങ്ങിനിന്നിരിക്കില്ല. ഒരു മഹാരാജാവിന്റെ മാതാവെന്ന ചരിത്രപ്രസിദ്ധി നഷ്ടപ്പെട്ടുപോയ ആ മഹതിക്കു കാവ്യലോകത്തിലെ പ്രശസ്തയായ ഒരു നായിക എന്ന നിലയിൽ ചിരന്തനയശസ്സ് ഈ കൃതിയിലൂടെ ലഭിച്ചതായി തോന്നിയിരിക്കണം.[2] കേരളവർമ്മയ്ക്കുാകട്ടെ സ്വകീയകാവ്യശില്പത്തിന്റെ ശ്രീകോവിലിൽ ഒരു മാതൃകാമഹിളയായി തന്റെ പ്രാണവല്ലഭയെ പ്രതിഷ്ഠിച്ച പ്രസന്നയാക്കിയ മഹത്തായ ചാരിതാർത്ഥ്യവും ഈ കൃതിയുടെ രചനകൊണ്ടു സംസിദ്ധമായിരിക്കണം.[3] ഇതല്ലേ മയൂരസന്ദേശത്തിന്റെ യഥാർത്ഥവും മനശ്ശാസ്ത്രപരവുമായ രചനാപ്രചോദനം?

## രചനയും പ്രകാശനവും

കേരളവർമ്മയുടെ കാവ്യജീവിതത്തിനു മകുടം ചാർത്തുന്ന വിശാഖവിജയം ഇരുപതു സർഗ്ഗവും എഴുതി പൂർണ്ണമായി

---

1 കേരളവർമ്മദേവൻ, പുറം 151—152.

2 ''ആദിരാജയശോബിംബമാദർശം പ്രാപ്യ വാങ്മയം
തേഷാമസന്നിധാനേഽപി ന സ്വയം പശ്യ നശ്യതി.''
—കാവ്യാദർശം, i–5.

3 വിശാഖവിജയത്തിൽ വിശാഖംതിരുനാളിനെ കേരളത്തിലെ മാതൃകാപുരുഷനായും മയൂരസന്ദേശത്തിൽ ലക്ഷ്മീഭായിയെ കേരളത്തിലെ മാതൃകാവനിതയായും കേരളവർമ്മ ചിത്രീകരിച്ചു. വിശാഖവിജയവും (ii–28) മയൂരസന്ദേശവും (ii–62) നോക്കുക.

പ്രകാശനംചെയ്യുന്നതിനു് ഏതാണ്ടു് ഒരു ദശാബ്ദം (1880—1890) വേണ്ടിവന്നു. ഒരു ലഘുകൃതിയായ മയൂരസന്ദേശത്തിന്റെ രചനയാകട്ടെ അദ്ദേഹം 1069 മേടം ഒന്നാം തീയതി സമാരംഭിക്കുകയും അടുത്ത മിഥുനം 5-ാംതീയതി പൂർത്തിയാക്കുകയും ചെയ്തു. ഈ അറുപത്തേഴു ദിവസങ്ങൾക്കിടയിൽത്തന്നെ അദ്ദേഹം അൻപതു ദിവസങ്ങളേ സന്ദേശരചനയിൽ വ്യാപൃതനായിരുന്നുള്ളു.

രചനാപരിപാടിയുടെ വിശദാംശം*

| പൂർവ്വാർദ്ധം | | | | ഉത്തരാർദ്ധം | |
|---|---|---|---|---|---|
| തീയതി | ശ്ലോകം | തീയതി | ശ്ലോകം | തീയതി | ശ്ലോകം |
| മേടം 1 | 1,2 | മേടം 17 | 34,35 | ഇടവം 18 | 1—3 |
| 2 | 3,4,5 | 18 | 36 | 19 | 4,5 |
| 3 | 6,7 | 19 | 37,38 | 20 | 6,7 |
| 4 | 8,9,10 | 20 | 39,40 | 21 | 8 |
| 5 | 11,12 | 21 | 41,42 | 22 | 9,10 |
| 6 | 13,14,15 | 22 | 43 | 23 | 11—13 |
| 8 | 16,17 | 23 | 44,45 | 24 | 14,15 |
| 9 | 18 | 24 | 46,47,48 | 25 | 16,17 |
| 10 | 19,20 | 25 | 49,50 | 26 | 18—25 |
| 11 | 21,22 | 26 | 51,52 | 27 | 26—34 |
| 12 | 23,24,25 | 27 | 53,54,55 | 28 | 35—40 |
| 13 | 26 | 28 | 56 | 29 | 41—45 |
| 14 | 27,28 | 29 | 57,58 | 30 | 46—50 |
| 15 | 29,30 | 30 | 59,60 | 31 | 51—55 |
| 16 | 31,32,33 | 31 | 61,62 | മിഥുനം 1 | 56—60 |
| | | ഇടവം 1 | 63,64,65 | 3 | 61—65 |
| | | 2 | 66,67,68 | 4 | 66—70 |
| | | | | 5 | 61—75 |

* 'ചക്രവാള'ത്തിൽ ഉള്ളൂർ പ്രസിദ്ധീകരിച്ചിരുന്ന 1120 ഇടവം 7-ാംതീയതിയിലെ 'മയൂരസന്ദേശത്തിന്റെ നിർമ്മാണം' എന്ന ലേഖനത്തിൽനിന്നും. ഉള്ളൂരിന്റെ പട്ടികയിൽ ഇടവം 19, 28 എന്നീ തീയതികളിൽ കേരളവർമ്മ കാവ്യരചന ചെയ്തില്ല എന്നു കാണിച്ചിരിക്കുന്നു. എന്നാൽ അനന്തപുരത്തുകൊട്ടാരത്തിൽനിന്നും ലഭിച്ച ഗ്രന്ഥത്തിൽ അങ്ങനെയല്ല.

ഭാഷാപോഷിണിയിലാണു് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചതു്. 1069 മേടം ലക്കത്തിൽ പൂൎവ്വഭാഗവും 1070 ചിങ്ങം ലക്കത്തിൽ ഉത്തരഭാഗവും പ്രത്യക്ഷപ്പെട്ടു. ഇതിൽനിന്നും ഒരു കാൎയ്യം സ്പഷ്ടം. ഇടവം 2-ാംതീയതി പൂൎണ്ണമാക്കിയ പൂൎവ്വഭാഗം പ്രകാശിപ്പിക്കുന്നതിനുമുമ്പു വേണ്ടവിധം മിനുക്കുപണി നടത്തുവാൻ കേരളവൎമ്മയ്ക്കു സൗകൎയ്യം ലഭിച്ചില്ല. എന്നാൽ മിഥുനം 5-ാംതീയതി സമാപിച്ച ഉത്തരഭാഗം പ്രസിദ്ധപ്പെടുത്തുന്നതിനു രണ്ടുമാസത്തെ സാവകാശം ലഭിച്ചതു് അതിന്റെ രചനയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുവാൻ അദ്ദേഹത്തിനു സൗകൎയ്യമായിത്തീൎന്നു. ഗ്രന്ഥരൂപത്തിൽ ഈ കൃതി പ്രസിദ്ധപ്പെടുത്തിയപ്പോൾ പൂൎവ്വഭാഗത്തിൽ ചില പാഠാന്തരങ്ങൾ വരുത്തിയതിനും ഉത്തരഭാഗം അതേപടി അച്ചടിച്ചതിനും ഇതായിരിക്കണം കാരണം.

ബന്ധനമോചനത്തിനുശേഷം ഏതാണ്ടു പതിന്നാലു വൎഷം കഴിഞ്ഞാണു പ്രസ്തുത കൃതി രചിച്ചതെങ്കിലും കാരാഗാരവാസമനുഭവിക്കുമ്പോൾ സന്ദേശമയയ്ക്കുന്നതായിട്ടാണു സങ്കല്പമെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അഞ്ചു കൊല്ലത്തോളം നീണ്ടുനിന്ന കാരാഗൃഹവാസത്തിൽ സന്ദേശപ്രേഷണത്തിന്റെ ഘട്ടം ഏതാണെന്നുള്ളതും അന്വേഷ്ടവ്യമാണു്. മഹാകവി ഉള്ളൂർ പറയുന്നു: ''1053-ാമാണ്ടിടയ്ക്കാണു് ആ സന്ദേശം കവി അയച്ചിരിക്കുന്നതായി സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്.''* ഇതു പ്രത്യക്ഷത്തിൽത്തന്നെ നിരാസമൎഹിക്കുന്നു. 1050-ൽ ബന്ധനസ്ഥനാക്കിയ കേരളവൎമ്മയെ 1055-ൽ മോചിപ്പിച്ചു എന്ന വസ്തുത വച്ചുകൊണ്ടു്. ''കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ'' എന്ന പ്രസ്താവം പരിശോധിക്കുമ്പോൾ മോചനത്തിനു് അല്പംമുമ്പാണു് സന്ദേശകാലമെന്നു ബോദ്ധ്യപ്പെടും. 1055-ൽത്തന്നെ ഇടവമാസത്തിന്റെ ഉത്തരാൎദ്ധത്തിലാണു് അദ്ദേഹം മുക്തനായതെന്നോൎക്കുമല്ലോ. സന്ദേശമയയ്ക്കുന്ന സമയമോ പ്രേമോദ്ദീപകമായ വൎഷകാലം—മയിലിനെ മദിപ്പിക്കുന്ന കൊണ്ടൽക്കോളും, വിരഹവ്യഥ ജനിപ്പിക്കുന്ന

* കേരളസാഹിത്യചരിത്രം, വാല്യം നാലു്, പുറം 425.

'കോടക്കാർകൊണ്ടിരുളിയലുമംബര'വും, പൂക്കാം വിടർത്തി പ്രസന്നമായ പ്രിയാമുഖത്തെ സ്മരിപ്പിക്കുന്ന വഷാർദ്രമായ പിച്ചിലതയും, കാമിനിയുടെ കനകകായത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന മിന്നൽപ്പിണരും മററും പരിലസിക്കുന്ന വഷകാലം. അപ്പോഠം 1055—ാമാണ്ടു് ഇടവമാസത്തിലെ പൂവ്വാദ്ധമാണു് സന്ദേശകാലമെന്നു നിണ്ണയിക്കുവാൻ വിഷമമില്ല.

മയൂരസന്ദേശത്തിലെ പല പ്രസ്താവനകളുടേയും ഔചിത്യം ഈ കാലകല്പനയെ ആശ്രയിച്ചിരിക്കുന്നതായി സൂക്ഷ്മപരിശോധനയിൽ കാണാം. നായികാസവിധത്തിലെത്തുന്ന മയൂരം സ്വയം 'ശ്രീവിശാഖന്റെ പത്രം' എന്നു വിശേഷിപ്പിക്കുന്നു.[1] മോചനത്തിനുള്ള കല്പന അത്യാസന്നമല്ലെങ്കിൽ ഈ വിശേഷിപ്പിക്കലിലെ വ്യംഗ്യം ഔചിത്യരഹിതമായി കലാശിക്കും. ''കാലോപേതം കദനമതിനിക്കാണിക്കുടി ക്ഷമിക്ക'' എന്നും ''ശോകത്തേത്തീത്തരുളുമുടനേ മംഗളം ഭംഗമെന്യേ'' എന്നും ഉള്ള പ്രസ്താവങ്ങാം ഇവിടെ സ്മരിക്കുക. സന്ദേശത്തിൽ വക്കലെത്തുരപ്പിനെ ''അത്തുരങ്കങ്ങാം തീന്നാൽ ശല്യം വേണ്ടാ സരണി മുഴുവൻ തോണിയിത്തന്നെ പോകാം,''[2] എന്നു പരാമശിച്ചിരിക്കുന്നു. ഇതിന്റെ പണി പൂത്തിയായതു് സന്ദേശകാലത്തിനു് അടുത്തു് 1056—ാമാണ്ടായിരുന്നു. സന്ദേശത്തിലാശംസിച്ചിരിക്കുന്നതുപോലെ മഹാറാണിക്കു സി. ഐ. ബിരുദവും നീലകണ്ഠപ്പിള്ളയ്ക്കു സവ്വാധികാര്യക്കാർസ്ഥാനവും ലഭിക്കുന്നതും ഈ കാലഘട്ടത്തിനടുത്തുതന്നെയായിരുന്നതാനും.[3] കൃഷ്ണവിലാസംകൊട്ടാരത്തിൽ മരമയൂരങ്ങളെ പണിതു വയ്പിച്ചതിന്റെ കാലവും ഇതിനോടടുത്തുതന്നെ.[4]

---

1 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 53.

2 മയൂരസന്ദേശം, പൂവ്വഭാഗം, ശ്ലോകം 62. ആദ്യത്തെ തുരപ്പു് 1053-ലും രണ്ടാമത്തേതു് 1056-ലും പൂത്തിയായി. രണ്ടും 1053-ൽ പൂത്തിയായി എന്ന ധാരണയിലായിരിക്കാം സന്ദേശകാലം 1053-ാമാണ്ടായി ഉള്ളൂർ എടുത്തതു്.

3 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 63, 73

4 മയൂരസന്ദേശം, ഉത്തരഭാഗം, ശ്ലോകം 21.

മയൂരസന്ദേശം ഭാഷാപോഷിണിയിൽ പ്രസിദ്ധീകൃതമായപ്പോൾ അതു പലതുകൊണ്ടും എല്ലാ സാഹിത്യകാരന്മാരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു. അങ്ങനെ ആകൃഷ്ടരായവരുടെ കൂട്ടത്തിൽ പ്രമുഖൻ ഇന്ദുലേഖാകർത്താവായ ഒ. ചന്തുമേനവൻതന്നെയായിരുന്നു. കാവ്യത്തെപ്പററിയുള്ള മതിപ്പിൻേറയും കവിയുടെനേക്കുള്ള അഭിനന്ദനത്തിൻേറയും സൂചനയായി ചന്തുമേനവൻതന്നെ ആദ്യമായി അതിൻെറ പ്രസാധനകൃത്യം ഏറെറടുത്തു. സ്വർണ്ണവർണ്ണമായ ഒരു മയിലിൻെറ ചിത്രംകൊണ്ടു പുറവും, പ്രസാധകൻെറ ആസ്വാദനരൂപത്തിലുള്ള പീഠികകൊണ്ടു് അകവും കമനീയമാക്കി 1070-ൽ നിർവ്വഹിക്കപ്പെട്ട പ്രഥമപ്രസാധനം സർവ്വജനാകർഷകമായിരുന്നു. അച്ചുപിഴ ഒഴിവാക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചുകൊണ്ടു മലയാളമനോരമക്കമ്പനിക്കാർ 1896-ൽ അവതാരികയോ വ്യാഖ്യാനമോ കൂടാതെ പ്രസാധനംചെയ്തു. ഏ. ആർ. രാജരാജവർമ്മ 1070 കുംഭത്തിലെഴുതിയ മുഖവുരയോടും മർമ്മപ്രകാശവ്യാഖ്യാനത്തോടുംകൂടിയാണു് മയൂരസന്ദേശം ഏററവും പ്രചാരത്തിലായതു്. ഇതിൻെറ പ്രകാശനാവകാശം ഗ്രന്ഥകർത്താവു് വടക്കെ പള്ളത്തു് ഇക്കോരൻ കൃഷ്ണനും തെക്കെകുളക്കുന്നത്തു രാമൻമേനോനും നല്കിയിരുന്നു. കൃഷ്ണൻ തൃശ്ശിവപേരൂർ കേരളചിന്താമണി അച്ചുകൂടത്തിലും, മേനവൻ മംഗളോദയംകമ്പിനിവക കേരളകല്പദ്രുമം അച്ചുകൂടത്തിലും അടിപ്പിച്ചു് ഈ കൃതി പ്രകാശിപ്പിച്ചു. മേനവൻെറ ബി. വി. ബുക്കഡിപ്പോയ്ക്കുവേണ്ടി രാജരാജവർമ്മതന്നെ പ്രസാധകസ്ഥാനം വഹിച്ചിരുന്നു. കുറെ കഴിഞ്ഞപ്പോൾ ബി. വി. ബുക്കഡിപ്പോയ്ക്കുവേണ്ടി കമലാലയാപ്രസ്സിലാണു് മുദ്രണം നിർവ്വഹിച്ചുവന്നതു്. ഈ രീതിയിൽ വടക്കുനിന്നും തെക്കുനിന്നുമായി ഒട്ടനേകം പതിപ്പുകൾ ഉണ്ടായി. ഈ കൃതിക്കു് അസാധാരണമായ പ്രചാരം സിദ്ധിച്ചു. ഇതേത്തുടർന്നു് പ്രകാശനാവകാശം തങ്ങളിൽ വന്നുചേർന്നതോടുകൂടി കമലാലയാ ബുക്കഡിപ്പോ ഉടമസ്ഥന്മാർ, ഏ. ബാലകൃഷ്ണപിള്ളയുടെ സന്ദേശകാവ്യപഠനംകൂടി ഉൾപ്പെടുത്തി ഇതിനൊരു പരിഷ്കരിച്ച പതിപ്പു് കമലാലയാ

പ്രസ്സിൽനിന്നുതന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. ഇതാണു് ഇപ്പോഴും പ്രചാരത്തിലിരിക്കുന്ന മയൂരസന്ദേശപ്രസാധനം.

ഈ പശ്ചാത്തലത്തിലാണു് 'കേരളഹൃദയം' എന്നു നാമകരണംചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത മയൂരസന്ദേശപ്രസാധനം ഞാൻ സജ്ജമാക്കിയതു്. അവതാരികയിലും വ്യാഖ്യാനത്തിലും കേരളവർമ്മയുടെ ഹൃദയം വ്യാഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുള്ളതിനെ ആസ്പദമാക്കിയാണു് ഈ നാമധേയം കല്പിച്ചിട്ടുള്ളതു്. കേരളവർമ്മയുടെ വൈഭവവൈവിധ്യം ഒന്നു സൂചിപ്പിക്കുവാനും കൃതിയെ അതിന്റെ ചരിത്രപശ്ചാത്തലത്തിലും കവിയുടെ ജീവിതപശ്ചാത്തലത്തിലും അവതരിപ്പിക്കുവാനുമല്ലാതെ അതിന്റെ സാഹിത്യപരമായ പഠനത്തിനു് അവതാരികയിൽ ഞാനുദ്യമിച്ചിട്ടില്ല. പ്രകാശനസൗകര്യത്തെ മുൻനിർത്തി നോക്കിയപ്പോൾ അങ്ങനെ ഒരു പഠനംകൂടി ഈ പ്രസാധനത്തിനു താങ്ങുവാനാവില്ലെന്നു തോന്നിയതാണു് അതിനു കാരണം.

മയൂരസന്ദേശം ആധുനികമായ ഒരു കൃതിയാണെങ്കിലും അതിലെ പല ശ്ലോകങ്ങൾക്കും പാഠാന്തരം കല്പിച്ചിട്ടുള്ളതായി കാണാം. പദ്യശില്പത്തിൽ ദത്തശ്രദ്ധനായിരുന്ന കേരളവർമ്മ ശില്പസൗന്ദര്യത്തിനുവേണ്ടി സ്വകൃതികളുടെ മൂലപാഠങ്ങൾ പരിഷ്കരിക്ക പതിവായിരുന്നു. ഇതുകൊണ്ടാണു് മുകളിൽ പ്രസ്താവിച്ചപോലെ മയൂരസന്ദേശം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ പാഠത്തിൽ പല മാററങ്ങളും കല്പിക്കപ്പെട്ടതു്. ഒരുദാഹരണം എടുത്തു കാണിക്കാം:

''മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരംകൊണ്ടു നിന്നെത്തലോടും
വല്ലീനാം നീ പരിചയരസംപൂണ്ടു വാഴുന്നനേരം
വല്ലീനാഥൻവരഗുണനിധേ! കാത്തുകൊള്ളട്ടെനിന്നെ.''

മുകളിൽ ഉദ്ധരിച്ചതു് ഭാഷാപോഷിണീപാഠമാണു്. ഈ ശ്ലോകത്തിലെ ഉത്തരാർദ്ധം കേരളവർമ്മ താഴെ കാണും പ്രകാരം പരിഷ്കരിച്ചു് കാവ്യത്തിനു പൂർവ്വാധികം ചമൽക്കാരം വരുത്തി.

''വല്ലീനാം നീ പരിചയരസംപൂണ്ട കൗതുഹലത്താ–
ലുല്ലീഢാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ല.''

പാഠാന്തരകല്പനത്തിൽ കാവ്യശോഭയെപ്പററിയുള്ള പരിഗണന മാത്രമായിരുന്നില്ല കേരളവമ്മയെ പ്രേരിപ്പിച്ചതു്. സംസ്കൃതജഡിലമെന്നു ചിലർ അപവദിച്ചിരുന്ന തൻെറ കാവ്യഭാഷയെ മലയാളത്തോടു കൂടുതൽ അടുപ്പിക്കുന്നതിന്നു് അദ്ദേഹം കാലക്രമത്തിൽ സമുത്സുകനായിത്തീൎന്നു. ശാകുന്തളം, അമരുകശതകം, അന്യാപദേശം എന്നിവയുടെ തജ്ജമകളിലും മയൂരസന്ദേശത്തിലും ഭാഷാശൈലി കൂടുതൽ മലയാളമയമാക്കുവാൻ അദ്ദേഹം പരിശ്രമിച്ചതായി കാണാം. മയൂരസന്ദേശത്തിൽനിന്നും ഒരുദാഹരണം:

''ആളീലോകപ്രകൃതദയിതോദന്തമാകർണ്ണ്യമന്ദം'' (ii–7)

എന്ന വരിയിൽ 'ആകർണ്ണ്യ' എന്ന സംസ്കൃതപദം മാററി 'ദയിതോദന്തവും കേട്ടു' എന്നു് അദ്ദേഹം പാഠാന്തരം കല്പിച്ചു. അതുപോലെ 'വിശ്രമിച്ചശ്രമേണ' എന്ന ഭാഗം 'വിശ്രമിച്ചശ്രമം താൻ' (i–19) എന്നു പരിഷ്കരിച്ചു. തൻെറ ശൈലി മലയാളീകരിക്കുന്നതിൽ തൽപരനായിരുന്ന സഹൃദയനായ കേരളവമ്മയും തൻെറ പദകുബേരത്വം പ്രകടിപ്പിക്കുവാൻ വെമ്പൽകൊണ്ടിരുന്ന പണ്ഡിതനായ കേരളവമ്മയും തമ്മിൽ വാസ്തവത്തിൽ മത്സരത്തിലായിരുന്നു.

''ആൎത്താ! താത്തേൻമൊഴിയരികിലുള്ളിഷ്ടയാം
തോഴിയോടെൻ–
വാൎത്താമാവൎത്തനമൊടനുയോഗിക്കമുൽകണ്ഠമൂലം''

എന്ന ശ്ലോകാൎദ്ധത്തിൽ മലയാളിക്കു ശ്രവണമാത്രയിൽ അൎത്ഥബോധമുദിപ്പിക്കുന്ന സുപരിചിതമായ 'ഉൽകണ്ഠാ' പദം മാററിയിട്ടു തൻെറ ശബ്ദകോശസ്വാധീനതയെക്കുറിച്ചുള്ള അഭിമാനത്തിന്നു് അടിപ്പെട്ട ആ പണ്ഡിതൻ 'ആയല്ലക' പദം ഒരിക്കൽ തിരുകിക്കയററി. പക്ഷേ, അതു പ്രചാരത്തിൽ വന്നില്ല. കേരളവമ്മയുടെ ഭാഷാകാഠിന്യത്തെപ്പററി കുററം പറയുന്ന മലയാളികൾതന്നെ അവരുടെ അഭിരുചിയനുസരിച്ചു് അദ്ദേഹത്തിൻെറ ശൈലി ചിലപ്പോൾ കൂടുതൽ പ്രൗഢമാക്കുവാനും ഒരുമ്പെട്ടുകാണുന്നു.

"ഗാഢപ്രേമപ്രഗുണകരുണം രൂഢവാത്സല്യമെന്നോ-
ട്ടൂഢസ്ഥേമസ്ഫുടബഹുമതി ത്വം സദാ വാണീടുമ്പോൾ"

എന്ന കേരളവർമ്മയുടെ ശ്ലോകാർദ്ധം കാലക്രമത്തിൽ,

"ഗാഢപ്രേമപ്രഗുണകരുണാരൂഢവാത്സല്യമെന്നോ-
ട്ടൂഢസ്ഥേമസ്ഫുടബഹുമതി ത്വം സദാ വാണിടുമ്പോൾ"

എന്ന രൂപത്തിലാക്കി നാം. ഇങ്ങനെയൊക്കെയാണ് മയൂരസന്ദേശപദ്യങ്ങൾക്ക പാഠ്യവ്യത്യാസം വന്നുചേർന്നതു്.

പ്രസ്തുതമായ 'കേരളഹൃദയം' പ്രസാധനത്തിൽ പാഠനിർണ്ണയം ചെയ്യുന്നതിനു മയൂരസന്ദേശത്തിന്റെ മററനേകം പ്രസാധനങ്ങൾ പരിശോധിച്ചു എങ്കിലും സർവ്വപ്രധാനമായ അവലംബനമായി സ്വീകരിച്ചതു കേരളവർമ്മതന്നെ സ്വന്തം കൈയക്ഷരത്തിൽ ആലേഖനംചെയ്ത ഒരു മാതൃകാഗ്രന്ഥത്തെയാണ്. സന്ദേശനിർമ്മിതി പൂർത്തിയാക്കി താമസിയാതെ 1896 ജൂലായിമാസം 12-ാംതീയതി ശ്രീമൂലം തിരുനാൾ മഹാരാജാവിനു കേരളവർമ്മ സമർപ്പിച്ചതാണ് ഈ ഗ്രന്ഥം.* കൊട്ടാരം ഗ്രന്ഥപ്പുരയിലെ ഒരു വിശിഷ്ടസമ്പത്തായിരുന്ന ഈ ഗ്രന്ഥം ഇപ്പോൾ സർവ്വകലാശാലാ ഹസ്തലിഖിതഗ്രന്ഥാലയത്തിലെ വിലയേറിയ പ്രദർശനവസ്തുക്കളിലുൾപ്പെടുന്നു.

സുവർണ്ണലിപികളിൽ ഗ്രന്ഥനാമധേയം മുദ്രണംചെയ്തിട്ടുള്ള ചുവന്ന പുറംചട്ടയോടുകൂടി പുസ്തകരൂപത്തിലുള്ള ഈ പകർപ്പിന്റെ ഇരുപുറങ്ങളിലും സ്വർണ്ണരേഖയിൽ ബോഡറും ഇട്ടു് മോടിപിടിപ്പിച്ചിരിക്കുന്നു. കൂടാതെ മയിൽപ്പീലിയുടെ വർണ്ണഭംഗിയുള്ള കടലാസ് പുറംചട്ടയുടെ അകത്തു് ഒട്ടിച്ചിരിക്കുന്നതും ശ്രദ്ധേയമായിരിക്കുന്നു. മനോഹരമായ വടിവിലുള്ള കൈയക്ഷരത്തിൽ 71 പേജിലായി

---

* സമർപ്പണം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

His most gracious and Royal Highness the Kiritapati Maharaja of Travancore, G. C. S I. M. V.

With the best respects and affectionate regards of the author Kerala Varma.

Trivandrum
12th July, 1894.

പൂർവ്വഭാഗവും (34 പുറം) ഉത്തരഭാഗവും (37 പുറം) ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ പകർപ്പ് എഴുതിത്തീർന്നതിനു ശേഷം കേരളവർമ്മതന്നെ പൂർവ്വഭാഗം 61-ാം ശ്ലോകത്തിലും ഉത്തരഭാഗം 7, 40 എന്നീ ശ്ലോകങ്ങളിലും പാഠവ്യത്യാസം വരുത്തിയിരിക്കുന്നതായി കാണാം. ഇതിൽ ഏററവും നിഷ്കർഷയോടുകൂടി ചിഹ്നനംചെയ്തിരിക്കുന്നതു് ഒന്നു കാണേണ്ടതുതന്നെ. ശ്ലിഷ്ടപദങ്ങളുടെ അടിയിൽ വരയിട്ടിരിക്കുന്നതു പ്രകടമായ മറെറാരു സവിശേഷതയാണു്.*

ഈ പ്രസാധനത്തിനു കേരളവർമ്മതന്നെ എഴുതിയതും അദ്ദേഹത്തിൻെറ ഭവനമായിരുന്ന അനന്തപുരത്തുകൊട്ടാരത്തിൽനിന്നു കിട്ടിയതുമായ മറെറാരു പകർപ്പും ഉപയോഗിക്കാൻ സാധിച്ചു. ഇരുപത്തിയൊമ്പതു താളുകളിലായി എഴുതപ്പെട്ട ഈ പകർപ്പിൽ പൂർവ്വഭാഗം എഴുതിയിരുന്ന ആദ്യത്തെ 15 താളുകഠം കിട്ടിയിട്ടില്ല. പത്തിഞ്ചു നീളവും എട്ടിഞ്ചു വീതിയുമുള്ള താളിൻെറ ഒരു പുറത്തു് അഞ്ചു ശ്ലോകംവീതം വടിവൊത്ത അക്ഷരത്തിൽ കമനീയമായി എഴുതിയിരിക്കുന്നു. ശ്രീമൂലംതിരുനാളിനു സമർപ്പിച്ച ഗ്രന്ഥത്തിലെന്നപോലെ ശ്ലേഷപ്രയോഗങ്ങഠംക്കു് ഇതിലും അടിയിൽ വരയിട്ടിട്ടുണ്ടു്. അഞ്ചാം ശ്ലോകത്തിൻെറ അടിയിൽ 'അനുകഃ കാമുകഃ' എന്നും അമ്പതാം ശ്ലോകത്തിൻെറ അടിയിൽ 'അഭികഃ കാമുകഃ' എന്നും ടിപ്പണി ചേർത്തിരിക്കുന്നു. ഇടതുവശത്തു മാർജിനിൽ ശ്ലോകങ്ങളുടെ നേരേ അവ രചിച്ച തീയതിയും രേഖപ്പെടുത്തിയിട്ടുണ്ടു്. താളുകഠം കുറെയൊക്കെ വിവർണ്ണമായും ജീർണ്ണിച്ചും ഇരിക്കുന്നു.

ഈ പകർപ്പുകളിലും മററുമുള്ള പാഠാന്തരങ്ങളെയെല്ലാം ഈ പ്രസാധനത്തിൽ അതാതു ശ്ലോകത്തിനുശേഷം രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ശ്ലോകത്തിൻെറയും ആശയം സൂചിപ്പിച്ചുകൊണ്ടു് ആദ്യമായി അതിനെ അവതരിപ്പിക്കുക, അനതിലളിതങ്ങളായ പദങ്ങഠംക്കു് അർത്ഥം നല്കുക,

---

* ആദ്യത്തെ ശ്ലോകത്തിൽ 'ശ്രീമാൻ', 'ഭുജംഗർക്ഷജൻ' എന്നീ പദങ്ങളുടെ അടിയിൽ വരച്ചിട്ടില്ല. മൂലംതിരുനാളിനു സമർപ്പിക്കുന്ന ഗ്രന്ഥത്തിൽ ആയില്യംതിരുനാളിനെപ്പററിയുള്ള അപലപനം ആരംഭത്തിൽ പ്രകടമാക്കേണ്ട എന്നു കേരളവർമ്മ കരുതിയിരിക്കണം.

ഓരോ ശ്ലോകത്തിനും ഗദ്യത്തിൽ വിവൎത്തനമെഴുതുക, ശ്രദ്ധേയങ്ങളെന്നു തോന്നുന്ന സാഹിത്യാംശങ്ങൾ ചൂണ്ടി ക്കാണിക്കുക—ഇതാണു് വ്യാഖ്യാനത്തിൽ അംഗീകരിച്ചി രിക്കുന്ന പദ്ധതി. സന്ദേശകാവ്യത്തിന്റെ മൂലമാതൃകയായ മേഘസന്ദേശത്തോടും കേരളവൎമ്മയുടെ പ്രധാനകൃതിയായ വിശാഖവിജയത്തോടും മയൂരസന്ദേശത്തിനുള്ള പ്രകടമായ സാദൃശ്യം വ്യാഖ്യാനത്തിൽ അവിടവിടെ സൂചിപ്പിക്കുക യും ചെയ്തിട്ടുണ്ടു്.

മഹാപണ്ഡിതനും സഹൃദയധുരീണനുമായിരുന്ന ഏ. ആർ. രാജരാജവൎമ്മയുടെ 'മമ്മപ്രകാശനവ്യാഖ്യാനം' ഈ വ്യാഖ്യാനം രചിക്കുന്നതിനു വളരെ ഉപകരിച്ചിട്ടുണ്ടെന്നു നന്ദിപൂൎവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. എന്റെ ചില പ്രിയ ശിഷ്യന്മാരും സുഹൃത്തുക്കളും ഈ പ്രസാധനം പരിശോധി ച്ചു പല വിലയേറിയ നിൎദ്ദേശങ്ങൾ നല്കിയതിനു് അവ രോടു ഞാൻ കടപ്പെട്ടിരിക്കുന്നു. ചെറുപ്പകാലത്തുതന്നെ മയൂ രസന്ദേശവുമായി എന്നെ പരിചയപ്പെടുത്തിയ എന്റെ അഭിവന്ദ്യപിതാവിനെ സ്നേഹാദരങ്ങളോടു സ്മരിച്ചുകൊ ണ്ടു് 'കേരളഹൃദയം' സഹൃദയപ്രീതിക്കായി പ്രകാശിപ്പിച്ചു കൊള്ളുന്നു.

തിരുവനന്തപുരം
7—10—1964

പി. കെ. നാരായണപിള്ള

# പൂർവ്വഭാഗം

## 1

നായികാനായകന്മാരുടെ വിപ്രയോഗം അവതരിപ്പിച്ചുകൊണ്ടു കാവ്യം സമാരംഭിക്കുന്നു.

**ശ്രീമാൻ വഞ്ചിക്ഷിതിപതി ഭുജംഗർക്ഷജൻ ലക്ഷ്മിയാകും**
**സാമാന്യംവിട്ടെഴുമുരുഗുണാഭോഗയാം ഭാഗിനേയീം**
**പ്രേമാവാസപ്രിയതമവിയോഗത്തിനാലാർത്തയാക്കി-**
**സ്സീമാതീതേ കദനജലധൌ കേരളം തള്ളിവിട്ടാൻ.**

ശ്രീമാൻ—ഐശ്വര്യം തികഞ്ഞ. ഭുജംഗർക്ഷജൻ—ഭുജംഗമായ ഋക്ഷത്തിൽ ജനിച്ചവൻ. ഭുജംഗം—ആയില്യം. ഋക്ഷം—നക്ഷത്രം. സർപ്പം ആയില്യം നക്ഷത്രത്തിൻെറ ദേവതയാണു്. അതുകൊണ്ടായിരിക്കണം ഭുജംഗപദത്തിനു് ആയില്യം എന്ന അർത്ഥം വന്നതു്. വഞ്ചിക്ഷിതിപതി—തിരുവിതാംകൂർ മഹാരാജാവു്; ആയില്യംതിരുനാൾ മഹാരാജാവു് എന്നർത്ഥം. ലക്ഷ്മിയാകും—ലക്ഷ്മീഭായി എന്നു പേരുള്ള; സാക്ഷാൽ മഹാലക്ഷ്മിയെന്നും. സാമാന്യംവിട്ടെഴുമുരുഗുണാഭോഗയാം—അസാധാരണമായി വർദ്ധിച്ച ഗുണാഭോഗത്തോടുകൂടിയ. ഗുണാഭോഗം—ഗുണങ്ങളുടെ തികവു്. ഭാഗിനേയീം—അനന്തരവളെ. പ്രേമാവാസപ്രിയതമവിയോഗത്തിനാൽ—പ്രേമത്തിൻെറ ആവാസമായ പ്രിയതമൻെറ ജയിൽവാസംനിമിത്തമുണ്ടായ വിയോഗത്തിനാൽ. ആവാസം—ഇരിപ്പിടം. ആർത്തയാക്കി—ദുഃഖിതയാക്കിക്കൊണ്ടു്. സീമാതീതേ—അതിരില്ലാത്ത. കദനജലധൌ—ശോകസമുദ്രത്തിൽ. കേരളം—കേരളവർമ്മയെ.

ഐശ്വര്യസമ്പന്നനും ആയില്യംനക്ഷത്രത്തിൽ ജനിച്ചവനുമായ വഞ്ചിമഹീപാലൻ (ആയില്യംതിരുനാൾമഹാരാജാവു്) ലക്ഷ്മീഭായി എന്ന അസാമാന്യഗുണസമ്പന്നയായ ഭാഗിനേയിക്കു്, പ്രേമനിലയനമായ പ്രിയതമൻെറ വിയോഗത്തിനിടവരുത്തി, ശോകാർത്തി ജനിപ്പിച്ചുകൊണ്ടു്, കേരളവർമ്മയെ നിസ്സീമമായ ദുഃഖസാഗരത്തിലേക്കു തള്ളിവിട്ടു.

ശ്രീ എന്ന പദത്തിനു വിഷം എന്നും അർത്ഥമുണ്ട്. ഭുജംഗപദത്തിനു വിടനെന്നും. അതിനാൽ ആയില്യംതിരുനാളിനെ വിഷം നിറഞ്ഞ സർപ്പത്തെപ്പോലെ കവി വെറുത്തിരുന്നതായും വിടനെന്ന നിലയിൽ നിന്ദിച്ചിരുന്നതായും ശ്ലേഷംകൊണ്ട് ഒരു പ്രതീതി ഉളവാക്കിയിരിക്കുന്നു. 1 സദ്ഗുണസമ്പന്നയായ ഭാഗിനേയിയെപ്പോലും സങ്കടപ്പെടുത്തിയെന്നു വിവക്ഷിച്ചിരിക്കുന്നതിനാൽ അനന്തരവളോടുള്ള വാത്സല്യത്തെപ്പോലും അവഗണിക്കത്തക്കവണ്ണം ഉൽക്കടമായിരുന്ന രാജപാരുഷ്യം വ്യഞ്ജിക്കുന്നു. കേരളം എന്ന പദത്തിനു കേരളദേശത്തെ എന്ന ശ്ലിഷ്ടാർത്ഥവുമുണ്ടല്ലോ.2 അപ്പോൾ തന്നെ ജയിലിലാക്കിയതു കേരളത്തിനു പൊതുവേ ദുഃഖകാരണമായിത്തീർന്നു എന്നു സൂചിപ്പിക്കുന്നതിൽ പ്രതിഫലിക്കുന്നതു്, കേരളത്തിൽ തനിക്കുണ്ടായിരുന്ന സ്ഥാനത്തെപ്പററിയും കേരളീയർക്കു തന്നോടുണ്ടായിരുന്ന സ്നേഹാദരങ്ങളെപ്പററിയും കേരളവർമ്മ തികച്ചും ബോധവാനായിരുന്നു എന്നതാണു്. 'കദനജലധി' എന്ന രൂപകാലങ്കാരവും തുടർന്നു 'തള്ളിവിട്ടാൻ' എന്ന പദപ്രയോഗവും നായകന്റെ ശോകസാന്ദ്രതയേയും നിസ്സഹായതയേയും പ്രകാശിപ്പിക്കുന്നു.

ഈ കാവ്യത്തിലെ പദ്യങ്ങളിൽ നാലു പാദങ്ങളിലേയും ആദിസ്വരം ഒന്നുകിൽ ഹ്രസ്വമായിരിക്കും. അല്ലെങ്കിൽ ദീർഘമായിരിക്കും. ദ്വിതീയാക്ഷരപ്രാസം ഉടനീളം ദീക്ഷിച്ചിരിക്കുന്നു. അനുപ്രാസം, വൃത്ത്യനുപ്രാസം തുടങ്ങിയവ അവിടവിടെ ധാരാളമായിക്കാണാം. സന്ദേശവൃത്തമെന്നു പ്രസിദ്ധമായ 'മന്ദാക്രാന്ത'യാണു് ഈ കാവ്യത്തിൽ സ്വീകരിച്ചിരിക്കുന്നതു്. ലക്ഷണം:

''മന്ദാക്രാന്താ മ ഭ ന ത ത ഗം നാലുമാറേഴുമായ് ഗം.''

---

1. ''ശ്രീമത്തയാ വിഭാത്യേഷ സർപ്പരാഡിവ പർപ്പരാട്'' എന്നു വിശാഖംതിരുനാൾ എഴുതിയതിനെ, ''ദ്വിജിഹ്വസ്യ, ഭുജംഗസ്യ, വക്രൈവാസ്യ ഗതിസ്സദാ'' എന്നുകൂടിച്ചേർത്തു് കേരളവർമ്മ പൂരിപ്പിച്ചതു് ഇവിടെ സ്മരണീയമാണു്. വിശാഖവിജയത്തിൽ കേരളവർമ്മ ആയില്യംതിരുനാളിനെ കാമാസക്തനായി ചിത്രീകരിച്ചിരിക്കുന്നു. ''ഭ്രൂലോകഭർത്തുരനിയന്ത്രിതകാമവൃത്തേഃ'' (v–8)

2. കേരളമെന്ന പദം രണ്ടർത്ഥത്തിൽ വിശാഖവിജയത്തിലും (v–35) പ്രയോഗിച്ചുകാണുന്നു.

''കസ്മിംശ്ചിദന്യവിഷയേ കഥമുത്സുകാ സ്യാ–
ദുത്സൃജ്യ കേരളമസംശയമേവ ലക്ഷ്മീഃ''

കേരളവർമ്മയെ ഉപേക്ഷിച്ച ലക്ഷ്മീഭായി മറെറാരാളിൽ എങ്ങനെ ഉത്സുകയാകും എന്നും, കേരളത്തെ ഉപേക്ഷിച്ച ലക്ഷ്മീദേവി മറെറാരു രാജ്യത്തിൽ എങ്ങനെ ഉത്സുകയാകും എന്നും ഈ ശ്ലോകാർദ്ധത്തിനർത്ഥം.

## 2

നാലഞ്ചുകൊല്ലത്തെ ദുർന്നിവാരമായ ക്ലേശാനുഭവം കവിയെ വിധിവൈപരീത്യം അപരിഹരണീയമെന്ന നിഗമനത്തിലേക്കു നയിക്കുന്നു.

**ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-**
**ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും**
**കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ**
**ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ.**

ഇഷ്ടപ്രാണേശ്വരി—സ്നേഹസമ്പന്നയായ പ്രാണനായിക. നരേന്ദ്രദ്വിഷ്ടത്വം—രാജാവിന്റെ ശത്രുത. നാലഞ്ചുകൊല്ലം—കേരളവർമ്മ ബന്ധനസ്ഥനായതു് 1050 കർക്കടകത്തിലും ബന്ധനമുക്തനായതു് 1055 ഇടവത്തിലുമാണു്. അതിനാൽ മോചനത്തിനു് അല്പകാലം മുമ്പു സന്ദേശം അയയ്ക്കുന്നതായിട്ടാണു സങ്കല്പം. ദിഷ്ടക്കേടു്—ഭാഗ്യദോഷം. പരീഹാരം—പരിഹാരം.

സ്നേഹമയിയായ പ്രാണനാഥയുടെ വിയോഗവും രാജശത്രുതകൊണ്ടുള്ള മാനഹാനിയും നിമിത്തം ആ മനുഷ്യൻ ക്ലേശിച്ചു നാലഞ്ചു കൊല്ലം കഴിച്ചുകൂട്ടി. ഭാഗ്യദോഷംകൊണ്ടു വരുന്നതിനു പരിഹാരമില്ലല്ലോ

രാജകോപം നീക്കുന്നതിനു ക്ഷമാപണസഹസ്രരചനവരെയുള്ള പല മാർഗ്ഗങ്ങളും പരീക്ഷിച്ചു നായകൻ പരാജയമടഞ്ഞുവല്ലോ. അതിനാൽ ''ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ'' എന്ന സാധാരണമായ അർത്ഥാന്തരന്യാസതത്ത്വം കേരളവർമ്മയ്ക്കു് അനുഭവഗോചരമായതാണെന്നു വിശ്വസിക്കണം. മററു സന്ദേശങ്ങളിലെ നായകന്മാർക്കു വിരഹതാപം മാത്രമേ ദുഃഖകാരണമായുള്ളു. എന്നാൽ കേരളവർമ്മയാകട്ടെ, കാരാഗൃഹബന്ധനം നിമിത്തമുണ്ടായ ദുസ്സഹമായ അപമാനഭാരംകൊണ്ടും ദുഃഖിതനായിരുന്നു. വിരഹജന്യമായ ശോച്യാവസ്ഥയെ ഇതു കൂടുതൽ ഉൽക്കടമാക്കുന്നു. ശോകലിപ്തമായ വിയോഗവിപ്രലംഭത്തിന്റെ സ്ഫുരണത്തിനു് ഇതു വളരെ സഹായമായിത്തീരുകയും ചെയ്യുന്നു.

ഇഷ്ടപ്രാണേശ്വരി, പ്രാണപ്രേഷ്ഠപ്രണയിനി, പ്രൗഢചണ്ഡാതപം, അതിസൗന്ദര്യചാതുര്യധുര്യം എന്നിങ്ങനെയുള്ള പദധാരാളത ഈ കൃതിയിൽ പലേടത്തും കാണാം.

## 3

നായകൻ ഭാഗ്യവശാൽ സന്ദേശവാഹകനായ മയിലിനെ കണ്ടുമുട്ടുന്നു.

**ആ വിശ്വചിന്താഭരമവനരിപ്പാട്ടു വാണോരു കാലേ**
**സേവിക്കാനായ് ഗുഹനെയൊരുനാളാസ്ഥയാ പോയനേരം**

**ഭാവിശ്രേയഃപിശുനശകുനം കണ്ടുപോൽ നീലകണ്ഠം**
**കോവിൽക്കെട്ടിൽ കചചന ഭഗവദ്വാഹനം മോഹനാംഗം.**

ആവിശ്ചിന്താഭരം—ആവിർഭവിച്ചുകൊണ്ടിരിക്കുന്ന ചിന്തകളുടെ ഭാരത്തോടുകൂടി. അരിപ്പാട്ടു വാണോരുകാലേ—കേരളവർമ്മ ആദ്യം ആലപ്പുഴക്കൊട്ടാരത്തിൽ 15 മാസം ബന്ധനസ്ഥനായിരുന്നു. അതിനുശേഷം അദ്ദേഹത്തെ അനന്തപുരത്തുകൊട്ടാരത്തിൽ താമസിക്കുവാനനുവദിച്ചു. ഗുഹൻ—സുബ്രഹ്മണ്യൻ. ആസ്ഥയാ—വിശ്വാസത്തോടുകൂടി. ഭാവിശ്രേയഃപിശുനശകുനം—ഭാവിയിലുണ്ടാകാനിരിക്കുന്ന നന്മയെ സൂചിപ്പിക്കുന്ന ശകുനം. ശകുനപദത്തിന് പക്ഷി എന്നും അർത്ഥം. കോവിൽക്കെട്ടിൽ—അമ്പലത്തിനുള്ളിൽ. കചചന—ഒരിടത്തു്. മോഹനാംഗം—സുന്ദരമായ അവയവങ്ങളോടുകൂടിയ. ഭഗവദ്വാഹനം—ഭഗവാന്റെ (സുബ്രഹ്മണ്യന്റെ) വാഹനം. നീലകണ്ഠം—നീലകണ്ഠനെ, മയിലിനെ.

അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ചിന്തകളുടെ ഭാരവും പേറി അദ്ദേഹം അരിപ്പാട്ടു താമസിക്കുന്നകാലത്തു് സുബ്രഹ്മണ്യനെ വിശ്വാസപൂർവ്വം ഭജിക്കുവാൻ ഒരുദിവസം പോയപ്പോൾ ക്ഷേത്രത്തിലൊരിടത്തു് വരാനിരിക്കുന്ന ശ്രേയസ്സിനെ സൂചിപ്പിക്കുന്ന സുന്ദരാകൃതിയായ മയിലിനെ കാണുവാനിടയായി.

ദാരുണചിന്തകളുടെ സമ്മർദ്ദത്തിനു വിധേയനായി, ഈശ്വരൻ മാത്രം ശരണം എന്ന നിലയിൽ സ്വാമിദർശനംചെയ്തപ്പോൾ അവിടുത്തെ കാരുണ്യംകൊണ്ടു് ക്ലേശം നശിച്ചു ശ്രേയസ്സ് ഉണ്ടാകുവാൻ തുടങ്ങി എന്നു ഭാവം.

സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ സാധാരണ മയിലിനെ ഭക്തിപൂർവ്വം വളർത്താറുണ്ടു്. അരിപ്പാട്ടുക്ഷേത്രത്തിൽ ശ്രീകോവിലിന്റെ വടക്കുവശത്തു് ഇപ്പോഴും മയിലിനെ സൂക്ഷിച്ചുവരുന്നു.

## 4

**മയിലിന്റെ വിതിർത്ത പീലി നീലവേണിയായ നായികയെക്കുറിച്ചുള്ള സ്മരണ നായകനിൽ ജനിപ്പിക്കുന്നു.**

**കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തി-**
**ക്കൊണ്ടുകേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം**
**കണ്ടുകാമീ നിജ കമനിയാം നീലവേണീം നിനച്ചി-**
**ട്ടിണ്ടൽക്കോരം വശഗനവിടെത്തന്നെ മിണ്ടാതെ നിന്നാൻ.**

കൊണ്ടൽക്കോളാൽ—കാർമേഘപടലത്താൽ. കലിതകുതുകം—ഉണ്ടായ ഉത്സാഹത്തോടുകൂടി. കേകിപ്രവരൻ—മയിലുകളിൽ ശ്രേഷ്ഠൻ. ഭംഗീ—വട്ടത്തിലുള്ള നടനം. കാമീ—കാമുകൻ. നിജ കമനിയാം—തന്റെ കാമിനിയായ. നീലവേണീം—കറുത്ത മുടിയോടുകൂടിയവളെ (സുന്ദരിയെ). ഇണ്ടൽ—ദുഃഖം. വശഗൻ—വിധേയൻ.

മേഘസമൂഹത്തിൻെറ ദശ്നംകൊണ്ടുണ്ടായ ഉത്സാഹത്തോടുകൂടി പീലിയെല്ലാം പരത്തിക്കൊണ്ടു് ആ കേകിശ്രേഷ്ഠൻ ഭംഗിയായി നൃത്തംചെയ്യുന്നതു കണ്ടിട്ടു് ആ കാമുകൻ നീലവേണിയായ സ്വകാമിനിയെ സ്മരിച്ചു് ഏററവും ദുഃഖിതനായി മിണ്ടാതെ അവിടെത്തന്നെ നിന്നു.

മേഘദശ്നംകൊണ്ടുതന്നെ വിരഹിയായ നായകൻ സ്വകാമിനീസ്മരണ വളന്നു് ഉൽക്കണ്ഠിതനായിരിക്കണം. മയിലിൻെറ വിടത്തിപ്പിടിച്ച പീലി കണ്ടപ്പോഴുണ്ടായ സ്മരണകൂടി ആയപ്പോഠം വദ്ധമാനമായ ശോകഭാരം നായകനെ സ്തബ്ധനാക്കിയതായി വണ്ണിച്ചിരിക്കുന്നതു് വിപ്രലംഭത്തെ പരിപോഷിപ്പിക്കുന്നു. സ്മൃതിമദലങ്കാരം രസാംശമായി വത്തിക്കുന്നു എന്നു സാരം. ആ വഷകാലത്തു ദീഘമായ വിരഹംകൊണ്ടു വിവശയായ നായികയെ ആശ്വസിപ്പിക്കേണ്ടതു് അനുപേക്ഷണീയമാണെന്നും അതിനു മയൂരംമുഖേന ഒരു സന്ദേശം അയയ്ക്കുന്നതു് ഉചിതമായിരിക്കുമെന്നും ഈ മൗനാവസ്ഥയിൽ നായകനു ക്രമേണ തോന്നിയിരിക്കണം.

## 5

നായകൻ മനസ്സുകൊണ്ടു് മയൂരത്തെ കാര്യമെല്ലാം ധരിപ്പിക്കുന്നു.

**സന്താപഘ്നം സകലജഗതാം സ്കന്ദനേ വന്ദനംചെ-**
**യ്യുന്തായാലും വിഷമമിതിനാലൊന്നുമില്ലെന്നുറച്ചു്**
**ചിന്താമഗ്നൻ ചിരമവിടെനിന്നമ്മയൂരത്തൊടേവം**
**ഹന്താത്യന്തം പരവശതയാലന്തരംഗേണ ചൊന്നാൻ.**

'ഒന്നുമില്ലെ'ന്നതിനു പകരം 'ഏതുമില്ലെ'ന്നു് ഭാഷാപോഷിണീപാഠം.

സകലജഗതാം—സവ്വലോകക്കും. സന്താപഘ്നം—സന്താപനാശകനായ. സ്കന്ദനെ—സുബ്രഹ്മണ്യനെ. ചിന്താമഗ്നൻ—ചിന്തയിൽ മുഴുകിയവൻ. അന്തരംഗേണ—അന്തരംഗംകൊണ്ടു്. അന്തരംഗം—ഉള്ളിലുള്ള അംഗം—ഇന്ദ്രിയം (മനസ്സെന്നത്ഥം).

എല്ലാവരുടേയും സന്താപനാശകനായ സുബ്രഹ്മണ്യനെ ആരാധിച്ചശേഷം ഇതിൻെറ ഫലമായി മേലിൽ യാതൊരു വിഷമവും ഉണ്ടാകയില്ലെന്നു വിശ്വസിച്ചുകൊണ്ടു നായകൻ അവിടെ ചിന്താമഗ്നനായി നിന്നു് ആ മയിലിനോടു്, കഷ്ടം! ഏററവും പരവശനായി മനസ്സുകൊണ്ടു് ഇങ്ങനെ പറഞ്ഞു.

''അത്യന്തം പരവശതയാലന്തരംഗേണ ചൊന്നാൻ'' എന്ന ഭാഗം
''കാമാത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു''

എന്ന കാളിദാസപംക്തിയുടെ ഭാവം ഉഠംക്കൊള്ളുന്നു. കേവലം ഒരു പക്ഷിയായ മയിലിനോടു് തൻെറ വിരഹകാര്യം വിവരിക്കുവാൻ

സന്നദ്ധനാകുന്നതു് നായകന്റെ ദീനാവസ്ഥയെ വിളിച്ചുപറയുന്നു. 'ഹന്ത!' എന്ന നിപാതം ഈ ദീനാവസ്ഥയെ കൂടുതലായി അഭിവ്യഞ്ജിപ്പിക്കുന്നു. മയിലിനോടു കാര്യങ്ങൾ മനസ്സുകൊണ്ടു പറഞ്ഞു എന്നു കല്പിച്ചിരിക്കുന്നതു് എല്ലാംകൊണ്ടും ഉചിതംതന്നെ.

''എന്തായാലും വിഷമമിതിനാലൊന്നുമില്ലെന്നുറച്ചു്'' എന്ന വരിയിലെ വിവക്ഷ ഗ്രഹാരാധനംചെയ്യുനിമിത്തം വിഷമമെല്ലാം പരിഹരിക്കപ്പെട്ടു എന്നാണെങ്കിൽ ഇവിടെ മലയാളശൈലിക്കു് അല്പം ഭംഗമുണ്ടു്. ഗ്രഹാരാധനംകൊണ്ടു് വിഷമമൊന്നുമുണ്ടാകയില്ല എന്ന അൎത്ഥമേ സാധാരണഗതിയിൽ പ്രതീതമാകയുള്ളു. അല്ലെങ്കിൽ 'ഇതിനാൽ' എന്ന പദം താഴെ പറയുന്ന മയൂരസംവാദത്തെ പരാമൎശിക്കുന്നതായെടുക്കാം. അപ്പോൾ മയിലിനോടു വിവരമെല്ലാം പറയുന്നതിൽ വിഷമമൊന്നുമുണ്ടാകാനില്ല എന്നു് അൎത്ഥം കിട്ടും. ഇതിനു സാരസ്യം കുറയും. 'ഇതിനാൽ' എന്നതിനു പകരം 'ഇനിമേൽ' എന്നാക്കിയാൽ ശൈലിക്കും അൎത്ഥത്തിനും ഭംഗംകൂടാതെ കഴിക്കാമെന്നു തോന്നുന്നു.

ഈ ശ്ലോകത്തെ താഴെ കൊടുക്കുന്ന രാമായണചമ്പുവിലെ ശ്ലോകവുമായി ചിലർ ബന്ധിപ്പിച്ചു പറയാറുണ്ടു്:

''സന്താപഘ്നം സകലജഗതാം ശാർങ്ഗചാപാഭിരാമം
ലക്ഷ്മീവിദ്യുല്ലസിതമതസീഗുച്ഛസച്ഛായകായം
വൈകുണ്ഠാഖ്യം മുനിജനമനശ്ചാതകാനാം ശരണ്യം
കാരുണ്യാപം ത്രിദശപരിഷത് കാളമേഘം ദദൎശ.''

'സന്താപഘ്നം സകലജഗതാം' എന്ന പ്രതീകത്തിലൊഴിച്ചു മറെറാരു സാദൃശ്യവും ഇവതമ്മിലില്ലെന്നു കാണേണ്ടതാണു്.

6

അടുത്ത മൂന്നു ശ്ലോകത്തിൽ മയിലിനെ പ്രശംസിക്കുന്നു. സുബ്രഹ്മണ്യൻ മയിലിനെ തന്റെ വാഹനമായി തിരഞ്ഞെടുത്തതു പക്ഷികളുടെ കൂട്ടത്തിലതിനുള്ള അസാധാരണഗുണവിശേഷങ്ങൾ നിമിത്തമാണെന്നു് ആദ്യമായി പറയുന്നു.

ധന്യാത്മാവേ! ഖഗവര! ജയിച്ചാലുമെന്നിൽ പ്രസാദി-
ച്ചന്യായത്താലഴലിലുഴലുന്നെന്നെ നീതാൻ തുണയ്ക്ക
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻ ഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാങ്കയാൽതന്നെ നിന്നെ.

ശ്രീമൂലംതിരുനാൾ മഹാരാജാവിനു് ഗ്രന്ഥകൎത്താവു് സ്വന്തം കൈയക്ഷരത്തിൽ എഴുതി സമൎപ്പിച്ച മയൂരസന്ദേശം പകൎപ്പിലെ പാഠത്തെ ഇവിടെ കൈയെഴുത്തുപാഠം എന്നു നിർദ്ദേശിച്ചിരിക്കുന്നു.

'എന്നിൽ പ്രസാദിച്ച്' എന്നു കൈയെഴുത്തുപാഠം. ഇതുതന്നെ ഭാഷാപോഷിണീപാഠവും. 'ഉള്ളം കനിഞ്ഞിട്ട്' എന്നു പാഠാന്തരം.

ധന്യാത്മാവ്—ധന്യനായ വ്യക്തി. ധന്യൻ—ചരിതാർത്ഥൻ. ഖഗവര!—പക്ഷിശ്രേഷ്ഠ! അന്യായത്താൽ—മഹാരാജാവിൻെറ അന്യായമായ പ്രവൃത്തിനിമിത്തം. അഴൽ—ദുഃഖം. ഉഴലുന്ന—വലയുന്ന തുണയ്ക്കു—സഹായിക്ക. വന്യാവാസേ—വനിയാകുന്ന അഥവാ വന്യമാകുന്ന ആവാസത്തോടുകൂടിയ. വനി—വനം. വന്യം—വനത്തിലുള്ള. വിഹഗനിവഹേ—പക്ഷികളുടെ കൂട്ടത്തിൽ. അന്യാസാധാരണ ഗുണഗണം—മററുള്ളവയ്ക്കില്ലാത്ത ഗുണങ്ങൾ. ബാഹുലേയൻ—സുബ്രഹ്മണ്യൻ. ഗ്രഹിച്ചാൻ—വാഹനമായി സ്വീകരിച്ചു.

ധന്യനായ പക്ഷിശ്രേഷ്ഠ! നിനക്കു വിജയമുണ്ടാകട്ടെ. അന്യായം നിമിത്തം ദുഃഖിച്ചുവലയുന്ന എന്നെ ദയവായി നീതന്നെ സഹായിക്കണം. വനത്തിലുള്ള പക്ഷികളുടെ കൂട്ടത്തിൽ അസാധാരണമായ ഗുണഗണം നിന്നിൽ കാണുകയാൽത്തന്നെയാണു സുബ്രഹ്മണ്യസ്വാമി സ്വന്തം വാഹനമായി നിന്നെ സ്വീകരിച്ചതു്.

മയിലിന്റെ ജീവിതം ധന്യമായിത്തീർന്നിരിക്കുന്നു. കാരണം, അതിൻെറ അനിതരസാധാരണമായ ഗുണസമ്പത്തിനെ അഭിനന്ദിച്ച് സുബ്രഹ്മണ്യൻ അതിനെ സ്വവാഹനമാക്കി എന്നതാണ്. പക്ഷേ, നായകൻെറ പാണ്ഡിത്യം തുടങ്ങിയ ഗുണവിശേഷങ്ങളെ അവഗണിച്ചുകൊണ്ട് അന്യായമായി അദ്ദേഹത്തെ ആയില്യംതിരുനാൾ ജയിലിലടച്ചു. ഇവിടെ വ്യതിരേകാലങ്കാരം വ്യംഗ്യമര്യാദയിൽ സ്ഫുരിക്കുന്നു. ഈ പരിതസ്ഥിതിയിൽ നായകൻ മയിലിൻെറ കാരുണ്യത്തിനു തികച്ചും പാത്രമാണെന്നു സിദ്ധം. പോരെങ്കിൽ അസാധാരണഗുണഗണം തികഞ്ഞ മയിലിനു കാരുണ്യം അവശ്യം ഉണ്ടായിരിക്കേണ്ടതുമാണല്ലോ.

## 7

ശ്രീകൃഷ്ണൻപോലും മയിലിനോടുള്ള മമതനിമിത്തം അതിൻെറ പീലി മുടിയിൽ ചൂടുന്നു.

> പാരിൽ പാർത്താലിഹ ഫണികുലംതന്നിൽ നിരന്നോടുതുല്യം
> വൈരിത്വംപൂണ്ടൊരു പതഗമാം പത്രമേറിച്ചരിക്കും
> ശൗരിക്കും ത്വാംപ്രതി മമതയാൽതന്നെ നിൻ പൃഷ്ഠലഗ്നം
> ഭൂരിശ്രീചേർന്നൊരു തനുരുഹം മൂർദ്ധ്നി ചൂടുന്നു ദേവൻ.

ഫണികുലം—സർപ്പവംശം. വൈരിത്വം—ശത്രുത. പതഗം—പക്ഷി. പത്രം—വാഹനം, ഗരുഡൻ. ശൗരി—ശ്രീകൃഷ്ണൻ. ത്വാംപ്രതി—നിന്നെക്കുറിച്ച്. മമത—എൻേറതെന്നുള്ള ഭാവം, സ്നേഹം. പൃഷ്ഠലഗ്നം—പൃഷ്ഠഭാഗത്തു ചേർന്നിരിക്കുന്ന. ഭൂരിശ്രീചേർന്ന—ഏററവും ശോഭയോടുകൂടിയ. തനുരുഹം—പീലിയെ. മൂർദ്ധ്നി—ശിരസ്സിൽ. ദേവൻ—ശ്രീകൃഷ്ണൻ.

ഈ ലോകത്തു് സർപ്പവംശത്തോട നിന്നെപ്പോലെതന്നെ ശത്രുതയുള്ള ഗരുഡവാഹനത്തിലേറി സഞ്ചരിക്കുന്ന (വിഷ്ണുവിൻെറ അവതാരമായ) ശ്രീകൃഷ്ണൻ നിന്നോടുള്ള മമതനിമിത്തമാണു് നിൻെറ പിൻഭാഗത്തുള്ള ശോഭയേറിയ പീലി ശിരസ്സിൽ അണിയുന്നതെന്നു് ആലോചിച്ചാലറിയാം.

നായകൻെറ ദൃഷ്ടിയിൽ സർപ്പത്തിൻെറ പര്യായങ്ങൾ ആയില്യം തിരുനാളിൻെറ പര്യായങ്ങളും സർപ്പത്തോടുള്ള വിദ്വേഷം ആയില്യം തിരുനാളിനോടുള്ള വിദ്വേഷവും അത്രേ. സർപ്പവിദ്വേഷിയാണെന്നുള്ളതു നായകന്റെ അഭിപ്രായത്തിൽ മയിലിൻെറ അഭിനന്ദനീയമായ യോഗ്യതയാണു്. പക്ഷിവംശത്തിൽ ജനിച്ചവനെന്നും സർപ്പഘാതകനെന്നും പര്യായോക്തമായി വിവക്ഷിച്ചിരിക്കുന്ന ഗരുഡനും നായകനും അഭിനന്ദ്യനാണു്. ഈ സർപ്പശത്രുവിനെ വാഹനമായി തിരഞ്ഞെടുത്തതു് സർപ്പവൈരംകൊണ്ടാണെന്നാണു നായകൻെറ പക്ഷം. അതിനാലാണല്ലോ മയിലിനോട ശ്രീകൃഷ്ണനു മമതാബന്ധം ഉളവായിരിക്കുന്നതു്. ഇങ്ങനെ വ്യംഗ്യരീതിയിൽ ആയില്യംതിരുനാളിനോടുള്ള വൈരവഹ്നിയുടെ ഒരു ജ്വലനം ഈ പദ്യത്തിൽ പ്രകാശിച്ചുകാണുന്നു. ഇതു വിരഹവഹ്നിയെ കൂടുതൽ ഉജ്ജ്വലത്താക്കുകയും ചെയ്യുന്നു.

8

മയിലിൻെറ ദേഹസുഷമ, ശബ്ദസൗകുമാര്യം, നൃത്തപാടവം എന്നിവയെ പ്രശംസിക്കുന്നു.

**ആകാരത്തിൻ സുഷമയിതുപോലേതു പക്ഷിക്കു പാരിൽ?**
**കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ**
**ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!**
**ശോകാനാം മേ ശുഭഗുണ! ഭവാനീശനാം നാശനായ.**

ആകാരം—ആകൃതി. സുഷമ—ശോഭാതിശയം. ശ്രവണസുഖദം—കാതുകൾക്കു സുഖകരമായ. കേകാരാവം—മയിലിൻെറ ശബ്ദം. ശകുന്തേ!—അല്ലയോ പക്ഷീ! ശകുന്തി—ആൺപക്ഷി. തേ—നിന്റെ. അസദൃശം—നിസ്തുലമായ. ലോകാനന്ദപ്രദം—ലോകത്തിനു് ആനന്ദത്തെ പ്രദാനംചെയ്യുന്നതു്. ശുഭഗുണ—ശുഭങ്ങളായ ഗുണങ്ങളോടുകൂടിയവനേ. മേ—എന്റെ. ശോകാനാം—ദുഃഖങ്ങളുടെ. നാശനായ—നശിപ്പിക്കലിനു്. ഭവാൻ—നീ. ഈശനാം—സമർത്ഥൻതന്നെ.

ഈ ലോകത്തിൽ ഏതു പക്ഷിക്കാണു് ഇതുപോലെ ശരീരകാന്തിയുള്ളതു്? കാതുകൾക്കു് ഇമ്പമായ നിൻെറ കേകാരവമോ എത്ര കേട്ടാലും തൃപ്തിയാവുകയുമില്ല. നിൻെറ നിസ്തുലമായ നൃത്തവും ലോകത്തിനു് ആനന്ദപ്രദമാണു്. അല്ലയോ സദ്ഗുണസമ്പന്ന, എൻെറ സങ്കടങ്ങൾ നശിപ്പിക്കുന്നതിനു നീ എല്ലാംകൊണ്ടും സമർത്ഥൻതന്നെ.

കണ്ണിനും കാതിനും കരളിനും ആനന്ദം പ്രദാനം ചെയ്യുന്നതിൽ മയൂരം അദ്വിതീയനത്രേ. ആനന്ദം ജനിപ്പിക്കുന്നതിൽ ശോകനിർമ്മാ

ജ്ജനവും അന്തർഭവിച്ചിരിക്കുന്നു. അതിനാൽ ആനന്ദദായകങ്ങളായ സദ്ഗുണങ്ങൾ തികഞ്ഞ മയിലിനു് നായകന്റെ ശോകവിനാശനത്തിനുള്ള വൈദഗ്ദ്ധ്യം സിദ്ധമാണെന്നു താല്പര്യം. നിരവലംബനായിരുന്ന വിരഹി തനിക്കു കിട്ടിയ ഏകാവലംബത്തെ സമാശ്രയിച്ചു് ആശാസൗധം കെട്ടിപ്പണിയുക സ്വാഭാവികമാണല്ലോ. വിരഹദശയിലെ നൈരാശ്യത്തെ ഇതു താൽക്കാലികമായിട്ടെങ്കിലും ലഘൂകരിക്കുന്നു.

9

സന്ദേശവാഹകനായി തിരുവനന്തപുരത്തേക്കു പോകണമെന്നപേക്ഷിക്കുന്നു.

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ-
തേനം ദീനം ജനമനു കനിഞ്ഞൊന്നു ചെയ്കാലുമിപ്പോൾ
സ്യാനന്ദൂരം പുരവരമതിൽ ചെന്നു മൽപ്രാണനാഥ-
യ്ക്കാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം.

'ഇല്ലാതേനം' എന്നു കൈയെഴുത്തുപാഠം. 'ഇല്ലാഞ്ഞേനം' എന്നു പാഠാന്തരം.

ദൂരസ്ഥിതദയിതനായ്—വിദൂരവർത്തിനിയായ ഭാര്യയോടുകൂടിയവനാകനിമിത്തം. ഏതുമാശ്വാസമില്ലാതെ—യാതൊരു സമാധാനമില്ലാത്തവനും. ദൂനം—ദുഃഖിതനും. ദീനം—അവശനും ആയ. ഏനം ജനം—ഈ ആളിനെ. അനു—പ്രതി. സ്യാനന്ദൂരം—തിരുവനന്തപുരം. പുരവരം—ശ്രേഷ്ഠപട്ടണം. പ്രാണനാഥ—ഭാര്യ. അരുളുക—നല്കുക. സന്ദേശവാക്യം—പറഞ്ഞയയ്ക്കുന്ന വാക്കുകൾ.

കാമിനി ദൂരസ്ഥിതയായിരിക്കനിമിത്തം യാതൊരാശ്വാസവും ഇല്ലാതെ ദുഃഖിതനും അവശനുമായിക്കഴിയുന്ന എന്നിൽ കരുണ തോന്നി ഒരു കാര്യം ഇപ്പോൾ ചെയ്യേണമേ. വിശിഷ്ടപട്ടണമായ തിരുവനന്തപുരത്തു പോയി സന്ദേശമറിയിച്ചു് എന്റെ പ്രാണനാഥയ്ക്കു് ആനന്ദം നല്കിയാലും.

10

നായികയെക്കണ്ടു സന്ദേശമറിയിക്കുന്നതു മയിലിനും ശ്രേയസ്കരമെന്നു പറയുന്നു.

പക്ഷിശ്രേഷ്ഠ! സ്വയമവിടെ നീ പോകിലെൻ പ്രാണനാഥാം
ലക്ഷിച്ചന്യാദൃശസുഷമകൊണ്ടാശു ഭൂലോകലക്ഷ്മീം
അക്ഷിദ്വന്ദ്വം തവ സഫലമാം; കിഞ്ച തൽ പ്രാണനെസ്സം-
രക്ഷിച്ചുണ്ടാമൊരു ഗുരുതരം പുണ്യവും ഗണ്യമല്ലോ.

ഈ ശ്ലോകത്തിന്റെ കൈയെഴുത്തുപാഠം താഴെ കൊടുക്കുന്നു.

''പക്ഷിശ്രേഷ്ഠ! ദ്രുതമിവിടെനിന്നപ്പുരം പുക്ക രാജ്ഞീം
ലക്ഷിച്ചന്യാദൃശസുഷമയാ തത്ര ഭൂലോകലക്ഷ്മീം
അക്ഷിദ്വന്ദ്വം തവ സഫലമാം, കിഞ്ച തൽപ്രാണനേസ്സം-
രക്ഷിച്ചെൻ വാചികമരുളിയപ്പുണ്യവും ഗണ്യമല്ലോ.''

ഇതുപോലെയാണ് ഭാഷാപോഷിണീപാഠവും.

പക്ഷിശ്രേഷ്ഠ! പക്ഷികുലത്തിൽ പ്രമുഖ! അന്യാദൃശസുഷമ കൊണ്ട്—അസാധാരണമായ സൗന്ദര്യം നിമിത്തം ഭൂലോകലക്ഷ്മീം—ഭൂലോകത്തിലെ ലക്ഷ്മിയായ. മൽപ്രാണനാഥാം—എൻെറ പ്രാണനാഥയെ. ലക്ഷിച്ച്—ദശിച്ച്. ആശു—പെട്ടെന്ന്. തവ—നിൻെറ. അക്ഷിദ്വന്ദ്വം—രണ്ടു കണ്ണുകളും. സഫലമാം—സഫലമായിത്തീരും. കിഞ്ച—എന്നുതന്നെയുമല്ല. തൽപ്രാണനെ—അവളുടെ ജീവനെ; ഗുരുതരം—വലിയ. പുണ്യവും—സുകൃതവും. ഗണ്യമല്ലോ—ഗണനാഹമാണല്ലോ, മഹത്താണല്ലോ.

അല്ലയോ പക്ഷിശ്രേഷ്ഠ! നീ അവിടെ തന്നത്താൻ പോകുന്ന പക്ഷം അസാധാരണസൗന്ദര്യംനിമിത്തം ഭൂലോകലക്ഷ്മിയായ എന്റെ പ്രാണനാഥയെ ദശിച്ച തൽക്ഷണം നിൻെറ നയനങ്ങരം സഫലങ്ങളായിത്തീരും. എന്നു മാത്രമല്ല, ആ മഹതിയുടെ ജീവനെ സംരക്ഷിക്കുന്നതിൽനിന്നുണ്ടാകുന്ന പുണ്യവും മഹത്തായിരിക്കുമല്ലോ.

നായികയുടെ പ്രാണസംരക്ഷണത്തെക്കുറിച്ചുള്ള പരാമശം, സന്ദേശം എത്തിച്ചുകൊടുക്കാതിരുന്നാൽ അവരം വിരഹാതുരതനിമിത്തം മൃതിയടഞ്ഞേക്കാമെന്നു നായകൻ ഭയപ്പെടുന്നതായി സൂചിപ്പിക്കുന്നു.

## 11

**നായികയുടെ കദനത്തിനു സ്വചാപല്യമാണ് കാരണമെന്നു നായകൻ സമ്മതിക്കുന്നു.**

**കല്യാവേശാൽ കലുഷമതിയാമെൻെറ ചാപല്യമൂലം**
**കല്യാണാംഗിക്കതികഠിനമാമല്ലലേവം പിണഞ്ഞു**
**കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ**
**കല്യാ നിന്നാൽ പരമിഹ മമ ക്ഷേമവാർത്താം നിവേദ്യ.**

കല്യാവേശാൽ—കലിയുടെ ആവേശംനിമിത്തം. കലി—ക്രോധം. കലുഷമതിയാം—കലങ്ങിയ ബുദ്ധിയോടുകൂടിയ. ചാപല്യം—അവിവേകം. കല്യാണാംഗിക്ക്—സുന്ദരിയായ നായികക്ക്. അതികഠിനം—അത്യന്തം ദുസ്സഹമായ. അല്ലൽ—ദുഃഖം. പിണഞ്ഞു—സംഭവിച്ചു. ദൈവാൽ—ഈശ്വരാധീനംകൊണ്ട്. കല്യാ—രോഗരഹിത. ഇഹ—ഇവിടെ. മമ—എൻെറ. ക്ഷേമവാത്താം—കുശലവത്തമാനം. നിവേദ്യ—അറിയിച്ചിട്ട്. നിന്നാൽപരം—നിന്നാൽത്തന്നെ. കഥമപി—ഏതെങ്കിലുംവിധത്തിൽ. സമുന്മൂലിതസ്വാന്തശല്യാ—സമുന്മൂലിതമായ സ്വാന്തശല്യത്തോടുകൂടിയവരം. സമുന്മൂലിതം—

നശിപ്പിക്കപ്പെട്ട. സ്വാന്തശല്യം—മനസ്സിലെ ദുഃഖം. കല്യാ—ആക്കി ത്തിക്കേണ്ടവളാണു്.

കലിബാധനിമിത്തം കലുഷബുദ്ധിയായിത്തീൎന്ന എന്റെ ചാപല്യംനിമിത്തം ആ സുന്ദരിക്കു് അതികഠിനമായ ദുഃഖം സംഭവിച്ചു. ഈശ്വരാനുഗ്രഹത്താൽ രോഗരഹിതയായിക്കഴിയുന്ന അവളെ എന്റെ ഇവിടത്തെ കുശലവൎത്തമാനമറിയിച്ചു് നീതന്നെ ഏതുവിധമെങ്കിലും ഹൃദയവ്യഥയില്ലാത്തവളാക്കിത്തീൎക്കണം.

''കല്യാവേശാൽ കലുഷമതിയാമെന്റെ ചാപല്യമൂലം'' എന്ന വാക്കുകളിൽ തനിക്കു ബുദ്ധിമോശം പററിപ്പോയതാണെന്നുള്ള നായകന്റെ പശ്ചാത്താപം പ്രതിഫലിക്കുന്നു. തന്റെ അവിവേകം നിമിത്തമാണു് നായിക ദുസ്സഹമായ ദുഃഖത്തിനു പാത്രമായതെന്ന അപരാധബോധത്തോടുകൂടി നായകൻ മയിലിനോടു സന്ദേശഹരണത്തിനായി അഭ്യൎത്ഥിക്കുന്നതു് അനുകമ്പാജനകമത്രേ. 'കല്യാദൈവാൽ' എന്ന പ്രയോഗം നായികയ്ക്കു് ശരീരത്തിനു സുഖമുണ്ടെങ്കിലും മനസ്സിനു തീരെ സുഖമില്ലെന്നു വ്യഞ്ജിപ്പിക്കുന്നു.

ല്യാ–പ്രാസം ദീക്ഷിക്കാനുള്ള വ്യഗ്രതയിലായിരിക്കാം പൂൎവ്വാൎദ്ധത്തിലെ മനോഹരമലയാളശൈലി വിട്ടു് ഉത്തരാൎദ്ധത്തിൽ സംസ്കൃതത്തെത്തന്നെ അവലംബിക്കുവാൻ കവി നിൎബ്ബന്ധനായിത്തീൎന്നതു്.

## 12

**രാജകല്പന ഭയന്നു് മററാരുംതന്നെ തിരുവനന്തപുരത്തെത്തി നായികയ്ക്കു സന്ദേശം നല്കുന്നതിനു മുതിരുകയില്ലെന്നു പറയുന്നു.**

**തത്താദൃക്കാം നരപതിഭയംകൊണ്ടു മററാരുമിപ്പോ-**
**ളെത്താനും തൽപുരമതിൽ മഹാരാജ്ഞിയെക്കാണുവാനും**
**വൃത്താന്തം മേ പറവതിനുമാളല്ല നീതന്നെ വേണം**
**ചിത്താശ്വാസം രുചിരചികുരയ്ക്കേകുവാൻ കേകിവര്യ!**

താദൃക്—അപ്രകാരമുള്ള. തത്താദൃക്—അപ്രകാരമെല്ലാമുള്ള, പറഞ്ഞറിയിക്കാൻ വയ്യാത്ത. നരപതിഭയം—രാജാവിനെപ്പററിയുള്ള ഭയം. തൽപുരം—ആ പട്ടണം, തിരുവനന്തപുരം. മേ—എന്റെ. വൃത്താന്തം—കുശലം. ചിത്താശ്വാസം—മനസ്സിനുസമാധാനം. രുചിരചികുരയ്ക്കു്—രുചിരമായ ചികുരത്തോടുകൂടിയ നായികയ്ക്കു്. രുചിരം—മനോഹരം. ചികുരം—തലമുടി. കേകിവര്യ—കേകികളിൽ ശ്രേഷ്ഠനായിട്ടുള്ളവനേ. കേകി—മയിൽ.

അത്യധികമായ രാജഭീതിനിമിത്തം മറ്റൊരുത്തനുംതന്നെ തിരുവനന്തപുരത്തു പോകുന്നതിനും മഹാരാജ്ഞിയെ കാണുന്നതിനും എന്റെ വൃത്താന്തം പറയുന്നതിനും കഴിവുള്ളവനാകയില്ല. അതിനാൽ നീതന്നെ വേണം ആ സുന്ദരിക്കു മനസ്സമാധാനം നല്കുവാൻ.

'തത്താദൃക്കാം' എന്ന സർവ്വനാമപ്രയോഗം നായികാനായകന്മാരുടെ കാര്യത്തിൽ ഇടപെടാൻ മററുള്ളവർക്കുണ്ടായിരുന്ന ഭയാതിരേകത്തേയും തദ്വാരാ ആയില്യംതിരുനാളിൻെറ ഉൽക്കടമായ പാരുഷ്യത്തേയും വ്യഞ്ജിപ്പിക്കുന്നു. രാജ്ഞിയെ കാണുന്നതിനു് മററാക്കും സാദ്ധ്യമാകയില്ല എന്ന പ്രസ്താവം അവരെയും മഹാരാജാവു് ഏതാണ്ടൊരു സൂക്ഷിപ്പിൽത്തന്നെ വച്ചിരുന്നു എന്നു സൂചിപ്പിക്കുന്നു. ആകെക്കൂടി രാജപ്രഭാവം ഭയജനകമായ ഒരന്തരീക്ഷം തിരുവനന്തപുരത്തു സൃഷ്ടിച്ചതിൻെറ ഒരു പ്രതീതി ഈ ശ്ലോകത്തിൽനിന്നുമുളവാകുന്നു.

## 13

**ആകാശത്തു മഴക്കാർ നിറയുമ്പോരം വിരഹവ്യഥ നിമിത്തം നായിക കരയുമെന്നു സങ്കല്പിക്കുന്നു.**

**കോടക്കാർകൊണ്ടിരുളിയലുമീയംബരം കാണവേ മാൻ-**
**പേടക്കണ്ണാൾ വിരഹവിധുരീഭാവമാർന്നെൻെറ നാഥാ**
**ളുടെക്കൂടെക്കരയുമതിനാലാശു നീയന്തികേ ചെ-**
**ന്നാടൽക്കെല്ലാമറുതിയുളവാക്കേണമെൻ ക്ഷേമമോതി.**

കോടക്കാർ—പടിഞ്ഞാറൻകാററടിച്ചുവരുന്ന മേഘം, കാലവർഷക്കാലത്തെ മേഘം. ഇരുളിയലും—ഇരുണ്ട. അംബരം—ആകാശം. മാൻപേടക്കണ്ണാരം—മാൻപേടയുടെ കണ്ണുപോലുള്ള കണ്ണുകളോടുകൂടിയവരം, സുന്ദരി. നാഥാ—ഭാര്യ. വിരഹവിധുരീഭാവമാനു്—വിരഹം നിമിത്തമുള്ള വ്യാകുലതയോടുകൂടി. ആശു—വേഗം. അന്തികേ—സമീപം. ആടൽ—ദുഃഖം. അറുതി—അവസാനം. ക്ഷേമം—കുശലം.

കാലവർഷമേഘംകൊണ്ടു് ഇരുണ്ട ആകാശം കാണുമ്പോരം എന്റെ സുന്ദരിയായ പ്രാണനാഥ വിരഹവ്യാകുലയായി വീണ്ടും വീണ്ടും കണ്ണീർ വാക്കും. അതുകൊണ്ടു് യാതൊരു താമസവുംകൂടാതെ നീ അവളുടെ സമീപത്തെത്തി എൻെറ കുശലമറിയിച്ചു് ദുഃഖനിവൃത്തി വരുത്തണം.

മേഘദശ്നം വിരഹവ്യഥയെ ഉദ്ദീപനംചെയ്യുന്നു.

''സ്വസ്ഥക്കും കുളിർകാററണിപ്പൂത്തുമയിൽ
ഭാവം പകന്നീടുകിൽ
പൂമെയ്യാൽ പുണരുന്നൊരോമലരികത്തില്ലാത്തവക്കെന്തുതാൻ''

എന്ന കാളിദാസവചനം ഇവിടെ സ്മത്തവ്യമാണു്. ആകാശത്തു മഴക്കാർ നിറയുമ്പോരം കാമിനിയുടെ വിരഹാത്തി വദ്ധിക്കുമെന്നും തൻെറ ക്ഷേമവത്തമാനം കേരക്കുന്നതു് ആശ്വാസദായകമായിരിക്കുമെന്നും നായകൻ ഉൽഭാവനംചെയ്യുന്നതു് നായികയുടെ പ്രേമദാർഢ്യത്തിലുള്ള വിശ്വാസത്തെ പ്രകാശിപ്പിക്കുന്നു. ഇതു വിപ്രലംഭശൃംഗാരത്തിനു പോഷകമായിത്തീരുന്നു.

## 14

**നായകന്റെ ക്ഷേമത്തിനായി നായിക സുബ്രഹ്മണ്യ ഭജനവും വ്രതാനുഷ്ഠാനവും നടത്തിക്കൊണ്ടിരിക്കുന്നു.**

**ഇക്കാലത്തെൻ കുശലമതിനായുൾക്കുരുന്നിൽ കുമാരൻ–**
**തൃക്കാലേത്താനൊരു ശരണമായോർത്തു നിത്യം ഭജന്തീ**
**മുക്കാലുംനാൾ വ്രതവുമൊരു തിങ്കൾക്കു കയ്യൊണ്ടിരിക്കു–**
**ന്നക്കാർവേണീകകതളിർ തണുപ്പിക്ക ചിക്കെന്നു ചെന്നു്.**

കുശലം—ക്ഷേമം. ഉൾക്കുരുന്നിൽ—മനസ്സിൽ. കുമാരൻതൃക്കാലേത്താൻ—സുബ്രഹ്മണ്യന്റെ തൃപ്പാദത്തെത്തന്നെ. ശരണം—അഭയസ്ഥാനം. ഭജന്തീ—ഭജിക്കുന്നവളായി. ഒരു തിങ്കൾക്കു്—ഒരു മാസത്തിൽ. മുക്കാലുംനാൾ—അധികംദിവസവും. വ്രതവുംകയ്യൊണ്ടു്—വ്രതവും അനുഷ്ഠിച്ചു്. കാർവേണി—മഴക്കാർപോലെ കറുത്ത മുടിയോടു കൂടിയവൾ, സുന്ദരി. അകതളിർ തണുപ്പിക്ക—മനസ്സിനെ സമാധാനപ്പെടുത്തുക. ചിക്കെന്നു്—വേഗം.

എന്റെ ക്ഷേമത്തിനുവേണ്ടി ഇപ്പോൾ സുബ്രഹ്മണ്യസ്വാമിയുടെ തൃപ്പാദങ്ങളെ ഏകശരണമായി മനസ്സിൽ കരുതി നിത്യവും ഭജിച്ചും മാസത്തിൽ ഒട്ടുമുക്കാലുംദിവസം വ്രതമനുഷ്ഠിച്ചും കഴിയുന്ന ആ സുന്ദരിയുടെ മനസ്സിനു് ഉടനെ ചെന്നു് ആശ്വാസം നല്കുക.

കേരളവർമ്മയ്ക്കു് കേതുദശ ദുരിതപൂർണ്ണമായിരിക്കുമെന്നു ജ്യോത്സ്യന്മാർ പറഞ്ഞതിനെ പ്രമാണമാക്കി ലക്ഷ്മീഭായി ഭർത്താവിന്റെ ക്ഷേമത്തിനായി വ്രതാനുഷ്ഠാനങ്ങൾ നടത്തിവരുന്നതായി വിശാഖവിജയത്തിൽ (iii–51) പ്രസ്താവിച്ചിരിക്കുന്നു.

''കാർത്താന്തികൈഃ കഥിതമേവ പുരാ യദസ്യ
കേതോർദ്ദശാ കിമപി കഷ്ടഫലപ്രദേതി
ആർത്താ ഭൃശം തദനുചിന്ത്യ ദൃഢാനുരാഗാ
രാജ്ഞീ പ്രിയസ്യ കുശലായ തപോ *f* നുതിഷ്ഠത്.''

കേരളവർമ്മ ബന്ധനസ്ഥനാക്കപ്പെട്ടതിനുശേഷം ലക്ഷ്മീഭായി ഈശ്വരഭജനത്തിലും വ്രതാനുഷ്ഠാനത്തിലും മുഴുകിക്കഴിയുകയായിരുന്നു. ഉള്ളൂരുള്ള സുബ്രഹ്മണ്യക്ഷേത്രത്തിൽ നിത്യവും തമ്പുരാട്ടി ആരാധന നടത്തിവന്നിരുന്നു.

സന്ദേശത്തിന്റെ ഉത്തരഭാഗത്തിൽ,

'' ... ... ......... .. സായമുള്ളൂരിൽനിന്നെൻ–
സാരംഗാക്ഷീമണി രമണി സാ ഷണ്മുഖസ്വാമിതന്നെ''

(ശ്ലോകം 29) എന്നിങ്ങനെ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. നായിക തന്റെ നന്മയ്ക്കായി ക്ഷേത്രാരാധനയിലും വ്രതചര്യയിലും വ്യാപരിച്ചുവരുന്നതിനെക്കുറിച്ചുള്ള പരാമർശം വിപ്രലംഭത്തെ കൂടുതൽ വിജൃംഭിതമാക്കുന്നു. ഈശ്വരഭജനം സഫലമായി വിയോഗമവസാനിപ്പിക്കുമെന്ന പ്രത്യാശ നായികാനായകന്മാരിൽ ഉളവാകുന്നതായും ഇവിടെ

ധരിക്കേണ്ടിയിരിക്കുന്നു. സുബ്രഹ്മണ്യനെ ശരണീകരിച്ചിരിക്കുന്ന നായികയുടെ ദുഃഖമകററുവാൻ ആ ദേവൻെറ വാഹനമായ മയിലിന്നു് പ്രത്യേകമൊരു ചുമതലയുണ്ടെന്നുള്ള വസ്തുതയും നായകൻെറ പ്രാൎത്ഥനയിൽ സ്ഫുരിക്കുന്നു.

## 15

**ദീൎഘമായ വിരഹം നിമിത്തം തളൎന്നുപോയിരിക്കുന്ന നായികയെ സാന്ത്വനപ്പെടുത്തണമെന്നപേക്ഷിക്കുന്നു.**

**പ്രേയാനാമെൻ ചിരവിരഹമാം പ്രൗഢചണ്ഡാതപത്താ-**
**ലായാസപ്പെട്ടതിവിവശയായ് പിച്ചിപോൽ വാടിവാഴും**
**ജായായാ മേ പ്രിയസഖ! ഭവാനെൻെറ സന്ദേശമാകും**
**തോയാസാരാൽ ത്വരിതമരുളീടേണമുത്താപശാന്തിം.**

'പിച്ചിപോൽ വാടിവാഴും' എന്നതിന്നു പകരം 'മുല്ലപോൽ വാടിവാഴും' എന്നു കൈയെഴുത്തുപാഠവും ഭാഷാപോഷിണീപാഠവും.

പ്രേയാൻ—അധികം പ്രിയപ്പെട്ടവൻ. ചിരവിരഹം—ദീൎഘകാലത്തെ വേർപാടു്. പ്രൗഢചണ്ഡാതപം—അതികഠിനമായ വെയിലു്. ആയാസപ്പെട്ടു്—ക്ലേശിച്ചു്. അതിവിവശയായ്—ഏററവും അവശയായി. പിച്ചി—പിച്ചിലത. പ്രിയസഖ!—പ്രിയപ്പെട്ട സ്നേഹിതാ! തോയാസാരം—ജലവൎഷം. മേ—എൻെറ. ജായായാ—ഭാൎയ്യയു്. ത്വരിതം—പെട്ടെന്നു്. അരുളീടേണം—നല്കണം. ഉത്താപശാന്തിം—ഉൽക്കടമായ ദുഃഖത്തിന്റെ ശമനത്തെ അഥവാ ഉൽക്കടമായ ചൂടിൻെറ ശമനത്തെ.

പ്രിയതമനായ എന്നോടുള്ള ദീൎഘകാലവിയോഗമാകുന്ന കഠിനതാപംകൊണ്ടു ക്ലേശിച്ചു വളരെ വിവശയായി പിച്ചിപോലെ വാടിക്കഴിയുന്ന എൻെറ പ്രാണനാഥയുടെ ഉൽക്കടമായ ദുഃഖം അല്ലയോ പ്രിയസ്നേഹിതാ, എൻെറ സന്ദേശമാകുന്ന ജലസേചനംചെയ്തു് ഭവാൻ ശമിപ്പിക്കേണമേ.

കഠിനതാപമേററു വാടിയിരിക്കുന്ന പിച്ചിയോടുപമിച്ചതു സുകുമാരപ്രകൃതിയായ നായികയുടെ വിവശീഭാവത്തെ സ്ഫുരിപ്പിക്കുവാൻ സഹായകമായിരിക്കുന്നു. ഈ അലങ്കാരപ്രയോഗത്തിൻെറ പ്രയോജനം പൂൎത്തിയാകുന്നതു നായകസന്ദേശത്തെ ജലസേചനമായി രൂപണം ചെയ്തതോടുകൂടിയാണു്. പരസ്പരബദ്ധങ്ങളായ ഈ രണ്ടു് അലങ്കാരപ്രയോഗങ്ങളും പ്രകൃതമായ വിപ്രലംഭത്തെ പ്രോദ്ഭാസിതമാക്കുന്നു. ''അലങ്കാരോ രസമൎത്ഥ നിഷിഞ്ചതി'' എന്ന ദണ്ഡിയുടെ മതം ഇവിടെ സ്മരിക്കുക.

## 16

**തിരുവനന്തപുരത്തിനു പോകാനുള്ള വഴിയും നായികയ്ക്കു നല്കുവാനുള്ള സന്ദേശവും പറയുവാനാരംഭിക്കുന്നു.**

**തന്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാർഗ്ഗമാദൗ**
**സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനെ**
**സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ**
**കിന്ദേഹംകൊണ്ടൊരുഫലമിഹപ്രാണിനാംക്ഷോണിതന്നിൽ.**

'ചൊല്ലുവേൻ' എന്നതിനു പകരം 'ചൊല്ലുവൻ' എന്ന പാഠവും ഉപയോഗിച്ചുകാണുന്നു.

തം ദേശം — ആ ദേശത്തെ. അണയുന്നതിന് — പ്രാപിക്കുന്നതിന്. തേ — നിനക്കു്. ആദൗ — ആദിയിൽ. മാർഗ്ഗം — വഴി. ചൊല്ലുവേൻ — ഞാൻ പറയാം. അഥ — അനന്തരം. സന്ദേശം ചൊന്നു് — സന്ദേശവാക്യം പറഞ്ഞു്. സപദി — വേഗം. യാത്രയാക്കാം — യാത്രയയ്ക്കാം. സന്ദേഹം — സംശയം. അപരനു് — മറെറാരുവനു്. ഉപകാരത്തിനാകാത്തതെങ്കിൽ — ഉപകരിക്കുന്നില്ലെങ്കിൽ. പ്രാണിനാം — ജന്തുക്കളുടെ. ഇഹ ക്ഷോണിതന്നിൽ — ഈ ഭൂമിയിൽ. കിം ഫലം — എന്താണൊരു ഫലം. സന്ദേഹം വേണ്ട — സംശയിക്കേണ്ട. 'കിന്ദേഹം കൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ' എന്ന പ്രശ്നത്തിന്റെ ഉത്തരവും കൂട്ടിച്ചേർത്തു വേണ്ടിയിരിക്കുന്ന 'സന്ദേഹം വേണ്ട' എന്ന ഭാഗം അന്വയിക്കുവാൻ.

ആ ദേശത്തു് (തിരുവനന്തപുരത്തു്) ചെന്നെത്തുന്നതിനു ഞാൻ ആദ്യമായി നിനക്കു മാർഗ്ഗം പറഞ്ഞുതരാം. പിന്നീടു സന്ദേശം പറഞ്ഞുതന്നു വേഗത്തിൽ നിന്നെ യാത്രയാക്കാം. അപരനു പ്രയോജനമില്ലാത്തപക്ഷം ഈ ഭൂമിയിൽ പ്രാണികളുടെ ദേഹംകൊണ്ടു് എന്താണു ഫലം? (ഒരു ഫലവും ഇല്ലതന്നെ); സംശയിക്കേണ്ട.

പൂർവ്വഭാഗത്തിലെ വസ്തുകഥനം മേഘസന്ദേശത്തിലേതുപോലെ തന്നെ. ഉത്തരാർദ്ധത്തിൽ നായകൻ ഒരു മഹത്തായ ആദർശത്തിൻെറ പേരിൽ മയിലിനെ സന്ദേശഹരണത്തിനായി പ്രേരിപ്പിക്കുന്നു. ഒരു സാമാന്യതത്വം പ്രതിപാദിച്ചു് അതിനെ ഒരു വ്യക്തിയുമായി വ്യംഗ്യരീതിയിൽ സംബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഇവിടെ അലങ്കാരം അപ്രസ്തുതപ്രശംസ. പരോപകാരമനുഷ്ഠിച്ചെങ്കിലേ ശരീരം ചരിതാർത്ഥമാകയുള്ളു എന്ന ഈ ആദർശം കേരളവർമ്മ പ്രായോഗികമാക്കിയിരുന്നു എന്നു് അദ്ദേഹത്തിൻെറ സമകാലികന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

പൂർവ്വാർദ്ധത്തിലും ഉത്തരാർദ്ധത്തിലും തൃതീയാക്ഷരപ്രാസവും അവസാനത്തിൽ വൃത്യനുപ്രാസവും കാണുക. നാലാമക്ഷരത്തിലും അഞ്ചാമക്ഷരത്തിലുമുണ്ടു് പ്രാസം.

## 17

**സുബ്രഹ്മണ്യനോടു് അനുവാദം വാങ്ങിക്കൊണ്ടു താമസിയാതെ യാത്ര പുറപ്പെടണമെന്നു് മയിലിനോടു് അഭ്യർത്ഥിക്കുന്നു.**

**പ്രേമം നമ്മോടനുപധി കലർന്നീടുമസ്മൽ പ്രിയായാഃ**
**ക്ഷേമം നന്നായ് വരുവതിനു നീ തെല്ലു കഷ്ടപ്പെടേണം**
**ആമന്ത്രിച്ചിത്രിദശപൃതനാധീശനാമീശസൂനും**
**നീ മന്ദിക്കാതുടനടി പുറപ്പെട്ടുകൊണ്ടാലുമിപ്പോൾ.**

നമ്മോട്—എന്നോട്. അനുപധി—നിഷ്കളങ്കമായ. ഉപധി—വ്യാജം. അസ്മൽ പ്രിയായാഃ—എൻെറ പ്രിയതമയ്ക്കു്. ക്ഷേമം—സുഖസമൃദ്ധി. ത്രിദശപൃതനാധീശനാം ഈശസൂനും—ത്രിദശന്മാരുടെ പൃതനയുടെ അധീശനായ ഈശസൂനുവിനോട്. ത്രിദശന്മാർ—ദേവന്മാർ. പൃതനാ—സൈന്യം. അധീശൻ—നായകൻ. ഈശസൂനു—ശിവൻെറ പുത്രൻ, സുബ്രഹ്മണ്യൻ. ആമന്ത്രിച്ച്—യാത്രപറഞ്ഞശേഷം. മന്ദിക്കാതെ—അലസതകൂടാതെ.

എന്നോടു നിഷ്കളങ്കമായ പ്രേമമുള്ള എൻെറ പ്രിയതമയ്ക്കു സുഖസമൃദ്ധി നല്ലവണ്ണമുണ്ടാകുവാൻ നീ അല്പം കഷ്ടപ്പെടണം. ഈ ദേവസേനാപതിയായ സുബ്രഹ്മണ്യനോടു യാത്രപറഞ്ഞു് നീ യാതൊരു അലസതയുംകൂടാതെ ഉടനടി പുറപ്പെട്ടാലും.

നായികയുടെ നിഷ്കളങ്കമായ പ്രേമത്തേയും ഇപ്പോഴത്തെ ദയനീയാവസ്ഥയേയും പരിഗണിക്കുമ്പോൾ സന്ദേശഹരനെ യാത്രയാക്കുവാൻ നായകൻ പ്രദർശിപ്പിക്കുന്ന അതിതപര സ്ഥാനത്തുതന്നെയാണു്. എന്നുമാത്രമല്ല അതു വിപ്രലംഭശൃംഗാരത്തെ പ്രകൃഷ്ടമാക്കുകയും ചെയ്യുന്നു.

## 18

**അധികം ആൾതാമസമുള്ളിടത്തുകൂടിയും കാട്ടിൽക്കൂടിയും കരുതി യാത്രചെയ്യണമെന്നുപദേശിക്കുന്നു.**

**നാട്ടിൽക്കൂടിക്കരുതി വഴിപോകേണമല്ലെങ്കിലാക്കും**
**കൂട്ടിൽ കൊള്ളിപ്പതിനു കൊതിയാം കോമളാകാര! നിന്നെ**
**കാട്ടിൽപ്പോകുന്നളവു ധവളാപാംഗിമാർ കണ്ടുകൂടി-**
**പാട്ടിൽ പാർപ്പിച്ചിടുവരിതവർക്കാകിലുത്സാഹകാലം.**

ധവളാപാംഗി—വെളുത്ത കടക്കണ്ണോടുകൂടിയവൾ. മയിലിൻെറ കടക്കണ്ണു വെളുത്തതാകയാൽ പെണ്മയിലെന്നർത്ഥം. പാട്ടിൽ പാർപ്പിച്ചിടുവർ—അവർ സ്വാധീനത്തിൽ താമസിപ്പിക്കും. ഉത്സാഹകാലം—മഴക്കാലത്തു മയിലിനു സന്തോഷമാണല്ലോ.

ജനനിബിഡമായ നാട്ടുപ്രദേശത്തുകൂടി യാത്രചെയ്യുന്നതു വളരെ സൂക്ഷിച്ചുവേണം. എന്തെന്നാൽ കോമളാകാരനായ നിന്നെ പിടിച്ചു കൂട്ടിലാക്കുന്നതിനു് ആൾക്കും താല്പര്യമുണ്ടാകും. കാട്ടിൽക്കൂടി പോകുന്ന സമയം പെൺമയിലുകൾ കണ്ടുകൂടി നിന്നെ വശീകരിച്ചു താമസിപ്പിക്കും. ഈ വർഷകാലം അവർക്കു് ഉത്സാഹപ്രദമാണല്ലോ.

യാത്രയ്ക്കു ഭംഗം വരാതിരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതു്

ഉചിതമാണ്. തന്റെ സന്ദേശം നായികയ്ക്കു് അതിവേഗം ലഭിക്കുന്നതിൽ നായകൻ അത്യന്തം ഉത്സുകനാണല്ലോ. മയിലിനെ കോമളാകാര എന്നു സംബോധനചെയ്തു പ്രീണിപ്പിക്കുന്നതു സ്ഥാനത്തുതന്നെ. രൂപലാവണ്യം മയിലിനെ സ്വായത്തമാക്കുവാൻ പെൺമയിലുകൾക്കു പ്രേരകമാകുമെന്ന അഭിപ്രായത്തോടുകൂടി ഈ സംബോധന പ്രയോഗിച്ചിരിക്കുകയാൽ ഇവിടെ പരികരം അലങ്കാരം.

## 19

ജനനിബിഡമോ വനനിബിഡമോ അല്ലാത്ത പ്രദേശത്തുകൂടി പോകുന്നതു കൂടുതൽ സുരക്ഷിതമായിരിക്കുമെന്നു പറയുന്നു

**ഏടാകൂടം വളരെയിടനാടോടെ പോകുന്നതാകിൽ**
**കൂടാ, കൂടപ്രകൃതികൾ കുടിക്കാരിടയ്ക്കേറെയില്ല**
**വാടാവല്യാം വിടപികളിലും പാർത്തു പാരാതെ പോകാം**
**വാടാവല്ലീക്കുടിലുകളിലും വിശ്രമിച്ചശ്രമം താൻ.**

'അശ്രമേണ' എന്നു് ഭാഷാപോഷിണീപാഠം.

ഇടനാട്—അധികം ആൾതാമസവും വലിയ വനവും ഇല്ലാത്ത സ്ഥലം. ഏടാകൂടം—വൈഷമ്യം. കൂടാ—ഉണ്ടാവുകയില്ല. കൂടപ്രകൃതികൾ—ദുഃസ്വഭാവികൾ. കുടിക്കാർ—കുടിപാർപ്പുകാർ. വാടാവല്യാം—വാടങ്ങളുടെ ആവലിയിൽ. വാടം—ഉദ്യാനം. ആവലി—സമൂഹം; അനേകം ഉദ്യാനങ്ങളിൽ എന്നർത്ഥം. വിടപി—വൃക്ഷം. പാർത്തു—താമസിച്ച്. വാടാവല്ലീക്കുടിൽ—പുതിയ പൂവും തളിരുമുള്ള വള്ളിക്കുടിൽ. അശ്രമം—ക്ഷീണംകൂടാതെ.

ജനങ്ങൾ കുറഞ്ഞതും വനങ്ങളില്ലാത്തതുമായ പ്രദേശങ്ങളിൽക്കൂടി പോകുന്നപക്ഷം വളരെ വൈഷമ്യമൊന്നുമുണ്ടാകയില്ല. എന്തെന്നാൽ ദുഃസ്വഭാവികളായ നാട്ടുകാർ അവിടെ അധികമില്ല. എന്നുതന്നെയുമല്ല, ഉദ്യാനങ്ങളിലും വൃക്ഷങ്ങളിലും താമസിച്ചും വാടാത്ത വള്ളിക്കുടിലുകളിൽ വിശ്രമിച്ചും യാതൊരു ക്ഷീണവും കൂടാതെ യാത്രയും ചെയ്യാം.

യാത്രയ്ക്കു വേണ്ട സുഖസൗകര്യങ്ങളെല്ലാമുണ്ടെന്നു ധരിപ്പിക്കുന്നതു മയിലിനെ സന്ദേശഹരണത്തിനാവർജ്ജിക്കുവാൻ പ്രയോജനപ്പെടുന്നു.

## 20

ഏറെദൂരം പറക്കുന്നതിനു തടസ്സമാണെങ്കിലും മയിലിന്റെ വാലുകൊണ്ടു മറ്റുചില പ്രയോജനങ്ങൾ ഉണ്ടാകുമത്രേ.

**ഭൈസ്വരംപോലെ സുരസരണിയിൽക്കൂടി നേരേ പറന്നു–**
**ദൂരം പോകുന്നതിനു പണിയുണ്ടാക്കുവോന്നാകിലും തേ**

**പാരം പിന്നിൽ ഘനമിയലുമിപ്പിഞ്ഛരികാസഞ്ചയത്തിൻ-**
**ഭാരം പാർക്കിൽ പരമുപകരിക്കാതിരിക്കാ ചിലപ്പോൾ.**

സൈ്വരംപോലെ—സ്വച്ഛന്ദമായി, മററുള്ളവരുടെ ഉപദ്രവം കൂടാതെ. സുരസരണി—ആകാശം. പിഞ്ഛരികാസഞ്ചയത്തിൻെറ ഭാരം—ബർഹഭാരം അഥവാ പീലിക്കെട്ട് എന്ന അർത്ഥത്തിലാണു് ഈ പ്രയോഗം. അപ്പോൾ 'സഞ്ചയ' പദം അധികപ്പററല്ലേ? ഉപകരിക്കാതിരിക്കാ—ഉപകരിക്കും.

സ്വച്ഛന്ദമായി ആകാശത്തുകൂടി നേരേ തിരുവനന്തപുരംവരെയുള്ള ദൂരം മുഴുവനും പറന്നുപോകുന്നതിനു സാധകമല്ലെങ്കിലും നിൻെറ പിന്നിലുള്ള ഈ പീലിക്കൂട്ടം ചിലപ്പോൾ മററുതരത്തിൽ ഉപകാരപ്രദമായിത്തീരും.

ഈ ഉപകാരത്തിൻെറ സ്വഭാവം അടുത്ത ശ്ലോകത്തിൽ വിശദീകരിച്ചിരിക്കുന്നു.

## 21

**വിനോദരസികരായ കുട്ടികളെ പീലി വിറപ്പിച്ച് ഭയപ്പെടുത്തി ഓടിക്കണമെന്നു പറയുന്നു.**

**കൂടിച്ചേർന്നിട്ടൊരുവക കളിക്കൂട്ടർ നിന്നെപ്പിടിക്കാ-**
**നോടിച്ചെന്നാൽ പടുതയൊടു നീ പിന്തിരിഞ്ഞന്തികത്തിൽ**
**ചാടിച്ചെന്നിച്ചതുരതയെഴും പീലിയെബ്ബാലകന്മാർ**
**പേടിച്ചോടുംപടി ഝടിതിയൊന്നുച്ചലിപ്പിച്ചിടേണം.**

'പീലിയെബ്ബാലകന്മാർ' എന്നതിനു പകരം 'പീലിയബ്ബാലകന്മാർ' എന്ന പാഠവും കാണുന്നുണ്ടു്.

പടുത—സാമർത്ഥ്യം. അന്തികത്തിൽ—സമീപത്തിൽ. ചതുരത—ഭംഗി. ഝടിതി—വേഗം. ഉച്ചലിപ്പിക്ക—ഉയർത്തി വിറപ്പിക്കുക. അഥവാ അത്യധികം വിറപ്പിക്കുക.

വിനോദരസികരായ പിഴച്ച കുട്ടികൾ കൂട്ടംകൂടി നിന്നെ പിടിക്കുവാനായി പിന്തുടർന്നാൽ ചുണയോടുകൂടി തിരിഞ്ഞു് സമീപത്തു ചാടിയെത്തി അവർ പേടിച്ചോടത്തക്കവണ്ണം അതിവേഗം പീലിയുയർത്തി വിറപ്പിക്കണം.

പ്രായംചെന്നവർ വടിയോങ്ങി കുട്ടികളെ ഭയപ്പെടുത്തി ഓടിക്കുന്നതിൻെറ ഒരു പ്രതീതി ഇവിടെ ഉളവാകുന്നു. ഇതുപോലെ മുതിർന്നവർ കുട്ടികളെ ശകാരിച്ചോടിക്കുന്ന പ്രതീതി, മേഘത്തോടു യക്ഷൻ ക്രീഡാലോലകളായ പെൺകുട്ടികളെ ഗർജ്ജനംചെയ്തോടിക്കണമെന്നു പറയുമ്പോൾ ഉണ്ടാകുന്നു.

''ചെല്ലപ്പിള്ളകളെക്കട്ടെത്തൊരിടിയാത്തോ-
ടിച്ചിടേണം ഭവാൻ.''

## 22

കുടിയിടകളിൽ ഉഗ്രസപ്പങ്ങരം ഉപദ്രവം ഉണ്ടാക്കുന്ന പക്ഷം അവയെ നിഷ്ഠുരണം നിഗ്രഹിക്കണമെന്നു പറയുന്നു.

നിഷ്കാസിച്ചാലകലെയൊഴിയാതുഗ്രനാഗങ്ങളേറ്റം
മുഷ്കാലെത്തിക്കുടിയിടകളിൽ സഞ്ചരിക്കുന്നതാകിൽ
നിഷ്കാരുണ്യം വഴിയിലവയെ നിഗ്രഹിച്ചഞ്ജസാ നീ
ദുഷ്കാലത്തെക്കളക സുമതേ! തത്ര വാഴും ജനാനാം.

നിഷ്കാസിക്കുക — പുറത്താക്കുക, ഉഗ്രനാഗം — മൂർഖൻപാമ്പും മററും. നിഷ്കാരുണ്യം—യാതൊരു ദയവുംകൂടാതെ. നിഗ്രഹിക്കുക—കൊല്ലുക. അഞ്ജസാ—വേഗം. സുമതേ!—സുഹൃത്തേ! ജനാനാം—ജനങ്ങളുടെ.

എത്രതന്നെ അടിച്ചു ദൂരത്താക്കിയാലും ഒഴിഞ്ഞുപോകാത്ത ഉഗ്രസപ്പങ്ങരം വലിയ മുഷ്ക്കോടുകൂടി കുടിയിടകളിൽ സഞ്ചരിക്കുന്നപക്ഷം യാതൊരു കാരുണ്യവും കാണിക്കാതെ അവയെ വഴിയിൽവച്ചു കൊന്നു് അവിടെ പാക്കുന്നവരുടെ കഷ്ടകാലത്തെ, അല്ലയോ സുഹൃത്തേ നീ മാററിക്കൊടുക്കണം.

കാത്തികപ്പള്ളി, കരുനാഗപ്പള്ളി, കൊല്ലം എന്നീ താലൂക്കുകളിൽ പാമ്പു ധാരാളമുണ്ടെന്നു പ്രസിദ്ധമാണു്. അതിനാൽ മയിൽ അരിപ്പാട്ടുനിന്നും തെക്കോട്ടു പോകുമ്പോരം ഉള്ള സ്ഥലങ്ങളിൽ സപ്പങ്ങളുടെ ഉപദ്രവം ധാരാളം ഉണ്ടായിരിക്കും. ജനഹിതൈഷിയായ നായകൻ സപ്പസംഹാരത്തിനായി മയിലിനെ പ്രേരിപ്പിക്കുവാനുള്ള കാരണം ഇതാണു്. സപ്പത്തെ പ്രതീകമാക്കിക്കൊണ്ടു് ആയില്യം തിരുനാളിനോടുള്ള അമഷ്വും ഇവിടെ സ്പുരിപ്പിച്ചിരിക്കുന്നു.

## 23

യാത്രതിരിച്ചു കുറച്ചു കഴിഞ്ഞാലുടൻ കാണുന്ന കാഴ്ചകളെ സൂചിപ്പിക്കുന്നു.

രണ്ടും മൂന്നും തവണ കൃഷിയേററുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ഛങ്ങളേയും
തണ്ടുംകെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകരംതൻ തീരമാർഗ്ഗേണ പോക.

കച്ഛം—ചതുപ്പുപ്രദേശം. തീരമാർഗ്ഗേണ—തോട്ടുകരയിൽക്കൂടി.

രണ്ടും മൂന്നും തവണ കൃഷിചെയ്യുന്ന വയലുകളും വണ്ടും ഞണ്ടും കളിക്കുന്ന കച്ഛങ്ങളും തണ്ടുംകെട്ടിച്ചരിക്കുന്ന വള്ളങ്ങളും കണ്ടുകൊണ്ടു് അവിടെയുള്ള ചെറുപുഴകളുടെ കരയിൽക്കൂടി നീ യാത്ര തുടരുക.

അരിപ്പാട്ടുക്ഷേത്രത്തിൽനിന്നും പടിഞ്ഞാറോട്ടു റാണാപ്പടിക്കൽ

തോട്ടിൻകരയ്ക്കുകൂടി നേരേ കായങ്കുളംതോട്ടിലേക്കായിരിക്കാം മയിൽ യാത്രചെയ്യുന്നതു്. അവിടെ എത്തുന്നതുവരെ ചെറിയ തോടുകളുടെ തീരത്തുകൂടിയായിരുന്നു പോകേണ്ടതു് എന്നു വിചാരിക്കണം. ആ ഭാഗത്തു വയലുകളും ചതുപ്പുനിലങ്ങളും ഉണ്ടു്. രണ്ടുപ്രാവശ്യം നെല്ലും ഒരുപ്രാവശ്യം എള്ളും കൃഷിചെയ്യുന്ന ഇരുപ്പൂനിലങ്ങൾ ആ പ്രദേശങ്ങളിൽ ധാരാളമായിക്കാണാം.

24

**തിരുവനന്തപുരത്തേക്കു പോകുന്ന വഞ്ചിക്കൂട്ടം വരുമ്പോൾ വള്ളക്കാരെ കബളിപ്പിച്ചു് ഒരു വള്ളത്തിൽ കടന്നുകൂടണമെന്നു നിർദ്ദേശിക്കുന്നു.**

**വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേക്കു പോകും**
**വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി**
**വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാകമൂലം**
**വഞ്ചിത്തഭ്രാന്തെഴമരയരാം നാവികക്കയ്യരേ നീ.**

വഞ്ചിക്ഷോണിക്കൊരു തിലകം—തിരുവിതാംകൂറിന്റെ തൊടുകുറി. അപ്പുരത്തേക്കു്—തിരുവനന്തപുരത്തേക്കു്. വഞ്ചിക്കൂട്ടം—വള്ളക്കൂട്ടം. അളവിൽ—അവസരത്തിൽ. തോട്ടുവാരത്തിൽ—കായംകുളം തോടിന്റെ കര. മരനീരു—കള്ളു്. വഞ്ചിത്തഭ്രാന്തു്—വലിയ ലക്കില്ലായ്മ. നാവികക്കയ്യർ—അസത്തുക്കളായ വള്ളക്കാർ.

വഞ്ചിക്ഷിതിയുടെ തൊടുകുറിയായ തിരുവനന്തപുരത്തേക്കു പോകുന്ന വള്ളക്കൂട്ടം വരുമ്പോൾ തോടിന്റെ കരയിൽ ഒതുങ്ങിനിന്നു കള്ളുകുടിച്ചു തീരെ ലക്കില്ലാതിരിക്കുന്ന അരയന്മാരായ അസത്തുക്കളായ വള്ളക്കാരെ നീ കബളിപ്പിക്കണം.

തൃക്കുന്നപ്പുഴക്കടവിൽവച്ചായിരിക്കാം മയിൽ വള്ളം കയറുന്നതു്. അക്കാലത്തു തിരുവനന്തപുരം—ഷൊർണ്ണൂർകനാലിൽ കൊള്ളക്കാരെ ഭയന്നു വഞ്ചികൾ കൂട്ടംചേർന്നു സഞ്ചരിക്ക പതിവായിരുന്നു. വള്ളക്കാരുടെ ക്രമാധികമായ മദ്യപാനവും അതുനിമിത്തമുള്ള പ്രമത്തതയും സ്വാഭാവികമെന്നേ പറയേണ്ടതുള്ളു.

25

**തോട്ടുതീരത്തു നില്ക്കുന്ന പനയുടെ മുകളിലേക്കും അവിടെനിന്നു് തോണിയുടെ പാമരത്തിന്റെ അഗ്രത്തിലേക്കും പറക്കണമെന്നു പറയുന്നു.**

**നീലതാളംചേർന്നെഴമിലകളാൽ നിന്റെ കണ്ഠാഭയോലും**
**സാലത്തിന്മേൽ പരിചൊടു പറന്നെത്തിയക്കുല്യതന്റെ**
**കൂലത്തേവിട്ടൊരു തരണിതൻ പാമരത്തിൽ കരേറി-**
**ക്കോലത്തെ നൽപ്പടുതിയിലുറപ്പിച്ചു നീ വാണുകൊൾക.**

'നൽപ്പട്ടതിയിൽ' എന്ന കൈയെഴുത്തുപാഠത്തിനു്, 'നൽപട്ടതയിൽ' എന്നു പാഠാന്തരം കല്പിച്ചുകാണുന്നു.

നീലതപം—നീലവർണ്ണം. കണ്ഠാഭ—കഴുത്തിന്റെ ശോഭ. സാലം—കരിമ്പന. കല്യ—തോടു്. കൂലം—തീരം. തരണി—വള്ളം. കോലം—ശരീരം. പട്ടതി—അവസ്ഥ.

നീലവർണ്ണമായ ഇലകൾനിമിത്തം നിൻെറ കഴുത്തിൻെറ കാന്തി കലരുന്ന സാലവൃക്ഷത്തിന്മേൽ പറന്നുചെന്നിട്ടു് ആ തോടിൻെറ തീരം ഉപേക്ഷിച്ചു് ഒരു വള്ളത്തിൻെറ പാമരത്തിൽ കയറി ശരീരത്തെ ആകർഷകമായ രീതിയിൽ ഉറപ്പിച്ചിരുന്നുകൊള്ളുക.

സാലവൃക്ഷത്തിൻെറ ഇലകളുടേയും മയിലിന്റെ കഴുത്തിൻേറയും വർണ്ണസാദൃശ്യം പരാമർശിച്ചിരിക്കുന്നതു് ഒരു അലങ്കാരഭംഗിക്കുവേണ്ടി മാത്രമല്ല. ഈ വർണ്ണസാദൃശ്യംനിമിത്തം സാലവൃക്ഷത്തിലിരിക്കുന്ന മയിലിനെ വള്ളക്കാൎക്കു കാണുവാൻ സാധിക്കയില്ല എന്നും അതിനാൽ യഥാസൗകര്യം പറന്നു പാമരത്തിൽ കയറുവാൻ മയിലിനു് അവസരം ലഭിക്കുമെന്നും കവിക്കു വിവക്ഷയുണ്ടായിരിക്കണം. തോടിൻെറ കരയിൽനിന്നു നേരേ പാമരത്തിലേക്കു പറന്നാൽ മയിലിനെ വള്ളക്കാർ കാണാതിരിക്കയില്ല. എന്നാൽ ഉയരമുള്ള ഒരു വൃക്ഷത്തിൽനിന്നും മുകളിൽക്കൂടി പാമരത്തിൽ എത്തിയാൽ അതു വള്ളക്കാർ കണ്ടില്ലെന്നും വരും. ഇതായിരിക്കാം കവിഹൃദയം.

## 26

പാമരത്തിൻെറ മുകളിൽ നിശ്ചലാംഗനായിരിക്കുന്ന മയിലിനെ കൃത്രിമപക്ഷിയാണെന്നു കരുതി ജനങ്ങൾ വാഴ്ത്തുമത്രേ.

**കണ്ടാലാർക്കും കൃതകപതഗംതന്നെയാണെന്നതല്ലാ–**
**തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമവ്വണ്ണമായി**
**മിണ്ടാതേകണ്ടതിനു മുകളിൽ ചേർന്നു ചേണാർന്ന നിന്നെ-**
**ക്കൊണ്ടാടും കണ്ടിരുകരയിലും നോക്കിനില്ക്കുന്ന ലോകം.**

'ചേൻറു ചേണാൻറ' എന്നാണു കൈയെഴുത്തുപാഠം. ഇതിനു്, 'ചേൻറ ചേണാൻറ' എന്ന പാഠാന്തരം കല്പിക്കപ്പെട്ടിരിക്കുന്നു.

കൃതകപതഗം—കൃത്രിമമായ പക്ഷി. എണ്ണം—നിനവു്. അവ്വണ്ണമായി—കൃത്രിമമാണെന്നു തോന്നുമാറു്. ചേണാൻറ — ഭംഗിയുള്ള. ലോകം—ജനങ്ങൾ.

നിന്നെക്കണ്ടാൽ പണിചെയ്തുവച്ചിരിക്കുന്ന ഒരു പക്ഷിയാണെന്നല്ലാതെ തോന്നാൻ പാടില്ല. അതിനു തക്കവിധം പാമരത്തിനു മുകളിൽ നിശ്ശബ്ദമായിരിക്കുന്ന അഴകേറിയ നിന്നെക്കണ്ടു് ഇരുകരയിലും നോക്കിനില്ക്കുന്ന ജനങ്ങൾ വാഴ്ത്തും.

കഴിഞ്ഞ ശ്ലോകത്തിൽ ''കോലത്തേ നൽപ്പട്ടതിയിലുറപ്പിച്ച

നീ വാണുകൊൾക'' എന്ന, പംക്തി നോക്കുക. പാമരത്തിൽ ഉറപ്പായി വർത്തിക്കേണ്ടതു് സുരക്ഷിതത്വത്തിനു മാത്രമല്ല, നിശ്ചലത്വംനിമിത്തം കൃത്രിമപ്രതീതി വരുത്തുവാനുംകൂടിയാണു്. പാമരാഗ്രത്തിൽ മയിലിനേയും വഹിച്ചുകൊണ്ടു വഞ്ചി മുന്നോട്ടു നീങ്ങുന്നതിന്റേയും തോടിന്റെ രണ്ടു തീരങ്ങളിലുംനിന്നു് ജനങ്ങൾ ഇതു കണ്ടു് ആനന്ദിക്കുന്നതിന്റേയും ഒരു സജീവചിത്രം ഈ ശ്ലോകം പ്രദാനംചെയ്യുന്നു.

സജീവമായ ഒരു ജന്തു കൃത്രിമമായി പ്രത്യക്ഷപ്പെടുന്നതു് മാഘൻ ദ്വാരകാവർണ്ണനത്തിൽ ഇങ്ങനെ ഭാവനചെയ്തിരിക്കുന്നു:

ചിക്രംസയാ കൃത്രിമപത്രിപംക്തേഃ
കപോതപാളീഷു നികേതനാനാം
മാർജ്ജാരമപ്യായതനിശ്ചലാംഗം
യസ്യാം ജനഃ കൃത്രിമമേവ മേനേ.''

ഗൃഹങ്ങളുടെ കപോതപാളികളിൽ, കൃത്രിമമായി ചെയ്തുവച്ചിരിക്കുന്ന പക്ഷികളെ ജീവനുള്ളവയാണെന്നു ധരിച്ചു് ആക്രമിക്കാനുള്ള ആഗ്രഹത്തോടുകൂടി ഉടൽ നീട്ടി നിശ്ചലാംഗമായി ഇരിക്കുന്ന പൂച്ചയും കൃത്രിമസൃഷ്ടിയാണെന്നു കാഴ്ചക്കാർ വിചാരിച്ചു.

## 27

**യാത്ര തുടരുമ്പോൾ ഇടിവെട്ടുന്നതു കേട്ടു് സഹജമായ രീതിയിൽ നൃത്തത്തിനു സമാരംഭിച്ചാൽ അതു് ആപൽക്കരമാകുമെന്നു് മയിലിനു മുൻകരുതൽ കൊടുക്കുന്നു.**

**ദൂരം മാർഗ്ഗം ദുരധിഗമമായുള്ളതേവം കടക്കു-**
**ന്നേരം ജാതിപ്രകൃതിയെ നിയന്ത്രിച്ചിടാതന്തരാ നീ**
**നീരന്ധ്രാംഭോധരനിരയതിന്നാർപ്പുകേട്ടാർഭടിക്കാ-**
**യാരംഭിച്ചാലതുടനശ്രുഭോദർക്കമാം തർക്കമില്ല.**

ദുരധിഗമം—ദുർഗ്ഗമം. ദൂരം മാർഗ്ഗം—ദൂരമാർഗ്ഗത്തെ. ഏവം—ഇപ്രകാരം. ജാതിപ്രകൃതി—മയിലിന്റെ സ്വഭാവഗുണം, ഇടിവെട്ടുമ്പോൾ നൃത്തംചെയ്യുന്ന പതിവു്. നിയന്ത്രിച്ചിടാതെ—അടക്കിവയ്ക്കാതെ. അന്തരാ—ഇടയ്ക്കു്. നീരന്ധ്രാംഭോധരനിര—നീരന്ധ്രമായ അംഭോധരങ്ങളുടെ നിര. നീരന്ധ്രം—ഇടതിങ്ങിയ. അംഭോധരം—മേഘം. ആർപ്പു്—ശബ്ദഘോഷം. ആർഭടി—നൃത്തം. അശ്രുഭോദർക്കം—അശുഭമായ ഉദർക്കത്തോടുകൂടിയതു്. ഉദർക്കം—ഭാവിഫലം. മയിലിനെ മുക്കുവന്മാർ പിടികൂടുമെന്നർത്ഥം.

ഇങ്ങനെ ദുർഗ്ഗമമായ ദൂരമാർഗ്ഗം തരണംചെയ്യുമ്പോൾ തിങ്ങിക്കൂടിയിരിക്കുന്ന കാർമേഘനിരകളിൽനിന്നും ഇടയ്ക്കു പുറപ്പെടുന്ന ഇടിമുഴക്കം കേട്ടു് ജാതിസ്വഭാവത്തെ നിയന്ത്രിക്കാതെ നൃത്തത്തിനു വട്ടംകൂട്ടിയാൽ അതു് ഉടനെതന്നെ ആപത്തിനു കാരണമാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

'നീരന്ധ്രാംഭോധരനിരയതിന്നാപ്പ്' എന്നതു മേഘനിർഘോഷത്തിൻെറയോ മേഘഗർജ്ജിതത്തിൻെറയോ അടിച്ചുനീട്ടിയ തർജ്ജമയോ പര്യായോക്തരീതിയിൽ ഇടിമുഴക്കത്തെ അവതരിപ്പിച്ചതോ ആയി വിചാരിക്കണം.

സോദ്ദേശമായി പ്രവർത്തിക്കുന്നവൻ പ്രകൃതിസഹജമായ ദൗർബല്യങ്ങളെ നിരോധിക്കേണ്ടതു വിജയത്തിനു് അനിവാര്യമെന്ന തത്ത്വം ഇവിടെ വ്യഞ്ജിക്കുന്നു. യാത്രാഭംഗത്തെ ആശങ്കിച്ചു മയിലിനു് ഇതുപോലെ ഉപദേശങ്ങളും മുൻകരുതലുകളും നായകൻ നല്കുന്നുണ്ടു്. ഇതെല്ലാം സ്ഥായിയായ വിപ്രലംഭത്തിൻെറ പോഷണത്തിനായി ചെന്നെത്തുന്നു.

## 28

**വള്ളത്തിൻെറ 'വളപുര' എന്ന അർത്ഥത്തിൽ 'പന്നക'മെന്നു പറയുന്നതു കേട്ടു പാമ്പെന്നു ധരിച്ചു കോപിച്ചു് ചാടി വീഴരുതെന്നു മയിലിനെ ഉപദേശിക്കുന്നു.**

**കോപത്താൽ നീ കുതി തുടരൊലാ പന്നഗത്തെക്കുറിച്ചാ-**
**ലാപത്തെക്കേട്ടതുമപകടംതന്നെയാം പന്നഗാരേ!**
**ആപല്ലാഭം ഫലമയി സഖേ! ഭോഗഭുക്കാം വയസ്സിൻ**
**ചാപല്യത്തെസ്സപദി നിയമിക്കായ്കിലെന്നാപ്തവാക്യം.**

പന്നഗം—പാമ്പു്. ആലാപം—സംസാരം. പന്നഗാരി—പാമ്പിൻെറ ശത്രു, മയിൽ. അയി സഖേ!—അല്ലയോ സുഹൃത്തേ! ഭോഗഭുക്കാം—ഭോഗങ്ങളനുഭവിക്കുന്ന. വയസ്സു്—പ്രായം. ചാപല്യത്തെ—അവിവേകത്തെ. നിയമിക്കായ്കിൽ—നിയന്ത്രിക്കാതിരിക്കുന്നപക്ഷം. സപദി—പെട്ടെന്നു്. ആപല്ലാഭം ഫലം—ആപത്തുണ്ടാവുക എന്നതാണു ഫലം. ആപ്തവാക്യം—വിശ്വാസയോഗ്യന്മാരുടെ വചനം.

അല്ലയോ പന്നഗാരേ! പന്നഗത്തെക്കുറിച്ചുള്ള സംസാരം കേട്ടു നീ കോപിച്ചു ചാടരുതു്. അതു് ആപത്തിനു കാരണമായിത്തീരും. സ്നേഹിതാ, ഭോഗാനുഭവത്തിൽ സമുത്സുകമായ പ്രായത്തിൻെറ (യൗവനത്തിൻെറ) ചാപല്യത്തെ നിയന്ത്രിക്കാത്തപക്ഷം ഉടനെതന്നെ ആപത്തുണ്ടാകും എന്നാണല്ലോ ആപ്തവാക്യം.

നാം ഖരാക്ഷരം ഉച്ചരിക്കുന്നതും ഏതാണ്ടൊരു മൃദുസ്വരത്തിലാണല്ലോ. അതുകൊണ്ടു് 'പന്നകം' എന്നു പറയുന്നതു കേട്ടാൽ 'പന്നഗ'മെന്നു ധരിക്കാനിടയുണ്ടു്. ഈ സാദ്ധ്യതയെ കണക്കിലെടുത്തുകൊണ്ടാണു് നായകൻ മയിലിനു നേരത്തേതന്നെ സൂചന കൊടുത്തതു്.

'ഭോഗഭുക്കാം വയസ്സു്' എന്നതിനു മയിൽ എന്ന പ്രകൃതമായ ശ്ലിഷ്ടാർത്ഥവും സിദ്ധിക്കുന്നു. ഇവിടെ 'ഭോഗത്തിനു' സർപ്പശരീരമെന്നും 'ഭുക്കിനു' ഭക്ഷിക്കുന്നവനെന്നും 'വയസ്സിനു' പക്ഷി എന്നും അർത്ഥം. അപ്പോൾ മയിലിൻെറ ചാപല്യം നിയന്ത്രിക്കാതിരുന്നാൽ ആപത്തു

ണ്ടാകുമെന്നും അത്ഥം വന്നുചേരുന്നു. ഈ ശ്ലേഷാലങ്കാരപ്രയോഗം ഉചിതംതന്നെ.

യാത്രയിൽ ശ്രദ്ധക്കുറവുനിമിത്തം വരാവുന്ന രണ്ടാപത്തുകളെ മുൻപദ്യത്തിലും ഈ പദ്യത്തിലുമായി നായകൻ വിവരിക്കുന്നു. ആദ്യത്തേതിനുള്ള കാരണം ജാതിചാപല്യവും രണ്ടാമത്തേതിനുള്ള കാരണം ദശാചാപല്യവുമാണ്. രണ്ടാമത്തേതിനു ജാതിചാപല്യവും ശ്ലേഷം കൊണ്ടു കാരണമായി കല്പിക്കപ്പെട്ടിരിക്കുന്നു. ഉത്സാഹഭരിതമായ യൗവനത്തിൻെറ തള്ളലാലുണ്ടാകുന്ന അവിവേകപ്രവൃത്തികൾ എത്രത്തോളം ആപൽക്കരമാണെന്നു കേരളവമ്മ സ്വാനുഭവത്തിൽനിന്നു തന്നെ അറിഞ്ഞിരുന്നല്ലോ.

29

വഞ്ചി അഷ്ടമുടിക്കായലിലെത്തുമ്പോഴുള്ള കാഴ്ചകൾ അടുത്ത നാലു ശ്ലോകത്തിൽ വർണ്ണിക്കുന്നു. ബോട്ടിൽ കയറി വഞ്ചിപ്പാട്ടും പാടിച്ചുപോകുന്ന പ്രമാണികളെ ആദ്യമായി ചിത്രീകരിക്കുന്നു.

**തോട്ടിൽക്കൂടി ത്വരിതതരമത്തോണി ചൊവ്വായൊഴുക്കിൻ-**
**പാട്ടിൽ കൂടീട്ടഴകൊടൊഴുകിക്കായലിൽ ചെന്നുചേർന്നാൽ**
**ബോട്ടിൽക്കേറിബ്ബഹുസരസമായ്പ്പാട്ടു പാടിച്ചു പോകും**
**നാട്ടിൽ കേൾപ്പുള്ളവർ ചിലർ നിനക്കക്ഷിലക്ഷീഭവിക്കും.**

ത്വരിതതരം—അതിവേഗത്തിൽ. ഒഴുക്കിൻപാട്ടിൽ കൂടീട്ട്—ഒഴുക്കനുസരിച്ച്. കായലിൽ—അഷ്ടമുടിക്കായലിൽ. ബഹുസരസമായ്—വലിയ സന്തോഷത്തോടുകൂടി. നാട്ടിൽ കേൾപ്പുള്ളവർ—നാട്ടിൽ പ്രസിദ്ധിയുള്ളവർ, പ്രമാണികൾ. അക്ഷിലക്ഷീഭവിക്കും—ദൃഷ്ടിഗോചരമാകും. പ്രത്യക്ഷമാകും.

തോട്ടിൽക്കൂടി ഒഴുക്കിൻെറ ഗതിയനുസരിച്ച് ആ വഞ്ചി ചന്തത്തിൽ അതിവേഗം പോയി കായലിൽ എത്തിച്ചേന്നാൽ ആഹ്ലാദഭരിതരായി ബോട്ടിൽക്കയറി പാട്ടുപാടിച്ചുപോകുന്ന ചില നാട്ടുപ്രമാണികളെ നിനക്കു കാണുവാൻ സാധിക്കും.

ചവറത്തോട്ടിലെ ഒഴുക്കു തെക്കോട്ടായതുകൊണ്ട് വള്ളം അതിവേഗത്തിൽ കായലിലെത്തുമെന്നും അതിനാൽ മയിലിനു വലിയ മുഷിച്ചിലിനിടവരികയില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. കായലിലെത്തിയാൽ പിന്നെ ബഹുരസംതന്നെ. തണ്ടുപിടിക്കുന്നവരെക്കൊണ്ടു വള്ളപ്പാട്ടും പാടിച്ചു പ്രമാണികൾ പ്രഭാവത്തോടുകൂടി സന്തോഷഭരിതരായി യാത്രചെയ്യുന്ന കാഴ്ച മയിലിനെ തീച്ചയായും ഉല്ലസിപ്പിക്കും. സ്വാനുഭവത്തെ ആസ്പദിച്ചുള്ള ഈ ചിത്രീകരണത്തിൽ സ്വാഭാവികതയുടെ രസികത്വം പ്രതിഫലിച്ചിരിക്കുന്നു.

30

കാമിനിമാരോടൊത്തു സസന്തോഷം ബോട്ടിൽ സഞ്ചരിക്കുന്ന ധവരന്മാരെ വർണ്ണിക്കുന്നു.

**വീണയ്ക്കൊക്കും സ്വരമൊടു വിനോദങ്ങളോരോന്നുരയ്ക്കും**
**പ്രാണപ്രേഷ്ഠപ്രണയിനികളോടൊത്തു ബോട്ടിൻെറ തട്ടിൽ**
**വാണക്കായൽക്കരകളിലെഴും കാഴ്ചകണ്ടുല്ലസിക്കും**
**ഹൂണന്മാരെക്കഖഗതിലക! തേ കണ്ടൊരാനന്ദമുണ്ടാം.**

വീണയ്ക്കൊക്കും—വീണയോടു തുല്യമായ. സ്വരമൊടു—ശബ്ദത്തോടുകൂടി. വിനോദങ്ങൾ—നേരംപോക്കുകൾ. ഉരയ്ക്കും—പറയുന്ന. പ്രാണപ്രേഷ്ഠപ്രണയിനികൾ—പ്രാണതുല്യരായ പ്രേഷ്ഠപ്രണയിനികൾ. പ്രേഷ്ഠപ്രണയിനികൾ—പ്രേഷ്ഠകളായപ്രണയിനികൾ. പ്രേഷ്ഠകൾ—ഏററവും ഇഷ്ടകളായുള്ളവർ തട്ടിൽ—മുകളിലത്തെ തട്ടിൽ. ഉല്ലസിക്കും—രസിക്കുന്ന. ഹൂണന്മാർ—ധവരന്മാർ. ഖഗതിലക!—പക്ഷിശ്രേഷ്ഠ!

വീണയുടെ സ്വരമാധുര്യത്തോടെ വിനോദങ്ങളോരോന്നു പറയുന്ന പ്രിയതമകളോടൊത്തു ബോട്ടിന്റെ മേൽത്തട്ടിലിരുന്നു കായൽക്കരകളിലെ കാഴ്ചകൾ നോക്കിരസിക്കുന്ന ധവരന്മാരെ കാണുമ്പോൾ, അല്ലയോ പക്ഷിശ്രേഷ്ഠ! നിനക്കു് ആനന്ദമുണ്ടാകും.

സൗഭാഗ്യവതികളും സരസാലാപകളുമായ പ്രണയിനികളുമായി ബോട്ടിൽ സഞ്ചരിച്ചു് കായൽത്തീരത്തെ പ്രകൃതിഭംഗിയാസ്വദിച്ചാനന്ദിക്കുന്ന ഭാഗ്യവാന്മാരായ ധവരന്മാരെ കേരളവർമ്മ എത്രയോ പ്രാവശ്യം കണ്ടിരിക്കണം. ആ ചിത്രം ഈ സന്ദർഭത്തിൽ സ്മരണഗോചരമാകുമ്പോൾ നായകഹൃദയം വിരഹമർദ്ദിതമാകാതെ തരമില്ല. നായികയുമായുള്ള സഹവാസഭാഗ്യത്തിനു് അദ്ദേഹത്തിൻെറ ഹൃദയം വെമ്പിയിരിക്കാം. അങ്ങനെ ഈ ശ്ലോകത്തിലെ ചിത്രീകരണം വിപ്രലംഭത്തിനു് ഉദ്ദീപകമായിപ്പരിണമിക്കുന്നു.

നാട്ടുപ്രമാണികളെ, ആഹ്ലാദഭരിതരായി വഞ്ചിപ്പാട്ടു പാടിച്ചു രസിച്ചുപോകുന്നവരായി ചിത്രീകരിച്ചിരിക്കുന്നു; ധവരന്മാരെപ്രകൃതിദൃശ്യം ആസ്വദിക്കുന്നവരായിട്ടും, ചിരപരിചയംകൊണ്ടു നാട്ടുകാർക്ക സമീപത്തുള്ള പ്രകൃതിവിലാസത്തിൽ ശ്രദ്ധയുണ്ടായിരിക്കയില്ല. നേരേമറിച്ചു വിദേശികളായ ധവരന്മാരെ കടലോരങ്ങളിലെ പ്രകൃതിദൃശ്യം ഹഠാദാകർഷിക്കുകതന്നെ ചെയ്യും. കവിക്കു മനുഷ്യസ്വഭാവം സൂക്ഷ്മമായി ദർശിക്കുവാനുള്ള പാടവം ഇവിടെ സ്പഷ്ടമായിക്കാണുന്നു.

31

തണ്ടുവച്ച ബോട്ടിനെ, സമുദ്രത്തിൽനിന്നു ഭൂമിയിലേക്കു ചിറകോടുകൂടി ഉയൎന്നുവരുന്ന മൈനാകപൎവ്വതമായി ഉൽപ്രേക്ഷിക്കുന്നു.

**മാനാതീതപ്രഥിമ കലരും ബോട്ടു തണ്ടും പിടിച്ച-**
**ന്യൂനാടോപത്തൊടു വിപുലമാം കായൽ താണ്ടുന്ന കണ്ടാൽ**
**മൈനാകം തൻ ചിറകുകൾ വിരിച്ചാശു വാരാശിമദ്ധ്യ-**
**സ്ഥാനാദുർവ്വീമണവതിനൊരുമ്പെട്ടിടുന്നെന്നു തോന്നും.**

മാനാതീതം—അളവില്ലാത്ത. പ്രഥിമ—വലിപ്പം. അന്യൂനാടോപം—തികഞ്ഞ ഗർവ്വ്. വിപുലം—വലിയ. താണ്ടുക—കടക്കുക. വിരിച്ച്—പരത്തി. വാരാശിമദ്ധ്യസ്ഥാനാത്—വാരാശിയുടെമദ്ധ്യസ്ഥാനത്തുനിന്നു്. വാരാശി—സമുദ്രം. മദ്ധ്യസ്ഥാനം—അന്തർഭാഗം. ഉർവ്വീം—ഭൂമിയെ. അണവതിനു്—പ്രാപിക്കുന്നതിനു്.

അത്യന്തം വലിപ്പമുള്ള ബോട്ടു് തണ്ടുകളുംകെട്ടി സഗർവ്വം വിസ്തൃതമായ കായൽ തരണംചെയ്യുന്നതു കണ്ടാൽ സമുദ്രാന്തർഭാഗത്തുനിന്നും ചിറകുകൾ വിടർത്തിക്കൊണ്ടു മൈനാകപർവ്വതം ഭൂമിയിലേക്കു വരാൻ ഭാവിക്കയാണോ എന്നു തോന്നും.

ഒരുകാലത്തു പർവ്വതങ്ങൾക്കു ചിറകുണ്ടായിരുന്നുവെന്നും ഇന്ദ്രകോപത്തിനിരയായി പർവ്വതങ്ങൾക്കു ചിറകു നഷ്ടമായി എന്നും എന്നാൽ മൈനാകംമാത്രം വരുണന്റെ സഹായത്തോടുകൂടി പക്ഷച്ഛേദമനുഭവിക്കാതെ സമുദ്രത്തിൽ സുരക്ഷിതമായി കഴിഞ്ഞുകൂടിയെന്നും പുരാണകഥ. ഇതാണു് ഇവിടത്തെ ഉൽപ്രേക്ഷയ്ക്കു് ആസ്പദം.

3૮

വഞ്ചി കായലിൽക്കൂടി അങ്ങനെ പോകുമ്പോൾ ബോട്ടുകൾ തമ്മിലുണ്ടാകാവുന്ന മത്സരം വർണ്ണിക്കുന്നു.

**പിന്നിൽക്കൂടി പരിചൊടണയും മറ്റു ബോട്ടൊന്നു കണ്ടാൽ**
**മുന്നിൽപ്പോകുന്നതിനു മുറുകിത്തണ്ടു ചാണ്ടിത്തുടങ്ങും**
**തെന്നിച്ചംഭസ്സതിലതിരയം ബോട്ടു പായിക്കുമുള്ളം-**
**തന്നിൽത്തിങ്ങുന്നഹമഹമികയ്ക്കൊത്തു കൈവർത്തരപ്പോൾ.**

പരിചൊടു്—ഉഷാറായി. മുറുകി—വാശിയോടുകൂടി. ചാണ്ടുക—വലിക്കുക. അംഭസ്സതിൽ—വെള്ളത്തിൽ. തെന്നിച്ച്—ചാടിച്ചുവിട്ടു്. അതിരയം—വേഗത്തിൽ. പായിക്കം—വേഗത്തിലോടിക്കും. അഹമഹമിക—ഞാൻ മുമ്പേ ഞാൻമുമ്പേ എന്ന ഭാവം. കൈവർത്തർ—അരയന്മാർ.

പുറകിൽക്കൂടി വേഗത്തിൽ മറെറാരു ബോട്ടു വരുന്നതു കണ്ടാൽ മുമ്പേതന്നെ പോകുന്നതിനു് (ഒന്നാമത്തെ ബോട്ടിലെ നാവികന്മാർ) വാശിയോടുകൂടി തണ്ടുവലിച്ചുതുടങ്ങും: ഉള്ളത്തിൽ തിങ്ങുന്ന മത്സരബുദ്ധിയോടുകൂടി അരയന്മാർ വെള്ളത്തിൽ തെന്നിച്ചുകൊണ്ടു് അതിവേഗം ബോട്ടു പായിക്കും.

ഈ ശ്ലോകത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന മത്സരം സാധാരണമാണു്. ഇതു നായകന്റെ സഞ്ചാരവേളയിൽ പലപ്പോഴും കണ്ടിരിക്കാം.

33

ബോട്ടിന്റെ ഓളംകൊണ്ടു മയിൽ സഞ്ചരിക്കുന്ന വള്ളം മുങ്ങാനിടയുണ്ടെന്നു സൂചിപ്പിക്കുന്നു.

**കള്ളം കൈവിട്ടരയരളവററുള്ള കൈയ്യുക്ക കയ്യോ-**
**ണ്ടുള്ളംതന്നിൽ സ്മയഭരിതരായ് മത്സരിക്കുംദശായാം**
**വെള്ളം തള്ളിത്തകൃതിയിൽ വരും ബോട്ടതാൻ കൂട്ടമോളം**
**വള്ളം മുക്കുന്നതിനു മതിയാമായതോർത്തീടണം നീ.**

കള്ളം കൈവിട്ട്—ആത്മാത്ഥതയോടുകൂടി. അളവററുള്ള—വലിയ. ഉള്ളംതന്നിൽ—മനസ്സിൽ. സ്മയഭരിതരായ്—അഹങ്കാരം നിറഞ്ഞ്. ദശായാം—അവസരത്തിൽ. തകൃതിയിൽ—തകപ്പോടുകൂടി.

യഥാത്ഥമായ ആവേശത്തോടും അളവററ കൈയ്യൂക്കോടുംകൂടി മനസ്സിൽ അഹങ്കാരം നിറഞ്ഞ് അരയന്മാർ മത്സരിക്കുന്ന അവസരത്തിൽ ഇരുവശത്തേക്കും വെള്ളം തള്ളിമാററിക്കൊണ്ടു തകപ്പോടുകൂടിവരുന്ന ബോട്ടിന്റെ ഓളം, വള്ളം മുക്കുന്നതിനു ശക്തമായെന്നുവരാം. അതു നീ ഓത്തിരിക്കണം.

34

വള്ളം മുങ്ങിപ്പോകുന്നപക്ഷം കായലിന്റെ കരയിലേക്കു പറന്നുപോകണമെന്നു നിർദ്ദേശിക്കുന്നു.

**കാണിക്കേണം കിമപി സഹജം പാടവം നീ വസിക്കും**
**തോണിക്കെന്തെങ്കിലുമപകടം നേരിടുന്നാകിലപ്പോൾ**
**ത്രാണിക്കാകുംവിധമൊടു വിചിത്രം പതത്രം പരത്തി**
**ക്ഷീണിക്കാതക്ഷണമണയണം കായലിന്നക്കരയ്ക്കു്.**

കിമപി—കുറച്ച്. സഹജം—സ്വാഭാവികമായുള്ള. പാടവം—സാമത്ഥ്യം. വിചിത്രം—വിവിധവർണ്ണത്തിലുള്ള. പതത്രം—ചിറക്. അക്ഷണം—പെട്ടെന്ന്.

നീ സഞ്ചരിക്കുന്ന വള്ളത്തിന് ഏതെങ്കിലും അപകടം നേരിടുന്നപക്ഷം നിന്റെ സഹജമായ സാമത്ഥ്യം അല്പം പ്രകടിപ്പിക്കണം. വർണ്ണശബളമായ ചിറകുവിരിച്ചു പെട്ടെന്നു കായലിനക്കരെ ക്ഷീണിക്കാതെ പറന്നെത്തണം.

35

പറന്നു വൃക്ഷത്തിനു മുകളിൽച്ചെന്നിരിക്കുന്ന മയിൽ വെള്ളത്തിൽ മുങ്ങി അലയുന്ന വള്ളത്തിനു ഭാവുകം പ്രാത്ഥിക്കണമെന്നു താൽപ്പര്യപ്പെടുന്നു.

**പൊങ്ങിപ്പോയിപ്പരിചൊടു പറന്നക്കരക്കുന്നിലെത്തി-**
**ത്തിങ്ങിച്ചേർന്നുള്ളൊരു തരുകുലേ തങ്ങി നീയങ്ങിരിക്കേ**

**മുങ്ങിപ്പാഥസ്സതിൽ വലയുമത്തോണിതൻ ഛായ കാണാം**
**മങ്ങിദ്ദൂരത്തതിനു ഭവതാ ഭാവുകം പ്രാർത്ഥനീയം.**

പാഥസ്സ്—വെള്ളം. ഛായ—അടയാളം. ഭവതാ—ഭവാനാൽ. ഭാവുകം—മംഗളം. പ്രാൎത്ഥനീയം—പ്രാൎത്ഥിക്കപ്പെടണം.

പൊങ്ങിപ്പറന്നു കായൽക്കരയിലുള്ള കുന്നിലെത്തി അവിടെ തിങ്ങിനില്ക്കുന്ന വൃക്ഷങ്ങളുടെ മുകളിൽ നീ ചേൎന്നിരിക്കുമ്പോൾ വെള്ളത്തിൽ മുങ്ങി വലയുന്ന ആ തോണിയുടെ മങ്ങിയ ഛായ ദൂരത്തായി കാണാം. അതിനു നീ മംഗളം നേരണം.

വള്ളം മുങ്ങിപ്പോയെങ്കിലും അതിനു നാശം വരാതിരിക്കാൻ പ്രാൎത്ഥിച്ചു മയിലിന്റെ കൃതജ്ഞത പ്രകടിപ്പിക്കണമെന്നായിരിക്കാം ഇവിടത്തെ വിവക്ഷ.

36

**കുന്നിറങ്ങി, സമതലത്തിലെത്തി കുറെ തെക്കോട്ടു നടന്നാൽ മയിലിനു കൊല്ലം പട്ടണം കാണാറാകും.**

**ചാരത്തോടിച്ചകിതശശപോതങ്ങൾ ചാടുന്ന കായൽ-**
**ത്തീരത്തോടേ സമധരണിയിൽ സത്വരം ചെന്നിറങ്ങി**
**കേരത്തോട്ടം പനസവനവും പുക്കു നാലഞ്ചുനല്വം**
**ദൂരത്തോളം നട തുടരുകിൽ ദൃശ്യമാം കൊല്ലമഗ്രേ.**

ചാരത്തു്—സമീപത്തു്. ചകിതശശപോതങ്ങൾ—ചകിതങ്ങളായ ശശപോതങ്ങൾ. ചകിതം—ഭയപ്പെട്ട. സംതൃപ്തം എന്ന അൎത്ഥവും യുക്തമെന്നു തോന്നുന്നു. ശശപോതം—മുയൽക്കുട്ടി. സമധരണി—സമതലം സത്വരം—വേഗം. കേരത്തോട്ടം—തെങ്ങിൻതോട്ടം. പനസവനം—പ്ലാവിൻതോപ്പു്. നല്വം—നാനൂറു മുഴം. ദൃശ്യമാം—കാണപ്പെടും. അഗ്രേ—മുമ്പിൽ.

ഭീതിപൂണ്ട (സംതൃപ്തരായ) മുയൽക്കുട്ടികൾ സമീപത്തു് ഓടിച്ചാടുന്ന കായൽത്തീരംവഴി പോയി സമതലപ്രദേശത്തു വേഗം ചെന്നിറങ്ങി, തെങ്ങിൻതോപ്പും പ്ലാവിൻതോട്ടവും കടന്നു നാലഞ്ചു ഫർലോംഗുദൂരം നടക്കുന്നപക്ഷം നിനക്കു ദൂരത്തായി കൊല്ലം പട്ടണം പ്രത്യക്ഷമാകും.

37

**അടുത്ത അഞ്ചു ശ്ലോകങ്ങളിൽ കൊല്ലം റസിഡൻസിയും പരിസരവും വൎണ്ണിക്കപ്പെടുന്നു. ആദ്യമായി കൊടിക്കൂറ.**

**തത്രാനല്പം മഹിമകലരും മന്ദിരേ ഹൂണവര്യൻ**
**സത്രാമിത്രങ്ങളൊടു സരസം വാണിടുന്നാകിലപ്പോൾ**

**ചിത്രാകാരം കൊടിമരമതിൽ ക്കൂറൊടക്കൂറ കാണാം**
**സുത്രാമാവിൻ സുഷമതമമാം വില്ലുതൻ തെല്ലുപോലെ.**

തത്ര—അവിടെ, കൊല്ലത്ത്. അനല്പം—അധികമായി. മഹിമ—മാഹാത്മ്യം. മന്ദിരേ—മന്ദിരത്തിൽ. ഋണവര്യൻ—ധാരപ്രമാണി, റസിഡൻറ്. മിത്രങ്ങളോട് സത്രാ—മിത്രങ്ങളോടുകൂടി. സരസം—സുഖമായി. ചിത്രാകാരം—വർണ്ണഭംഗിയുള്ള. കൂറ—കൊടിക്കൂറ. സുത്രാമാവ് — ഇന്ദ്രൻ. സുഷമതമമാം — അത്യന്തം ശോഭയുള്ള. തെല്ല്—അംശം.

അവിടെ മഹിമയേറിയ മന്ദിരത്തിൽ മിത്രങ്ങളോടുകൂടി റസിഡൻറ് സായിപ്പ് സുഖമായി താമസിക്കുന്ന അവസരമാണെങ്കിൽ കൊടിമരത്തിൽ വർണ്ണഭംഗിയുള്ള കൊടിക്കൂറ, മനോഹരമായ മഴവില്ലിൻെറ അംശംപോലെ, താൽപര്യപൂർവ്വം നിനക്കു കാണാം.

ബ്രിട്ടീഷ്റസിഡൻറിന്റെ സ്ഥിരതാമസം തിരുവനന്തപുരത്തായിരുന്നു. ചിലപ്പോൾ കൊല്ലത്തും എറണാകുളത്തും മററും പോയി താമസിക്കുകയും ചെയ്തിരുന്നു. താമസിക്കുന്നിടത്തു ബ്രിട്ടീഷ്കൊടി ഉയർത്തുക പതിവായിരുന്നു. അതാണു സായിപ്പ് അവിടെ താമസമുണ്ടെങ്കിൽ കൊടിക്കൂറ കാണുവാൻ സാധിക്കുമെന്നു പറയാൻ കാരണം. മഴവില്ല് കാണുന്നതു മയിലിനു വളരെ ഇഷ്ടമുള്ളതാണല്ലോ. അതിനാൽ അതിന്റെ അംശംപോലിരിക്കുന്ന ഒരു വസ്തുവിനെ കാണുന്നതും മയിലിന് ആഹ്ലാദകരമായിരിക്കും. ഈ വിവക്ഷയോടുകൂടിയായിരിക്കണം 'ക്കൂറൊടക്കൂറ കാണാം' എന്നു പറഞ്ഞിരിക്കുന്നത്. വർണ്ണശാബല്യം സാധാരണധർമ്മമായ ഇവിടത്തെ ഉപമാലങ്കാരപ്രയോഗം മേഘസന്ദേശത്തിൽ ഇന്ദ്രചാപഖണ്ഡത്തെ ശ്രീകൃഷ്ണൻ ശിരസ്സിലണിയുന്ന മയിൽപ്പീലിയോടുപമിച്ചിട്ടുള്ളതിനെ അനുസ്മരിപ്പിക്കുന്നു— മേഘസന്ദേശം പൂർവ്വഭാഗം, ശ്ലോകം 15.

അഷ്ടമുടിക്കായലിലെത്തിയ മയിൽ കിഴക്കേക്കരവഴി യാത്ര ചെയ്ത് റസിഡൻസിയിലെത്തുന്നു. ഈ മാർഗ്ഗം സ്വീകരിക്കനിമിത്തമാണ് മനോഹരമായ നീണ്ടകര അഴിയും പരിസരവും വർണ്ണിക്കാൻ സാധിക്കാതെപോയത്.

## 38

**റസിഡൻസിയിലെ തോട്ടത്തിൽ ശ്രദ്ധയില്ലാതെ സഞ്ചരിച്ചാൽ ധാര പിടിച്ചു കൂട്ടിലാക്കുമെന്നു മയിലിനു മുൻകരുതൽ കൊടുക്കുന്നു.**

**മദ്ധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളാ-**
**രദ്ധ്വാവിൽ പുക്കനവഹിതനായങ്ങുമിങ്ങും നടന്നാൽ**
**വദ്ധ്വാ ചേർന്നിട്ടതുവഴി വരും വല്യസായിപ്പു നിന്നെ-**
**ബ്ബദ്ധ്വാ പാർപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ.**

മദ്ധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിൽ—മധുവിൽ ആസക്തങ്ങളായ ഭ്രമരങ്ങളാൽ മുഖരമായ ആരാമത്തിൻെറ മദ്ധ്യത്തിൽ. മധു—തേൻ. ആസക്തം—ആഗ്രഹമുള്ള. ഭ്രമരം—വണ്ട്. മുഖരം—ശബ്ദായമാനം. ആരാമം—തോട്ടം. അദ്ധ്വാവ്—വഴി. പുക്ക്—പ്രവേശിച്ച്. അനവഹിതനായ്—മനസ്സാന്നിദ്ധ്യമില്ലാതെ, ശ്രദ്ധിക്കാതെ. വധ്വാ—ഭാര്യയോടുകൂടി. വല്യസായിപ്പ്—റസിഡൻറ്. അഞ്ജസാ—വേഗം. ബദ്ധ്വാ—ബന്ധിച്ചിട്ട്. അദയമായ്—ദയവില്ലാതെ. പഞ്ജരത്തിൽ—കൂട്ടിൽ.

തേൻകൊതിക്കുന്ന വണ്ടുകളെക്കൊണ്ടു ശബ്ദായമാനമായ ഉദ്യാനത്തിൻെറ മദ്ധ്യത്തിലുള്ള മാർഗ്ഗത്തിൽക്കൂടി ശ്രദ്ധയില്ലാതെ അവിടെയും ഇവിടെയും നടന്നാൽ, ഭാര്യയോടുകൂടി അതുവഴി വരുന്ന റസിഡൻറ്സായിപ്പ് നിന്നെ വേഗം ബന്ധിച്ചു നിർദ്ദയമായി കൂട്ടിലടയ്ക്കും.

പക്ഷിമൃഗാദികളെ വളർത്തുന്നതിൽ ധവരന്മാർക്കുള്ള കൗതുകം പ്രസിദ്ധമാണല്ലോ. അതുകൊണ്ടാണു മയിലിനുണ്ടാകാവുന്ന ഈ ആപത്തിനെപ്പററി നായകൻ ശങ്കാകുലനാകുന്നതു്. മദ്ധ്വാസക്തഭ്രമരങ്ങളെപ്പററിയുള്ള പരാമർശം മദ്യപാനികളായ ധവരന്മാരെക്കൂടി മനസ്സിൽവച്ചുകൊണ്ടു ചെയ്യുന്നതാവാം.

39

**റസിഡൻറ് വേട്ടയ്ക്കു് ഒരുങ്ങുന്ന അവസരത്തിൽ ദൃഷ്ടിയിൽപ്പെട്ടാൽ മയിലിനു മരണമാണത്രേ അനുഭവം.**

**തോക്കും താങ്ങിത്തദനുചരരാം ഹൂണരൊന്നിച്ചു നേരം-**
**പോക്കും തീററിക്കൊരുവകയുമായെന്നു വേട്ടയ്ക്കു തക്കം**
**നോക്കുന്നേരത്തകലെയുമിരുന്നീടൊലാ നീയകാലേ**
**ചാക്കുണ്ടാകാമൊരു ശകലവും ലാക്കു തെററില്ലവർക്കു്.**

'തീററിക്കൊരു വകയുമായെന്നു വേട്ടയ്ക്കു തക്കം' എന്നതിനു പകരം 'തീററിക്കൊരു വകയുമായ് പക്ഷിവേട്ടയ്ക്കു തക്കം' എന്നാണു കൈയെഴുത്തുപാഠം. ഇതുതന്നെ ഭാഷാപോഷിണീപാഠവും.

തദനുചരർ—അദ്ദേഹത്തിൻെറ അനുയായികൾ. ഹൂണർ—ധവരന്മാർ. തക്കം—സൗകര്യം. അകാലേ—അകാലത്തിൽ. ചാക്ക്—മരണം. തെററില്ല—തെററുകയില്ല.

തോക്കുമെടുത്തു് അനുയായികളായ ധവരന്മാരുമൊരുമിച്ചു്, വിനോദത്തിനും ആഹാരത്തിനും വകയുണ്ടാകുമെന്നു കരുതി വേട്ടയാടുവാൻ റസിഡൻറ് സൗകര്യം നോക്കിയിരിക്കുമ്പോൾ നീ (ദൃഷ്ടിയിൽപ്പെടത്തക്കവണ്ണം) അകലെപ്പോലും നില്ക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ നിനക്കു് അകാലമൃത്യു ഉണ്ടാകും. അവർക്കു് അല്പംപോലും ഉന്നം പിഴയ്ക്കുകയില്ല.

റസിഡൻസിത്തോട്ടത്തിൽ മുയലുകളും കാട്ടുകോഴികളും മററും

ധാരാളമുണ്ടായിരുന്നു. അവയെ ധ്വരമാർ വേട്ടയാടുകയും ചെയ്യിരുന്നു. ധ്വരമാക്ക് ലക്ഷ്യം നോക്കുന്നതിലുള്ള സാമത്ഥ്യത്തെക്കുറിച്ച നായകൻ ബോധവാനായിരുന്നു. അവരോടൊത്തു വെടിവെയ്പുമത്സരങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നുവല്ലോ.

## 40

**ഉദ്യാനസുഖമനുഭവിക്കണമെങ്കിൽ ഒരു വള്ളിക്കുടിലിൽ ഒളിച്ചിരിക്കണമെന്നു മയിലിനെ ധരിപ്പിക്കുന്നു.**

**ഹൃദ്യാനന്ദം നിരുപമതമം നൽകുമദ്ദിവ്യമായോ-**
**രുദ്യാനത്തിൻ സുഖമനുഭവിക്കേണമെന്നെണ്ണമെങ്കിൽ**
**ഹൃദ്യാകാര! സ്ഥിതിയൊരു നികുഞ്ജത്തിലാക്കീടണം നീ**
**പദ്യാപാർശ്വസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ.**

ഹൃദി—ഹൃദയത്തിൽ. നിരുപമതമം—തീരെ തുല്യമില്ലാത്ത, ഏററവും അധികമായ. ദിവ്യം—ശ്രേഷ്ഠം. എണ്ണം—വിചാരം. ഹൃദ്യാകാര!—ഹൃദ്യമായ ആകാരമുള്ളവനേ എന്നു സംബോധന. ഹൃദ്യം—രമണീയം. ആകാരം—ശരീരം. നികുഞ്ജം—വള്ളിക്കുടിൽ. പദ്യാപാർശ്വസ്ഥലികം—പദ്യയുടെ പാർശ്വങ്ങളിലുള്ള സ്ഥലികം. പദ്യ—വഴി. പാർശ്വം—വശം. സ്ഥലി—സ്ഥലം. അന്തർഹിതാത്മാ—ഒളിച്ചിരിക്കുന്നവനായി.

ഹൃദയത്തിൽ അതുല്യമായ ആനന്ദം പകരുന്ന ഈ അതിവിശിഷ്ടമായ ഉദ്യാനത്തിൻെറ സുഖം അനുഭവിക്കണമെന്നു വിചാരമുണ്ടെങ്കിൽ, അല്ലയോ മോഹനാകാര! വഴിയുടെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങളിലിറങ്ങാതെ, ഒളിച്ച് ഒരു വള്ളിക്കുടിലിൽ ഇരുപ്പുറപ്പിച്ചുകൊള്ളണം.

ഇവിടെ പ്രസ്താവിച്ചതുപോലെ മറഞ്ഞിരുന്നാൽ നിർബാധമായി മയിലിന് ഉദ്യാനസുഖമനുഭവിക്കാം. അല്ലാത്തപക്ഷം ഒന്നുകിൽ പിടിച്ചു കൂട്ടിലാക്കും, അല്ലെങ്കിൽ വേട്ടയാടും എന്നു ഭാവം.

## 41

**വള്ളിക്കുടിലിൽ രസിച്ചങ്ങനെയങ്ങ് ഇരുന്നുപോകരുതെന്നു മയിലിനെ താക്കീതുചെയ്യുന്നു.**

**മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും**
**സല്ലീലാഭിഃ കിസലയകരംകൊണ്ടു നിന്നെത്തലോടും**
**വല്ലീനാം നീ പരിചയരസംപൂണ്ടു കൗതൂഹലത്താ-**
**ലുല്ലീഢാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ലാ.**

കൈയെഴുത്തുപ്രതിയിൽ ഉത്തരാദ്ധം താഴെക്കാണുംപ്രകാരമാണ്:

''വല്ലീനാം നീ പരിചയരസംപൂണ്ടു വാഴുന്നനേരം
വല്ലീനാഥൻ വരഗുണനിധേ! കാത്തുകൊള്ളട്ടെ നിന്നെ.''

ഭാഷാപോഷിണീപാഠവും ഇതുതന്നെ.

മല്ലീജാതിപ്രഭൃതികുസുമസ്മേരം—മുല്ല, പിച്ചി തുടങ്ങിയ പൂക്കളെക്കൊണ്ടു ചിരിക്കുന്ന. ഉല്ലസിക്കും—വിലസും. സല്ലീലാഭിഃ—മനോഹരലീലകളോടുകൂടി. കിസലയകരം—കൈപോലെയുള്ള തളിരു്. വല്ലീനാം—ലതകളുടെ. പരിചയരസം—സമ്പർക്കംകൊണ്ടുണ്ടാകുന്ന സുഖം. കൗതുഹലം—കുതുഹലം, ആനന്ദം. ഉല്ലിഖാത്മാ—അപഹൃതചിത്തനായി. ചിരതരം—വളരെനേരം. അമാന്തിച്ചിടൊല്ലാ—താമസിക്കരുതു്.

മുല്ല, പിച്ചി മുതലായ പൂക്കളെക്കൊണ്ടു ചിരിച്ചു വിലസുന്നവയും മനോഹരലീലകളോടുകൂടി കരംപോലെയുള്ള തളിരുകളാൽ നിന്നെ തലോടുന്നവയും ആയ ലതകളുടെ സമ്പർക്കസുഖം അനുഭവിച്ചു് ആനന്ദിച്ചു് അപഹൃതചിത്തനായ നീ അവിടെ വളരെനേരം താമസിച്ചുകളയരുതു്.

സമാസോക്തിരീതിയിൽ ഇവിടെ കാമിനീസംഗം അനുഭവിക്കുന്ന ഒരു കാമുകന്റെ പ്രതീതി ഉളവാക്കിയിരിക്കുന്നു. ലതാപരമായ പ്രകൃതാർത്ഥംകൂടാതെ ഒരു നായികയുടെ കളിയും ചിരിയും തലോടലും മററും സഹൃദയനു സംവേദ്യമാകുന്നു. കൂടാതെ ആനന്ദാനുഭൂതിയിൽ ലയിച്ചു് അപഹൃതഹൃദയനാകുന്ന കാമുകനും വ്യംഗ്യമര്യാദയിൽ സ്ഫുരിക്കുന്നു. സംയുക്തരായ നായികാനായകന്മാരുടെ ലീലാപരിപാടികളെക്കുറിച്ചുള്ള വ്യംഗ്യരൂപമായ സ്മരണം നായകന്റെ വിപ്രയോഗവ്യഥയെ വർദ്ധിപ്പിക്കുന്നു. ഇതു വിപ്രലംഭശൃംഗാരത്തിനു പോഷകമായും പരിണമിക്കുന്നു.

42

**റസിഡൻസിയിൽനിന്നും തൊട്ടു കിഴക്കുവശമുള്ള ആശ്രാമംക്ഷേത്രത്തിലേക്കു പോകണമെന്നു പറയുന്നു.**

**തഞ്ചംനോക്കിപ്പുനരഥ പുറപ്പെട്ടു താർത്തേൻ കുടിച്ചും**
**ചഞ്ചൽപത്രാഹതിപതിതമാം ചാരുപക്വം ഭുജിച്ചും**
**അഞ്ചന്നഞ്ചിക്കണമരികിലാശ്രാമധാമത്തിലെത്തീ-**
**ട്ടഞ്ചമ്പൻതന്നുടെ ജനകനാമംബുജാക്ഷം സമക്ഷം.**

അഥ—അനന്തരം. പുനഃ—വീണ്ടും. തഞ്ചം—തക്കതായ അവസരം. താർത്തേൻ—പൂവിലുള്ള തേൻ ചഞ്ചൽപത്രാഹതിപതിതമാം—ഇളകുന്ന ചിറകിന്റെ അടികൊണ്ടു വീണ. ചാരുപക്വം—നല്ല പഴം. അഞ്ചൻ—സഞ്ചരിക്കുന്നവനായി. ആശ്രാമധാമം—ആശ്രാമം ക്ഷേത്രം. അഞ്ചമ്പൻതന്നുടെ ജനകൻ—കാമദേവന്റെ അച്ഛൻ. അംബു

ജാക്ഷം—അംബുജാക്ഷനെ, ശ്രീകൃഷ്ണനെ. സമക്ഷം—പ്രത്യക്ഷത്തിൽ കണ്ടു്. അഞ്ചിക്കണം—ഭജിക്കേണം.

അനന്തരം അവസരംനോക്കി വള്ളിക്കുടിലിൽനിന്നും പുറത്തിറങ്ങി, പൂക്കളിലെ തേനും കുടിച്ച്, ചിറകടികൊണ്ടു വീണ നല്ല പഴങ്ങളും തിന്നു നടന്നു നീ ആശ്രാമം ക്ഷേത്രത്തിലെത്തി കാമദേവജനകനായ ശ്രീകൃഷ്ണസ്വാമിയെ പ്രത്യക്ഷത്തിൽ കണ്ടു ഭജിക്കണം.

റസിഡൻറ്സായിപ്പോ അദ്ദേഹത്തിൻെറ അനുയായികളോ സമീപത്തെങ്ങും ഇല്ലാത്ത സമയംനോക്കി എന്നായിരിക്കണം 'തഞ്ചം നോക്കി' എന്നതുകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. അല്ലെങ്കിൽ ആപത്തുണ്ടാകുമെന്നു സൂചന. കാമദേവൻെറ പിതാവായ ശ്രീകൃഷ്ണനെ പ്രത്യക്ഷമായി ഭജിക്കാമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ക്ഷേത്രത്തിലെ അതികമനീയമായ വിഗ്രഹം കണ്ടാൽ ശ്രീകൃഷ്ണഭഗവാൻ മുമ്പിൽ നില്ക്കുന്നതായി അനുഭവപ്പെടും എന്നു ധ്വനിപ്പിക്കുന്നു.

## 43

**ആശ്രാമംക്ഷേത്രത്തിൽ കുറച്ചു വിശ്രമിക്കുന്നപക്ഷം കണ്ണിന്നാനന്ദകരമായ നാഗസ്വരവായന കേൾക്കാമെന്നു പറയുന്നു.**

**വിശ്രാന്തിക്കായ്‌വിരവൊടിവിടെത്തന്നെ നീ താമസിച്ചാൽ**
**വിശ്രാണിക്കും തവ വിതതമാം കൗതുകം കാതുകൾക്കു്**
**സുശ്രാവ്യത്വം കലരുമനവധ്യാനകധ്വാനധാടീ-**
**മിശ്രാ നാഗസ്വരവിസൃമരാ കാകളീ കേകിരാജ!**

വിശ്രാന്തി—വിശ്രമം. സുശ്രാവ്യത്വം—ശ്രവണസൗഖ്യം. അനവധ്യാനകധ്വാനധാടീമിശ്രാ—അനവധി ആനകങ്ങളുടെ ധ്വാനത്തിൻെറ ധാടിയോടു ചേർന്നതായ. ആനകങ്ങൾ—വാദ്യവിശേഷങ്ങൾ, തകിൽ മുതലായവ. ധ്വാനം—ശബ്ദം. ധാടി—ഘോഷം. നാഗസ്വരവിസൃമരാ—നാഗസ്വരത്തിൽനിന്നും പുറപ്പെടുന്ന. കാകളീ—മധുരമായ മൃദുസംഗീതം. വിതതം—വിപുലം. കൗതുകം—ആനന്ദം. വിശ്രാണിക്കും—നല്കും.

വിശ്രമാർത്ഥം നീ അവിടെ താമസിക്കുന്നപക്ഷം, അല്ലയോ പക്ഷിശ്രേഷ്ഠ! ശ്രവണസുഖദമായ അനേകം വാദ്യങ്ങളുടെ ശബ്ദഘോഷം ചേർന്നതും നാഗസ്വരത്തിൽനിന്നും പ്രസരിക്കുന്നതുമായ മധുരസംഗീതം നിൻ്റെ കാതുകൾക്കു് ആനന്ദാതിരേകത്തെ പ്രദാനംചെയ്യും.

ആശ്രാമംക്ഷേത്രത്തിലെ നാഗസ്വരവായന നായകനെ മുമ്പുതന്നെ ആകർഷിച്ചിരിക്കണം. സന്ധ്യാസമയത്തു് ദീപാരാധനയ്ക്കുള്ള നാഗസ്വരവായനയായിരിക്കാം ഇവിടെ വിവക്ഷിതം. 'അവിടെത്തന്നെ നീ താമസിച്ചാൽ' എന്ന പ്രയോഗത്തിൽ അല്പം അസ്വാരസ്യം ഉണ്ടു്. 'അവിടെത്തെല്ല നീ താമസിച്ചാൽ' എന്നായിരുന്നാൽ കൊള്ളാമായിരുന്നു.

## 44

**ആശ്രാമത്തുനിന്നും പറന്നു് ആനന്ദവല്ലീശ്വരത്തെത്തി ക്ഷേത്രദർശനം ചെയ്യണമെന്നു നിർദ്ദേശിക്കുന്നു.**

**നന്ദന്നാനാസുജനനയനാനന്ദിയായു് പിന്നെയും സ്വ-**
**ച്ഛന്ദം നാഗാശനവര! പറന്നക്കരച്ചെന്നവശ്യം**
**മന്ദസ്മേരാനനകമലയാം മാതുരാനന്ദവല്ല്യാ**
**വന്ദസ്വ ത്വം ചരണയുഗളം ചന്ദ്രചൂഡാമണേശ്ച.**

നാഗാശനൻ—മയിൽ. നന്ദൻ—സന്തോഷവാനായി. നാനാസു ജനനയനാനന്ദി—അനേകം സഹൃദയന്മാരുടെ കണ്ണുകൾക്കു് ആനന്ദം ജനിപ്പിക്കുന്ന. സ്വച്ഛന്ദം—ഇഷ്ടാനുസരണം. മന്ദസ്മേരാനനകമല യാം—മന്ദഹസിക്കുന്ന മുഖകമലത്തോടുകൂടിയ. ആനന്ദവല്ല്യാഃ— ആനന്ദവല്ലിയായ. മാതുഃ—ലോകമാതാവിന്റെ. ചന്ദ്രചൂഡാമണേ ശ്ച—ശിവന്റെയും. ചരണയുഗളം—കാലിണയെ. അവശ്യം—അനു പേക്ഷണീയമായി. വന്ദസ്വ—നീ വന്ദിക്കുക.

അല്ലയോ മയൂരശ്രേഷ്ഠ! സന്തുഷ്ടനായി അനേകം സഹൃദയന്മാരു ടെ കണ്ണുകൾക്കു് ആനന്ദം ജനിപ്പിച്ചുകൊണ്ടു വീണ്ടും സൈ്വരമായി പറന്നു് അക്കരെച്ചെന്നിട്ടു്, മന്ദസ്മിതംതൂകുന്ന മുഖകമലത്തോടുകൂടിയ ആനന്ദവല്ലീശ്വരിയായ ജഗദംബയുടെയും പരമശിവന്റെയും കാലി ണ നീ അവശ്യം വന്ദിക്കുക.

നാഗസ്വരവായന കേട്ടു സന്തോഷവാനായി പറന്നു് കായലി ന്റെ പടിഞ്ഞാറേ കരയിലുള്ള ആനന്ദവല്ലീശ്വരം ക്ഷേത്രത്തിൽ പോ കണമെന്നാണു നിർദ്ദേശം. 'മന്ദസ്മേരാനനകമല' എന്ന വിശേഷണം ആനന്ദവല്ലീശ്വരം ക്ഷേത്രത്തിൽ പോകണമെന്നാണു നിർദ്ദേശം. 'മന്ദ സ്മേരാനനകമല' എന്ന വിശേഷണം ആനന്ദവല്ലീശ്വരം ക്ഷേത്രത്തി ലെ ദേവീവിഗ്രഹത്തിന്റെ സജീവകാന്തിയെ ദ്യോതിപ്പിക്കുന്നു. 'ആനന്ദവല്ലീ' എന്ന നാമധേയത്തിനു് അനുഗുണമാണു് ഈ വി ശേഷണം.

## 45

**ആനന്ദവല്ലീശ്വരത്തുവച്ചു് സഹൃദയന്മാർ മയിലിനെ കണ്ടു സന്തോഷിക്കുമെന്നു ഭാവനചെയ്യുന്നു.**

**സത്തന്മാരപ്പൊഴുതഹിഭുജം നീലകണ്ഠം ഖഗാനാ-**
**മുത്തംസത്വം ദധതമരികിൽ കണ്ടു സന്തുഷ്ടരാകും**
**നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം**
**ചിത്തംതന്നിൽ ഗ്രഹനൊടധികപ്രേമവന്തം ഭവന്തം.**

അപ്പൊഴുതു്—ആനന്ദവല്ലീശ്വരത്തു ദേവാരാധന നടത്തുമ്പോൾ. അഹിഭുജം—സർപ്പങ്ങളെ തിന്നുന്ന. നീലകണ്ഠം—നീലനിറത്തിലുള്ള

കഴുത്തോടുകൂടിയ. ഖഗാനാം—പക്ഷികളുടെ. ഉത്തംസത്വം—ശിരോലങ്കാരത്തിന്റെഭാവം, ശ്രേഷ്ഠത. ദധതം—വഹിക്കുന്ന. യഥാകാലം—അനുരൂപമായ കാലത്തിൽ, വർഷകാലത്തിൽ. ഉത്സാഹവന്തം—ഉത്സാഹത്തോടുകൂടിയ. ചിത്തംതന്നിൽ—മനസ്സിൽ. ഗുഹൻ—സുബ്രഹ്മണ്യൻ. അധികപ്രേമവന്തം—അതിയായ സ്നേഹത്തോടുകൂടിയ. ഭവന്തം—ഭവാനെ. സത്തന്മാർ—സഹൃദയന്മാർ.

അപ്പോഴം, സർപ്പാശനനും നീലകണ്ഠനും പക്ഷികുലാവതംസവും അനുകൂല(വർഷ)കാലത്തു നൃത്തംചെയ്യുന്നതിൽ തല്പരനും സുബ്രഹ്മണ്യനോടു് ഉള്ളിൽ അത്യന്തം പ്രേമമുള്ളവനും ആയ ഭവാനെ സമീപത്തു കണ്ടു സഹൃദയന്മാർ സന്തോഷിക്കും.

ഈ പദ്യത്തിനു് ശിവപരവും പ്രകൃതാനുബന്ധിയുമായ ഒരു ശ്ലിഷ്ടാർത്ഥംകൂടിയുണ്ടു്. അഹിഭുജം—സർപ്പത്തിനെ ഭുജത്തിലാഭരണമായി ധരിക്കുന്ന. നീലകണ്ഠം—കഴുത്തു് (വിഷംനിമിത്തം) നീലിച്ചിരിക്കുന്ന. ഖഗാനാം—ദേവന്മാരുടെ. യഥാകാലം—സന്ധ്യാകാലം. സന്ധ്യയ്ക്കാണു് ശിവൻ നൃത്തംചെയ്യുക. പുത്രനായ ഗുഹനോടു് ശിവനുള്ള സ്നേഹാതിരേകം സ്വതഃസിദ്ധം. തം ഭവം—ആ ശിവനെ.

കൈയിൽ സർപ്പാഭരണമണിയുന്നവനും നീലിച്ച കഴുത്തോടുകൂടിയവനും ദേവശ്രേഷ്ഠനും ഗുഹനോടു മനസ്സിലത്യന്തം സ്നേഹമുള്ളവനുമായ ആ ശിവനെ അപ്പോഴം അടുത്തു കണ്ടു് സുകൃതികൾ ആനന്ദഭരിതരാകും.

അഭിധാശക്തികൊണ്ടുതന്നെ പ്രകൃതാനുഗുണമായ ഈ രണ്ടർത്ഥവും നിവേദിപ്പിക്കുവാൻ ഇതിലെ ശബ്ദങ്ങൾക്കു സാമർത്ഥ്യമുണ്ടു്. അതിനാൽ മയൂരപരവും ശിവപരവുമായ രണ്ടർത്ഥങ്ങളും അഭിഹിതങ്ങൾതന്നെയാണു്. ഒന്നും വ്യംഗ്യമല്ല. മയിലും ശിവനും തമ്മിലുള്ള സാദൃശ്യം വ്യഞ്ജിപ്പിച്ചുകൊണ്ടു് ഇവ കാവ്യശോഭയെ വർദ്ധിപ്പിക്കുന്നു. ചുരുക്കത്തിൽ ഇതു് ശബ്ദശക്തിമൂലകമായ ഉപമാധ്വനിക്കു് ഉദാഹരണമാണു്.

ആനന്ദവല്ലീശ്വരം ക്ഷേത്രത്തിനടുത്താണല്ലോ കച്ചേരി. അതിനാൽ കൂടുതൽ സംസ്കാരസമ്പന്നരും അഭ്യസ്തവിദ്യരുമായ ആളുകൾ ആ ഭാഗത്തു് അന്നു താമസിച്ചിരിക്കണം. അതുകൊണ്ടാവാം 'സത്തന്മാർ' എന്നു പ്രയോഗിച്ചിരിക്കുന്നതു്.

## 46

ചിട്ടയിലുള്ള വേഷവും ധരിച്ചു സന്തോഷഭരിതരായി കച്ചേരിയിൽ പോകുന്നവരെ വർണ്ണിക്കുന്നു.

**സച്ചേലത്തെസ്സരസമരയിൽ ചേർത്തുടുത്തിട്ടുടുപ്പി-**
**ട്ടുച്ചേലൊത്തുള്ളൊരു കുടയുമായത്തലേക്കെട്ടുമായി**
**കച്ചേരിക്കായു് പരിചൊടു ചെരിപ്പിട്ടു പോകുന്ന ലോകം**
**തച്ചേതസ്സിൽ കുതുകമുളവാക്കീടുമപ്പട്ടണത്തിൽ.**

'തലേക്കെട്ട' എന്ന കൈയെഴുത്തുപാഠത്തിനു് 'തലക്കെട്ടു്' എന്ന പാഠാന്തരം ചില പതിപ്പുകളിൽ കാണുന്നു.

സച്ചേലത്തെ—നല്ല ചേലത്തെ. ചേലം—വസ്ത്രം. ചേലൊത്ത—ഭംഗിയുള്ള. തലേക്കെട്ടു്—തലപ്പാവു്. ലോകം—ആളുകൾ. ത്വച്ചേതസ്സിൽ—നിന്റെ മനസ്സിൽ. കുതുകം—സന്തോഷം.

ആ പട്ടണത്തിൽ നല്ല മുണ്ടുടുത്തു് ഷർട്ടും കോട്ടും തലപ്പാവും ധരിച്ചു്, ചെരിപ്പുമിട്ടു് ഭംഗിയുള്ള കുടയുമായി കച്ചേരിയിലേക്കു പോകുന്ന ആളുകൾ നിന്റെ മനസ്സിൽ സന്തോഷം ജനിപ്പിക്കും.

വക്കീലന്മാരും ഉദ്യോഗസ്ഥന്മാരും കച്ചേരിയിലേക്കു മോടിയായി പോകുന്നതിന്റെ ചിത്രം മനസ്സിൽ ജനിപ്പിക്കുന്നതിനു് ഈ പദ്യത്തിലെ ആശയത്തിനും ശൈലിക്കും കഴിയുന്നുണ്ടു്. ആനന്ദവല്ലീശ്വരംക്ഷേത്രത്തിനു സമീപമാണു് കച്ചേരി സ്ഥിതിചെയ്യുന്നതു്. അടുത്തകാലത്തു പഴയ സ്ഥാനത്തുതന്നെ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നു.

## 47

**'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട' എന്ന ചൊല്ലിനെ അനുസ്മരിച്ചുകൊണ്ടു് കൊല്ലംപട്ടണത്തിന്റെ അഭിവൃദ്ധി വർണ്ണിക്കുന്നു.**

**കൊല്ലം കണ്ടാലൊരുവനവിടെത്തന്നെ പാർക്കാൻ കൊതിച്ചി-**
**ട്ടില്ലം വേണ്ടെന്നതു കരുതുമെന്നുള്ള ചൊല്ലുള്ളതത്രേ**
**കൊല്ലംതോറും പലപല പരിഷ്കാരമേററപ്പുരം കേ-**
**ളുല്ലംഘിക്കുന്നഹഹ! വിഭവംകൊണ്ടു താം രാജധാനീം.**

കൈയെഴുത്തുപ്രതിയിൽ ഉത്തരാർദ്ധം ഇങ്ങനെ കാണുന്നു:

''കൊല്ലംതോറും പല പല പരിഷ്കാരമുണ്ടായിവന്നി-
ട്ടുല്ലംഘിക്കുന്നതു കിമപി താം രാജധാനീമിദാനീം.''

പുരം—പട്ടണം. ഉല്ലംഘിക്കുന്നു—അതിശയിക്കുന്നു, കവച്ചുവയ്ക്കുന്നു. വിഭവം—ഐശ്വര്യം. താം രാജധാനീം—ആ രാജധാനിയെ, തിരുവനന്തപുരത്തിനെ.

ഒരുവൻ കൊല്ലം കാണുന്നപക്ഷം, അവിടെത്തന്നെ താമസിക്കുവാനാഗ്രഹിച്ചു സ്വഭവനം വേണ്ടെന്നുവയ്ക്കുമെന്നുള്ള പറച്ചിൽ സത്യമത്രേ! പ്രതിവർഷം പല പല പരിഷ്കാരങ്ങളുണ്ടായി ആ പട്ടണം ഐശ്വര്യത്തിൽ രാജധാനിയായ തിരുവനന്തപുരത്തെപ്പോലും അതിശയിക്കുന്നു. ആശ്ചര്യം!

ഒരുകാലത്തു വേണാടിന്റെ തലസ്ഥാനമായിരുന്ന കൊല്ലം വാണിജ്യത്തിലും മററും വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നതു് സ്മരണീയമാണു്.

'താം' എന്ന സർവ്വനാമപ്രയോഗം തിരുവനന്തപുരംപട്ടണത്തിന്റെ മഹിമാതിശയം വ്യഞ്ജിപ്പിക്കുന്നു.

48

**കൊല്ലംപട്ടണത്തിൻെറ ബാഹ്യമോടികരം വർണ്ണിക്കുന്നു.**

**മങ്ങാതെങ്ങും മഹിതതരയാം മന്ദിരശ്രേണികൊണ്ടും**
**മുങ്ങാനേററം മുദമരുളിടും മുഗ്ദ്ധപാഥസ്സുകൊണ്ടും**
**അങ്ങാടികളുള്ളനുപമിതയാം പുഷ്ടികൊണ്ടും നിനച്ചാ-**
**ലങ്ങാവാസത്തിനു ബഹുസുഖംതന്നെ സന്ദേഹമില്ല.**

മങ്ങാതെ—പുതുമപോകാതെ. മഹിതതരയാം—മഹത്വമേറിയ. മന്ദിരശ്രേണി—ഗൃഹപംക്തി. മുങ്ങാനേററം മുദം അരുളിടും—കുളിക്കുവാൻ കൗതുകം ജനിപ്പിക്കുന്ന. മുഗ്ദ്ധപാഥസ്സ്—നല്ല വെള്ളം. അനുപമിതം—തുല്യമില്ലാത്ത. പുഷ്ടി—അഭിവൃദ്ധി. ആവാസത്തിനു്—താമസത്തിനു്. ബഹുസുഖം—പരമാനന്ദം.

വരിവരിയായി നില്ക്കുന്ന പുതുമ മായാത്ത വലിയ കെട്ടിടങ്ങളെക്കൊണ്ടും കുളിക്കുവാൻ കൗതുകം ജനിപ്പിക്കുന്ന ശുദ്ധജലാശയങ്ങളെക്കൊണ്ടും അങ്ങാടിയിലെ ഐശ്വര്യസമൃദ്ധികൊണ്ടും അവിടെത്താമസം ആലോചിക്കുന്നപക്ഷം പരമാനന്ദംതന്നെ. യാതൊരു സംശയവുമില്ല.

മുൻചൊന്ന പഴഞ്ചൊല്ല് പരമാൎത്ഥമാണെന്നു വിശദാംശങ്ങൾ വിവരിച്ചു സ്ഥാപിക്കുന്നു. കൊല്ലംപട്ടണത്തിൽ മുങ്ങിക്കുളിക്കുവാനുള്ള ശുദ്ധജലത്തെക്കുറിച്ചു പ്രത്യേകം പരാമൎശിക്കുന്നതിനു് ആസ്പദം ആനന്ദവല്ലീശ്വരംക്ഷേത്രം, കൊട്ടാരം തുടങ്ങിയിടത്തുള്ള വിസ്തൃതങ്ങളായ കുളങ്ങളായിരിക്കണം.

49

**മഹാസൗധങ്ങളിലെ രതിലാലസമായ സുഖജീവിതത്തെ സൂചിപ്പിക്കുന്നു.**

**ശൃംഗാഗ്രംകൊണ്ടുപരി ഗഗനം ലേഖനംചെയ്തുനില്ക്കും**
**തുംഗാഗാരങ്ങളിലതുലമാം കൗതുകത്തോടജസ്രം**
**അംഗാഭിഖ്യാജിതരതികളാമംഗനാഭിസ്സലീലം**
**ശൃംഗാരംപൂണ്ടവിടെ മരുവും യോഗ്യരേ ഭാഗ്യവാന്മാർ.**

ശൃംഗാഗ്രം—സ്തൂപികയുടെ അഗ്രം. ഉപരി—മുകളിൽ. ഗഗനം—ആകാശം. ലേഖനംചെയ്തു്—ഉരുമ്മി. തുംഗാഗാരങ്ങൾ—ഉത്തുംഗങ്ങളായ സൗധങ്ങൾ. അതുലം—തുല്യമില്ലാത്ത. കൗതുകം—ആനന്ദം. അജസ്രം—എപ്പോഴും. അംഗാഭിഖ്യാജിതരതികളാം—അംഗങ്ങളുടെ അഭിഖ്യകൊണ്ടു് ജിതയായ രതിയോടുകൂടിയവർ. അഭിഖ്യ—ശോഭ. അംഗകാന്തികൊണ്ടു് രതിയെ ജയിച്ചവർ എന്നു സാരം. അംഗനാഭിഃ—സുന്ദരിമാരോടുകൂടി. സലീലം—ലീലാവിനോദങ്ങളിലേ

പ്പെട്ട്. ശൃംഗാരംപൂണ്ട്—രതിലാലസരായി. യോഗ്യർ—പൗരപ്രമാണികൾ.

സ്തൂപികാഗ്രത്താൽ ആകാശത്തിന്റെ ഉന്നതതലം ഉരുമ്മിനില്ക്കുന്ന ഉത്തുംഗങ്ങളായ സൗധങ്ങളിൽ എപ്പോഴും ആനന്ദം അനുഭവിച്ചുകൊണ്ട്, രതീദേവിയെക്കാൾ സുന്ദരികളായ പ്രണയിനിമാരുമൊത്തു ലീലാവിനോദങ്ങളിലേർപ്പെട്ട് ശൃംഗാരരസികന്മാരായിക്കഴിയുന്ന ആ പൗരമുഖ്യന്മാർതന്നെയാണ് ഭാഗ്യവാന്മാർ.

അതിശയോക്തിമയമാണ് ഈ ശ്ലോകം. 'യോഗ്യരേ ഭാഗ്യവാന്മാർ' എന്ന അതിശയോക്തിപ്രയോഗംകൊണ്ട് വിപ്രയോഗംനിമിത്തം താൻ ഏററവും ഭാഗ്യദോഷിയാണെന്ന് വ്യഞ്ജിപ്പിച്ചിരിക്കുന്നു. ഈ വ്യംഗ്യം വിപ്രലംഭത്തിനു മാററു വർദ്ധിപ്പിക്കുന്നു.

## 50

**കൊല്ലംപട്ടണത്തിലെ ചില വിശേഷപ്പെട്ട കാഴ്ചകൾ വിവരിക്കുന്നു.**

പള്ളിക്കൂടം പലതു വലുതാം പാളയംപള്ളി കള്ള-
പ്പുള്ളിക്കാരെത്തടവിലിടുവാനുള്ള ജേലാതുരപത്രി
തള്ളിക്കേറി ദ്വിജരണയുമായൂട്ടുമപ്പട്ടണത്തി-
ന്നുള്ളിൽ കാണാമൊരുകുറി പറന്നൊക്കെ നീ നോക്കിയാലും.

ദ്വിജർ—ബ്രാഹ്മണർ. ഊട്ട്—സൗജന്യഭക്ഷണം. കുറി—പ്രാവശ്യം.

ഒരു പ്രാവശ്യം പറന്നു നീ ആകമാനമൊന്നു നിരീക്ഷിച്ചാൽ ആ പട്ടണത്തിൽ പല പള്ളിക്കൂടങ്ങൾ, വലിയ പാളയംപള്ളി, കള്ളന്മാരെ ഇടുവാനുള്ള ജയില് (ഠാണാവ്), ആതുരപത്രി, ബ്രാഹ്മണർ തള്ളിക്കയറുന്ന ഊട്ടുപുരകൾ എന്നിവ കാണുവാൻ കഴിയും.

ബ്രിട്ടീഷ്പട്ടാളത്തിന്റെ ഒരു ചെറിയ വിഭാഗം റസിഡന്റിന്റെ അധീനതയിൽ അന്നു കൊല്ലത്തു താവളമടിച്ചിരുന്നു. ഇപ്പോൾ ശ്രീനാരായണകോളേജും മററുചില ആഫീസുകളും നില്ക്കുന്ന പീരങ്കിമൈതാനം പാളയത്തിലുൾപ്പെട്ടിരുന്നു. കുറെ കൊല്ലങ്ങൾക്കു മുമ്പുവരെ അവിടെ പീരങ്കികൾ കാണാമായിരുന്നു. ഇന്നത്തെ ബസ്സ്സ്റ്റാൻഡിനടുത്തുള്ള താലൂക്കുകച്ചേരിയായിരുന്നു അന്നത്തെ ജയിൽ എന്നു പറയപ്പെടുന്നു. ആതുരപത്രി, അതേസ്ഥാനത്തു പുതുക്കിപ്പണിയിച്ചിരിക്കുന്നു. അവിടെ പ്രാചീനങ്ങളായ അനേകം പള്ളികൾ ഇന്നും കാണാമല്ലോ.

## 51

**പട്ടാളക്കാരെ അസന്മാർഗ്ഗത്തിൽനിന്നും ഭയപ്പെടുത്തി പിന്തിരിപ്പിക്കണമെന്നുപദേശിക്കുന്നു.**

**പട്ടാളക്കാരതിപരുഷരായങ്ങുമിങ്ങും നടക്കും**
**മുട്ടാളന്മാർ മതിമുഖികളേ മുക്കിൽ മുട്ടുന്ന കണ്ടാൽ**
**തട്ടാതപ്പോളവമതിയവർക്കായവരേററടെ കർണ്ണം**
**പൊട്ടാറാകുംപടി രട സകൃദ്ധീര! മാർജ്ജാരകണ്ഠ!**

അതിപരുഷർ—ഏററവും മര്യാദകെട്ടവർ. മതിമുഖികൾ—സുന്ദരികളായ സ്ത്രീകൾ. മുക്കിൽ മുട്ടുക—വല്ല ഇടവഴികളിലുംവച്ചു സമീപിക്കുക. തട്ടാതപ്പോളവമതിയവക്ക്—അപ്പോൾ അവക്ക് (സ്ത്രീകൾക്ക്) അപമാനം ഉണ്ടാകാതെ. ആയവരേററടെ—വഷളന്മാരായ പട്ടാളക്കാരുടെ. കർണ്ണം—ചെവി. മാർജ്ജാരകണ്ഠ!—അല്ലയോ മയിലേ! സകൃത്—ഒരു പ്രാവശ്യം. രട—നീ ശബ്ദിക്കുക.

തീരെ മര്യാദയില്ലാതെ അങ്ങുമിങ്ങും നടക്കുന്ന മുട്ടാളന്മാരായ പട്ടാളക്കാർ വല്ല ഇടവഴികളിലുംവച്ച് സ്ത്രീകളെ സമീപിക്കുന്നതായി കണ്ടാൽ അവക്ക് അപമാനം ഉണ്ടാകാതിരിക്കാൻ ആ വഷളന്മാരുടെ ചെവി പൊട്ടുമാറ് ധീരനായ മയിലേ, നീ ഒന്നുറക്കെ ശബ്ദിക്കണം.

ജോലിയില്ലാത്ത സമയത്ത് പട്ടാളക്കാർ പട്ടണങ്ങളിൽ അവിടവിടെ നടക്കുമ്പോൾ ഒഴിഞ്ഞ മൂലകളിൽവച്ച് സ്ത്രീകളെ മാനഭംഗപ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്. കൊല്ലത്ത് അന്നു ബ്രിട്ടീഷ്പട്ടാളം താവളമടിച്ചിരുന്നതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്ത്രീകളുടെ മാനം സംരക്ഷിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന അഭിവാഞ്ഛയിൽ ഒളിച്ചുകിടക്കുന്നതു് സ്വനായികയുടെ സ്വസ്ഥിയെപ്പററി നായകനുള്ള ഉല്ക്കണ്ഠയാണ്. വിപ്രലംഭശൃംഗാരത്തിൻെറ വ്യഞ്ജനത്തിന് ഇതു സാധകമായിരിക്കുന്നു.

കൈലാസത്തെ ക്രീഡാലോലകളായ സുരയുവതികളെ ഗർജ്ജനം കൊണ്ടു ഭയപ്പെടുത്തണമെന്ന് യക്ഷൻ മേഘത്തോടു പറയുന്നതിനെ ഈ ശ്ലോകം ഓർമ്മിപ്പിക്കുന്നു.

## 52

**പാമ്പുകളെ നശിപ്പിച്ച് കൊല്ലത്തെ വിഷഭയം ശമിപ്പിക്കണമെന്നുപദേശിക്കുന്നു.**

**ചാകുന്നേറജ്ജനമഹികളാലാസ്ഥലത്തെന്നു കേൾപ്പ-**
**ണ്ടാകുന്നേടത്തറുതിയതിനാലായവരററയ്ക്കു ചെയ്ക**
**ഏകുന്നേവൻ ബഹുജനഹിതം മററു കാര്യത്തിനായി-**
**പ്പോകുന്നേരം നിയതമവരന്ന ബുദ്ധിമാനിദ്ധരണ്യാം.**

അഹി—പാമ്പ്. ആകുന്നേടത്ത്—കഴിവുള്ള സ്ഥലങ്ങളിൽ. അറുതി—നാശം. ആയവരററയ്ക്ക്—ആ ദുഷ്ടസർപ്പങ്ങൾക്ക്. ബഹുജനഹിതം—മാലോകക്കിഷ്ടമായിട്ടുള്ളത്. നിയതം—തീർച്ചയായും. ധരണ്യാം—ധരണിയിൽ, ഭൂമിയിൽ.

ആ സ്ഥലത്തു ധാരാളം ജനങ്ങൾ പാമ്പു കടിച്ചു മരിക്കുന്നതായി കേൾക്കുന്നുണ്ട്. അതിനാൽ കഴിയുന്നിടത്തെല്ലാം നീ ആ ദുഷ്ടസർപ്പങ്ങ

ളുടെ നാശം വരുത്തണം. സ്വന്തംകാര്യത്തിനായി പോകുന്ന അവസരത്തിൽ ലോകഹിതംകൂടി ചെയ്യുന്നവനാണു തീർച്ചയായും ഈ ഭൂമിയിൽ ബുദ്ധിമാൻ.

ഈ പദ്യം അതിൻെറ ആശയഗതിയിൽ മേഘസന്ദേശത്തിലെ ഒരു പദ്യത്തിൻെറ പ്രതിദ്ധ്വനിയാണെന്നു തോന്നുന്നു. മേഘം ഹിമവത്പർവ്വതത്തിലെത്തുമ്പോഠം അവിടെ ചമരിവാലിനു പൊള്ളലേല്പിക്കുന്ന കാട്ടുതീ കെടുത്തണമെന്നു പറയുന്ന ആ ശ്ലോകം താഴെ ഉദ്ധരിക്കുന്നു:

''തമ്മിൽ തിങ്ങിന തേവതാരതരുവിൽ തീവീണു താൎത്തന്നലാൽ
ചിന്നിച്ചെന്നിഹ ചേലെഴും ചമരിതൻ വാലിന്നു മാലേകുകിൽ
ഊക്കേറും നറുമാരിയാലതു ഭവാൻ ചിക്കെന്നണയ്ക്കേണ്ടതാ–
ണാൎത്തക്കുത്തലകററിടേണ്ടതിനുതാൻ സത്തക്കു സമ്പത്തുകഠം.''

## 53

മയിലിനു സൎപ്പങ്ങളോടും ഏഷണിക്കാരോടും നിബ്ബാധമായി ശത്രുത ഉണ്ടാകട്ടെ എന്നു് അഭിലഷിക്കുന്നു.

ശ്രീമത്ത്വത്താൽ മദമൊടു ജഗൽപ്രാണനെത്തിന്നു നന്നായ്
സാമൎത്ഥ്യത്തോടഹിഭയമുദിപ്പിച്ച ഭൂമീപതിക്കും
കേമത്വംപൂണ്ടനുജ്ജുഗതിയാമമ്പു് ഭുജംഗദ്വിജിഹ്വ–
സ്തോമത്തോടസ്തു്വയി തവ സഖേ! സാധ്വബാധം വിരോധം.

'ഭുജംഗദ്വിജിഹ്വസ്തോമം' എന്ന പദം ഭുജംകൊണ്ടു ഗമിക്കുന്ന (ഇഴയുന്ന) ദ്വിജിഹ്വങ്ങളുടെ (പാമ്പുകളുടെ) സ്തോമം (കൂട്ടം) എന്നും ഭുജംഗത്തിന്റെ (ആയില്യത്തിന്റെ) ദ്വിജിഹ്വന്മാരുടെ[1]—(കണ്ണേജപന്മാരുടെ) സ്തോമം (കൂട്ടം) എന്നും രണ്ടുതരത്തിലും വ്യാഖ്യാനിക്കണം. ഭുജംഗപദത്തിനു് വിടനെന്നും വിടനായ രാജസ്നേഹിതനെന്നും അൎത്ഥമുണ്ടു്. വിശേഷണങ്ങഠം സൎപ്പത്തിനും ഏഷണിക്കാൎക്കും ഒരുപോലെ യോജിച്ചിരിക്കുന്നു. സൎപ്പപക്ഷത്തിൽ ഇങ്ങനെ വ്യാഖ്യാനിക്കാം:

ശ്രീമത്ത്വത്താൽ—വിഷമുള്ളതിനാൽ. മദമൊടു്—അഹങ്കാരത്തോടുകൂടി. ജഗൽപ്രാണനെ—വായുവിനെ. അഹിഭയം[2]—സൎപ്പത്തെ

1. ആയില്യംതിരുനാളിൻെറ ചുററിനും കൂടിയ ഏഷണിക്കാരെപ്പററി വിശാഖവിജയത്തിലും (v—1) പരാമൎശം കാണുന്നു:

''പാപപ്രസക്തജനപൈശുനദൂഷിതസ്യ
ഭൂപസ്യ നിഷ്കൃപതയാ വിമനായമാനഃ''

2. ആയില്യംതിരുനാളിനു നൈസൎഗ്ഗികമായ സൎപ്പഭയം ഉണ്ടായിരുന്നു എന്ന വിശാഖവിജയപ്രസ്താവവും ഇവിടെ സ്മരിക്കേണ്ടതാണു്.

''നൈസൎഗ്ഗികാദഹിഭയാന്നിരകാസയദ്യഃ
കാരും കദാചിദുപഭീകൃതകൃത്രിമാഹിം
തസ്യാപ്രിയോഽജനി മഹീവലശാസനസ്യ
ശേഷേ ഭയാവഹതയേതി കിമത്ര ചിത്രം.''

ക്കറിച്ചുള്ള ഭയം. ഭൂമീപതി—രാജാവ്. കേമത്വം—വലിയവനെന്ന ഭാവം. അനൃജുഗതിയാം—വളഞ്ഞിഴയുന്ന. ഭുജംഗസ്തോമത്തോട്—സപ്പസമൂഹത്തോട്, അയി സഖേ!—അല്ലയോ സ്നേഹിതാ! തവ—നിനക്ക്. സാധ്വബോധം—അധ്വാനത്തോടുകൂടിയ. അധ്വബാധം—വഴിയിൽവച്ചു നശിപ്പിക്കുക. വിരോധം—ശത്രുത. അസ്തു—ഉണ്ടാകട്ടെ.

ഏഷണിക്കാരുടെ പക്ഷത്തിൽ ഇങ്ങനെ വ്യാഖ്യാനിക്കാം:

ശ്രീമത്ത്വത്താൽ—ഐശ്വര്യം നിമിത്തം. മദമൊട്—അഹങ്കാരത്തോട്. ജഗത്പ്രാണനെ—ജനങ്ങളുടെ ജീവനെ. തിന്നു്—നശിപ്പിച്ച്. അഹിഭയം—സ്വപക്ഷത്തുള്ളവരിൽനിന്നുള്ള ഭയം. അനൃജുഗതിയായി—വളഞ്ഞ മാർഗ്ഗം അവലംബിക്കുന്ന. ദ്വിജിഹ്വസ്തോമം—നുണയന്മാരുടെ കൂട്ടം. സാധു—നല്ലവണ്ണം. അബാധം—തടസ്സമില്ലാതെ.

വിഷമുള്ളതുകൊണ്ടുള്ള അഹങ്കാരത്തോടുകൂടി വായുവിനെ ഭക്ഷിച്ച്. നല്ലവണ്ണം സാമർത്ഥ്യത്തോടുകൂടി രാജാവിനുപോലും സപ്പഭയം ഉളവാക്കി കേമത്വം ഭാവിച്ചു വളഞ്ഞുപുളഞ്ഞു ചരിക്കുന്ന സപ്പസമൂഹത്തോട്, അല്ലയോ സുഹൃത്തേ! നിനക്കു വഴിയിൽവച്ച് അവയെ വധിക്കത്തക്കവണ്ണമുള്ള വിരോധം ഉണ്ടാകട്ടെ.

ഐശ്വര്യംനിമിത്തം അഹങ്കാരത്തോടുകൂടി മനുഷ്യരുടെ ജീവനെ നശിപ്പിച്ചു, നല്ലവണ്ണം സാമർത്ഥ്യത്തോടുകൂടി രാജാവിനുപോലും സ്വപക്ഷീയരിൽനിന്നു ഭയമുളവാക്കി കേമത്തം ഭാവിച്ചു വളഞ്ഞ മാർഗ്ഗം അവലംബിക്കുന്ന കണ്ണേജപന്മാരോട് അല്ലയോ സുഹൃത്തേ! നിനക്കു നിർബ്ബാധം യുക്തമായ വിരോധം ഉണ്ടാകട്ടെ.

വിശാഖംതിരുനാളിനോടും കേരളവർമ്മയോടും ആയില്യംതിരുനാളിനു വിദ്വേഷമുണ്ടാകുവാൻ ഏററയക്കുറും കാരണക്കാർ ഏഷണിക്കാരായിരുന്നു. അവരോടും കേരളവർമ്മയ്ക്കുള്ള പാരുഷ്യം മുഴവനും ഈ ശ്ലോകത്തിൽ പ്രതിഫലിക്കുന്നുണ്ട്. അവരുടെ ദുഷ്പ്രേരണനിമിത്തം വാസ്തവത്തിൽ കേരളവർമ്മയുടെ ജീവൻ നാശോന്മുഖമായി. സ്വസഹോദരനായ വിശാഖംതിരുനാറം ആയില്യംതിരുനാളിന്റെ ശത്രുവാണെന്നു് അവർ വരുത്തിക്കൂട്ടി. ഇതെല്ലാമോർത്തു മനസ്സിൽ തങ്ങിനിന്ന തികഞ്ഞ വിദ്വേഷം ഭുജംഗദ്വിജിഹ്വപദങ്ങളുടെ ശ്ലേഷസാമർത്ഥ്യം സമ്പൂർണ്ണമായി ഉപയോഗിച്ച് കേരളവർമ്മ ഈ ശ്ലോകത്തിൽ നിറച്ചുവച്ചിരിക്കുന്നു. പ്രകൃതമായ സപ്പവൃത്താന്തത്തെ അപ്രകൃതമായ കണ്ണേജപവ്യവഹാരം ഇവിടെ ഗ്രസിച്ചുകളഞ്ഞിരിക്കുന്നതായിപ്പറയണം.

സപ്പങ്ങളും ഏഷണിക്കാരും തമ്മിലുള്ള ഔപമ്യം ശബ്ദശക്തിമൂലകമായി ഇവിടെ വ്യഞ്ജിക്കുന്നു.

## 54

**കൊല്ലംപട്ടണം കണ്ടതിനുശേഷം വള്ളത്തിൽ കയറി വക്കലെയ്ക്കു പോകണമെന്നു നിർദ്ദേശിക്കുന്നു.**

**ചുററിക്കണ്ടാ നഗരമവിടംവിട്ടു വള്ളത്തിലൊന്നിൽ
പററിക്കൂടിപ്പുനരപി കടന്നശ്രമം ഭൂരിദൂരം
കുററിക്കാടും വയലുമതിലംഘിച്ചു നീ പോകിൽ മാർഗ്ഗം
തെററിക്കൂടാ, വടിവൊടുടനേ വർക്കലച്ചെന്നുചേരാം.**

പററിക്കൂടി—ആരും അറിയാതെ ഒരിടത്തൊതുങ്ങിയിരുന്നു്. പുനരപി—വീണ്ടും. അശ്രമം—ബദ്ധപ്പെടാതെ. ഭൂരിദൂരം—അധികദൂരം. തെക്കോട്ടു്—ഏതാണ്ടു് പതിനഞ്ചു മൈൽ. അതിലംഘിച്ചു്—തരണംചെയ്തു്. തെററിക്കൂടാ—തെററാനിടയില്ല.

ആ നഗരം ചുററിക്കണ്ടതിനുശേഷം അവിടുന്നു തിരിച്ചു് ഒരു വള്ളത്തിൽ ഒതുങ്ങിയിരുന്നു വീണ്ടും കുററിക്കാടുകളും വയലുകളും തരണംചെയ്തു് അധികദൂരം നീ സഞ്ചരിക്കുന്നപക്ഷം വഴിതെററാതെ വേഗത്തിൽ വക്കലച്ചെന്നുചേരാം.

വക്കലെയ്ക്കു പോകുന്നവഴിയുള്ള മനോഹരമായ പരവൂർ പൊഴി വർണ്ണിക്കാതെ വിട്ടതിനുള്ള കാരണം സ്പഷ്ടമല്ല. കൊച്ചുപ്പാമ്മൂട് കടവിൽനിന്നായിരുന്നിരിക്കാം മയിലിനു വള്ളംകയറേണ്ടിയിരുന്നതു്. കൊല്ലത്തുനിന്നു വരുന്ന വള്ളം അന്നൊക്കെ നടയറ എന്ന സ്ഥലത്തായിരുന്നു നിർത്തുക പതിവു്. അതിനാൽ അവിടെയിറങ്ങി മയിൽ ക്ഷേത്രത്തിലേക്കു പോകണമെന്നായിരുന്നിരിക്കണം കവിസങ്കല്പം.

## 55

**വക്കലക്കുന്നിൽ പൊന്നിൻതാഴികക്കുടത്തോടുകൂടി പരിലസിക്കുന്ന ജനാർദ്ദനക്ഷേത്രം മയിലിനു കാണായ്‌വരുമെന്നു പറയുന്നു.**

**ഒന്നിച്ചോരോ വിടപികൾ വളർന്നുന്നമിച്ചുല്ലസിക്കും
കുന്നിൽ ചക്രായുധനുടെ മഹാക്ഷേത്രമത്യന്തഹൃദ്യം
ഇന്നിദ്ധാത്രീതലമതിലതിഖ്യാതിമൽ തത്ര കാണാ-
മുന്നിദ്രാണാഭയൊടു കനകസ്തൂപികാദീപിതാശം.**

വിടപികൾ—മരങ്ങൾ. ഉന്നമിച്ചു്—വളർന്നു്. ഉല്ലസിക്കും—ശോഭിക്കും. കുന്നിൽ—വക്കലക്കുന്നിൽ. ചക്രായുധൻ—മഹാവിഷ്ണു. അത്യന്തഹൃദ്യം—ഏറ്റവും മനോഹരം. ധാത്രീതലം—ഭൂമി. അതിഖ്യാതിമത്—വളരെ പ്രസിദ്ധിയുള്ള. തത്ര—അവിടെ. ഉന്നിദ്രാണാഭ—ഉന്നിദ്രാണമായ ആഭ. ഉന്നിദ്രാണം—ഉജ്ജ്വലം. ആഭ—ശോഭ. കനകസ്തൂപികാദീപിതാശം—കനകസ്തൂപികകൊണ്ടു് ദീപിതമായ ആശ

കളോടുകൂടിയതു്. കനകസ്തൂപിക—പൊന്നിൻതാഴികക്കുടം. ദീപിതം—പ്രകാശിപ്പിക്കപ്പെട്ട. ആശകഠം—ദിക്കുകഠം.

വൃക്ഷങ്ങഠം കൂട്ടമായി വളൎന്നു വിലസുന്ന വക്കലക്കുന്നിൽ അത്യന്തം മനോഹരവും ലോകപ്രസിദ്ധവും പൊന്നിൻതാഴികക്കുടത്താൽ ദിക്കുകളെ പ്രകാശമാനമാക്കുന്നതുമായ ജനാൎദ്ദനസ്വാമിക്ഷേത്രം ഉജ്ജ്വലപ്രഭയോടുകൂടി കാണുവാൻ കഴിയും.

അഖിലഭാരതപ്രശസ്തിയുള്ള ഒരു മഹാതീൎത്ഥമാണു് വക്കല ജനാൎദ്ദനസ്വാമിക്ഷേത്രം. വൈഷ്ണവന്മാർ ഈ ക്ഷേത്രത്തിൽ അത്യന്തം ഭക്തിയും വിശ്വാസവും പ്രദൎശിപ്പിച്ചുവരുന്നു. പുറത്തുനിന്നും ഇത്രവളരെ തീൎത്ഥാടകന്മാർ വന്നു ദൎശനം നടത്തുന്ന മറെറാരു ക്ഷേത്രം ഒരുകാലത്തും കേരളത്തിലുണ്ടായിരുന്നില്ല.

## 56

വക്കലയിലെ പ്രസിദ്ധമായ ഊററിനെ പരാമൎശിക്കുന്നു.

നല്ലോരൂററുണ്ടമലജലമക്കുന്നിൽനിന്നൂറിടുന്നു<br>
കല്ലോലാസ്ഫാലനമുഖരമാമാഴിതൻ തീരമാരാൽ<br>
സല്ലോകൎക്കസ്സലിലമധികം നല്ലതാണെന്നു തോന്നീ-<br>
ട്ടല്ലോ പാരം പ്രിയതയതിലിന്നോൎക്കിലുണ്ടായിടുന്നു.

അമലജലം—ശുദ്ധജലം. കല്ലോലാസ്ഫാലനമുഖരം—കല്ലോലങ്ങളുടെ ആസ്ഫാലനംകൊണ്ടു മുഖരം. കല്ലോലം—വമ്പിച്ച തിര. ആസ്ഫാലനം—അടി. മുഖരം—ശബ്ദിക്കുന്ന. ആഴി—സമുദ്രം. തീരമാരാൽ—തീരത്തിൻെറ സമീപം. സല്ലോകൎക്കു്—സജ്ജനങ്ങഠംക്കു്. സലിലം—വെള്ളം. പ്രിയത—ആഭിമുഖ്യം.

തിരയടിച്ചു ശബ്ദായമാനമായ സമുദ്രത്തിൻെറ തീരത്തിനടുത്തു് ആ കുന്നിൽ ശുദ്ധമായ ഊററുകഠം ഉണ്ടു്. ഈ ജലം വിശിഷ്ടമാണെന്നു ബോദ്ധ്യപ്പെട്ടതിനാലാണല്ലോ സുജനങ്ങഠംക്കു് ഇതിനെക്കുറിച്ചു് ഇത്രവളരെ താല്പൎയ്യം ഇപ്പോഠം ഉണ്ടായിരിക്കുന്നതു്.

പുണ്യതീൎത്ഥമായതുകൊണ്ടു മാത്രമല്ല ലോഹാംശംനിറഞ്ഞ ജലത്തിൻെറ ജാത്യംകൊണ്ടും ജനങ്ങഠം ഈ ഊററുകളിൽ കുളിച്ചുവരുന്നു. മുളംപാത്തിയും മററും വച്ചു കുളിക്കുന്നതിനു വെള്ളം എടുക്കുവാനുള്ള സജ്ജീകരണങ്ങഠം കുന്നിൽ കാണാം.

## 57

സമുദ്രതീരത്തു നില്ക്കുന്ന കുന്നു് ഇടിഞ്ഞുവീണു പലരും മരിച്ചിട്ടുള്ള വസ്തുത സ്മരിക്കുന്നു.

നോക്കേണം നീ മലമുകളിൽനിന്നാഴിയീ വൎഷകാല-<br>
ത്തുക്കേറീടുന്നൊരു തിരയടിച്ചെത്തിടുന്നത്തടത്തേ

**തുക്കേയുള്ളക്കൊടുമുടിയിടിഞ്ഞങ്ങു വീണിട്ടു കഷ്ടം!**
**ചാക്കേകീട്ടുണ്ടനവധി ജനങ്ങൾക്കു പണ്ടപ്രദേശം.**

ആഴി—സമുദ്രം. ഊക്കേറീടുന്ന—വലിയ ശക്തിയുള്ള. തുക്കേയുള്ള—കിഴക്കാംതൂക്കായി നില്ക്കുന്ന. കൊടുമുടി—കുന്നിൻെറ ഏററവും ഉയൎന്ന ഭാഗം. ചാക്കേകീട്ടുണ്ടു്—മരണത്തിനു കാരണമായിട്ടുണ്ടു്.

ഈ വൎഷകാലത്തു ശക്തിയേറിയ തിരയടിച്ചു കടൽ കയറുന്ന ആ തടപ്രദേശത്തെ മലമുകളിൽനിന്നു നീ നോക്കണം. തൂക്കായി നില്ക്കുന്ന ആ ശിഖരം ഇടിഞ്ഞുവീണു പണ്ടു പലരും മരിക്കുവാനിടയായിട്ടുണ്ടു്. കഷ്ടം!

കുന്നിൻെറ പടിഞ്ഞാറേഭാഗം സമുദ്രതീരത്തോടുചേൎന്നു തൂക്കായി നില്ക്കുകയാണു്. ഇപ്പോഴത്തെ ദേവസ്വം ക്യാമ്പുഷെഡ്ഡിൻെറ പടിഞ്ഞാറേ അതിൎത്തിയിൽനിന്നു താഴോട്ടു നോക്കിയാൽ ഭീതിജനകമായ ഈ കാഴ്ച കാണാം. ക്ഷേത്രമിരിക്കുന്ന കുന്നിൻേറയും ഊട്ടു് ഒലിക്കുന്ന കുന്നിൻേറയും മദ്ധ്യത്തിൽ ഒരു തടമുണ്ടു്. വൎഷകാലത്തും മററും തിരയടിച്ചു് ഈ തടപ്രദേശത്തിൻെറ ഉള്ളിലേക്കു വളരെ ദൂരം കടൽ വ്യാപിക്കുക സാധാരണമാണു്. കടൽത്തീരത്തു സ്ഥിതിചെയ്യുന്ന കുന്നു് ഇന്നും ഇടിഞ്ഞിടിഞ്ഞു കടലിൽ വീണുകൊണ്ടിരിക്കുന്നു. അങ്ങനെ അന്നും ഇന്നും ഈ പ്രദേശം കടലാക്രമണത്തിനു വിധേയമത്രെ.

## 58

**ക്ഷേത്രത്തിൽ പോയി സ്വാമിദൎശനം ചെയ്യണമെന്നു നിൎദ്ദേശിക്കുന്നു.**

**വേഗത്തിൽപ്പോയഥ മധുരിപോർമന്ദിരംപുക്കു പുണ്യാ-**
**ഭോഗത്തെപ്പൂണ്ടഹിശയനനാം ദേവനെസ്സേവചെയ്ക**
**നാഗത്താന്മാർ വലിയ വടമൂലത്തിലങ്ങൊത്തു വാഴു-**
**ന്നാഗസ്സുണ്ടാക്കരുതവരെ നീ ഹന്ത! ബാധിച്ചു സാധ്യൻ.**

മധുരിപോഃ—മധുരിപുവിന്റെ, ജനാൎദ്ദനസ്വാമിയുടെ. മന്ദിരം—ക്ഷേത്രം. പുണ്യാഭോഗം—പുണ്യത്തിൻെറ പരിസ്ഫൂൎത്തി. അഹിശയനൻ—മഹാവിഷ്ണു. നാഗത്താന്മാർ—സൎപ്പത്താന്മാർ, ആരാധിച്ചുവരുന്ന സൎപ്പങ്ങൾ. വടമൂലം—ആലിൻെറ ചുവടു്. ആഗസ്സു്—പാപം. ബാധിച്ചു്—ഉപദ്രവിച്ചു്. സാധ്യൻ—ആരാദ്ധ്യരെ.

അനന്തരം നീ വേഗത്തിൽ പോയി ജനാൎദ്ദനക്ഷേത്രത്തിലെത്തി പുണ്യപരീപാകം സമാൎജ്ജിച്ച സൎപ്പശായിയായ ആ ദേവനെ ആരാധിക്കുക. സൎപ്പത്താന്മാർ അവിടെയുള്ള വലിയ ആലിൻെറ ചുവട്ടിൽ ഒരുമിച്ചു വസിക്കുന്നു. സമാരാദ്ധ്യരായ അവരെ നീ ഉപദ്രവിച്ചു്, കഷ്ടം! പാപമുണ്ടാക്കിവയ്ക്കരുതു്.

സാധാരണ പാമ്പുകളേയും സമാരാദ്ധ്യരായ ദിവ്യസൎപ്പങ്ങളേയും വിവേചിച്ചറിയണമെന്നു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. സൎപ്പ

ദേവതകളോട്ട് നായകനുള്ള ഭക്തിയെ 'ഹന്ത' എന്ന നിപാതം നിതരാം വ്യഞ്ജിപ്പിക്കുന്നു. സമാരാദ്ധ്യരായ ആ സപ്പങ്ങളെ ഉപദ്രവിക്കുക എന്നു ചിന്തിച്ചപ്പോഴത്തന്നെ നായകൻ ശോകാത്തനായി 'ഹന്ത' എന്നു പറഞ്ഞുപോകുന്നു. ക്ഷേത്രത്തിനുമുമ്പിൽ ഒരു വലിയ ആലുണ്ടായിരുന്നതു് അടുത്തകാലത്തു നിലംപതിച്ചുപോയി. ഇതിന്റെ ചുററിനുമായി'രുന്നു സപ്പങ്ങളെ പ്രതിഷ്ഠിച്ചിരുന്നതു്. ഇപ്പോഴം സപ്പവിഗ്രഹങ്ങൾ അവിടെത്തന്നെ സ്ഥിതിചെയ്യുന്നു.

59

**ക്ഷേത്രപരിസരങ്ങളിൽ മേഞ്ഞുകൊണ്ടുനില്ക്കുന്ന പശുക്കൾ മയിലിനു് ആനന്ദം ജനിപ്പിക്കുമെന്നു പറയുന്നു.**

**നീഹാരാഭം നിരുപമരസം നീരമാസ്വാദ്യ നൽപ്പ-**
**ല്പാഹാരംചെയ്തഹരഹരപക്ലേശമായ് കേശവന്റെ**
**ഗേഹാസന്നസ്ഥലിയതിലതിസൈ്വരമായ് സഞ്ചരിക്കും**
**മാഹാസംഘം മനസി നിതരാമേകുമാനന്ദമാർക്കും.**

നീഹാരാഭം—മഞ്ഞുപോലെ സ്വച്ഛമായ. നിരുപമരസം—അതുല്യമായരസത്തോടുകൂടിയതു്. നീരം—ജലം. അഹരഹഃ—അനുദിനം. ആസ്വാദ്യ—ആസ്വദിച്ചിട്ടു്. നൽപ്പല്പാഹാരംചെയ്തു്—നല്ല പുല്ലു തിന്നു്. അപക്ലേശമായ്—യാതൊരു ദുഃഖവുംകൂടാതെ. കേശവന്റെ—ജനാർദ്ദനസ്വാമിയുടെ. ഗേഹാസന്നസ്ഥലി—ക്ഷേത്രപരിസരം. മാഹാസംഘം—പശുക്കൂട്ടം. മനസി—മനസ്സിൽ. നിതരാം—അധികമായി.

മഞ്ഞുപോലെ സ്വച്ഛവും നിസ്തുലരസത്തോടുകൂടിയതും ആയ ജലം അനുദിനം ആസ്വദിച്ചും നല്ല പുല്ലു തിന്നും യാതൊരു ദുഃഖവുമില്ലാതെ ജനാർദ്ദനക്ഷേത്രത്തിന്റെ പരിസരത്തിൽ സ്വച്ഛന്ദം സഞ്ചരിക്കുന്ന പശുക്കൂട്ടം ആരുടേയും മനസ്സിൽ അതിയായ ആനന്ദം ജനിപ്പിക്കും.

ഗോക്കളെ പാലിക്കുന്നതിലും ഗവ്യങ്ങളശിക്കുന്നതിലും അത്യന്തം സമുത്സുകനായിരുന്ന കൃഷ്ണൻ ആരുടെ അവതാരമായിരുന്നോ ആ ജനാർദ്ദനസ്വാമിയുടെ ക്ഷേത്രപരിസരത്തിൽ ഗോവൃന്ദം സ്വച്ഛന്ദം സഞ്ചരിക്കുന്ന ചിത്രത്തിനു് ഒരു പ്രത്യേക ഹൃദ്യതയുണ്ടു്. വക്കലപ്പശുവും വക്കലത്തൈരും വക്കലവെണ്ണയും പ്രസിദ്ധമാണെന്ന കാര്യം ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു.

60

**ശീവേലിസമയത്തു ജനാർദ്ദനവിഗ്രഹം പുറത്തെഴുന്നള്ളിക്കുന്നതിനെ വർണ്ണിക്കുന്നു.**

**കാന്തിക്കാതൽക്കൊലുമ കലശം കഞ്ജനേത്രന്റെ ബിംബം**
**ശാന്തിക്കാരൻ ക്ഷിതിസുരവരൻ ഭംഗിയോടുത്തമാംഗേ**

**എന്തിപ്പോകുന്നൊരു പുതുമയെക്കാണുകിലാനന്ദസിന്ധൗ**
**നീന്തിസ്വാന്തം തവ നിരവധൗ താന്തമാകും നിതാന്തം.**

'പുതുമ നീ കാണുകിൽ' എന്നു കൈയെഴുത്തുപാഠം കാണുന്നു. കൂടാതെ 'പുതുമ' എന്നതിന്നു 'സുഷമ' എന്നൊരു പാഠാന്തരമുള്ളതായുമറിയുന്നു.

കാന്തിക്കാതൽക്കൊലുമ—സൗന്ദര്യസാരത്തിന്റെ ആധിക്യം. കഞ്ജനേത്രന്റെ—ജനാർദ്ദനസ്വാമിയുടെ. ക്ഷിതിസുരവരൻ—ബ്രാഹ്മണശ്രേഷ്ഠൻ. ഉത്തമാംഗേ—തലയിൽ. നിരവധൗ—അവധിയില്ലാത്ത. ആനന്ദസിന്ധൗ—ആനന്ദസമുദ്രത്തിൽ. സ്വാന്തം—മനസ്സ്. നിതാന്തം—ഏററവും. താന്തമാകും—തളരും.

സൗന്ദര്യസാരം തികഞ്ഞ ജനാർദ്ദനവിഗ്രഹം ബ്രാഹ്മണോത്തമനായ ശാന്തിക്കാരൻ ശിരസ്സിൽ ഭംഗിയായി വഹിച്ചുകൊണ്ടുപോകുന്ന പുതുമയെ കാണുന്നപക്ഷം അപാരമായ ആനന്ദസമുദ്രത്തിൽ നീന്തി നിന്റെ മനസ്സ് അത്യന്തം പരവശമായിത്തീരും.

വളരെയധികം പ്രാസഭംഗിയുള്ള ഒരു ശ്ലോകമാണിതെന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു.

## 61

### ക്ഷേത്രപരിസരത്തുള്ള അഗ്രഹാരത്തെ വർണ്ണിക്കുന്നു.

**പുണ്യക്ഷേത്രത്തിന്നു പുറമെയങ്ങൊണ്ടു സാന്ദ്രപ്രരോഹ–**
**ത്തൂണ്യക്ഷോണീപരിസരമതിൽ സാരമാമഗ്രഹാരം**
**ഗുണ്യന്മാരായ് ഗുരുവിനയരായ് ശ്രോത്രിയന്മാരിലഗ്രേ–**
**ഗണ്യന്മാരായ് ഗതകലുഷരായുള്ള ധാത്രീസുരാണാം.**

'പുറമെയങ്ങൊണ്ടു' എന്നതിന്നു പകരം 'പുറകിലുണ്ടങ്ങു' എന്നു കൈയെഴുത്തുപാഠം.

സാന്ദ്രപ്രരോഹത്തൂണ്യക്ഷോണീപരിസരം—സാന്ദ്രമായി പ്രരോഹണംചെയ്യുന്ന തൃണ്യയോടുകൂടിയ ക്ഷോണീപരിസരം. സാന്ദ്രമായി—നിബിഡമായി, ഇടതൂർന്നു്. പ്രരോഹണംചെയ്യുന്ന—മുളയ്ക്കുന്ന. തൃണ്യം—പുൽക്കൂട്ടം. ക്ഷോണി—ഭൂമി. പരിസരം ചുററുമുള്ള സ്ഥലം. ഗുണ്യന്മാർ—സദ്ഗുണസമ്പന്നന്മാർ. ഗുരുവിനയർ—വിനയസമ്പന്നർ. ശ്രോത്രിയന്മാർ—വൈദികന്മാർ. അഗ്രേഗണ്യന്മാർ—അഗ്രഗണ്യന്മാർ, പ്രഥമഗണനീയർ. ഗതകലുഷർ—രാഗദ്വേഷാദികരം ഇല്ലാത്തവർ. ധാത്രീസുരാണാം—ബ്രാഹ്മണരുടെ. സാരമാം—വിശിഷ്ടമായ. അഗ്രഹാരം—ഒരേ നിരയിൽ പണിതിരിക്കുന്ന ബ്രാഹ്മണഗൃഹങ്ങൾ.

അവിടെ പാവനമായ ക്ഷേത്രത്തിനു വെളിയിൽ നിബിഡമായി വളരുന്ന തൃണകാണ്ഡങ്ങൾ നിറഞ്ഞ പരിസരത്തിൽ സദ്ഗുണ

നിധികളും വിനയസമ്പന്നരും വൈദികശ്രേഷ്ഠന്മാരും ശ്രദ്ധാസത്വരുമായ ബ്രാഹ്മണരുടെ അഗ്രഹാരം സ്ഥിതിചെയ്യുന്നു.

62

**വക്കലെത്തുരങ്കത്തിൻെറ പണി നടക്കുന്നതായി പ്രസ്താവിക്കുന്നു.**

**കല്യൻ ഘൃണപ്രവരനൊരുവൻ കാരുധൗരേയനാരാൽ
കല്യയ്ക്കായിഗ്ഗിരിനിര തുരക്കുന്നതും ചെന്നു കാണ്ക
തുല്യം മററില്ലുലകിലതിനോടത്തുരങ്കങ്ങൾ തീർന്നാൽ
ശല്യംവേണ്ടാ സരണിമുഴവൻ തോണിയിൽത്തന്നെ പോകാം.**

കല്യൻ—സമർത്ഥൻ. ഘൃണപ്രവരൻ—ധീരന്മാരിൽ പ്രമാണി. കാരുധൗരേയൻ—കാരുപ്രമുഖൻ. കാരു—ശില്പി, എൻജിനീയർ. ആരാൽ—സമീപത്തു്. ക്ഷേത്രത്തിൽനിന്നും തുരങ്കത്തിലേക്കു രണ്ടു മൈലോളമേയുള്ളു. കല്യ—തോടു്. ഗിരിനിര—കുന്നുകൾ. ശല്യം—വിഷമം. സരണി—വഴി.

ശില്പിപ്രമുഖനും സമർത്ഥനുമായ ഒരു ധീരൻ സമീപത്തു്, തോടിനായി മലകൾ തുരക്കുന്നതും നീ പോയി കാണണം. ലോകത്തിൽ ഇതിനോടു തുല്യമായി മറൊന്നില്ല. ഈ തുരങ്കങ്ങൾ പൂർത്തിയായാൽ യാതൊരു വിഷമവുംകൂടാതെ മുഴവൻവഴിയും വള്ളത്തിൽത്തന്നെ സഞ്ചരിക്കാം.

വക്കലെത്തുരങ്കത്തിൻെറ പണി നടക്കുന്ന കാലമായിരുന്നു അതു്. ഒന്നാമത്തെ തുരങ്കത്തിൻെറ പണി 1877-ലും രണ്ടാമത്തേതിൻേറതു് 1880-ലും തീർന്നതായറിയുന്നു. ഒന്നാമത്തേതിനു് 2,370 അടിയും രണ്ടാമത്തേതിനു് 1,140 അടിയും നീളമുണ്ടു്. രണ്ടിനുംതമ്മിലുള്ള അകലം ഒരു മൈലിൽ കൂടും. ഇതുപോലെ ജലഗതാഗതത്തിനുവേണ്ടിയുള്ള തുരങ്കം ഇൻഡ്യയിൽ മറെറങ്ങുമില്ലെന്നു പറയപ്പെടുന്നു. ഷൊർണ്ണൂരിൽ നിന്നും തിരുവനന്തപുരംവരെ അന്നു തോണിയിൽ സഞ്ചരിക്കാമെങ്കിലും വക്കലെ വന്നു് കുറച്ചു കരമാർഗ്ഗം സഞ്ചരിച്ചു വഞ്ചി മാറിക്കേറേണ്ടിയിരുന്നു. അതുകൊണ്ടാണു് തുരങ്കം തീർന്നാൽ തിരുവനന്തപുരം വരെ വള്ളത്തിൽത്തന്നെ യാത്രചെയ്യുവാൻ സാധിക്കുമെന്നു പറഞ്ഞിരിക്കുന്നതു്.

63

**വക്കലെനിന്നും വള്ളത്തിൽ കടന്നുകൂടിയാൽ മൂന്നുനാലു മണിക്കൂറുകൊണ്ടു മയിലിനു വേളിയിലെത്താം.**

**എല്ലാമീക്ഷിച്ചവിടെ വഴിയേ തെല്ലുദൂരം പറന്നി-
ട്ടുല്ലാസത്തോടൊരു തരണിയിൽ ചാടി നീ കൂടിയെന്നാൽ**

ഉല്ലായാസം ത്രിചതുരമണിക്കൂറിനുള്ളിൽ സഖേലം
ചെല്ലാമെല്ലാവരുമറിയുമാ വേളിയാം കായൽതന്നിൽ.

ഈക്ഷിച്ച്—കണ്ട്. തരണി—വള്ളം. ചാടിക്കൂടിയാൽ—ആരുമറിയാതെ കയറി ഇരുന്നാൽ. ആയാസം—ബദ്ധപ്പാട്. ത്രിചതുരമണിക്കൂർ—മൂന്നുനാലു മണിക്കൂർ. സഖേലം—വിനോദഭരിതമായി. വേളിയാം കായൽ—വേളീക്കായൽ.

അവിടമെല്ലാം വേണ്ടവിധം കണ്ടതിനുശേഷം അല്പദൂരം പറന്നു് ഉല്ലാസവാനായി ഒരു വള്ളത്തിൽ (ആരുമറിയാതെ) കടന്നുകൂടിയാൽ പിന്നെ ബദ്ധപ്പാടൊന്നുമില്ല. എല്ലാവരുമറിയുന്ന ആ വേളീക്കായലിൽ മൂന്നുനാലു മണിക്കൂറിനുള്ളിൽ ഉല്ലാസത്തോടെ ചെല്ലാം.

ക്ഷേത്രത്തിൽനിന്നും രണ്ടുമൈലോളം ദൂരമുള്ള ചിലക്കൂർകടവിൽ ചെന്നു വള്ളം കയറി കഠിനംകുളംകായലിലെത്തി ചാന്നാങ്കരത്തോട്ടിൽക്കൂടി സഞ്ചരിച്ചു് വേളീക്കായലിൽ ചെന്നുചേരാമെന്നു വിവക്ഷ. തീരപ്രദേശവർണ്ണന ഉപേക്ഷിച്ചിരിക്കുന്നതു നായകനു പ്രത്യേകതാല്പര്യമുള്ള വേളിയിൽ എത്താനുള്ള ധിറുതികൊണ്ടാവാം.

## 64

തന്റെ വിനോദരംഗമായിരുന്ന വേളിക്കുന്നിലെ പാറക്കൂട്ടത്തെ നായകൻ സ്മരിക്കുന്നു.

പാറക്കൂട്ടം പരമവിടെയുണ്ടുന്നതം ചേർന്നുകൂടി-
ക്കാറംഭസ്സുക്കവരുവതിനായ് വന്നിറങ്ങുന്നവണ്ണം
കൂറത്യന്തം മനസി കലരും കൂട്ടരോടൊത്തു ഞാൻ പ-
ണ്ടേറെക്കൗതുഹലമൊടു കളിച്ചീടുമാറുണ്ടതിന്മേൽ.

പരം ഉന്നതം—വളരെ ഉയർന്ന. അംഭസ്സ്—വെള്ളം. കൂറ്—സ്നേഹം. മനസി—മനസ്സിൽ. കൂട്ടർ—കൂട്ടുകാർ. കൗതുഹലം—സന്തോഷം.

വെള്ളം കവർന്നെടുക്കാൻ കൂട്ടമായി വന്നിറങ്ങുന്ന കാറുകളാണോ എന്നു തോന്നുമാറു് സ്ഥിതിചെയ്യുന്ന അത്യുന്നതമായ പാറക്കൂട്ടം അവിടെയുണ്ട്. സൗഹാർദ്ദസമ്പന്നരായ സ്നേഹിതന്മാരുമൊത്തു ഞാൻ പണ്ടു സന്തോഷഭരിതനായി ആ പാറക്കൂട്ടത്തിൽ വിനോദിക്കാറുണ്ടായിരുന്നു.

മേഘസന്ദേശത്തിൽ യക്ഷൻ മാർഗ്ഗമദ്ധ്യത്തിലുള്ള അനേകം നദികളിലിറങ്ങി വെള്ളമെടുക്കുവാൻ മേഘത്തോടു പറയുന്നുണ്ട്. (പൂർവ്വമേഘം 13, 20, 24, 28, 40, 43, 51 എന്നീ പദ്യങ്ങൾ നോക്കുക.) അതിനാൽ ആ കൃതി വായിച്ചാസ്വദിച്ച സംസ്കാരമല്ലേ ഇവിടത്തെ ഉൽപ്രേക്ഷയ്ക്കു നിദാനമെന്നു ശങ്കിക്കാവുന്നതാണ്.

തിരുവനന്തപുരത്തിനു വടക്ക് അഞ്ചാറുമൈലകലെയായി കടലിനും കായലിനും മദ്ധ്യത്തിലുള്ള ഒരു മനോഹരപ്രദേശമാണു വേളി.

അവിടെയുള്ള കുന്നിൻെറ കിഴക്കുവശത്തു് കരിംപാറ വേളീക്കായലി ലേക്കു കടന്നുകിടക്കുന്നതായി കാണാം. അതിൻെറ മുകളിൽ ഇരു ന്നാൽ കായലിൻേറയും കുന്നിൻേറയും കാടിൻേറയും പ്രകൃതിഭംഗി കണ്ടാസ്വദിക്കുവാൻ സാധിക്കും. കേരളവമ്മ സ്നേഹിതന്മാരുമൊത്തു് അവിടെ വിനോദാത്ഥം പോക പതിവായിരുന്നു. ആ സ്നേഹിതന്മാ രിൽ പ്രമുഖൻ വേദാദ്രീശമുതലിയാരായിരുന്നു.

ഇന്നും വേളീപ്രദേശം കടലും കായലും മലയും തെങ്ങിൻതോട്ടങ്ങ ളും മററു ദൃശ്യങ്ങളുമുള്ള പ്രകൃതിസുന്ദരമായ ഒരു വിനോദസ്ഥലമാണു്. അവിടെ വിനോദയാത്രയ്ക്കായി ഇപ്പോഴും ആളുകൾ പോയിവരുന്നു. കളിബോട്ടുകൾ വാടകയ്ക്കു നല്കുന്ന ഒരു ബോട്ടുക്ലബ്ബും അവിടെ പ്രവ ത്തിക്കുന്നുണ്ടു്.

## 65

വേളീക്കാടുകളിൽ വേട്ടയാടിയിട്ടുള്ളതിനെ അയവി റക്കി നായാട്ടിലുള്ള താൽപ്പര്യത്തെ രേഖപ്പെടുത്തുന്നു.

**കുന്നിന്നങ്ങേപ്പുറമടവിയാണായതിൽ പോയതന്ദ്രം**
**കുന്നിച്ചീടും കുതുകമൊടു ഞാൻ കൂട്ടി നായാട്ടുകാരെ**
**പന്നിക്കൂട്ടം പുലിയതുകളെ വേട്ടയാടീട്ടയത്നം**
**കൊന്നിട്ടുണ്ടന്നതിലൊരു രസം സ്വല്പമല്ലിപ്പൊഴും മേ.**

'പന്നിക്കൂട്ടം പുലിയതുകളെ' എന്നതിനു പകരം 'പന്നിക്കൂട്ടം പുലിയിതുകളെ' എന്ന കൈയെഴുത്തുപാഠം.

അടവി—കാടു്. അതന്ദ്രം—മടികൂടാതെ, ഊജ്ജസ്വലമായി. കുന്നിച്ചീടും—വദ്ധിച്ച. അയത്നം—നിഷ്പ്രയാസം.

കുന്നിനങ്ങേപ്പുറം വനമാണു്. ഉത്സാഹഭരിതനായി അവിടെ പ്പോയി നായാട്ടുകാരേയുംകൂട്ടി അത്യന്തം ആനന്ദത്തോടുകൂടി പന്നി, പുലി തുടങ്ങിയവയെ ഞാൻ നിഷ്പ്രയാസം വേട്ടയാടീട്ടുണ്ടു്. അതിൽ ഇപ്പോഴും എനിക്കുള്ള അഭിനിവേശം അനല്പമാണു്.

വേളിയിലിപ്പോൾ ഒരു ചെറിയ റെയിൽവേസ്റ്റേഷനുണ്ടു്. അ തിനു കിഴക്കുവശത്താണു് വേളീക്കുന്നു്. ഈ കുന്നിൻെറ കിഴക്കുവശം ഒരുകാലത്തു വലിയ കാടായിരുന്നു. അവിടെയാണു് കേരളവമ്മ നായാട്ടിനു പൊയ്ക്കൊണ്ടിരുന്നതു്. റസിഡൻറായിരുന്ന ബല്ലാർഡും കേരളവമ്മയുംകൂടി 1047–ൽ ഇവിടെ ഒരു നായാട്ടുസങ്കേതം ഉണ്ടാക്കി യതായി രേഖപ്പെടുത്തിയിരിക്കുന്നു. കുന്നിൻെറയും ഇപ്പോഴത്തെ എൻ ജിനീയറിംഗ് കാളേജിൻെറയും മദ്ധ്യത്തിലായി കുന്നിൽനിന്നു കിഴ ക്കുവടക്കു് ഏതാണ്ടു് ഒരുനാഴിക ദൂരത്തുള്ള കട്ടയിൽ എന്ന സ്ഥല ത്തു് കാടുകളിൽ കേരളവമ്മ വേട്ടയാടിവന്നിരുന്നതായി സ്ഥലവാ സികൾ ഇന്നും ഓമ്മിക്കുന്നു. ഇതിനു തൊട്ടടുത്ത ചെറുവിക്കലും അന്നു വനപ്രദേശമായിരുന്നു. ഇവിടമെല്ലാം ഇപ്പോൾ തെങ്ങിൻതോപ്പുകളും മരച്ചീനിത്തോട്ടങ്ങളുമായി മാറിക്കഴിഞ്ഞിരിക്കുന്നു.

## 66

**വേളിയിൽ വള്ളമിറങ്ങി തീരദേശത്തുകൂടി പട്ടണത്തിലേക്കു പോകുവാൻ നിർദ്ദേശിക്കുന്നു.**

**വഞ്ചിക്ഷോണീവലരിപുപുരീപ്രാന്തദേശത്തിലെത്താൻ**
**കിഞ്ചിദ്ദൂരേ കിലികിലരവംപൂണ്ട താലങ്ങൾ കണ്ടാൽ**
**വഞ്ചിക്കാമന്ത്രണമതുകഴിച്ചിട്ടു നീ വിട്ടതേറാം**
**നെഞ്ചിൽക്കൗതൂഹലമൊടു തടാദ്ധ്വാവിലൂടേ ഗമിക്ക.**

കിഞ്ചിദ്ദൂരേ—കുറച്ചു ദൂരത്തായി. കിലികിലരവം—കിലികില എന്ന ശബ്ദം. താലം—കരിമ്പന. ആമന്ത്രണം—യാത്രപറച്ചിൽ. വഞ്ചിക്ഷോണീവലരിപുപുരീപ്രാന്തദേശം—വഞ്ചിരാജ്യത്തിലെ അമരാവതിയായ തിരുവനന്തപുരത്തിൻെറ സമീപപ്രദേശം. തടാദ്ധ്വാവ്—തീരമാർഗ്ഗം.

അല്പം അകന്നു് കിലികിലശബ്ദംകലർന്ന കരിമ്പനകൾ കണ്ടാൽ വഞ്ചിയോടു യാത്രപറഞ്ഞു് തിരുവനന്തപുരത്തിൻെറ പ്രാന്തത്തിലെത്താൻ കടൽത്തീരംവഴി സന്തോഷമായി സഞ്ചരിക്കുക.

വേളിയിൽനിന്നു തിരുവനന്തപുരം പട്ടണത്തിലേക്കു പോകുമ്പോൾ ഇപ്പോഴും കരിമ്പനകൾ കാണാം. ഈ കടൽത്തീരം ഇതിനകം പ്രായേണ തെങ്ങിൻതോപ്പുകളായിത്തീർന്നിരിക്കുന്നു.

## 67

**പനകളിലും മററു വൃക്ഷങ്ങളിലും പറന്നിരുന്നു ലീലാസൗധങ്ങളിൽ ഇഷ്ടംപോലെ വിശ്രമിച്ചു് തിരുവനന്തപുരത്തെത്തണമെന്നു പറയുന്നു.**

**മേളിപ്പുറം പനകളുടെയും മററു വൃക്ഷങ്ങടേയും**
**മോളിൽക്കേറിപ്പരിചൊടു പറന്നൊന്നിൽനിന്നൊന്നണഞ്ഞും**
**കേളിഷ്ടംപോലയി മരുവിയും കേളിസൗധോപരിഷ്ഠാൽ**
**കോളിൽച്ചെന്നീടുക തിരുവനന്താഖ്യമാമപ്പുരത്തിൽ.**

കേളിസൗധോപരിഷ്ഠാൽ—വഴിയിലുള്ള മാളികകളുടെ പുറത്തു്. കോളിൽ—സന്തോഷമായി.

കാണാൻ കൗതുകമുള്ള പനകളിലും മററു വൃക്ഷങ്ങളിലും ഒന്നിൽനിന്നൊന്നെന്നമട്ടിൽ പറന്നെത്തി ലീലാസൗധങ്ങളുടെ മുകളിൽ യഥേഷ്ടം വിശ്രമിച്ചുകൊണ്ടു് ഉല്ലാസവാനായി തിരുവനന്തപുരത്തു് എത്തുക.

## 68

**മഹാലക്ഷ്മി നൃത്തംചെയ്യുന്ന തിരുവനന്തപുരത്തു പ്രവേശിച്ചാൽ പല വിശേഷവും കാണാം എന്നു പറഞ്ഞു് ആ പട്ടണത്തെ അവതരിപ്പിക്കുന്നു.**

**ഭംഗംകൂടാതനിശമരവിന്ദേക്ഷണൻതന്നുരസ്സാം**
**രംഗംതന്നിൽ കൃതനടനയാമിന്ദിരായാ വിലാസാൽ**
**മംഗല്യശ്രീമഹിതവിഭവഭ്രാജിതാം രാജധാനീ-**
**മംഗ, സൈ്വരം പ്രവിശ, പലതും തത്ര കാണാം വിശേഷം.**

ഭംഗം—വിഘ്നം. അനിശം—എപ്പോഴും. അരവിന്ദേക്ഷണൻ—ശ്രീപത്മനാഭൻ. ഉരസ്സ്—മാർവിടം. രംഗം—അരങ്ങ്. കൃതനടനയാം—നടനംചെയ്തവളായ, ചെയ്യുന്നവളായ എന്നു ഗ്രഹിക്കണം. ഇന്ദിരായാഃ—ഇന്ദിരയുടെ, മഹാലക്ഷ്മിയുടെ. അംഗ—അല്ലയോ (മയിലേ!). മംഗല്യശ്രീമഹിതവിഭവഭ്രാജിതാം—മംഗല്യശ്രീയുടെ മഹിതങ്ങളായ വിഭവങ്ങളെക്കൊണ്ടു ഭ്രാജിതയായ. മംഗല്യശ്രീ—ഐശ്വര്യവിലാസം. മഹിതങ്ങൾ—വിലയേറിയ. വിഭവങ്ങൾ—സമ്പത്തുകൾ. ഭ്രാജിതാം—ശോഭിക്കുന്ന. രാജധാനീം—രാജധാനിയെ. പ്രവിശ—നീ പ്രവേശിക്കുക.

വിഘ്നംകൂടാതെ നിരന്തരമായി ശ്രീപത്മനാഭന്റെ മാർവിടമാകുന്ന രംഗത്തിൽ നൃത്തംചെയ്തുകൊണ്ടിരിക്കുന്ന മഹാലക്ഷ്മിയുടെ വിലാസംനിമിത്തം ഐശ്വര്യവിലാസത്തിന്റെ വിഭവങ്ങൾകൊണ്ടു പരിശോഭിക്കുന്ന രാജധാനിയിൽ, അല്ലയോ മയിലേ! നീ പ്രവേശിക്കുക. അവിടെ പല വിശേഷങ്ങളും നിനക്കു കാണുവാൻ സാധിക്കും.

തിരുവനന്തപുരത്തെ അധികരിച്ചുള്ള പരാമർശത്തിൽ ആദ്യമായി അനന്തശയനനായ ശ്രീപത്മനാഭന്റെ സാന്നിദ്ധ്യത്തെ നായകൻ ഭക്തിപൂർവ്വം സ്മരിക്കുന്നു. ആ പട്ടണം ലക്ഷ്മീഭായിയുടെ സാന്നിദ്ധ്യം കൊണ്ടു് പരിലസിക്കുന്നതായി 'ഇന്ദിരായാ വിലാസാൽ' എന്നു പ്രയോഗിച്ചപ്പോൾ കവി മനസ്സിൽ വിചാരിച്ചിരിക്കാം.

# ഉത്തരഭാഗം

## 1

**തിരുവനന്തപുരത്തെ മനോഹരങ്ങളായ മാളികകളെ വൎണ്ണിക്കുന്നു.**

**ശ്രീലാസ്യത്താലെഴമഴകുദഞ്ചിച്ചുമുൾപ്പുക്കു വാഴും**
**ലോലാക്ഷീണാമണികുഴലതിപ്പീലിപോലുല്ലസിച്ചും**
**നീലാശ്മശ്രീ തഴുകിന തളം നിൻ ഗളച്ഛായമായും**
**ലീലാസൗധപ്രകരമെതിരാം തത്ര തേ ചിത്രപത്ര!**

ശ്രീലാസ്യത്താൽ—ശ്രീയുടെ ലാസ്യംകൊണ്ടു്, ഐശ്വര്യദേവതയുടെ വിലാസംനിമിത്തം. ശ്രീലമായ ആസ്യത്താൽ. ശ്രീലം—സുന്ദരം. ആസ്യം—മുഖം എന്നു മയിലിന്റെ പക്ഷത്തിൽ ശ്ലിഷ്ടാൎത്ഥം. ഉദഞ്ചിച്ചും—വൎദ്ധമാനമായും. ഉൾപ്പുക്കു വാഴും—അകത്തു താമസിക്കുന്ന. ലോലാക്ഷീണാം—സുന്ദരിമാരുടെ. അണികുഴൽ—അലംകൃതമായ തലമുടി. നീലാശ്മശ്രീ—നീലക്കല്ലിൻെറ ശോഭ പ്രസരിക്കുന്ന. അശ്മ—കല്ലു്. ഗളച്ഛായം—കഴുത്തിൻെറ ശോഭയുള്ളതു്. ലീലാസൗധപ്രകരം—കേളീഗൃഹങ്ങളുടെ സമൂഹം. ചിത്രപത്ര!—വൎണ്ണാഭമായ പക്ഷത്തോടുകൂടിയവനേ! എതിരാം—തുല്യമായിരിക്കും; എതിരായിട്ടു കാണാം എന്നും.

ഐശ്വൎയ്യവിലാസത്താൽ അകത്തു വസിക്കുന്ന സുന്ദരിമാരുടെ മനോഹരമുഖത്താൽ ശോഭ വൎദ്ധിച്ചും, അവരുടെ അലങ്കരിച്ച തലമുടി നിൻെറ ഈ പീലിപോലെ പരിലസിച്ചും, നീലക്കല്ലിൻെറ ശോഭയുള്ള തളം നിന്റെ കഴുത്തിന്റെ കാന്തി വഹിച്ചും, അല്ലയോ മയിലേ, അവിടെയുള്ള മാളികകൾ നിന്നോടു തുല്യതയുള്ളവയായിരിക്കും.

മേഘസന്ദേശം ഉത്തരഭാഗത്തിലെ ഒന്നാമത്തെ പദ്യത്തിൻെറ അനുകരണച്ഛായ ഇവിടെ പ്രത്യക്ഷമാണു്. സന്ദേശഹരനായ മേഘത്തേയും അളകാപുരിയിലെ പ്രാസാദങ്ങളേയും തുല്യപ്പെടുത്തുന്നതാണു് കാളിദാസപദ്യം.

''വാരഞ്ചും തനപാമാർ ചഞ്ചലയൊടു,
മഴവില്ലോടു ചിത്രങ്ങൾ, സംഗീ-
താരംഭോദ്യന്മൃദംഗധ്വനി മധുര-
ഘനസ്നിഗ്ദ്ധനാദത്തിനോടും

ആ രത്നക്കൽത്തളം ഹേ സജലഘന!
തവാംഗത്തോടും മത്സരിക്ക-
ന്നോരഭ്രസ്പൃശിഹർമ്മ്യാവലിയവിടെ
നിനക്കൊപ്പമാണേത്തുകൊണ്ടും.'' —മേഘച്ഛായ.

രണ്ടു സ്ഥലത്തും കവി കൃത്രിമമായി കല്പിക്കുന്നതു് ഉപമാല ങ്കാരംതന്നെ. എന്നാൽ ഈ ഉപമാസമ്പാദനത്തിനു് കാളിദാസൻ ശ്ലേഷത്തെ ആശ്ലേഷിച്ചിട്ടില്ല.

2

**പശ്ചിമാംബോധിയിൽ പ്രതിഫലിക്കുന്ന അമരാവതിയാണു് തിരുവനന്തപുരമെന്നു് ഉൽപ്രേക്ഷിക്കുന്നു.**

**ഉല്ലാസത്തോടവിടെ മരുവും പൂർണ്ണചന്ദ്രാസ്യമാരാം**
**മല്ലാക്ഷീണാം ഗണമുപവനസ്തോമമസ്തോകശോഭം**
**എല്ലാമോർക്കിൽപ്രതിഫലിതമായ് പശ്ചിമാംബോധിതന്നിൽ**
**ചൊല്ലാർന്നീടും സുരനഗരിതാൻ കണ്ടിടുന്നെന്നു തോന്നും.**

കേരളവർമ്മ എഴുതിയതും ഉത്തരഭാഗം മാത്രമുള്ളതുമായ പകർപ്പിനെ ഉത്തരമയൂരം എന്നു നിർദ്ദേശിക്കുന്നു. അതിൽ 'പ്രതിഫലിതമായ്' എന്നതിനു പകരം 'പ്രതിഫലിതയായ്' എന്നു പാഠാന്തരം കാണുന്നു.

ഉല്ലാസം—സന്തോഷം. പൂർണ്ണചന്ദ്രാസ്യമാർ—പൂർണ്ണചന്ദ്രനെപ്പോലുള്ള മുഖത്തോടുകൂടിയവർ. മല്ലാക്ഷീണാം—സുന്ദരിമാരുടെ. ഗണം—സമൂഹം. അസ്തോകശോഭം—അസ്തോകമായ ശോഭയോടുകൂടിയ. അസ്തോകം—അനല്പം. ഉപവനസ്തോമം—ഉദ്യാനങ്ങളുടെ കൂട്ടം. പ്രതിഫലിതമായ്—പ്രതിഫലിച്ചിരിക്കുന്നതായ്. പശ്ചിമാംബോധി—പടിഞ്ഞാറെ സമുദ്രം. ചൊല്ലാർന്നീടും—പ്രശസ്തമായ. സുരനഗരി—അമരാവതി.

അവിടെ സന്തുഷ്ടരായി വസിക്കുന്ന ചന്ദ്രാനനകളായ സുന്ദരിമാരുടെ സമൂഹം, അനല്പമായ ഭംഗിയുള്ള ഉദ്യാനങ്ങൾ എന്നിവയെല്ലാം പരിഗണിക്കുമ്പോൾ പശ്ചിമസമുദ്രത്തിൽ സാക്ഷാൽ അമരാവതിതന്നെ പ്രതിബിംബിച്ചുകാണുകയാണോ എന്നു തോന്നും.

ഇവിടത്തെ ഉൽപ്രേക്ഷ തിരുവനന്തപുരത്തെ മഹിളകൾ സ്വർഗ്ഗസുന്ദരിമാരോടും ഉദ്യാനങ്ങൾ നന്ദനവനത്തോടും തുല്യത വഹിക്കുന്നു എന്നു വ്യഞ്ജിപ്പിക്കുന്നു. കൂടാതെ ഇനിയും പല സാദൃശ്യങ്ങളും വ്യംഗ്യച്ഛായയിൽ നിന്നുകൊണ്ടു ഭാവനചെയ്യാവുന്നതാണു്. ആയില്യംതിരുനാളും ഇന്ദ്രനുമായുള്ള സാദൃശ്യം ഒഴിവാക്കിയേക്കണമെന്നുമാത്രം.

3

**സാധാരണയായി നഗരങ്ങളിൽ കാണപ്പെടുന്നതുപോലെ അനന്തപുരിയിലും സുന്ദരിമാർ യുവഹൃദയത്തെ വശീകരിക്കുന്നതു വർണ്ണിക്കുന്നു.**

**കന്നൽക്കണ്ണാൾമണികളവിടെക്കള്ളമോടേ കടാക്ഷ-**
**ക്കന്നക്കോലാൽ തരുണരുടെയുൾത്തട്ടിനെബ്ഭിന്നമാക്കി**
**സന്നദ്ധം തൽ ഗതമഥ കവർന്നാശു ധൈര്യം സമസ്തം**
**ഖിന്നത്വം ചേർത്തതനുവിവശീഭാവമേകുന്നു തേഷാം.**

കന്നൽക്കണ്ണാൾമണികൾ—കറുത്ത കണ്ണുകളോടുകൂടിയ സുന്ദരീമണികൾ. കന്നൽ—കരിമ്പ്. കള്ളമോടേ—ഒളിച്ച്, യഥാർത്ഥമായ സ്നേഹമില്ലാതെ. കടാക്ഷക്കന്നക്കോലാൽ—കടക്കണ്ണാകുന്ന കന്നക്കോലുകൊണ്ട്. കന്നക്കോൽ—കുത്തിപ്പൊളിക്കാനുള്ള ഒരായുധം. തരുണർ—യുവാക്കന്മാർ. ഉൾത്തട്ട്—ഹൃദയതലത്തെ. ഭിന്നമാക്കി—കുത്തിപ്പൊളിച്ച്. സന്നദ്ധം—എന്തിനെയും അഭിമുഖീകരിക്കുവാൻ പോരുന്ന, സൂക്ഷിച്ചു കെട്ടിവെച്ചിരിക്കുന്ന. സമസ്തം—മുഴുവനും. തേഷാം—അവർക്ക്. ഖിന്നത്വം—ദുഃഖം. അതനുവിവശീഭാവം—കാമവൈവശ്യം, അനല്പമായ വൈവശ്യം. അതനു—കാമൻ, വലിയ.

സുന്ദരീമണികൾ അവിടെ കടാക്ഷമാകുന്ന കന്നക്കോലാൽ യുവാക്കന്മാരുടെ ഹൃദയതലത്തെ ഭേദിപ്പിച്ചതിനുശേഷം അതിൽ സന്നദ്ധമായിരിക്കുന്ന ധൈര്യം മുഴുവനും വേഗം കവർന്നെടുത്ത് ആതുരഭാവമുളവാക്കി അവരെ കാമവിവശരാക്കുന്നു.

ഇതിലെ 'സന്നദ്ധ' പദത്തിന്റെ പ്രയോഗം ശ്രദ്ധേയമാണ്. മുറുക്കിക്കെട്ടിയ എന്ന വാച്യാർത്ഥം ധനത്തിനും എന്തിനും തയ്യാറുള്ള എന്ന ലക്ഷ്യാർത്ഥം ധൈര്യത്തിനും വിശേഷണമായിച്ചേരും. ഈ ലക്ഷ്യാർത്ഥം ധൈര്യത്തിന്റെ ആധിക്യത്തെയും സധൈര്യം പ്രവർത്തിക്കാനുള്ള വൈഭവത്തെയും വ്യഞ്ജിപ്പിക്കുന്നു. ഇവിടെ വാച്യാർത്ഥം അവിവക്ഷിതമാണ്. എന്തെന്നാൽ ധൈര്യത്തെപ്പററി കെട്ടിവച്ചിരിക്കുന്നതു് എന്നു പറയുന്നതു് ഉപപന്നമാകയില്ലല്ലോ. അതുകൊണ്ടു ലക്ഷ്യാർത്ഥം സ്വീകരിക്കണം. എങ്ങനെയാണോ ഒരു ഭടൻ അരയും തലയും മുറുക്കി യുദ്ധത്തിനു തയ്യാററായി നില്ക്കുന്നതു് അതുപോലെ ജീവിതത്തിൽ എന്തിനെയും അഭിമുഖീകരിക്കുവാൻ തയ്യാറുള്ള യുവധൈര്യം എന്നു വാച്യാർത്ഥാനുബന്ധിയായ ലക്ഷ്യാർത്ഥം കല്പിക്കാം. അപ്പോൾ ഇവിടെ വാച്യാർത്ഥം അവിവക്ഷിതവും ലക്ഷ്യാർത്ഥം വാച്യാനുബന്ധിയായ മററൊരു അർത്ഥവുമാണ്. ഈ ലക്ഷണാപ്രയോഗം വ്യംഗ്യാർത്ഥത്തിനു നിദാനമാകയാൽ ഇവിടെ അർത്ഥാന്തരസംക്രമിതവാച്യധ്വനിയുണ്ടെന്നു സിദ്ധിക്കുന്നു.

കടാക്ഷമാകുന്ന കന്നക്കോലെന്നും ഹൃദയമാകുന്ന തട്ടെന്നും രൂപകപ്രയോഗം നടത്തിയ കവിക്കു ധൈര്യമാകുന്ന ധനം എന്നുകൂടി വേണമെങ്കിൽ രൂപകം അടിച്ചുനീട്ടാമായിരുന്നു. എന്നാൽ അലങ്കാരപ്രയോഗത്തിൽ അതിനിർവ്വഹണം അനുചിതമാണെന്ന ധ്വനികാരമതമനുസരിച്ച് (ധ്വന്യാലോകം, ii–18) ഈ മൂന്നാമത്തെ രൂപണത്തിനു കവി ഒരുമ്പെടുന്നില്ല. വാച്യരീതിയിലുള്ള ഈ രൂപണംകൊണ്ടു സിദ്ധിക്കാവുന്ന അർത്ഥം ഇവിടെ വ്യംഗ്യമര്യാദയിൽ ലഭിക്കുന്നു.

കാമുകന്മാരെ അപഹൃതസർവ്വസ്വരാക്കി ദുഃഖഗർത്തത്തിലേക്കു തള്ളിവിടുന്ന വാരനാരിമാരുടെ ശൃംഗാരകൗശലങ്ങൾ ഇവിടെ പ്രതീതിഗോചരമാകുന്നു.

4

അന്നു പട്ടണത്തിൽ സാധാരണ കണ്ടുവന്നിരുന്ന വാഴത്തോട്ടങ്ങളെ വർണ്ണിക്കുന്നു.

**വൃത്രാരാതേരധിവസതിയാം പത്തനം തന്നിദലാർത്താൽ**
**ചിത്രാകാരാ ചിരതരമിരിക്കുന്നതേകൈവ രംഭാ**
**പത്രാവല്യാ പരിലസിതമായ് പന്നഗാധീശപുര്യാം**
**തത്രാസംഖ്യം പ്രതിനവമതായുണ്ടു രംഭാകദംബം.**

വൃത്രാരാതേഃ—വൃത്രശത്രുവായ ഇന്ദ്രന്റെ. അധിവസതി—വാസസ്ഥാനം. പത്തനം—പട്ടണം, അമരാവതി. ചിത്രാകാരാ—സുന്ദരാംഗി. ചിരതരം—ദീർഘകാലമായി. ഏകൈവരംഭാ—ഒരേ ഒരു രംഭ. തത്ര പന്നഗാധീശപുര്യാം—ആ പന്നഗാധീശപുരിയിൽ, തിരുവനന്തപുരത്തു്. പത്രാവല്യാ—പത്തിക്കീററുകൊണ്ടു് എന്നു രംഭയുടെ പക്ഷത്തിലും ഇലകൾകൊണ്ടു് എന്നു വാഴയുടെ പക്ഷത്തിലും അർത്ഥം. പരിലസിതമായ്—ശോഭിക്കുന്നതായി. പ്രതിനവമതായ്—പുത്തൻപുത്തനായ. അസംഖ്യം—എണ്ണമില്ലാത്ത. രംഭാകദംബം—വാഴക്കൂട്ടം. കദംബം—കൂട്ടം.

ഇന്ദ്രന്റെ ആസ്ഥാനമായ അമരാവതിയിൽ ചിരകാലമായി പത്തിക്കീററുകൊണ്ടു പരിശോഭിക്കുന്ന സുന്ദരിയായ ഒരേ ഒരു രംഭമാത്രമാണുള്ളതു്. എന്നാൽ ആ തിരുവനന്തപുരത്താകട്ടെ ഏററവും പുതിയതായ അസംഖ്യം രംഭാകദംബം (വാഴത്തോട്ടം) ഉണ്ടു്.

തിരുവനന്തപുരത്തു കോട്ടയ്ക്കുള്ളിൽ അക്കാലത്തു ധാരാളം വാഴത്തോട്ടങ്ങൾ ഉണ്ടായിരുന്നു. പാത്രക്കുളത്തിന്റെ തെക്കേ പുരയിടം ഇപ്പോഴും വാഴത്തോപ്പെന്നറിയപ്പെടുന്നു. വാഴത്തോട്ടം വർണ്ണ്യവിഷയമാക്കിയപ്പോൾ രംഭാപദംകൊണ്ടുള്ള ശ്ലേഷസാദ്ധ്യത കവിക്കു തെളിഞ്ഞുവന്നിരിക്കാം. അതേത്തുടർന്നു തേടിപ്പിടിച്ചതാവണം 'പത്രാവലി' എന്ന ശ്ലിഷ്ടപദം. തിരുവനന്തപുരം അമരാവതിയുടെ പ്രതിച്ഛായയാണെന്നു് ഉൽപ്രേക്ഷിച്ചതുകൊണ്ടു സംതൃപ്തനാകാതിരുന്ന കവിക്കു് ഈ ശ്ലേഷസ്മരണം ആ പട്ടണം ഇന്ദ്രപുരിയേക്കാൾ മെച്ചമാണെന്നു വാഴ്ത്തുന്നതിനു് ഒരുപായവുമായിത്തീർന്നു. ശ്ലേഷകല്പനത്തിനു വളരെയൊന്നും ക്ലേശിച്ചതായി തോന്നുന്നില്ലെങ്കിലും സ്വർവാരസുന്ദരിയായ രംഭയേയും കോട്ടയ്ക്കകത്തുള്ള വാഴയേയും ഒരു തട്ടിലാക്കുന്ന ഈ ശ്ലേഷപ്രയോഗം പരിണതമായ ആസ്വാദനത്തിൽ കലാമൂല്യം കുറഞ്ഞതായി തോന്നാതിരിക്കയില്ല.

5

കാമിനീകാമുകന്മാരുടെ പ്രണയകലവികളെ ചിത്രീകരിക്കുന്നു.

**തങ്കത്താർതൻതതിലളിതമാം ദന്തശില്പോല്ലസല്പ-**
**ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ച പങ്കേരുഹാക്ഷീം**
**അങ്കത്തിൽച്ചേർത്തനുകനനുകമ്പിച്ച ബാലാമണച്ച-**
**ക്കൊങ്കത്തട്ടേത്തഴുകുമഴകും തത്ര കാണേണ്ടതത്രേ.**

തങ്കത്താർതൻതതിലളിതമാം—തങ്കപുഷ്പങ്ങളാൽ അലങ്കരിക്കനിമിത്തം മനോഹരമായ; തങ്കപുഷ്പം മേൽക്കട്ടിയിൽ തയ്ച്ചുപിടിപ്പിച്ചിരുന്ന തങ്കനിറമുള്ള കസവുപൂക്കളാകാം. ദന്തശില്പോല്ലസല്പല്യങ്കം—ദന്തശില്പംകൊണ്ടു് ഉല്ലസത്തായ പല്യങ്കം. ദന്തശില്പം—ദന്തവേല. ഉല്ലസത്—ശോഭിക്കുന്ന. പല്യങ്കം—കട്ടിൽ. ഉപവേശിച്ചു്—ഇരുന്നു്. പങ്കേരുഹാക്ഷീം—കാമിനിയെ. അങ്കം—മടി. അനുകൻ—കാമുകൻ. അനുകമ്പിച്ചു്—സ്നേഹത്തോടുകൂടി. ബാലാം—പ്രിയതമയെ.

തങ്കപുഷ്പങ്ങളെക്കൊണ്ടു പരിലസിക്കുന്നതും ദന്തശില്പത്താൽ പ്രശോഭിക്കുന്നതുമായ പല്യങ്കത്തിലിരുന്നു കാമിനിയെ മടിയിൽ ച്ചേർത്തു കാമുകൻ സസ്നേഹം കൊങ്കത്തടം തഴുകുന്നതിന്റെ ഭംഗിയും അവിടെ കാണേണ്ടതുതന്നെ.

കാമിനീകാമുകന്മാരുടെ ഈ ലീലകൾ വർണ്ണിക്കുമ്പോൾ തനിക്കിനി എന്നാണു് ഇതിനുള്ള സൗഭാഗ്യം ലഭിക്കുന്നതു് എന്നായിരിക്കും വിപ്രലബ്ധനായ നായകന്റെ ഹൃദയത്തിലെ ശോകാകുലമായ വിചാരം. ഈ വസ്തുത സഹൃദയനെ വിപ്രലംഭചർവ്വണയിലേക്കു നയിക്കുന്നു.

6

മന്ദമാരുതനേററു വാരവനിതകളുടെ വിയപ്പടങ്ങുന്നതായി വർണ്ണിക്കുന്നു.

**മാരക്രീഡാമഹലഹളയിൽ ജാലമാർഗ്ഗേണ ലീലാ-**
**ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം**
**വാരസ്ത്രീണാം വപുഷി വിലസും സ്വേദബിന്ദുക്കളാകും**
**ഹാരസ്തോമം ഹരതി വിരുതേറുന്ന ചോരൻ സമീരൻ.**

മാരക്രീഡാമഹലഹളയിൽ—രതിമഹോത്സവത്തിൽ. ജാലമാർഗ്ഗേണ—ജനാലയിൽക്കൂടി; ഗൂഢമാർഗ്ഗത്തിലൂടെ എന്നും. ലീലാഗാരക്രോഡേ—ലീലാഗൃഹത്തിന്റെ ഉള്ളിൽ. നിഭൃതഗതിയായി—മന്ദഗതിയായി, പതുങ്ങി. നിശായാം—രാത്രിയിൽ. വാരസ്ത്രീണാം—വേശ്യമാരുടെ. വപുഷി—ശരീരത്തിൽ. വിലസും—ശോഭിക്കുന്ന.

സ്വേദബിന്ദുക്കരം—വിയപ്പുതുള്ളികരം. ഹാരസ്തോമം—മുത്തുമാലകളെ. വിരുതു്—സാമത്ഥ്യം. ചോരൻ—കള്ളൻ. സമീരൻ—കാററു്. ഹരതി—അപഹരിക്കുന്നു.

എന്നും രാത്രിയിൽ സുരതമഹോത്സവത്തിൻെറ ബഹളത്തിനിടയിൽ കിളിവാതിൽവഴി മന്ദമായി ലീലാഗൃഹത്തിനുള്ളിൽ പ്രവേശിച്ചു് വേശ്യാംഗനമാരുടെ ദേഹത്തു വിലസുന്ന വിയപ്പുതുള്ളികളായ മുത്തുമാലകളെ വിദഗ്ദ്ധചോരനായ സമീരണൻ അപഹരിക്കുന്നു.

'സ്വേദബിന്ദുക്കളാകും ഹാരസ്തോമം' എന്നും 'ചോരനായ സമീരൻ' എന്നും രൂപകാലങ്കാരം പ്രയോഗിച്ചിരിക്കുന്നു. ഇവയിൽ രണ്ടാമത്തേതിനു സാധകമായി ശ്ലേഷത്തേയും സന്നിവേശിപ്പിച്ചിരിക്കുന്നു. അതിനാൽ രൂപകശ്ലേഷങ്ങളുടെ സംസൃഷ്ടിയാണു് ഇവിടത്തെ അലങ്കാരം. മന്ദമാരുതൻ വേശ്യമാരുടെ സ്വേദബിന്ദുക്കരം ശമിപ്പിക്കുന്നതു കള്ളന്മാർ മുത്തുമാല മേഷ്ടിക്കുന്നതിനു തുല്യമാണെന്നാണു് ഇവിടെ ഭാവനചെയ്തിരിക്കുന്നതു്. ശിപ്രാനദിയിലെ ശീതവായു സ്ത്രീകളുടെ സുരതഗ്ലാനി അപഹരിക്കുന്നതായി കാളിദാസൻ ഇങ്ങനെ വണ്ണിക്കുന്നു:

''യത്ര സ്ത്രീണാം ഹരതി സുരതഗ്ലാനിമംഗാനുകൂലഃ
ശിപ്രാവാതഃ പ്രിയതമ ഇവ പ്രാത്ഥനാചാടുകാരഃ''

ശിപ്രാനദിയിൽനിന്നു ശരീരത്തിനു ഹിതമായി വീശുന്ന പവനൻ വീണ്ടും രതിപ്രാത്ഥനചെയ്യുന്ന കാമുകനെപ്പോലെ സ്ത്രീകളുടെ സുരതവൈവശ്യത്തെ മാററുന്നു.

ഈ മയൂരസന്ദേശപദ്യത്തിനു താഴെ വിവരിക്കുന്ന കോകസന്ദേശപദ്യത്തോടുള്ള സാദൃശ്യം ആകസ്മികമാകുവാൻ തരമില്ല.

''മാരക്രീഡാരഭസജനിതോദ്വേലഖേദാലസാനാം
വാരസ്ത്രീണാം വളരിളമുലക്കുൻറിലേറിക്കിടന്നു
വാരിക്കൊണ്ടശ്രമജലകണാൻ കട്ടു പൂഞ്ചാലയൂടെ
പോരക്കണ്ടിട്ടളികരം അനിലം വിന്തയാന്നാക്കുമേടം.''

ഇവ രണ്ടും താഴെ ഉദ്ധരിക്കുന്ന ബാലഭാരതപദ്യത്തെ അനുകരിച്ചു നിമ്മിച്ചവയായിരിക്കണം.

''ക്രീഡാവനാന്താന്മരുദേത്യ മന്ദം
ഗവാക്ഷരന്ധ്രേണ ഗൃഹം പ്രവിഷ്ടഃ
അസ്യാം രതാന്തേ സുദൃശാം തനോതി
സ്വേദാംബുമുക്താമണിജാലചൗര്യം.''

## 7

**തോഴിമാരോടുകൂടി മഹിളാരത്നങ്ങരം ഉദ്യാനത്തിൽ ചാത്തുന്നതിനെ വണ്ണിക്കുന്നു.**

**നാളീകാക്ഷീമണികരം നവസൗരഭ്യ നൽ കൈതകാളീ-**
**ധൂളീജൂടം ധൃതമനിലനാൽ കൂടിടും നിഷ്കുടത്തിൽ**

**ആളീലോകപ്രകൃതദയിതോദന്തമാകർണ്ണ്യ മന്ദം**
**കേളീലോലാശയകൾ നടകൊള്ളുന്നതും തത്ര കാണാം.**

കൈയെഴുത്തുപ്രതിയിൽ 'ദയിതോദന്തമാകർണ്ണ്യ' എന്നെഴുതിയതു വെട്ടിത്തിരുത്തി 'ദയിതോദന്തവും കേട്ടു' എന്നാക്കിയിരിക്കുന്നു.

നാളീകാക്ഷീമണികൾ—സുന്ദരീരത്നങ്ങൾ. അനിലനാൽ ധുതം—കാററടിച്ചുപരത്തിയ. നവസൗരഭ്യ നൽകൈതകാളീധൂളീകൂടം—പുതുമണം പരത്തുന്ന നല്ല കൈതപ്പൂക്കളിലെ പൊടിപടലം. നിഷ്കുടത്തിൽ—ഉദ്യാനത്തിൽ. ആളീലോകപ്രകൃതദയിതോദന്തം—തോഴിമാർ പറയുന്ന കാമുകവൃത്താന്തം. ആകർണ്ണ്യ—കേട്ടിട്ട്. കേളീലോലാശയകൾ—ലീലാതല്പരർ. മന്ദം—സാവധാനം, വിലാസത്തോടെ.

കേതകസുമങ്ങളിൽനിന്നു കാററടിച്ചുപരത്തിയ നവസുഗന്ധിയായ ധൂളീപടലം ധാരാളം പരക്കുന്ന ഉദ്യാനത്തിൽ തോഴിമാർ പറയുന്ന കാമുകവൃത്താന്തം ശ്രവിച്ച് ലീലാതല്പരരായി അംഗനാരത്നങ്ങൾ മന്ദം നടക്കുന്നതും അവിടെ കാണാം.

ഭാഗ്യവതികളായ മററു മഹിളമാർ കാമുകവൃത്താന്തവും ഗ്രഹിച്ചു ലീലാലോലുപകളായി കഴിയുമ്പോൾ ഭാഗ്യഹീനയായ നായിക നായകനെപ്പററി ഒന്നുംതന്നെ അറിയാതെ സമാഗമപ്രതീക്ഷപോലുമില്ലാതെ ദുഃഖിച്ചുകഴിയുന്ന ശോചനീയാവസ്ഥ ഇവിടെ വ്യഞ്ജിപ്പിക്കുന്നു.

8

**സുന്ദരിമാർ സകൗതുകം ചെയ്യുന്ന ഉദ്യാനപാലനം വർണ്ണിക്കുന്നു.**

**കോട്ടംതീർന്നോരുടൽ വടിവെഴും കോമളാംഗീജനത്തിൻ—**
**കൂട്ടം തിങ്ങും കുതുകമതിനാൽ കൂടുമുത്സാഹമോടേ**
**തോട്ടംതന്നിൽ തുടരെ വിലസും പൂച്ചെടിത്തട്ടിനൊട്ടും**
**വാട്ടംതട്ടാതുചിതമുപചാരങ്ങൾ ചെയ്യുന്നു ചട്ടം.**

കോട്ടംതീർന്നോരുടൽവടിവ്—അന്യൂനമായ ശരീരാകൃതി. കോമളാംഗീജനം—സുന്ദരിമാർ. കുതുകം—താൽപര്യം. ഉപചാരം—പരിരക്ഷണം. ചട്ടം—ക്രമമായി.

തോട്ടങ്ങളിൽ തുടർച്ചയായി വിലസുന്ന പൂച്ചെടിത്തട്ടുകൾക്കു വാട്ടംവരാത്ത രീതിയിൽ സുന്ദരാകൃതികളായ മോഹനാംഗിമാർ അത്യധികമായ കൗതുകംനിമിത്തം ഉത്സാഹത്തോടെ ഉചിതമായ ഉപചാരം ക്രമമനുസരിച്ചു ചെയ്യുന്നു.

സ്വയം ഉദ്യാനപാലനംചെയ്യുന്നതു പട്ടണത്തിലെ മഹിളകളുടെ രസികത്വത്തേയും പൂക്കളിലുള്ള താൽപര്യത്തേയും ദ്യോതിപ്പിക്കുന്നു.

9

**ഹസ്ത്യശ്വരഥപദാതികളെ അടുത്ത നാലു ശ്ലോകത്തിൽ വർണ്ണിക്കുന്നു. ആദ്യം ആനകൾ.**

**ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ടു പാന്ഥ-**
**വ്രാതം ഗാഢത്വരയൊടു ഗൃഹാഭ്യന്തരംതന്നിലാക്കും**
**മാതംഗൗഘം മദതരളിതം മാർഗ്ഗമദ്ധ്യേ വരുമ്പോൾ**
**സ്ഫീതം കൗതുഹലമുദിതമാം കാളികാശങ്കയാ തേ.**

ആതങ്കം—ഭയം. വിധുരീഭാവം—വിഹ്വലത. പാന്ഥവ്രാതം—യാത്രക്കാരുടെ കൂട്ടത്തെ. ഗാഢത്വരയൊടു—അത്യധികം വേഗത്തിൽ. ഗൃഹാഭ്യന്തരം—വീട്ടിനുള്ളിൽ. മദതരളിതം—മദംകൊണ്ടിളകുന്ന. മാതംഗൗഘം—ആനക്കൂട്ടം. മാർഗ്ഗമദ്ധ്യേ—വഴിമദ്ധ്യത്തിൽ. തേ—നിനക്കു്. കാളികാശങ്കയാ—കാളിക എന്നു വിചാരിച്ചു്. കാളികാ—മഴക്കാർ. സ്ഫീതം—വദ്ധിച്ച. കൗതുഹലം—സന്തോഷം. ഉദിതമാം—ഉണ്ടാകും.

ഭയവിഹ്വലരാക്കി പാന്ഥന്മാരെ വീടുകളുടെ ഉള്ളിലേക്കു പായിക്കുന്ന മദയാനക്കൂട്ടം വഴിയേ വരുമ്പോൾ മഴക്കാറാണെന്നു ശങ്കിച്ചു നിനക്കു വലിയ സന്തോഷമുളവാകും.

വിരഹികളായ പാന്ഥന്മാർ ആനകളെക്കണ്ടു് കാർമേഘമെന്നു ഭ്രമിച്ചു്, വിധുരതകലൎന്നു്, വീടുകളിലേക്കു വേഗംപോകുന്നപ്രതീതി ജനിപ്പിക്കുന്നതിനാൽ ഇവിടെ ഭ്രാന്തിമദലങ്കാരം വ്യഞ്ജിക്കുന്നു. വിരഹികളെ മേഘം സ്വഗൃഹങ്ങളിലേക്കു പായിക്കുന്നു എന്നു് മേഘസന്ദേശത്തിലെ (ii-36) പ്രസ്താവം നോക്കുക.

അക്കാലത്തു കൊട്ടാരംലായത്തിൽ ധാരാളം ആനകൾ ഉണ്ടായിരുന്നു. അവയെ ദിവസവും കളിപ്പിക്കാനും തീറ്റാനുമായി വെളിയിൽ കൊണ്ടുപോക പതിവായിരുന്നു.

## 10

## കുതിരപ്പട്ടാളത്തിന്റെ വരവു വർണ്ണിക്കുന്നു.

**യോജിക്കുന്നോരമലകവചോഷ്ണീഷഭംഗ്യാ കരത്തിൽ**
**ഭ്രാജിക്കും നല്ലസിലതയുമായുൽഭടാടോപമോടേ**
**ആജിക്കുർജ്ജസ്വലതകലരും സാദിസംഘേന നീതം**
**വാജിക്കൂട്ടം വരുവതു തവാമന്ദമാനന്ദമേകും.**

യോജിക്കുന്ന—ചേർച്ചയുള്ള. അമലകവചോഷ്ണീഷഭംഗ്യാ—അമലമായ കവചത്തിന്റേയും ഉഷ്ണീഷത്തിന്റേയും ഭംഗിയോടുകൂടി. അമലം—അഴുക്കു പററാത്ത. കവചം—ഉടുപ്പു്. ഉഷ്ണീഷം—തൊപ്പി. ഭ്രാജിക്കും—ശോഭിക്കും. അസിലത—വാളു്. ഉൽഭടാടോപമോടേ—ഉൽഭടമായ ആടോപത്തോടുകൂടി. ഉൽഭടം—മികച്ച. ആടോപം—ഗർവ്വം. ആജി—യുദ്ധം. ഊർജ്ജസ്വലത—സാമർത്ഥ്യം. സാദിസംഘം—തുരുപ്പുകാർ, കുതിരപ്പട്ടാളം. നീതം—നയിക്കപ്പെട്ട. വാജിക്കൂട്ടം—കുതിരകളുടെ കൂട്ടം. അമന്ദം—അധികം.

ചേർച്ചയുള്ള ചട്ടയും തലപ്പാവും ധരിച്ചു് കൈയിൽ തിളങ്ങുന്ന

വാളുമായി ഗർവ്വാതിരേകത്തോടുകൂടി വരുന്ന യുദ്ധവീരന്മാരായ കുതിരപ്പട്ടാളക്കാരാൽ നയിക്കപ്പെടുന്ന കുതിരക്കൂട്ടം നിനക്കു് അധികമായ ആനന്ദത്തെ പ്രദാനംചെയ്യും.

അഞ്ചും ആറുംപേരായി തവണമാറുവാൻ വരുന്ന കൊട്ടാരം കാവല്ക്കാരായ തുറുപ്പുകാരെയായിരിക്കണം ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. അന്നു് കൊട്ടാരങ്ങളിൽ കുതിരപ്പട്ടാളം കാവൽനിന്നിരുന്നു. തുറുപ്പുകാർക്കു കുന്തമായിരുന്നു സാധാരണ ആയുധം.

## 11

**സുന്ദരിമാർ ജാലകങ്ങളിൽക്കൂടി നോക്കിനില്ക്കവേ രസികന്മാർ രഥത്തിലേറി സഞ്ചരിക്കുന്നു.**

**ചന്ദ്രപ്രഖ്യം മുഖമബലമാർ കാട്ടവേ ജാലമാർഗ്ഗേ-**
**ഷ്വിന്ദ്രശ്രീയുള്ളൊരു രസികരാം ലോകരേറിച്ചരിക്കും**
**മന്ദ്രധ്വാനാനുകൃതഘനനനിർഘോഷമാം സ്യന്ദനൗഘം**
**ത്വന്ദ്രഷ്ടാസി പ്രസൃമരമുദാ മേഘനാദാനുലാസിൻ!**

ചന്ദ്രപ്രഖ്യം—ചന്ദ്രനെപ്പോലെ ശോഭയുള്ള. അബലമാർ—സ്ത്രീകൾ. ജാലമാർഗ്ഗേഷു—ജനാലകളിൽ. ഇന്ദ്രശ്രീ—ഇന്ദ്രനെപ്പോലെയുള്ള മഹത്വം. രസികരാം—സരസന്മാരായ. ലോകർ—ജനങ്ങൾ. മന്ദ്രധ്വാനാനുകൃതഘനനനിർഘോഷമാം—മന്ദ്രമായ ധ്വാനംകൊണ്ടു് അനുകൃതമായ മേഘനിർഘോഷത്തോടുകൂടിയതു്. മന്ദ്രം—മുഴങ്ങുന്ന. ധ്വാനം—ശബ്ദം. അനുകൃതം—അനുകരിക്കപ്പെട്ട. മേഘനിർഘോഷം—ഇടി; മുഴങ്ങുന്ന ശബ്ദംകൊണ്ടു് ഇടിയെ അനുകരിക്കുന്നതെന്നു സാരം. സ്യന്ദനൗഘം—തേരുകൾ. മേഘനാദാനുലാസിൻ!—ഇടിമുഴക്കംകേട്ടു നൃത്തംചെയ്യുന്നവനേ! മയിലേ! ത്വം—നീ. പ്രസൃമരമുദാ—സന്തോഷപ്രസരത്തോടുകൂടി. ദ്രഷ്ടാസി—കാണും.

ചന്ദ്രസുന്ദരമായ മുഖം മഹിളമാർ ജാലകങ്ങളിൽക്കൂടി പുറത്തു കാണിക്കവേ, ഇന്ദ്രനെപ്പോലെ മഹിമയേറിയ രസികന്മാരായ ജനങ്ങൾ കയറി സഞ്ചരിക്കുന്നതും, ഇടിമുഴക്കത്തെ അനുകരിക്കുന്ന ശബ്ദത്തോടുകൂടിയതുമായ തേർക്കൂട്ടം, മേഘനാദം കേട്ടു നൃത്തംചെയ്യുന്ന മയിലേ! സന്തോഷത്തോടുകൂടി നിനക്കു കാണാകും.

മേഘനാദാനുലാസിൻ! എന്ന പര്യായം ഉപയോഗിച്ചു മയിലിനെ സംബോധനചെയ്തതു് സാഭിപ്രായമായിട്ടാണു്. ഇതിൽ മയിലിൻെറ സന്തോഷാതിരേകത്തിനുള്ള സാധൂകരണം അടങ്ങിയിരിക്കുന്നു. ഇടിനാദം കേട്ടു സന്തോഷിക്കുന്ന മയിലിനു് ആ നാദത്തോടു തുല്യമായ ശബ്ദമുയർത്തുന്ന രഥം കണ്ടാൽ സന്തോഷമാകുമെന്നാണു വിവക്ഷ. ഇതു പരികരാലങ്കാരത്തിനു് ഒരു മാതൃകയാണു്. രഥഘോഷം കേട്ടു മേഘനാദമെന്നു ശങ്കിച്ചു സന്തോഷിക്കുന്ന മയിലുകളെ കാളിദാസൻ ചിത്രീകരിച്ചിട്ടുണ്ടു്.

''രഥനേമിസ്വനോന്മുഖൈഃ .. ശിഖണ്ഡിഭിഃ''

രഘുവംശം, i_39.

കുതിരകളെക്കെട്ടിയ വലിയ ഫീററൻവണ്ടികളായിരിക്കാം ഇവിടെ വണ്ടിതങ്ങളായിരിക്കുന്നതു്. അല്ലാതെ അക്കാലത്തു സുലഭമായി രഥവും മററും ഉണ്ടായിരുന്നില്ല.

## 12

വർണ്ണപ്പകിട്ടുള്ള വേഷവിധാനത്തോടുകൂടി പട്ടാളക്കാർ മാർച്ചുചെയ്യുന്നതു വർണ്ണിക്കുന്നു.

**നാനാവർണ്ണപ്രകടിതചമൽക്കാരമാം വേഷമോടേ**
**സേനാവൃന്ദം പെരുവഴി പകർന്നീടവേ പാർത്തു കണ്ടാൽ**
**ശൗനാസീരം സപദി നഭസശ്ചാപമിങ്ങാപതിച്ചോ?**
**ജാനാമ്യേവം ജനമനമതിൽ ജാതമാകും വിതർക്കം.**

രണ്ടാമത്തെ പാദത്തിന്റെ കൈയെഴുത്തുപാഠം താഴെക്കൊടുക്കുന്നു:

''സേനാഭാഗം തെരുവിലകലെച്ചേർന്നു പോകുന്നതാകിൽ''

ഒടുവിൽ 'കണ്ടാൽ' എന്ന വ്യത്യാസത്തോടുകൂടി ഈ പാഠംതന്നെ ഉത്തരമയൂരത്തിലും ആദ്യം എഴുതി. എന്നാൽ അതു വെട്ടിത്തിരുത്തി അംഗീകൃതപാഠമാക്കിയിരിക്കുന്നു. 'സേനാവൃന്ദ'ത്തിനു കവി സേനാസംഘം എന്നും പാഠം കല്പിച്ചിരുന്നതായിക്കാണാം.

നാനാവർണ്ണപ്രകടിതചമൽക്കാരമാം — നാനാവർണ്ണങ്ങളാംകൊണ്ടു പ്രകടിതമായ ചമൽക്കാര(അലങ്കാര)ത്തോടുകൂടിയ. സേനാവൃന്ദം — കാലാൾപ്പട. പകർന്നീടവേ — വഴിതിരിയുമ്പോൾ. ശൗനാസീരം — ശുനാസീരനെ സംബന്ധിച്ചതു്. ശുനാസീരൻ — ഇന്ദ്രൻ. ചാപം — വില്ല്, മഴവില്ല്. സപദി — വേഗം. നഭസഃ — ആകാശത്തുനിന്നും. ആപതിച്ചോ — വീണുവോ. ഏവം — ഇപ്രകാരം. വിതർക്കം — സന്ദേഹം. ജാതമാകും — ഉണ്ടാകും. ജാനാമി — ഞാൻ വിചാരിക്കുന്നു.

പലനിറത്തിലലങ്കരിക്കപ്പെട്ട വേഷത്തോടുകൂടി പട്ടാളക്കാർ ഒരു വഴിയിൽനിന്നു തിരിഞ്ഞു മറെറാരു വഴിയിലേക്കു പ്രവേശിക്കുന്നതു നോക്കിക്കാണുന്നപക്ഷം മഴവില്ല് ആകാശത്തുനിന്നും പെട്ടെന്നു ഭൂമിയിൽ വീണുപോയോ എന്നു ജനങ്ങളുടെ ഉള്ളിൽ സന്ദേഹം ജനിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

അന്നത്തെ നായർപട്ടാളത്തിൻെറ വേഷത്തിൽ 'ചുവന്നകുപ്പായവും വെളുത്ത വാറുകളും കറുപ്പുകലന്ന കാൽച്ചട്ടയും' ഉൾപ്പെടുന്നു. ഈ വർണ്ണശബളിമയോടുകൂടി ഒരു വഴിവിട്ടു മറെറാരു വഴിയിലേക്കു വളഞ്ഞുപോകുന്നതു മാളികമുകളിലെങ്ങാനും നിന്നു നോക്കുന്നപക്ഷം മഴവില്ല് ഭൂമിയിലെത്തിച്ചേർന്നോ എന്നു സംശയം തോന്നാവുന്നതാണു്. സ്വാഭാവികമായുണ്ടാകുന്ന ഈ സന്ദേഹത്തെ കവി ഉൽപ്രേക്ഷാവിഷയമാക്കിയതു ചമൽക്കാരമയമായിരിക്കുന്നു.

## 13

നേരേയുള്ള കിഴക്കേ വാതിലിൽക്കൂടി കോട്ടയ്ക്കകത്തു പ്രവേശിച്ചു ശ്രീപത്മനാഭനെ ഉപാസിക്കണമെന്നു നിർദ്ദേശിക്കുന്നു.

**നേരേ കോട്ടയ്ക്കരുകുവഴിയായ് പോയി നീയങ്ങു പൂർവ്വ-**
**ദ്വാരേണ ദ്രാക്ക പുരമതിനകം പുക്കു പൂരിച്ചു ഭക്ത്യാ**
**പാരേവാഗ്വർത്തിനമുദധിജാധിഷ്ഠിതോരഃസ്ഥലം പാ-**
**രീരേഴിന്നും പരിവൃഢമുപാസിക്ക പാഥോജനാഭം.**

പൂർവ്വദ്വാരേണ—കിഴക്കേക്കോട്ടവാതിലിൽക്കൂടി. ദ്രാക്—വെട്ടെന്ന്. ഭക്ത്യാ—ഭക്തിയോടുകൂടി. പാരേ വാഗ്വർത്തിനം—വാക്കുകൾക്കു് അവിഷയമായി വർത്തിക്കുന്ന, അവാച്യമായ. ഉദധിജാധിഷ്ഠിതോരഃസ്ഥലം—ഉദധിജയാൽ അധിഷ്ഠിതമായ ഉരഃസ്ഥലത്തോടുകൂടിയ. ഉദധിജാ—സമുദ്രത്തിൽ ജനിച്ചവൾ, മഹാലക്ഷ്മി. അധിഷ്ഠിതം—ആവാസംചെയ്യപ്പെട്ട. ഉരഃസ്ഥലം—മാറിടം. പരിവൃഢം—അധിപതിയെ. പഥോജനാഭം—പാഥോജം നാഭിയിലുള്ളവനെ. പാഥോജം—താമര. പത്മനാഭനെ എന്നർത്ഥം.

കോട്ടമതിലിനോടുചേർന്നു പോയി നേരെ കിഴക്കേ വാതിലിലൂടെ കോട്ടയ്ക്കകത്തുപ്രവേശിച്ചു വാചാമഗോചരനും വക്ഷസ്സിൽ മഹാലക്ഷ്മി കുടികൊള്ളുന്നവനും പതിന്നാലു ലോകത്തിനും അധിപതിയുമായ ശ്രീപത്മനാഭനെ നിറഞ്ഞ ഭക്തിയോടുകൂടി നീ ഉപാസിക്കുക.

കോട്ടയ്ക്കകത്തു് ഏററവും പ്രധാനവും ലോകപ്രശസ്തവുമായ സ്ഥാപനം ശ്രീ പത്മനാഭസ്വാമിക്ഷേത്രമാണ്. സന്ദേശവാഹകൻ ആദ്യമായി അവിടെപ്പോയി ആരാധനനടത്തുന്നതു് ഉചിതംതന്നെ.

## 14

ശ്രീപത്മനാഭസ്വാമിപ്രതിഷ്ഠയുടെ തെക്കുവശത്തു പ്രത്യേക ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിട്ടുള്ള നരസിംഹമൂർത്തിയെ ആരാധിക്കുവാൻ പറയുന്നു.

**കാരാഗാരാകലിതസുരനാം ദൈത്യനേ നിഗ്രഹിക്കാൻ**
**ഘോരാകാരാധികഭയദനായ് പാരിലാത്താവതാരം**
**പാരാവാരാദ്ഗുരുതരരവാ ഭക്തലോകാനുകമ്പാ-**
**പൂരാധാരായിതഹൃദയമാരാധയാരാന്നൃസിംഹം.**

കാരാഗാരാകലിതസുരനാം—കാരാഗാരത്തിൽ ആകലിതന്മാരായ സുരന്മാരോടുകൂടിയ. കാരാഗാരം—തുറുങ്കു്. ആകലിതന്മാർ—ബദ്ധന്മാർ. സുരന്മാർ—ദേവന്മാർ. ദൈത്യൻ—അസുരൻ, ഹിരണ്യകശിപു. ഘോരാകാരാധികഭയദനായ് — ഘോരാകാരംകൊണ്ടു് അധികം ഭയം ജനിപ്പിക്കുന്നവനായ്. ഘോരാകാരം—ഭീകരമായ

സ്വരൂപം. ആത്താവതാരം—അവതാരം പ്രാപിച്ചവൻ. ആത്തം—പ്രാപ്തം. പാരാവാരാദ്ഗുരുതരരവം—സമുദ്രത്തിന്റെ ഇരമ്പലിനെക്കാൾ വലിയ അട്ടഹാസത്തോടുകൂടിയ. ഭക്തലോകാനുകമ്പാപൂരാധാരായിതഹൃദയം—ഭക്തജനങ്ങളോടുള്ള അനുകമ്പാപൂരത്തിന്നു് ആധാരമായ (ഇരിപ്പിടമായ) ഹൃദയത്തോടുകൂടിയ. നൃസിംഹം—നൃസിംഹമൂർത്തിയെ. ആരാൽ—സമീപത്തു്. ആരാധയ—ആരാധിക്കുക.

ദേവന്മാരെ തുറുങ്കിലടച്ച ഹിരണ്യകശിപുവിനെ വധിക്കുവാനായി ഉഗ്രരൂപംപൂണ്ടു് അത്യന്തം ഭീകരനായി ഭൂമിയിലവതരിച്ചവനും, സമുദ്രത്തിൻെറ ഇരമ്പലിനെക്കാൾ ഉച്ചത്തിൽ ഗർജ്ജിക്കുന്നവനും, ഭക്തജനങ്ങളോടുള്ള വാത്സല്യംനിറഞ്ഞ ഹൃദയത്തോടുകൂടിയവനുമായ നരസിംഹമൂർത്തിയെ സമീപത്തായി ആരാധിക്കുക.

'കാരാഗാരാകലിതസുരനാം ദൈത്യനെ നിഗ്രഹിക്കാൻ' എന്ന ഭാഗത്തിൽ നായകനെ തുറുങ്കിലാക്കിയ വൈരിഭീഷണനായ ആയില്യംതിരുനാളിൻെറ വിനാശത്തിനുവേണ്ടിയുള്ള പ്രാർത്ഥന ഒളിച്ചുകിടക്കുന്നുണ്ടാകാം.

ഈ പദ്യത്തിൽ നാലാമത്തെ അക്ഷരത്തിലെ പ്രാസവും രേഫത്തിൻെറ ആവർത്തനബഹുലതയും ശ്രദ്ധേയമാണു്.

## 15

അനന്തരം തിരുവാമ്പാടി കൃഷ്ണസ്വാമിയെ വന്ദിക്കുവാൻ നിർദ്ദേശിക്കുന്നു.

**സംസാരാംഭോനിധി കരകടന്നീടുവാൻ കാംക്ഷയേറും**
**പുംസാ രാഗാദികളകലെവിട്ടെപ്പൊഴും സേവ്യമാനം**
**തം സാരാർത്ഥം നിഗമവചസാം തത്ത്വമസ്യാദിമാനാം**
**കംസാരാതിം കലയ കലുഷംതീർത്തു കാത്തീടുവാനായ്.**

സംസാരാംഭോനിധി—സംസാരസമുദ്രം. കാംക്ഷ—ആഗ്രഹം. പുംസാ—പുരുഷനാൽ. രാഗാദികൾ—രാഗം, ദ്വേഷം, മോഹം എന്നിവ. സേവ്യമാനം—സേവിക്കപ്പെടുന്നവനായ. തത്ത്വമസ്യാദിമാനാം—തത്ത്വമസി തുടങ്ങിയ. തത്ത്വമസി—നീ അതാകുന്നു; പ്രപഞ്ചചേതനയും വ്യക്തിചേതനയും ഒന്നുതന്നെയെന്നു സാരം. നിഗമവചസാം—വേദവാക്യങ്ങളുടെ. സാരാർത്ഥം—സൂക്ഷ്മമായ അർത്ഥം. തം കംസാരാതിം—ആ കംസനാശകനെ, ശ്രീകൃഷ്ണനെ. കലുഷം—പാപം. കലയ—വന്ദിച്ചാലും.

സംസാരസമുദ്രം തരണംചെയ്യുവാൻ ആഗ്രഹിക്കുന്ന പുരുഷനാൽ രാഗാദികൾ ഉപേക്ഷിച്ച സേവിക്കപ്പെടുന്നവനും തത്ത്വമസി തുടങ്ങിയ വേദവാക്യങ്ങളുടെ സൂക്ഷ്മാർത്ഥവും ആയ ശ്രീകൃഷ്ണനെ പാപം ശമിപ്പിച്ചു രക്ഷിക്കുവാനായി വന്ദിച്ചാലും.

തിരുവാമ്പാടി കൃഷ്ണസ്വാമിക്ഷേത്രം, പത്മനാഭസ്വാമിയുടെ മതിലകത്തു വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന പ്രശസ്തവും

ചരിത്രപ്രധാനവുമായ ഒരു പെരിയ ക്ഷേത്രമാണ്. അതിന്, ഒരു ഗോശാല, ഗർഭഗൃഹം, മുഖമണ്ഡപം, വിളക്കുമാടം എന്നിവയുണ്ട്. മയിൽപ്പീലി തിരുകിയിട്ടുള്ള തിരുമുടിയും കുണ്ഡലവും കൈകളിൽ വടിയും ചക്രവും ശംഖവും മററുമുള്ള ഗോകുലബാലനായ രാജഗോപാലൻെറ പ്രതിഷ്ഠയാണ് ഈ ക്ഷേത്രത്തിൽ. ഇതിൻെറ ഭിത്തികളിൽ വിലയേറിയ ചരിത്രരേഖകൾ കൊത്തിയിട്ടുള്ളതു് ഗവേഷകന്മാർക്കു സുപരിചിതമാണ്. ഈ ക്ഷേത്രത്തിനു പത്തുപതിന്നാലു നൂററാണ്ടു പഴക്കമുണ്ടായിരിക്കണം.

## 16

കൃഷ്ണസ്വാമിക്കു മയിൽപ്പീലി അടിയറവയ്ക്കണമെന്നു നിർദ്ദേശിക്കുന്നു.

> പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
> ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
> പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
> മൗലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ.

ഭുവനം—ലോകം. അഖിലം—മുഴുവനും. ഭൂതലേ—ഭൂമിയിൽ. ജാതനായ്—അവതരിച്ചിട്ട്. കലിതകുതുകം—കൗതുകത്തോടുകൂടി. കണ്ണൻ—ശ്രീകൃഷ്ണൻ. ഭക്ത്യാ—ഭക്തിയോടുകൂടി. മൗലിക്കെട്ട്—തലമുടിക്കെട്ട്. ഭക്തദാസൻ—ഭക്തന്മാരുടെ ദാസൻ.

അഖിലലോകവും പരിപാലിക്കുവാനായി ഭൂമിയിലവതരിച്ചു കൗതുകത്തോടുകൂടി ഗോകുലത്തിൽ കാലികളെ കാത്തുസംരക്ഷിച്ച കണ്ണൻെറ ചരണാരവിന്ദങ്ങളിൽ നീ നിൻെറ ഒരു പീലി ഭക്തിയോടുകൂടി കാഴ്ചവയ്ക്കണം. ഭക്തദാസനായ അദ്ദേഹം അതിനെ തൻെറ മുടിക്കെട്ടിൽ തീർച്ചയായും ചൂടും.

ഭുവനപരിപാലനമെന്ന മഹാകൃത്യത്തിനവതരിച്ചവനാണെങ്കിലും സാധുജന്തുക്കളെപ്പോലും സംരക്ഷിക്കുന്നതിനു കരുണാനിധിയായ ശ്രീകൃഷ്ണൻ ജാഗരൂകൻതന്നെ എന്നു വ്യഞ്ജിപ്പിച്ചിരിക്കുന്നു. കൂടാതെ ഭക്തദാസൻ എന്ന വിശേഷണം സാഭിപ്രായമായി പ്രയോഗിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. നിസ്സാരനായ തൻെറ ഏററവും എളിയ കാഴ്ചദ്രവ്യം അവതാരപുരുഷനായ ശ്രീകൃഷ്ണൻ നിരാകരിക്കുമോ എന്ന സംശയം മയിലിനു സ്വാഭാവികമായുണ്ടാകാം. ഇതു പ്രതീക്ഷിച്ചുകൊണ്ട് അങ്ങനെ ഉണ്ടാകയില്ലെന്നു നായകൻ വ്യംഗ്യമര്യാദയിൽ മയിലിന് ഉറപ്പുകൊടുക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ ഭക്തദാസനാണ്. ഭക്തന്മാരുടെ ദാസ്യംപോലും അനുഷ്ഠിക്കാൻ സന്നദ്ധനായ അദ്ദേഹം ഭക്തനായ മയിൽ കാഴ്ചവയ്ക്കുന്ന പീലി നിരസിക്കയില്ലെന്നു മാത്രമല്ല അതിനെ വളരെയധികം ആദരിച്ചു മുടിയിൽ ചൂടി മയിലിനെ കൃതാർത്ഥനാക്കുകയുംചെയ്യും.

ഈ ശ്ലോകം ഉണ്ണുനീലിസന്ദേശത്തിൽ തിരുവാമ്പാടി കൃഷ്ണനെ

വർണ്ണിക്കുന്ന ഒരു ശ്ലോകത്തിന്റെ അനുകരണമാണെന്നു ചിലർ അഭിപ്രായപ്പെട്ടുകാണുന്നു. ഇതാണ് ആ ഉണ്ണുനീലിസന്ദേശശ്ലോകം:

''കാലിക്കാലിത്തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽ കലിതചികുരംപീതകൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോയിൽകൊൾകെങ്ങൾ ചേതഃ''

രണ്ടിലും ലകാരം ദ്വിതീയാക്ഷരമായിക്കാണുന്നതൊഴിച്ച് ഇവക്കു പ്രത്യേകം സാദൃശ്യമൊന്നും കാണാനില്ല. ഇവയുടെ ഭാവങ്ങൾ എത്രയോ വ്യത്യസ്തങ്ങൾ!

## 17

**ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു വെളിയിൽ സമീപമായി സ്ഥിതിചെയ്യുന്ന ക്ലപക്കരമഠത്തിൽ പോയി ദുർഗ്ഗയെ ഭജിക്കണമെന്നു പറയുന്നു.**

**സ്വച്ഛന്ദം നീ തദനു ഭഗവന്മന്ദിരത്തിൻ പുറത്തായ്
സ്വച്ഛശ്രീയാമനവധി ഗൃഹം കാണുമധ്വാവിലൂടെ
ഗച്ഛൻ ക്ലപക്കരമഠമതിൽ ചെന്നു ക്ലപ്തം ജനങ്ങൾ-
ക്കിച്ഛയ്ക്കൊക്കും വരമരുളുമദ്ദുർഗ്ഗയേയും നമിക്ക.**

സ്വച്ഛന്ദം—സ്വൈരമായി. തദനു—അതിനുശേഷം. ഭഗവന്മന്ദിരം—ഭഗവൽക്ഷേത്രം. പത്മനാഭസ്വാമിക്ഷേത്രം. സ്വച്ഛശ്രീയാം—നല്ല വൃത്തിയും ഭംഗിയുമുള്ള. അധ്വാവ്—വഴി. ഗച്ഛൻ—പോകുന്നവനായി. അരുളും—കൊടുക്കുന്ന. നമിക്ക—വന്ദിക്ക.

അതിനുശേഷം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു പുറത്തായി വൃത്തിയും ഭംഗിയും ഏറിയ അനേകം ഗൃഹങ്ങളുള്ള വഴിയിലൂടെ സ്വൈരമായിപ്പോയി ക്ലപക്കരമഠത്തിൽ ചെന്നു് ആശ്രിതന്മാർക്ക് ആഗ്രഹാനുസാരം വരം നല്കുന്ന ദുർഗ്ഗാഭഗവതിയെ നീ വന്ദിക്കുക.

ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിറങ്ങി വടക്കോട്ടുള്ള വഴിയിൽക്കൂടി നടന്നാൽ ക്ലപക്കരമഠംക്ഷേത്രത്തിലെത്താം. ഇതൊരു ചെറിയ ക്ഷേത്രമാണ്. എന്നാലും ഭക്തന്മാർ വളരെ വിശ്വാസമർപ്പിക്കുന്ന ഒരു സ്ഥാനമാണിതു്. അതുകൊണ്ടാണല്ലോ കേരളവർമ്മയും ഇതിനിത്ര പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. എട്ടരയോഗത്തിൽ അംഗത്വം വഹിച്ചിരുന്ന ക്ലപക്കരപ്പോറ്റിമാരുടെ വകയാണ് ഈ ക്ഷേത്രം.

## 18

**നായികയുടെ വാസസ്ഥാനമായ തേവാരത്തു കോയിക്കലേക്കുള്ള വഴി നിർദ്ദേശിക്കുന്നു.**

**ദേവാരാതിക്ഷപണചണയാം ദേവിതൻ സേവ ചെയ്തി-**
**ട്ടാവാക്കേ നീ വടിവൊടു പടിഞ്ഞാട്ടു കിഞ്ചിൽ ഗമിച്ചാൽ**
**തേവാരത്തെന്നഭിധകലരുന്നോരു കോയിക്കൽ കാണാ-**
**മാവാസം മൽപ്രിയയുടെയതാണെന്നു ബോധിച്ചുകൊൾക.**

ദേവാരാതിക്ഷപണചണയാം—ദേവന്മാരുടെ അരാതികളുടെ ക്ഷപണത്തിൽ നിപുണയായ. അരാതി—ശത്രു. ക്ഷപണം—നാശനം. ആ വാക്കേ—ആ വഴിതന്നെ. കിഞ്ചിൽ—കുറച്ച്. ഗമിച്ചാൽ—പോയാൽ. തേവാരത്തെന്നഭിധകലരുന്നോരു കോയിക്കൽ—തേവാരത്തെന്നു പേരുള്ള കോയിക്കൽ, തേവാരത്തുകോയിക്കൽ. ആവാസം—വാസഗൃഹം. ബോധിച്ചുകൊൾക—ധരിക്കുക.

അസുരവിനാശിനിയായ ദുർഗ്ഗയെ വന്ദിച്ചതിനുശേഷം അതുവഴി നീ അല്പം പടിഞ്ഞാട്ടു പോകുന്നപക്ഷം തേവാരത്തുകോയിക്കൽ കാണാം. അതു് എന്റെ പ്രിയയുടെ വാസഗൃഹമാണെന്നു ധരിച്ചുകൊൾക.

ശ്രീപത്മനാഭൻ, നരസിംഹമൂർത്തി, ശ്രീകൃഷ്ണൻ, ദുർഗ്ഗാഭഗവതി എന്ന ക്രമത്തിലാണു് നായകനും നിത്യം ആരാധന നടത്തിയിരുന്നതെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. കൂപക്കരമഠത്തിൽനിന്നു പടിഞ്ഞാറോട്ടുള്ള ഇടവഴിയിൽക്കൂടി പത്തുനൂറടി നടന്നാൽ രാജവീഥിയിലെത്താം. അവിടെനിന്നു് ഏതാണ്ടു കാൽ ഫർലോംഗ് പടിഞ്ഞാറോട്ടു പോയാൽ തേവാരത്തുകോയിക്കലെ തെക്കുവശത്തുള്ള ശംഖചക്രമുദ്രയുള്ള ഗെയിററു കാണാം.

19

**തേവാരത്തുകോയിക്കലിന്റെ അടയാളമായി ശംഖമുദ്രയുള്ള തെക്കേ ഗെയിററിനെ വർണ്ണിച്ചു കേൾപ്പിക്കുന്നു.**

**ചാരത്തോരോവശമതിലെഴും ചന്ദ്രശാലാന്തരാളേ**
**ദ്വാരത്തിന്മേലസമസുഷമാഡംബരം കംബുരത്നം**
**ശൂരത്വംപൂണ്ടൊരു ഹരിയുഗത്തിന്റെ മദ്ധ്യത്തിലദ്ധാ**
**ധീര! ത്വം കണ്ടറിക നരലോകേന്ദിരാമന്ദിരത്തെ.**

ചന്ദ്രശാലാന്തരാളേ—ചന്ദ്രശാലകളുടെ ഇടയിൽ. ചന്ദ്രശാല—മട്ടുപ്പാവു്. ദ്വാരം—ഗെയിററു്. അസമസുഷമാഡംബരം—അതുല്യമായ കാന്തിയുള്ള അലങ്കാരം. കംബുരത്നം—വിശിഷ്ടമായ ശംഖമുദ്ര. ശൂരത്വം—ശൗര്യം. ഹരിയുഗം—ഇരട്ടസിംഹം. അദ്ധാ—നേരേ. നരലോകേന്ദിരാമന്ദിരം—ഭൂലോകലക്ഷ്മിയായ രാജ്ഞിയുടെ ഗൃഹം.

ഇരുവശത്തുമുള്ള മട്ടുപ്പാവിന്റെ ഇടയിൽ ഗെയിററിനു മുകളിലായി ശൂരഭാവമുള്ള സിംഹപ്രതിമകളുടെ നടുക്കു നിസ്തുലകാന്തി കലർന്ന ശംഖമുദ്രാലങ്കാരം കണ്ടു്, നീ ഭൂലോകലക്ഷ്മിയായ രാജ്ഞിയുടെ കൊട്ടാരം മനസ്സിലാക്കുക.

രാജകുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ തമ്പുരാട്ടിക്കു താമസിക്കുവാനുള്ള കൊട്ടാരമാണു് തേവാരത്തുകോയിക്കൽ. ഇതിൻെറ പ്രധാന ഗെയിറ്റ് കിഴക്കുവശത്താണു്. തെക്കേ ഗെയിററ് വർണ്ണിക്കുവാൻ കാരണം സൗകര്യമായി ഒരടയാളം പറയാനുള്ളതുകൊണ്ടാവാം; കേരളവർമ്മയെ അറസ്റ്റുചെയ്തു കൊണ്ടുപോയപ്പോൾ മഹാറാണി ഓടിവന്നു കണ്ടതു് ഈ ഗെയിററിൽവച്ചായതുകൊണ്ടുമാവാം.

## 20

### നായികയുടെ വൈജയന്തത്തെ ജയിക്കുന്ന സൗധം വർണ്ണിക്കുന്നു

**സമ്യക്കായ്ത്താൻ നിയതസമയേ തോയസേകംനിമിത്തം**
**തിമ്യത്താകും തടമൊടഭിശോഭിച്ചിടും പുഷ്പവാട്യാ**
**രമ്യത്വംപൂണ്ടവിടെ വലഭിത്തിൻെറ ഹർമ്മ്യത്തിനാലും**
**നമ്യശ്രീയായ് വിലസതി മഹാരാജ്ഞിതൻ സൗധവര്യം.**

സമ്യക്കായി—നന്നായി. നിയതസമയേ—ക്ലുപ്തസമയത്തിൽ. തോയസേകം—വെള്ളംകോരൽ. തിമ്യത്താകും—നനഞ്ഞിരിക്കുന്ന. അഭിശോഭിച്ചിടും—പ്രശോഭിക്കുന്ന. പുഷ്പവാട്യാ—ഉദ്യാനത്താൽ. രമ്യത്വം—മനോഹരത. വലഭിത്തു്—ദേവേന്ദ്രൻ. ഹർമ്മ്യം—മാളിക, വൈജയന്തം. നമ്യശ്രീ—നമിക്കപ്പെടേണ്ട ശ്രീയോടുകൂടിയതു്; വൈജയന്തത്തെക്കാളും അധികം മേന്മയുള്ളതെന്നു സാരം. സൗധവര്യം—മഹാസൗധം. വിലസതി—വിലസുന്നു.

യഥാസമയം വെള്ളംകോരുകനിമിത്തം നനഞ്ഞിരിക്കുന്ന തടങ്ങളോടുകൂടി ശോഭിക്കുന്ന ഉദ്യാനത്താൽ മനോഹാരിത കലൎന്നു് ദേവേന്ദ്രഹർമ്മ്യമായ വൈജയന്തംപോലും നമിക്കുമാറു മഹിമാതിരേകത്തോടുകൂടി അവിടെ മഹാരാജ്ഞിയുടെ മഹാസൗധം വിലസുന്നു.

തേവാരത്തുകോയിക്കലെ ഉദ്യാനം നന്ദനത്തേക്കാൾ മെച്ചമാണെന്നു വ്യംഗ്യം.

## 21

### സൗധത്തിനു മുകളിലിരിക്കുന്ന മയിലിനെ കണ്ടാൽ ആശാരിമാർ മററു മാളികകളിൽ മയിലിൻെറ രൂപം കൊത്തിവയ്ക്കുമെന്നു ഭാവനചെയ്യുന്നു.

**മണ്ടിച്ചെന്നങ്ങതിനു മുകളിൽച്ചേർന്നിരിക്കുന്ന നിന്നെ-**
**ക്കൊണ്ടിസ്ഥാനം ശിഖിപരിവൃഢ! ശ്രീഭരം ശീഭരം തം**
**കണ്ടിട്ടാശാരികളതു പകർത്തി പ്രതിച്ഛായയാ തേ**
**പണ്ടില്ലാത്തോരഴകിനിയനേകാലയങ്ങൾക്കു ചേർക്കും.**

ഇന്ധാനം—തിളങ്ങുന്ന. ശ്രീഭരം—ഐശ്വര്യസമൃദ്ധം. ശീഭരം—മനോഹരം. തം—അതിനെ. ശിഖിപരിവൃഢ!—പക്ഷിശ്രേഷ്ഠ! തേ—നിന്റെ. പ്രതിച്ഛായയാ—പ്രതിമകൊണ്ടു്. ആലയം—ഗൃഹം.

മുകളിൽച്ചേർന്നിരിക്കുന്ന നിന്നെക്കൊണ്ടു ശോഭിക്കുന്നതും, ഐശ്വര്യസമൃദ്ധവും മനോഹരവുമായ ആ ഹർമ്മ്യത്തെക്കണ്ടിട്ടു്, അല്ലയോ പക്ഷിശ്രേഷ്ഠ! ആശാരിമാർ അതിനെ അനുകരിച്ചു നിന്റെ പ്രതിമ കൊണ്ടു മുമ്പെങ്ങുമില്ലാത്ത ഭംഗി പല ഗൃഹങ്ങൾക്കും വരുത്തും.

അനന്തരകാലത്തു കോട്ടയ്ക്കകത്തുള്ള കൃഷ്ണവിലാസം മുതലായ രാജഭവനങ്ങളിൽ മയിലിന്റെ രൂപം കൊത്തിവച്ചതാവാം ഈ ഭാവനയ്ക്കു നിദാനം.

## 22

**പലനിറത്തിലുള്ള കണ്ണാടികൾ വച്ച വാതിലുകൾ വർണ്ണഭംഗിയിൽ മയിൽപ്പീലിയോടു തുല്യമായിരിക്കും എന്നു ഭാവനചെയ്യുന്നു.**

**വാസായാസ്മദ്ദയിത ഹിതമൊപ്പിച്ചു തീർപ്പിച്ചതാമ-**
**പ്രാസാദത്തിൽ ശബളമുകുരശ്രേണിക്ലൃപ്തം കവാടം**
**ഭാസാമുച്ചൈസ്തരവിസരണംകൊണ്ടു നിൻ ബർഹഭാര-**
**ശ്രീസാദൃശ്യം കലരുമതിസൗന്ദര്യചാതുര്യധുര്യം.**

വാസായ—താമസത്തിനു്. അസ്മദ്ദയിത. എന്റെ ഭാര്യ. പ്രാസാദം—മാളിക. ശബളമുകുരശ്രേണിക്ലൃപ്തം—പലനിറത്തിലുള്ള കണ്ണാടികൾ ഇട്ടിട്ടുള്ള. അതിസൗന്ദര്യചാതുര്യധുര്യം—സൗന്ദര്യസാരത്തിൽ അഗ്രിമമായ. കവാടം—വാതിൽ. ഭാസാം—പ്രകാശകിരണങ്ങളുടെ. ഉച്ചൈസ്തരവിസരണം—അത്യധികമായ പ്രാപ്തി. ബർഹഭാരശ്രീസാദൃശ്യം—പീലക്കൂട്ടത്തിന്റെ അഴകിനോടുള്ള തുല്യത.

താമസിക്കുവാനായി എന്റെ പ്രിയപത്നി ഇഷ്ടാനുസരണം പണിയിച്ച ആ മാളികയിലെ അതിസുന്ദരവും പലനിറത്തിലുള്ള കണ്ണാടികൾ ഇട്ടതുമായ വാതിൽ പ്രകാശകിരണങ്ങളുടെ പ്രസരം നിമിത്തം നിന്റെ പീലിക്കെട്ടിനോടു തുല്യമായിത്തീരും.

കവാടത്തോടുള്ള വർണ്ണസാദൃശ്യം മയിലിനു നായികാഗൃഹത്തോടു കൂടുതൽ മമത ജനിപ്പിക്കുമെന്നു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

## 23

**അടുത്ത ആറു ശ്ലോകത്തിൽ തേവാരത്തുകോയിക്കൽ കൊട്ടാരത്തിന്റെ പരിസരം വർണ്ണിക്കുന്നു. ആദ്യമായി കുളം:**

**പ്രത്യഗ്രശ്രീഭരിതമവനീഭർത്തിതൻ പത്തനത്തിൻ-**
**പ്രത്യഗ്ഭാഗത്തതിരുചിരമായുണ്ടു നീരാഴിയാരാൽ**

**നിത്യം തനപീമണിയുടെ തന്വസ്പർശഭാഗ്യാതിരേകാ-**
**ലത്യന്തം തത്സലിലമതിനോട്ടുണ്ടെനിക്കഭ്യസൂയ.**

പ്രത്യഗ്രശ്രീഭരിതം—നവംനവമായ ശോഭനിറഞ്ഞ. അവനീഭർത്ത്രിതൻ പത്തനം—രാജ്ഞിയുടെ ഗൃഹം. പ്രത്യഗ്ഭാഗം—പടിഞ്ഞാറുഭാഗം. ആരാൽ—സമീപം. അതിരുചിരം—വളരെ ഭംഗിയുള്ള. നീരാഴി—കുളം. തനപീമണി—സുന്ദരി. ദേഹസ്പർശഭാഗ്യാതിരേകം—ദേഹസ്പർശത്തിനുള്ള വലിയ ഭാഗ്യം. തത്സലിലം—അതിലെ ജലം. അഭ്യസൂയ—വലിയ അസൂയ.

രാജ്ഞിയുടെ പുതുമോടി തികഞ്ഞ മാളികയുടെ പടിഞ്ഞാറുഭാഗത്തടുത്തായി അതിമനോഹരമായ ഒരു കുളമുണ്ട്. നിത്യവും ആ സുന്ദരിയുടെ ദേഹസ്പർശത്തിനുള്ള ഭാഗ്യാതിരേകം നിമിത്തം അതിലെ വെള്ളത്തിനോട് എനിക്ക് അത്യന്തം അസൂയതോന്നുന്നു.

വാസ്തവത്തിൽ അസൂയയ്ക്കവകാശമില്ലാതിരിക്കെ അതിശയോക്തിപരമായി ചെയ്യുന്ന ഈ പ്രസ്താവന നായികയുടെ അംഗസ്പർശത്തിനു നായകനുള്ള വെമ്പലിനെ ധ്വനിപ്പിക്കുന്നു.

24

**തോട്ടത്തിൽ നായിക നട്ടുവളർത്തിയ പുഷ്പവല്ലികളെ വർണ്ണിക്കുന്നു.**

**അസ്താലസ്യം മമ കമനിതാൻ നട്ടു വാത്സല്യമോടേ**
**ഹസ്താബ്ജത്താലരുളമുപചാരങ്ങളാൽ പുഷ്ടശോഭം**
**ശസ്താഭിഖ്യാ പരിമളമിളൽ പുഷ്പവല്ലീസമൂഹം**
**വിസ്താരംപൂണ്ടൊരു തടമതിൽ കാണുമന്നിഷ്കുടത്തിൽ.**

അസ്താലസ്യം—മടികൂടാതെ. മമ—എന്റെ. കമനി—പ്രാണപ്രിയ. ഹസ്താബ്ജം—താമരപോലുള്ള കൈ. അരുളം—നല്കുന്ന. ഉപചാരം—സേവനം; വളമിടുക, വെള്ളം ഒഴിച്ചു നനയ്ക്കുക മുതലായവ. പുഷ്ടശോഭം—വർദ്ധിച്ച ശോഭയോടുകൂടിയത്. ശസ്തം—പ്രശസ്തം. അഭിഖ്യാ—കാന്തി. പരിമളമിളത്—പരിമളം ചേർന്നത്. പുഷ്പവല്ലീസമൂഹം—പുഷ്പങ്ങളോടുകൂടിയ ലതകളുടെ കൂട്ടം. നിഷ്കുടം—ഉദ്യാനം.

യാതൊരു മടിയുംകൂടാതെ എന്റെ പ്രണയിനിതന്നെ വാത്സല്യപൂർവ്വം നട്ട്, സ്വന്തം കൈകൊണ്ടു ചെയ്യുന്ന പരിചരണത്താൽ ശോഭ വർദ്ധിച്ചതും കാന്തിയും, വാസനയും കലർന്ന പുഷ്പങ്ങളുള്ളതുമായ ലതകൾ ആ ഉദ്യാനത്തിലെ വിസ്താരമുള്ള തടങ്ങളിൽ ധാരാളമായി കാണാം.

25

**തേവാരത്തുകോയിക്കലെ തേന്മാവുകളെ ചിത്രീകരിക്കുന്നു.**

**കയ്യാലെത്തിക്കുതുകമിയലും കുട്ടികൾക്കും പറിക്കാൻ**
**വയ്യാതല്ലാതുരുതരഫലശ്രേണി തൂങ്ങിക്കിടക്കും**
**തയ്യായുള്ളോരനവധി രസാലാളി വിസ്മേരമാക്കി-**
**ച്ചെയ്യാതേകണ്ടവിടെയൊരുവൻേറയുമില്ലന്തരംഗം.**

'ഒരുവൻേറയുമില്ലാശയത്തെ' എന്നു് ആദ്യം എഴുതിയിട്ടു് 'ഒരുവന്റേയുമില്ലന്തരംഗം' എന്നു് ഉത്തരമയൂരത്തിൽ തിരുത്തിയിരിക്കുന്നു.

ഉരുതരഫലശ്രേണി—ധാരാളം ഫലങ്ങൾ, രസാലാളി—തേന്മാവിന്റെ സമൂഹം. വിസ്മേരം—സന്തോഷഭരിതം. അന്തരംഗം—മനസ്സു്.

കുതുകികളായ കുട്ടികൾക്കുപോലും കൈകൊണ്ടു് എത്തിപ്പറിക്കുവാൻ സാധിക്കുമാറു് ധാരാളം ഫലങ്ങൾ തൂങ്ങിക്കിടക്കുന്ന നിരവധി ചെറിയ തേന്മാവുകൾ അവിടെ ആരുടെ ഹൃദയത്തേയും ആനന്ദഭരിതമാക്കും.

നായികയുടെ വാസഗൃഹത്തിനു കിഴക്കുവശത്തായിരുന്ന മാവുകൾ നട്ടുപിടിപ്പിച്ചിരുന്നതു്. 'തയ്യായുള്ള' എന്നു വിശേഷിപ്പിച്ചിരിക്കുന്നതിൽനിന്നും അവ നായികതന്നെ വച്ചുപിടിപ്പിച്ചതാണെന്നു വ്യഞ്ജിക്കുന്നു.

മേഘസന്ദേശത്തിൽ നായികാവസതി വർണ്ണിക്കുന്നിടത്തുള്ള മന്ദാരപരാമർശം ഇവിടെ സ്മരണീയമാണു്:

''യസ്യോപാന്തേ കൃതകതനയഃ കാന്തയാ വർദ്ധിതോ മേ
ഹസ്തപ്രാപ്യസ്തബകനമിതോ ബാലമന്ദാരവൃക്ഷഃ.''

## 26

മാളികയുടെ പരിസരത്തിലെ ഫലനിബിഡമായ പ്ലാവുകൾ വർണ്ണിക്കപ്പെടുന്നു.

**മൂലത്തിൽത്തൊട്ടുപരി വിടപശ്രേണിയോളം ഫലത്തിൻ-**
**ജാലത്തെക്കൊണ്ടതിനിബിഡമായ് ഭംഗിയോടുല്ലസിക്കും**
**ബാലതപംപൂണ്ടൊരു പനസവൃക്ഷൗഘവും കാണുമങ്ങി,-**
**ക്കാലത്തന്യസ്ഥലമതിലതിന്നൊപ്പമുണ്ടാകയില്ല.**

മൂലം—അടിയററം. ഉപരി—മുകളിൽ. വിടപശ്രേണി—ശിഖരങ്ങൾ. ഫലം—കായ്. ജാലം—കൂട്ടം. അതിനിബിഡമായ്—ഇടതൂന്നു്. ഉല്ലസിക്കും—ശോഭിക്കും. ബാലതപംപൂണ്ട—ചെറുതായ. പനസവൃക്ഷൗഘം—പ്ലാവുകളുടെ കൂട്ടം.

താഴെമുതൽ മുകളിൽ ശിഖരങ്ങൾവരെ ഇടതൂന്നുനില്ക്കുന്ന ഫലങ്ങളെക്കൊണ്ടു ശോഭിക്കുന്ന ചെറിയ പ്ലാവുകളും അവിടെക്കാണും. ഇക്കാലത്തു് ഇതിനു തുല്യമായി മറെറങ്ങും ഫലസമൃദ്ധി കാണുകയില്ല.

## 27

### തേവാരത്തുകോയിക്കലെ ഉപവനപ്രദേശത്തിലുള്ള വാഴത്തോട്ടം വർണ്ണിക്കുന്നു.

**ചാരുത്വത്താൽ പുരുതരമദംപൂണ്ടു പൂമേനിയാൾ ത-**
**ന്നൂരുദ്വന്ദ്വത്തൊടു പൊരുതുവാനാഞ്ഞടുത്താത്തഭംഗം**
**ആരുദ്ധംസൽ ബഹിരുപവനംതന്നിൽ മോചാകദംബം**
**ഭീരുത്വത്തോടവിടെ മരുവുന്നേററവും ജാതജാള്യം.**

ചാരുത്വം—അഴക്. പുരുതരമദം—വലിയ അഹങ്കാരം. പൂമേനിയാൾ—പൂപോലെയുള്ള ശരീരത്തോടുകൂടിയവൾ, സുന്ദരി. ഊരുദ്വന്ദ്വം—തുടയിണ. ആത്തഭംഗം—പരാജയമടഞ്ഞ്. ആരുദ്ധംസത്—ബന്ധനസ്ഥമായി. ബഹിരുപവനം—പുന്തോട്ടം. മോചാകദംബം—വാഴക്കൂട്ടം. ജാതജാള്യം—ഇളിഭ്യതയോടുകൂടി. 'ആരുദ്ധംസത്' എന്നതിനു് അനങ്ങാതെയെന്നും 'ജാതജാള്യം' എന്നതിനു തണുപ്പോടുകൂടിയെന്നും വാഴയെസ്സംബന്ധിച്ച പ്രത്യേകം അർത്ഥമെടുക്കാം.

സ്വസൗന്ദര്യത്താൽ അത്യന്തം അഹങ്കരിച്ച് പൂമേനിയായ എൻെറ പ്രാണനാഥയുടെ തുടയിണകളോടു പോരിടുവാൻ അതിവേഗമെത്തി പരാജയമടഞ്ഞു വാഴക്കൂട്ടം പുറന്തോട്ടത്തിൽ ബന്ധനസ്ഥമായി ഭയന്നു് ഇളിഭ്യതയോടുകൂടി കഴിയുന്നു.

സുന്ദരിമാരുടെ തുടകളെ ആകൃതിസാമ്യംനിമിത്തം വാഴയോടു് ഉപമിക്കാറുണ്ടു്. ചിലപ്പോൾ ഉപമാനത്തിനു കവികൾ ന്യൂനതയും കല്പിക്കും. ഇവിടെ അതാണു ചെയ്തിരിക്കുന്നതു്. നായികയുടെ ഊരുകാണ്ഡവുമായുള്ള മത്സരത്തിൽ വാഴയ്ക്കു പരാജയമടയുവാനുള്ള കാരണം 'പൂമേനിയാൾ' എന്ന പ്രയോഗംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. കുസുമത്തിന്റെ മാർദ്ദവാദിഗുണങ്ങൾ വാഴയ്ക്കില്ലല്ലോ. പോരെങ്കിൽ, 'ആരുദ്ധംസത്' എന്നും 'ജാതജാള്യം' എന്നുമുള്ള ശ്ലിഷ്ടപദങ്ങളും പരാജയകാരണം വെളിപ്പെടുത്തുന്നുണ്ടു്. വാഴയ്ക്കു് അനങ്ങുവാൻ സാദ്ധ്യമല്ലല്ലോ; അധികം തണുപ്പുമുണ്ടല്ലോ.

> ''രംഭാഭ്രമത്തിനൊഴിയാത്ത തണുപ്പിനാലും
> ആകാരമൊത്തളവിലും ലഭിയാതെപോയി
>
> തന്വംഗിതൻെറ തുടകൾക്കുപമാനഭാവം.''

എന്ന കാളിദാസവർണ്ണനത്തിൻെറ അനുരണനം ഇവിടെ കേൾക്കാം.

മോചാകദംബം സമരത്തിൽ പരാജയമടഞ്ഞു ബന്ധനസ്ഥമായി ഇളിഭ്യതയനുഭവിക്കുന്ന ശത്രുവിനെപ്പോലെ കഴിയുന്നു എന്ന ഗമ്യോൽപ്രേക്ഷ കേരളവർമ്മയുടെ അവസ്ഥയെത്തന്നെ വ്യഞ്ജിപ്പിക്കുന്നില്ലേ എന്നു സംശയിച്ചുപോകാം.

28

**നായികയുടെ ഉദ്യാനം എല്ലാ ജ്ഞാനേന്ദ്രിയങ്ങളേയും രസിപ്പിക്കുമെന്നു തെളിയിക്കുന്നു.**

**സാരാമോദപ്രസവനികരം സഞ്ചരത്സത്സമീരം**
**ധാരാളോദ്യൽസുമധുരഫലം കീരസംരാവരമ്യം**
**പാരാതീതപ്രതിനവലതാഗാരസൗന്ദര്യമാരാ-**
**ദാരാമം തേ സുഖമതിതരാമിന്ദ്രിയങ്ങൾക്കു നൽകും.**

സാരാമോദപ്രസവനികരം—സാരമായ ആമോദമുള്ള പ്രസവങ്ങളുടെ നികരത്തോടുകൂടിയ. സാരമായ—നല്ലതായ. ആമോദം—വാസന. പ്രസവം—പുഷ്പം. നികരം—കൂട്ടം. സഞ്ചരത്സത്സമീരം—ചരിക്കുന്ന നല്ല കാറ്റോടുകൂടിയ. ധാരാളോദ്യൽസുമധുരഫലം—ധാരാളമായി ഉണ്ടാകുന്ന നല്ല മധുരഫലത്തോടുകൂടിയ. കീരസംരാവരമ്യം—കിളികളുടെ കളകളംകൊണ്ടു ഹൃദ്യമായ. പാരാതീതപ്രതിനവലതാഗാരസൗന്ദര്യം—പാരാതീതവും പ്രതിനവവുമായ ലതാഗാരസൗന്ദര്യത്തോടുകൂടിയ. പാരാതീതം—അതിരില്ലാത്ത. പ്രതിനവം—ഏറ്റവും പുതിയ. ലതാഗാരസൗന്ദര്യം—ലതാഗൃഹത്തിന്റെ സൗന്ദര്യം. ആരാത്—സമീപത്തുള്ള. ആരാമം—ഉദ്യാനം. തേ—നിന്റെ. അതിതരാം—ഏററവും.

സുഗന്ധപുഷ്പങ്ങൾ, മന്ദപവനൻ, ധാരാളം മധുരഫലം, പക്ഷികളുടെ കളകളം, അതിരറ്റ പുതിയ ലതാഗൃഹശോഭ എന്നിവയോടുകൂടി സമീപത്തു സ്ഥിതിചെയ്യുന്ന ഉദ്യാനം നിന്റെ ഇന്ദ്രിയങ്ങൾക്ക് അത്യധികം സുഖം പ്രദാനംചെയ്യും.

ഉദ്യാനവിഭവങ്ങൾ യഥാക്രമം ഘ്രാണം, ത്വൿ, ജിഹ്വ, ശ്രോത്രം, ചക്ഷുസ്സ് എന്നീ പഞ്ചേന്ദ്രിയങ്ങളെ തർപ്പണംചെയ്യുന്നതാണെന്നു വിവക്ഷ.

മാഘത്തിലെ മധുപാനവർണ്ണനത്തിൽ, കാവ്യലിംഗാലങ്കാരമുള്ള ഒരു ശ്ലോകത്തെ മാതൃകയാക്കിയാണ് ഈ പദ്യം വിരചിച്ചിരിക്കുന്നതെന്നു് കേരളവർമ്മതന്നെ പറഞ്ഞുകാണുന്നു:

''ക്രാന്തകാന്തവദനപ്രതിബിംബേ
ഭഗ്നബാലസഹകാരസുഗന്ധൗ
സ്വാദുനി പ്രണദിതാളിനി ശീതേ
നിർവ്വവാര മധുനീന്ദ്രിയവർഗ്ഗഃ.''

29

**ഉള്ളൂരിലുള്ള സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ ദർശനം ചെയ്തു തിരിച്ചെത്തുമ്പോൾ നായികയെ കാണാമെന്നു പറയുന്നു.**

സ്വൈരം വാണീടുലകിലവിടെ നീ സായമുള്ളൂരിൽനിന്നെൻ-
സാരംഗാക്ഷീമണിരമണി സാ ഷണ്മുഖസ്വാമിതന്നേ
പാരം ഭക്ത്യാ പരിചൊടു ഭജിച്ചാഗമിക്കും തിരിച്ച-
ന്നേരം നേത്രത്തിനു തവ സഖേ! ജന്മസാഫല്യമുണ്ടാം.

ഉത്തരമയൂരത്തിൽ 'സ്വൈരം വാണീടണമവിടെ നീയപ്പൊഴുള്ളൂരിൽ' എന്നെഴുതിയിട്ടു് അംഗീകൃതപാഠംപോലെ തിരുത്തിയിരിക്കുന്നു. അതുപോലെ 'സാരംഗാക്ഷീമണിരമണിയും' എന്നെഴുതിയിട്ടു് അംഗീകൃതപാഠംപോലെ തിരുത്തിയിരിക്കുന്നു.

സായം—സന്ധ്യയ്ക്കു്. സാരംഗാക്ഷീമണിരമണി—മാൻകണ്ണിമാരിൽ രത്നമായ എന്റെ പ്രിയതമ. സാരംഗം—മാൻ. ഷണ്മുഖസ്വാമി—സുബ്രഹ്മണ്യൻ. ആഗമിക്കും—വരും. നേത്രത്തിനു്—കണ്ണിനു്. ജന്മസാഫല്യം—പരമമായ ചാരിതാർത്ഥ്യം.

സന്ധ്യയ്ക്കു സുബ്രഹ്മണ്യനെ ഏററവും ഭക്തിയോടുകൂടി തൊഴുതശേഷം ഉള്ളൂരിൽനിന്നും സുന്ദരിയായ എൻെറ പ്രിയതമ തിരിച്ചുവരും. നീ അവിടെ സ്വൈരമായിരിക്കുന്നപക്ഷം, അല്ലയോ സുഹൃത്തേ, നിൻെറ കണ്ണിനു് അപ്പോൾ ജന്മസാഫല്യം സിദ്ധിക്കും.

തിരുവനന്തപുരം പട്ടണത്തിനു മൂന്നു മൈൽ വടക്കുള്ള ഒരു ഗ്രാമമാണു് ഉള്ളൂർ. അവിടെയുള്ള സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ നായിക നിത്യവും സ്വാമിദർശനത്തിനായി പൊയ്ക്കൊണ്ടിരുന്നു.

## 30

**അമ്പലത്തിൽനിന്നു വന്നിറങ്ങുമ്പോൾ നായികയെ ഒരുനോക്കു കാണുവാനേ സാധിക്കയുള്ളു എന്നു പറയുന്നു.**

വേഗാലെത്തും രഥമതിലെഴുന്നള്ളിയെൻ പ്രാണനാഥാ
സ്വാഗാരത്തിൻ നടയതിലിറങ്ങീടുമായന്തരത്തിൽ
നാഗാരാതേ! തിരുവുടൽ നഭോവീഥിയെ വിട്ടു ഭൂമീ-
ഭാഗായാനസ്പൃഹയൊടു വരും മിന്നൽപോലൊന്നു കാണാം.

സ്വാഗാരം—സ്വന്തം ഭവനം. അന്തരം—അവസരം. നാഗാരാതേ!—സർപ്പശത്രുവായുള്ളവനേ! തിരുവുടൽ—ശ്രേഷ്ഠമായ ശരീരം. നഭോവീഥി—ആകാശം. ഭൂമീഭാഗായാനസ്പൃഹ—ഭൂമിയിലേക്കു വരുവാനുള്ള ആഗ്രഹം.

വേഗത്തിലോടുന്ന രഥത്തിൽ കയറി വന്നുചേരുന്ന എൻെറ പ്രാണനാഥ കൊട്ടാരത്തിന്റെ നടയിൽ ഇറങ്ങുന്ന അവസരത്തിൽ, അല്ലയോ മയിലേ, ആകാശംവിട്ടു് ഭൂമിയിൽ എത്താനുള്ള ആഗ്രഹത്തോടുകൂടി വരുന്ന മിന്നലെന്നപോലെ, ആ സുന്ദരഗാത്രം ഒരുനോക്കു കാണുവാൻ സാധിക്കും.

'മിന്നൽപോലെ' എന്ന ഉപമകൊണ്ടു നായികയുടെ ആകാരസൗഷ്ഠവവും സ്വകൃത്യവ്യഗ്രതയും സ്പഷ്ടമാകുന്നു.

## 31

**കൃത്യാന്തരബഹുലതനിമിത്തം നായികയെ സൂക്ഷിച്ച പ്രത്യവലോകനം ചെയ്യുവാൻ സാദ്ധ്യമാവില്ലെന്നു പറയുന്നു.**

**സൂക്ഷിച്ചംഗംപ്രതി സുരുചിരസ്സാരസൗന്ദര്യസാരം
ഭൂക്ഷിദ്വംശത്തിനു തിലകമാം പ്രേയസീമസ്മദീയാം
വീക്ഷിക്കാനപ്പൊഴുതവസരം കിട്ടുകില്ലൊട്ടുമംഭോ-
ജാക്ഷിക്കോരോ നിയമമതിനായാശു പോകേണ്ടതുണ്ടാം.**

സുരുചിരസ്സാരസൗന്ദര്യസാരം—രമണീയവും പ്രവൃദ്ധവുമായ സൗന്ദര്യത്തിന്റെ കാതൽ. അംഗംപ്രതി—ഓരോ അംഗവും. ഭൂക്ഷിദ്വംശം—രാജവംശം. തിലകം—തൊടുകുറി. അസ്മദീയാം—എന്റെ പ്രേയസീം—ദയിതയെ. നിയമം—നിശ്ചയമായ പ്രവൃത്തിപരിപാടി.

എന്റെ രാജവംശതിലകമായ പ്രേയസിയുടെ സാന്ദ്രസൗന്ദര്യത്തിന്റെ സാരമായ ഓരോ അംഗവും പ്രത്യേകം സൂക്ഷിച്ചുനോക്കുന്നതിനു് അപ്പോഴവസരം ലഭിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ആ സുന്ദരിക്കു് ഓരോ കൃത്യനിർവ്വഹണത്തിനായി വേഗം പോകേണ്ടതായിവരും.

നായികയുടെ പ്രസ്തുത കർമ്മപരിപാടി അടുത്ത രണ്ടു ശ്ലോകത്തിൽ വിവരിക്കപ്പെടുന്നു.

## 32

**നായകനോടുള്ള പ്രേമംനിമിത്തം മംഗലമുണ്ടാകുവാനുള്ള പൂജ കഴിച്ച് ശ്രീപത്മനാഭനെ നായിക നിർവ്യാജം ഭജിക്കുമെന്നു പ്രസ്താവിക്കുന്നു.**

**പള്ളിക്കെട്ടിൻദിനമതുമുതൽ പുള്ളിമാൻകണ്ണിയെന്നിൽ
കൊള്ളിച്ചീടും കൊടിയ മമതയ്ക്കൊത്തു മംഗല്യപൂജാം
ഉള്ളിൽ ശ്രദ്ധാഭരമൊടു കഴിച്ചുററഭക്ത്യാ പ്രമീളാം
തള്ളിസ്സേവിച്ചിടുമഥ വിനാ ഛത്മനാ പത്മനാഭം.**

പള്ളിക്കെട്ടു്—രാജകീയവിവാഹം. പുള്ളിമാൻകണ്ണി—സുന്ദരി. മംഗല്യപൂജാം—ശുഭഹേതുകമായ പൂജയെ. പ്രമീളാം—ആലസ്യത്തെ. വിനാ ഛത്മനാ—വ്യാജംകൂടാതെ. പത്മനാഭം—പത്മനാഭനെ.

അനന്തരം വിവാഹദിവസംമുതൽ എന്നിൽ അർപ്പിച്ചിരിക്കുന്ന പ്രേമാതിരേകത്തിനു് അനുരൂപമായവിധം വിശ്വാസപൂർവ്വം മംഗല്യപൂജകഴിച്ചു് ആ സുന്ദരി മടിയില്ലാതെ ഭക്ത്യതിശയത്തോടുകൂടി നിർവ്യാജം പത്മനാഭനെ ഭജിക്കും.

## 33

**പാർവ്വതീപരമേശ്വരന്മാരേയും ആരാധിച്ചശേഷം ആഹാരവും കഴിച്ച് നായിക മാളികയിലെത്തുമെന്നറിയിക്കുന്നു.**

**സേവിച്ചംബാമഖിലജഗതാം സേവകാഭീഷ്ടദാത്രീ-**
**മാവിർഭക്തിത്രിഭുവനപിതാവായ തൽകാന്തനേയും**
**ഭൂവിണ്ണോരാൽ പരിചരിതയായ് ഭുക്തിചെയ്താശു ഭൂയ-**
**സ്സാവിശ്വസ്തപ്രിയസഖികളോടൊത്തു സൗധത്തിലെത്തും.**

സേവകാഭീഷ്ടദാത്രീം—ആരാധകന്മാർക്ക് അഭീഷ്ടം ദാനം ചെയ്യുന്ന. അഖിലജഗതാം—ലോകത്തിന്റെ മുഴവൻ. അംബാം—മാതാവായ പാർവ്വതിയെ. ആവിർഭക്തി—ഭക്തിയോടുകൂടി. ത്രിഭുവനപിതാവായ—മൂന്നു ലോകത്തിൻേറയും പിതാവായ. തൽകാന്തനേയും—ദേവിയുടെ ഭർത്താവിനേയും, ശിവനേയും. ഭൂവിണ്ണോർ—ബ്രാഹ്മണർ. പരിചരിതയായ്—പരിചരിക്കപ്പെട്ടവളായി. ഭുക്തിചെയ്ത്—ഭക്ഷണംകഴിച്ചിട്ട്. ഭൂയഃ—വീണ്ടും. സാ—അവൾ. വിശ്വസ്തപ്രിയസഖികൾ—വിശ്വസ്തരായ പ്രിയ തോഴിമാർ.

ഭക്താഭീഷ്ടപ്രദയായ ലോകമാതാവിനേയും അവിടുത്തെ ഭർത്താവിനേയും ഭക്തിപൂർവ്വം ഭജിച്ചശേഷം ബ്രാഹ്മണപരിചരണത്തോടുകൂടി ആഹാരവും കഴിച്ച് ആ മഹതി വീണ്ടും വിശ്വസ്തരായ സഖിമാരുമൊത്ത് സൗധത്തിൽ വരും.

## 34

**മണിയറയിൽ ദീപാന്തികത്തിലിരിക്കുന്ന നായികയെ ജനലിലൂടെ സ്വച്ഛന്ദം കാണുവാൻ തരമാകുമെന്നു പറയുന്നു.**

**മെല്ലേ മല്ലേക്ഷണ മണിയറയ്ക്കുള്ളിലെത്തിക്കഴിഞ്ഞാൽ**
**ചെല്ലേണം നീ സമവഹിതനായ് സൗധവാതായനത്തിൽ**
**അല്ലേശും തദ്വിവരമതിൽനിന്നപ്രതീഘാതമഗ്രേ**
**ചൊല്ലേറുന്നക്ഷിതികമല യെക്കാണ്മ ദീപാന്തികത്തിൽ.**

മല്ലേക്ഷണ—മൈക്കണ്ണാൾ, സുന്ദരി. മണിയറ—കിടക്കമുറി. സമവഹിതനായ്—കരുതലോടുകൂടി. സൗധവാതായനം—മാളികയുടെ ജനൽ. അല്ലേശും—ഇരുട്ടു ബാധിക്കുന്ന. തദ്വിവരമതിൽനിന്ന്—ആ ജനൽവാതില്ക്കൽ നിന്നുകൊണ്ട്. അപ്രതീഘാതം—തടസ്സംകൂടാതെ. അഗ്രേ—മുമ്പിൽ. ക്ഷിതികമല—ഭൂമിയിലവതരിച്ച മഹാലക്ഷ്മി.

ആ സുന്ദരി മന്ദമായി മണിയറയിലെത്തിയാൽ നീ കരുത-

ലോട്ടക്കൂടി ജനൽവാതില്ക്കൽ ചെല്ലണം. ഇരുളടഞ്ഞ അവിടെനിന്നു് യാതൊരു തടസ്സവുംകൂടാതെ പ്രശസ്തയായ ആ ഭൂലോകലക്ഷ്മിയെ കാണുക.

ദീപാന്തികത്തിലിരിക്കുന്ന നായികയെ സൂക്ഷിച്ചു കാണ്മാനുള്ള സൗകര്യം മയിലിനു് ഇപ്പോൾ ലഭിക്കുന്നു. എന്നു മാത്രമല്ല, ഇരുട്ടത്തു നില്ക്കുന്നതന്നെ ആരെങ്കിലും കാണുമെന്നു് അതിനു ഭയപ്പെടുകയും വേണ്ട. അതിനാൽ ഇപ്പോൾ നിർബ്ബാധം പ്രത്യംഗമായി വീക്ഷിച്ചു് നായികയുടെ സൗന്ദര്യധോരണി കണ്ടു് അതിനു ചരിതാൎത്ഥമാകാം.

35

**അടുത്ത പന്ത്രണ്ടു ശ്ലോകത്തിൽ നായികയെ വൎണ്ണിക്കുന്നു. ആദ്യമായി നായികയുടെ സൽഗുണങ്ങളേയും സൗന്ദര്യത്തേയും പരാമൎശിക്കുന്നു.**

**പെണ്ണില്ലുൎവ്വീതലമതിൽ മഹാരാജ്ഞിയെപ്പോലെയിപ്പോൾ**
**വിണ്ണിൽക്കൂടും വിപുലഗുണസൽക്കീൎത്തിസമ്പൂൎത്തി-**
**യോൎത്താൽ**
**എണ്ണിക്കൂടാത്തൊരു സുഷമയുള്ളൊരു തൻമൂൎത്തിയാൎക്കും**
**കണ്ണിൽച്ചേൎക്കും ഖഗവര! പരം ഹൎഷപീയൂഷവൎഷം.**

വിപുലഗുണസൽക്കീൎത്തിസമ്പൂൎത്തി—വികസ്വരങ്ങളായ ഗുണങ്ങളുടേയും പ്രശസ്തിയുടേയും പരിപൂൎണ്ണത. എണ്ണിക്കൂടാത്ത—അവൎണ്ണനീയമായ. സുഷമ—അതിയായ ശോഭ. തൻ മൂൎത്തി—അവിടുത്തെ ശരീരം. പരം—അതിയായ. ഹൎഷപീയൂഷവൎഷം—ആനന്ദമാകുന്ന അമൃതുകൊണ്ടുള്ള വൎഷം.

ഗുണസമൃദ്ധിയുടേയും സദ്യശസ്സിന്റേയും പരിപൂൎത്തി പരിഗണിച്ചാൽ മഹാരാജ്ഞിയെപ്പോലൊരു സ്ത്രീ ഭൂമിയിലും സ്വൎഗ്ഗത്തിലും ഇപ്പോൾ ഇല്ല. ആ മഹതിയുടെ അവൎണ്ണ്യസുന്ദരമായ ശരീരം, അല്ലയോ പക്ഷിശ്രേഷ്ഠ, ആരുടേയും കണ്ണിൽ അമിതമായി ആനന്ദാമൃതവൎഷം പൊഴിക്കും.

36

**നായികയുടെ ഗുണവിശേഷങ്ങൾ അന്യാദൃശങ്ങളെന്നു പറയുന്നു.**

**ഓജസ്സു, ൎജ്ജസ്വലമുലകിലിവില്ലേവമന്യാംഗനാനാം,**
**തേജസ്സോടൊത്തുടലിനിതുപോലാൎക്കു സൗന്ദൎയ്യമോൎക്കിൽ?**
**സൗജന്യത്തെപ്പറകിലതസാധാരണംതന്നെയാണേ,**
**രാജന്യസ്ത്രീമണിയുടെ ഗുണൗഘങ്ങളന്യാദൃശങ്ങൾ.**

ഊർജ്ജസ്വലം—തീക്ഷ്ണമായ. ഓജസ്സ്—ബലം. അന്യാംഗനാനാം—മററു സ്ത്രീകാംക്ക്. തേജസ്സ്—പ്രഭ. ഉടല്—ശരീരം. രാജന്യസ്ത്രീമണി—രാജവനിതകളിൽ ശ്രേഷ്ഠയായുള്ളവം. ഗുണൗഘം—സദ്ഗുണങ്ങളുടെ കൂട്ടം. അന്യാദൃശം—അസാധാരണം.

ലോകത്തു് അന്യസ്ത്രീകാംക്ക് ഇപ്രകാരം ഊർജ്ജസ്വലമായ ഓജസ്സു കാണുകയില്ല. ആരുടെ ശരീരത്തിനാണു് ഇതുപോലെ തേജോമയമായ സൗന്ദര്യമുള്ളതു്? സൗജന്യമാണെങ്കിലോ, അതു് അസാധാരണംതന്നെ. ഇങ്ങനെ ആ രാജവനിതാരത്നത്തിൻെറ ഗുണങ്ങാം അന്യാദൃശങ്ങളാണു്.

## 37

### നായികയുടെ വിനയാദിഗുണങ്ങളെ കീർത്തിക്കുന്നു.

**ഹന്താനന്താപരിവൃഢ മഹൈശ്വര്യസത്ത്വേƒപ്യപാസ്താ-**
**ഹന്താ ദന്താവളഗതി ദയാധീനചേതാ വിനീതാ**
**സന്താപാന്തർമധുമൊഴിയകററീട്ടഭീഷ്ടങ്ങളെല്ലാം**
**സന്താനന്താനടിമലർപണിഞ്ഞീടുവോർക്കേകിടുന്നു.**

അനന്താപരിവൃഢ—അനന്തയുടെ പരിവൃഢ. അനന്ത—ഭൂമി. പരിവൃഢ—അധിപ, രാജ്ഞിയെന്നർത്ഥം. മഹൈശ്വര്യസത്ത്വേƒപി—വലിയ ഐശ്വര്യമുണ്ടായിരുന്നിട്ടും. അ പാസ്താഹന്താ—അപാസ്തമായ അഹന്തയോടുകൂടിയവം. അപാസ്തം—ഉപേക്ഷിച്ച. അഹന്ത—അഹങ്കാരം. ദന്താവളഗതി—സുന്ദരി. ദന്താവളം—മദയാന. ദയാധീനചേതാ—ദയയ്ക്കു് അധീനമായ ചേതസ്സോടുകൂടിയവം. ചേതസ്സ്—മനസ്സ്, ദയാലു എന്നർത്ഥം. താർമധുമൊഴി—പൂന്തേൻവാണി. സന്താനം—കല്പവൃക്ഷം. അടിമലർ പണിയുന്നവർ—പാദസേവചെയ്യുന്നവർ.

മഹത്തായ ഐശ്വര്യമുണ്ടെങ്കിലും അഹങ്കാരരഹിതയും ദയാലുവും വിനീതയും സുന്ദരിയുമായ രാജ്ഞി ആശ്രിതജനങ്ങാംക്ക് അവരുടെ സന്താപമകററി അഭീഷ്ടങ്ങാം പ്രദാനംചെയ്യുന്നു; അവിടുന്നു കല്പവൃക്ഷംതന്നെ.

കല്പവൃക്ഷമായി രൂപണംചെയ്തിരിക്കുന്നതു് നായികയുടെ ദാനശീലത്തെ പ്രകടമാക്കുന്നു. 'ഹന്ത' എന്ന നിപാതം വിനയാതിരേകത്തെ വ്യഞ്ജിപ്പിക്കുന്നു.

## 38

### നായികയുടെ സന്മാർഗ്ഗനിഷ്ഠയെ പ്രശംസിക്കുന്നു.

**ദുർമ്മാർഗ്ഗത്തിൽ ക്ഷണമപി മനോവൃത്തിയെത്താതെ നിത്യം**
**ധർമ്മാസക്ത്യാ ധരണിരമയായീടുമെൻ ധർമ്മപത്നീ**
**നിർമ്മായം സൽപഥനിരതയായ്ത്തന്നെ വർത്തിച്ചിടുമ്പോഠം**
**മർമ്മാവിത്താം വിരഹകദനം വന്നതെൻ കർമ്മമത്രേ.**

ദുമ്മാഗ്ഗം—അധാമ്മികമായ പ്രവൃത്തികൾ. ക്ഷണമപി—ഒരു നിമിഷംപോലും. മനോവൃത്തി—മനസ്സിൻെറ വ്യാപാരം, ചിന്ത. എത്താതെ—പ്രവേശിക്കാതെ. ധമ്മാസക്ത്യാ—ധമ്മാചരണത്തിലുള്ള താല്പര്യംനിമിത്തം. ധരാന്നിരമ—ഭൂലോകലക്ഷ്മി. ധമ്മപത്നി—അഗ്നിസാക്ഷിയായി വിവാഹംചെയ്ത ഭാര്യ. നിമ്മായം—നിർവ്യാജം. സൽപഥനിരത—ധാമ്മികമാഗ്ഗത്തിൽ ഏററവും തല്പര. വത്തിക്കുക—ജീവിതം നയിക്കുക. മമ്മാവിത്തു്—മമ്മത്തെ ആവേധനം ചെയ്യുന്നതു്, മമ്മഭേദകം. വിരഹകദനം—വിരഹദുഃഖം. കമ്മം—ദുഷ്ടമ്മഫലം, ഭാഗ്യദോഷം.

ദുർവൃത്തിയിൽ ഒരു നിമിഷംപോലും മനസ്സു പോകാതെ എപ്പോഴും ധമ്മതല്പരയായി ഭൂലോകലക്ഷ്മിയായ എൻെറ ധമ്മപത്നി നിഷ്കളങ്കമായി സന്മാഗ്ഗനിഷ്ഠയോടുകൂടി ജീവിതം നയിക്കവേ മമ്മഭേദകമായ വിരഹദുഃഖം വന്നതു് എൻെറ ദുഷ്ടമ്മഫലമാണു് സംശയമില്ല.

## 39

### വിരഹവേദന നായികയെ ദയനീയാവസ്ഥയിലെത്തിച്ചിരിക്കണമെന്നു സങ്കല്പിക്കുന്നു.

**തണ്ടാർപൊയ്കയ്ക്കുശിശിരകരൻതൻെറസാന്നിദ്ധ്യമില്ലാ-**
**തുണ്ടായീടും ദശയൊടു സമാവസ്ഥയാ മദ്വിയോഗേ**
**വണ്ടാർപൂവേണികൾ പണിയുമെൻ കാന്ത വാഴുന്നതയ്യോ!**
**കണ്ടാലാരും കരയു,മലിയും കല്ലിനൊത്തോരു ഹൃത്തും.**

ഉത്തരമയൂരത്തിൽ 'സമാവസ്ഥയായ്' എന്നെഴുതിയിട്ടു് 'സമാവസ്ഥയാ' എന്നു തിരുത്തിയിരിക്കുന്നു.

തണ്ടാർപൊയ്ക—താമരപ്പൊയ്ക. അശിശിരകരൻ—സൂര്യൻ. അശിശിരം—തണുപ്പില്ലാത്ത, ചൂടുള്ള. ദശ—അവസ്ഥ. സമാവസ്ഥ—തുല്യമായ അവസ്ഥ. മദ്വിയോഗേ—ഞാനുമായുള്ള വിരഹത്തിൽ. വണ്ടാർപൂവേണികൾ—വണ്ടുകളെപ്പോലെ കറുത്തു മനോഹരമായ മുടിയുള്ളവർ, സുന്ദരിമാർ. പണിയും—അടിപണിയുന്ന, പാദദാസ്യം വഹിക്കുന്ന. ഹൃത്തു്—ഹൃദയം.

ഞാനുമായുള്ള ഈ വിയോഗത്തിൽ, സുന്ദരിമാർ അടിപണിയുന്ന എൻെറ ദയിത സൂര്യാഭാവത്തിൽ താമരപ്പൊയ്ക എന്നപോലെ കഴിഞ്ഞുകൂടുന്നതു കാണുന്നപക്ഷം ആരും കരയും; കല്ലുപോലുള്ള ഹൃദയവും അലിഞ്ഞുപോകും.

ഇവിടത്തെ ഉത്തമാലങ്കാരപ്രയോഗം മേഘസന്ദേശത്തിലെ ''ജാതാം മന്യേ ശിശിരമഥിതാം പദ്മിനീവാന്യരൂപാം,'' എന്ന ഭാഗത്തെ അനുസ്മരിപ്പിക്കുന്നു. കൂടാതെ നാലാമത്തെ പാദത്തിൽ ഭവഭൂതിയുടെ ''അപിഗ്രാവാ രോദിത്യപി ദളതി വജ്രസ്യ ഹൃദയം,'' എന്ന പംക്തിയുടെ അനുരണനം കേൾക്കുകയും ചെയ്യാം.

## 40

വിശ്വസ്തയായ തോഴിയോട് നായിക വിരഹവേദന നിമിത്തം നായകവൃത്താന്തം ആരാഞ്ഞുകൊണ്ടിരിക്കുമെന്നു പറയുന്നു.

ആർത്താ താർത്തേൻമൊഴിയരികിലുള്ളിഷ്ടയാം
തോഴിയോടെൻ
വാർത്താമാവർത്തനമൊടനുയോഗിക്കുമുൽക്കണ്ഠമൂലം
പാർത്താലാരുള്ളൊരു തരുണിയിന്നിത്തരം ഭർത്തൃഭക്താ?
മൂർത്താ പുണ്യോൽക്കരപരിണതിഃ കേവലം സാ മദീയാ.

കൈയെഴുത്തുപ്രതിയിൽ രണ്ടാംവരിയുടെ അവസാനം 'അനുയോജിക്കുമുൽക്കണ്ഠമൂലം' എന്നെഴുതിയിട്ട്, 'അനുയോജിക്കുമായല്ലകത്താൽ' എന്നു തിരുത്തിയിരിക്കുന്നു. ഉത്തരമയൂരത്തിൽ 'അനുയോജിക്കുമായല്ലകത്താൽ' എന്നെഴുതിയിട്ട് 'അനുയോഗിക്കുമുൽക്കണ്ഠമൂലം' എന്നു തിരുത്തിയിരിക്കുന്നു.

ആർത്താ—ദുഃഖിത. താർത്തേൻമൊഴി—മധുഭാഷിണി. തോഴി—സഖി. വാർത്താം—വൃത്താന്തത്തെ. ആവർത്തനമൊട്—വീണ്ടുംവീണ്ടും. അനുയോഗിക്കും—ചോദിക്കും. ഉൽക്കണ്ഠ—നായകസമാഗമത്തിനുള്ള ആഗ്രഹം. സാ—അവൾ. മദീയാ—എന്റെ. മൂർത്താ—രൂപംകൊണ്ട. പുണ്യോൽക്കരപരിണതിഃ—പുണ്യോൽക്കരത്തിന്റെ പരിണാമം. പുണ്യോൽക്കരം—പുണ്യസമൂഹം. കേവലം—തന്നെ.

ദുഃഖിതയായ ആ സുന്ദരി സമീപവർത്തിയായ ഇഷ്ടതോഴിയോട് ഉൽക്കണ്ഠനിമിത്തം എന്റെ വൃത്താന്തം വീണ്ടും വീണ്ടും ചോദിക്കും. ഇത്രയും ഭർത്തൃഭക്തയായി മറ്റേതൊരു സ്ത്രീയാണുള്ളത്? ആ മഹതി എന്റെ ഉടലെടുത്ത പുണ്യപരിപാകംതന്നെ.

വീണ്ടും വീണ്ടും ചോദിക്കുമെന്നു പറഞ്ഞിരിക്കുന്നതു നായകന്റെ കഥ എത്ര കേട്ടാലും നായികയ്ക്കു തൃപ്തിയാകയില്ല എന്നും അതു വിരഹാവസ്ഥയിൽ ആശ്വാസകാരണമാണെന്നും വ്യഞ്ജിപ്പിക്കുന്നു. മൂർത്തിമത്തായ പുണ്യപരിണാമമെന്ന രൂപകാലങ്കാരം നായകന്റെ പ്രേമവായ്പിനേയും തുടർന്ന വിരഹവ്യഥയേയും ദ്യോതിപ്പിക്കുന്നു.

## 41

വീണവായനയിൽ വ്യാപൃതയായ നായികയെ ചിത്രീകരിക്കുന്നു.

വാണീദേവീ പരമുദിതമായോരു കൗതൂഹലത്താൽ
ക്ഷോണീലോകേ സ്വയമവതരിച്ചെന്നൊരാശങ്കയേകും
ഏണീശാബേക്ഷണ നിപുണമായ് വീണവായിക്കുമപ്പോൾ
വാണീടും നീയവിടെയമിതാനന്ദനിഷ്പന്ദനായി.

വാണീദേവി—സരസ്വതി, സംഗീതത്തിൻെറ അധിഷ്ഠാനദേവത. പരമുദിതം—പരമായി ഉദിച്ച, വദ്ധിച്ച. കൗതുഹലം—സന്തോഷം. ക്ഷോണീലോകേ—ഭൂമിയിൽ. ഏണീശാബേക്ഷണ—ഏണീശാബത്തിൻെറ ഈക്ഷണത്തോടുകൂടിയവഠം. ഏണീശാബം—മാൻകുട്ടി. ഈക്ഷണം—നോട്ടം. നിപുണമായ്—സാമത്ഥ്യത്തോടുകൂടി. അമിതാനന്ദനിഷ്പന്ദനായി—അമിതമായ ആനന്ദംകൊണ്ടു നിഷ്പന്ദനായി, ആനന്ദസ്തബ്ധനായി.

സന്തോഷഭരിതയായി സരസ്വതീദേവിതന്നെ ഭൂമിയിൽ അവതരിച്ചിരിക്കുന്നോ എന്നു സംശയം ജനിപ്പിക്കുന്ന ആ സുന്ദരി അതിവിദഗ്ദ്ധമായി വീണ വായിക്കും. അപ്പോഠം നീ അവിടെ ആനന്ദസ്തബ്ധനായി നിന്നുപോകും.

വിരഹക്ലേശത്തിൽനിന്നും മനസ്സിനെ ഒന്നു നിവൃത്തിപ്പിക്കാനായി നായിക വീണവായനയിൽ വ്യാപരിക്കുവാൻ സാദ്ധ്യതയുണ്ടല്ലോ. വീണവായനയിൽ നായിക വിദഗ്ദ്ധയായിരുന്നു എന്നുള്ളതും പ്രസിദ്ധം. ഇതാണ് ഇവിടത്തെ ഉൽപ്രേക്ഷയ്ക്കു നിദാനം. മേഘസന്ദേശത്തിലും വിരഹിണിയായ നായികയെ വീണവായിക്കുന്നതായി ചിത്രീകരിച്ചിട്ടുണ്ട്.

''ചാരംപോൽ പട്ടു മങ്ങീടിന മടിയിൽ മണീ-
വീണയെസ്സൗമ്യ! വച്ചെൻ-
പേരൻപിൽച്ചേർത്തു നിർമ്മിച്ചൊരു പുതിയ പദം
പാടുവാനാഗ്രഹിക്കേ
പാരം കണ്ണീരിനാലേ നനവു തടവുമാ-
ക്കമ്പി യത്നാൽ തുടച്ചി-
ട്ടാരംഭിച്ചോരു രാഗം പലതവണ മറ-
ന്നോമലാഠം മാഴ്കയാവാം.'' —മേഘച്ഛായം.

വിപ്രലംഭശൃംഗാരത്തിനു് അത്യന്തം അനുഗുണമായ ഈ വണ്ണനം എത്രയോ ഹൃദ്യമായിരിക്കുന്നു. മയൂരസന്ദേശത്തിലെ ചിത്രീകരണത്തിനുള്ള വൈജാത്യത്തിനു കാരണം ധീരയായ രാജകീയനായികയോടു വിപ്രലംഭത്തിൻെറ പ്രഹതങ്ങളായ എല്ലാ ഭാവവിശേഷങ്ങളെയും സംബന്ധിപ്പിക്കുന്നതു് അയഥാത്ഥവും അനുചിതവുമാണെന്നു കവിക്കുള്ള അഭിപ്രായമാകാം.

## 42

**നായിക ഭഗവത്കീത്തനം ആലപിക്കുന്നതിനെ പരാമർശിക്കുന്നു.**

**ഊനം ചിത്തം ദുരിതഹരമാം നാമപാരായണത്താ-**
**ലാനന്ദിപ്പിച്ചതിവിദുഷിതാൻ കീർത്തനം തീർത്തനേകം**
**ഗാനംചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരേ**
**ന്യൂനം മജ്ജിച്ചിടുമയി മയൂരേന്ദ്ര! കർണ്ണേന്ദ്രിയം തേ.**

അതിവിദഗ്ദ്ധഷീതാൻ—അതിവിദഗ്ദ്ധഷിയായ എൻെറ പ്രേയസി തന്നെ. കീത്തനം തീത്തു്—കീത്തനമുണ്ടാക്കി. ദുരിതഹരം—പാപത്തെ നശിപ്പിക്കുന്ന. ദൂനം—ദുഃഖിതം. ചിത്തം—മനസ്സ്. ആനന്ദപൂരേ—ആനന്ദാതിരേകത്തിൽ. തേ—നിൻെറ. കണ്ണേന്ദ്രിയം—ചെവി. മജ്ജിച്ചിടും—മുങ്ങും. നൂനം—തീച്ച.

അതിവിദഗ്ദ്ധഷിയായ എൻെറ പ്രേയസിതന്നെ പല കീത്തനങ്ങളും രചിച്ചു ദുഃഖിതമായ മനസ്സിനെ ദുരിതം നശിപ്പിക്കുന്ന നാമജപത്താൽ ആനന്ദിപ്പിച്ചുകൊണ്ടു പാടുന്ന അവസരത്തിൽ അല്ലയോ മയൂരശ്രേഷ്ഠ, അളവില്ലാത്ത ആനന്ദപൂരത്തിൽ നിൻെറ ശ്രവണേന്ദ്രിയം മുങ്ങുമെന്നുള്ളതു തീച്ചതന്നെ.

സംഗീതത്തിലും വീണവായനയിലും ഉണ്ടായിരുന്ന വൈദഗ്ദ്ധ്യത്തോടൊപ്പം കീത്തനരചനയ്ക്കുള്ള പാണ്ഡിത്യവും നായികയ്ക്കുണ്ടായിരുന്നു. മഹിഷമദ്ദിനീസ്തോത്രം, പാവ്വതീസ്തോത്രം, വിരഹിണീപ്രലാപം തുടങ്ങിയ പല കൃതികളും നായിക നിമ്മിച്ചിട്ടുണ്ടു്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ സരസഗായികയായിരുന്ന ധമ്മപത്നിയുടെ മരണത്തിലനുശോചിച്ചെഴുതിയ ശ്ലോകങ്ങളിൽ ഒന്നിൽ സ്വവല്ലഭയുടെ സംഗീതവൈദഗ്ദ്ധ്യം കേരളവമ്മ അനുസ്മരിച്ചുകാണുന്നു:

''മഹീശ്വരീ മൽപ്രിയവല്ലഭാധുനാ
ഭവൽപ്രിയായാഃ സഹഭാവമീയുഷീ
ഭവേദ്ധ്രുവം നിസ്തുലഗാനവിദ്യയാ
സുരാംഗനാനാമപി വിസ്മയാവഹാ.''

ദിവംഗതകളായ രണ്ടു ഗായികാവതംസങ്ങളാം കലാനൈപുണി പ്രദശിപ്പിച്ചു് ദേവാംഗനമാരെ വിസ്മയിപ്പിക്കുന്ന ഈ ചിത്രം എത്രയോ ഭാവനാമധുരം!

## 43

### നായിക ഗാനാലാപത്തിനുശേഷം നായകൻെറ ചിത്രം നോക്കി രസിക്കുന്നതിനെ സ്മരിക്കുന്നു.

അല്പം പാടി ശ്രമമൊടബലാമൗലിരത്നം ത്യജിച്ചാ-
കല്പം മൽപ്രേയസി മനസി മാമോർത്തു നിശ്വസ്യ ദീർഘം
തല്പംതന്നിൽ പരിചൊടുപവേശിച്ചു തൽ പാണിയാൽതാൻ
ശില്പം കല്പിച്ചെഴുമൊരു മദാലേഖ്യമാലോക്യ വാഴും.

അബലാമൗലിരത്നം—അബലകളുടെ ശിരസ്സിലണിയേണ്ടുന്ന രത്നം, സുന്ദരീമണി. ആകല്പം—അലങ്കാരം, ആഭരണവും മററും. മനസി—മനസ്സിൽ. മാം—എന്നെ. ദീഘം നിശ്വസ്യ—ദീഘമായി നിശ്വസിച്ചിട്ടു്. തല്പം—കിടക്ക. ഉപവേശിച്ചു്—ഇരുന്നു്. ശില്പം കല്പിച്ചു—കലാസുന്ദരമായി എഴുതിയ. മദാലേഖ്യം—എൻെറ ചിത്രം. ആലോക്യ—നോക്കിക്കണ്ടു്.

കുറച്ചു പാടിയതിനുശേഷം ക്ഷീണിച്ച് ആ സുന്ദരീരത്നം, അലങ്കാരമെല്ലാമുപേക്ഷിച്ച് എന്നെ മനസ്സിൽ ഓർത്ത് ദീർഘനിശ്വാസം ചെയ്തുകൊണ്ടു കിടക്കയിൽ ഇരുന്നു സ്വഹസ്തനിർമ്മിതമായ എൻെറ പ്രതിച്ഛായ നോക്കി കഴിഞ്ഞുകൂട്ടും.

വിരഹാവസ്ഥയിൽ നായികയുടെ വ്യാപാരങ്ങളെ ഭാവനചെയ്യുന്നകൂട്ടത്തിൽ യക്ഷൻ, ''—സങ്കല്പത്താൽ ഗ്രഹിച്ചെന്നുടൽ വിരഹകൃശം ചിത്രണംചെയ്കയാവാം'' എന്നു പറയുന്നതു് ഇവിടെ സ്മരണീയമാണു്.

44

നായികയ്ക്കു രാത്രിയിൽ ധൈര്യച്യുതി സംഭവിക്കുന്നതായി പറയുന്നു.

**കാര്യംനോക്കേണ്ടതു പലതുമുണ്ടാകകൊണ്ടും സ്വഭാവ-**
**സ്ഥൈര്യംകൊണ്ടും പകലതു പണിപ്പെട്ടു സന്ധിച്ചുകൂട്ടും**
**ധൈര്യംപോക്കുന്നതു നിശയിലാണെൻപ്രിയയ്ക്കെൻവിയോഗം,**
**സൂര്യൻ പോകുന്നതു സുസഹമായീടുമോ പത്മിനിക്കു്?**

സ്ഥൈര്യം—സ്ഥിരത. സന്ധിച്ചുകൂട്ടും—വല്ലവിധവും കഴിച്ചുകൂട്ടും. വിയോഗം—വേർപാടു്. പോക്കുന്നതു്—കളയുന്നതു്. നിശ—രാത്രി. സുസഹം—ആയാസമില്ലാതെ, സഹിക്കാവുന്നതു്. പത്മിനി—താമര; പത്മഗന്ധിയായ നായിക എന്നു ശ്ലിഷ്ടാർത്ഥം. ഇതനുസരിച്ചു് 'സൂര്യ'പദത്തിനു സൂര്യവംശജനായ നായകൻ എന്ന അർത്ഥവും കല്പിക്കാം.

കൃത്യാന്തരബാഹുല്യമുള്ളതുകൊണ്ടും സ്വഭാവസ്ഥൈര്യംനിമിത്തവും പകൽസമയം ക്ലേശിച്ചു് ഒരുവിധം കഴിച്ചുകൂട്ടും. എന്നോടുള്ള വിരഹം നായികയുടെ ധൈര്യത്തെ ഇല്ലാതാക്കുന്നതു് രാത്രിയിലാണു്. സൂര്യനുമായുള്ള വേർപാടു് താമരയ്ക്കു സഹിക്കാവുന്നതാണോ?

മേഘസന്ദേശത്തിലും ഇതേ ഭാവംതന്നെ പ്രതിപാദിച്ചുകാണുന്നു:

''ഓരോരോ ഗൃഹജോലിയാൽ പകൽ പൊറു-
ത്തീടാം വിയോഗാർത്തിയെ
സൈ്വരം വിശ്രമനേരമായിരവിലാ-
ണമ്മാലിനേററം ബലം.''

ഉത്തരാർദ്ധത്തിലെ പ്രതിവസ്തൂപമ മേഘസന്ദേശത്തിലെ,

''സൂര്യാപായേ ന ഖലു കമലം പുഷ്യതി സ്വാമഭിഖ്യാം''

എന്ന ഭാഗത്തെ ഓർമ്മിപ്പിക്കുന്നു.

45

വിരഹവ്യഥ നായികയെ നിദ്രാരഹിതയാക്കുന്നു.

**പാപംമൂലം പരവശതയാ പാർത്തിടുന്നിജ്ജനത്തെ**
**സ്വാപംതന്നിൽ കമലമിഴിയാൾ കാണുമെന്നാശയോടെ**

**താപംപൂണ്ടതൃണകടമതിൽ പള്ളികൊണ്ടീടു,മെന്നാൽ**
**കോപംകൊണ്ടുകുടിലവിധി ഹാ! നിദ്രയും നീക്കിവയ്ക്കും.**

പരവശതയാ—അസ്വതന്ത്രനായി. സ്വാപം—സ്വപ്നം. താപം—വിരഹദുഃഖം, ചൂട്. തൃണകടം—പുൽപ്പായ്. പള്ളികൊള്ളുക—കിടക്കുക (ആചാരവാക്ക്). കുടിലവിധി—ദുർദ്ദൈവം.

പാപത്തിൻെറ ഫലമായി പരാധീനതയിൽ കഴിയുന്ന എന്നെ സ്വപ്നത്തിലെങ്കിലും കാണാമെന്നാഗ്രഹിച്ച താപത്തോടുകൂടി പുല്പായിൽ ആ സുന്ദരി ഉറങ്ങാൻ കിടക്കും. എന്നാൽ കുടിലനായ വിധിയുടെ കോപം ഉറക്കത്തെ ദൂരത്താക്കുന്നു. ഹാ! കഷ്ടം!

വിരഹാവസ്ഥയിൽ പുൽപ്പായിൽ കിടക്കുന്നതു് അനാഡംബരത്തിനുവേണ്ടി മാത്രമല്ല, ശരീരത്തിലെ ചൂടു കുറയുന്നതിനുകൂടിയായിരിക്കണം. ഉറക്കമില്ലായ്കയാൽ നായികയ്ക്കു് നായകനെ സ്വപ്നത്തിൽപ്പോലും കാണാൻ സാധിക്കുന്നില്ലെന്നു മേഘസന്ദേശത്തിലും വർണ്ണിച്ചിരിക്കുന്നു:

''നൂനം മോഹിക്കയാവാമിവനൊടൊരു കിനാ-
വിങ്കലായാലുമൊന്നി-
ച്ചാനന്ദിപ്പാനുറക്കത്തിനു പഴുതെവിടെ-
ക്കണ്ണുനീരാന്ന കണ്ണിൽ!'' —മേഘച്ഛായ.

## 46

**ഉറക്കം വരാതെ കട്ടിലിൽനിന്നിറങ്ങി ജന്നലിൻെറ സമീപത്തുകൂടി നായിക ലാത്തുമെന്നു പറയുന്നു.**

**നിദ്രാസൗഖ്യം നിയതി നിരസിച്ചീടവേ നീലവേണീ**
**മുദ്രാഹീനവ്യഥയൊടു മുഹുർമ്മുഞ്ചതീ മഞ്ചമദ്ധ്യം**
**ഭദ്രാ സാ മൽപ്രിയതമയെഴുന്നേററു ലാത്തും ഗവാക്ഷ-**
**ച്ഛിദ്രാഭ്യർണ്ണേ തദനു തരുണാർണ്ണോജകർണ്ണേജപാക്ഷീ.**

നിദ്രാസൗഖ്യം—നിദ്രയിൽനിന്നു ലഭിക്കുന്ന സുഖം. നിയതി—വിധി. നിരസിക്കുക—തടയുക. നീലവേണി—സുന്ദരി. മുദ്രാഹീനവ്യഥ—നിസ്സീമമായദുഃഖം. മുദ്ര—അതിരു്. മുഹുഃ—വീണ്ടും. മഞ്ചം—കട്ടിൽ. മുഞ്ചതീ—ഉപേക്ഷിക്കുന്നവളായി. ഭദ്രാ—സുമംഗല തരുണാർണ്ണോജകർണ്ണേജപാക്ഷീ—തരുണമായ അർണ്ണോജംപോലെയുള്ളതും കർണ്ണേജപങ്ങളുമായ അക്ഷികളോടുകൂടിയവൾ. തരുണം—യൗവനയുക്തം, വികസിച്ചതു്. അർണ്ണോജം—താമര. കർണ്ണേജപം—ചെവിവരെ നീണ്ടിരിക്കുന്ന. വിടന്ന താമരയിതളിനോടു തുല്യവും കാതോളം നീണ്ടതുമായ കണ്ണുള്ളവൾ എന്നർത്ഥം. സാ—അവൾ. മൽ പ്രിയതമ—എൻെറ പ്രിയതമ. തദനു—അതിനുശേഷം. ഗവാക്ഷച്ഛിദ്രാഭ്യർണ്ണേ—

ഗവാക്ഷച്ഛിദ്രത്തിൻെറ അഭ്യർണ്ണത്തിൽ. ഗവാക്ഷച്ഛിദ്രം—ജന്നലിൻെറ ഇട. അഭ്യർണ്ണം—സമീപം. ലാത്തും—മന്ദമായി നടക്കും.

ദ്വിധിനിമിത്തം ഉറക്കമില്ലാതെവരുമ്പോൾ അതിരില്ലാത്ത ദുഃഖത്തോടുകൂടി കട്ടിലിൽനിന്നുമിറങ്ങി, നീലവേണിയും സുമംഗലിയും പത്മലോചനയുമായ എൻെറ പ്രിയതമ തുറന്നുകിടക്കുന്ന ജന്നലിൻെറ സമീപത്തുകൂടി ലാത്തും.

ജന്നലിൻെറ സമീപത്തുകൂടി നായിക ലാത്തുന്നതു് മന്ദമാരുതനേററു് താപശാന്തി വരുത്തുവാനായിരിക്കാം. വിപ്രലംഭാവസ്ഥയിലെ സ്വാഭാവികമായ നിദ്രാഭംഗം ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

## 47

**ഉറക്കമില്ലാതെ ഉലാത്തുന്ന അവസരത്തിൽ ജന്നലിന്നു സമീപം നില്ക്കുന്ന മയിലിനെ കണ്ടാൽ സന്ദേശം അറിയിക്കുന്നതിനു നായിക അവസരം നല്ലമെന്നു പറയുന്നു.**

**കോകീവാർത്താ പ്രിയവിരഹിതാ കോമളാംഗീ തദാനീ-**
**മേകീഭൂതാ സഖികളകലെച്ചെന്നുറങ്ങുന്നനേരം**
**ഏകീട്ടും തേ ധ്രുവമവസരം വാചികം മേ കഥിക്കാൻ**
**കേകീന്ദ്ര! ത്വത്സവിധഗതയായ്നിന്നു സാ സന്നതാംസാ.**

പ്രിയവിരഹിതാ — പ്രിയനുമായി വേർപെട്ടിരിക്കുന്നവൾ. കോകീവ—ചക്രവാകപ്പക്ഷിയെപ്പോലെ. ആർത്താ—ദുഃഖിത. ഏകീഭൂതാ—ഏകാകിനിയായിത്തീർന്നവൾ. സാ—അവൾ. സന്നതാംസാ—സന്നതമായ അംസത്തോടുകൂടിയവൾ. സന്നതം—താണതു്. അംസം—തോളു്; സുന്ദരി എന്നർത്ഥം. കേകീന്ദ്ര!—അല്ലയോ മയൂരശ്രേഷ്ഠ! ത്വൽസവിധഗതയായ്—നിൻെറ സമീപത്തു വന്നവളായി. വാചികം—സന്ദേശം. കഥിക്കാൻ—പറയുവാൻ. തദാനീം—അപ്പോൾ. ധ്രുവം—തീർച്ചയായിട്ടും.

പ്രിയനുമായി വേർപിരിഞ്ഞ ചക്രവാകിയെപ്പോലെ ദുഃഖിതയും തോഴിമാർ അകലെക്കിടന്നുറങ്ങുകയാൽ ഏകാകിനിയും ആയ ആ സുന്ദരി, അല്ലയോ മയൂരശ്രേഷ്ഠാ! അപ്പോൾ നിൻെറ സമീപത്തു വന്നു നിന്നു് എൻെറ സന്ദേശമറിയിക്കുവാൻ നിനക്കു തീർച്ചയായും അവസരം നല്കും.

പ്രഥമപാദത്തിലെ ഉപമാപ്രയോഗം മേഘസന്ദേശത്തിലും കാണാം:

''ദൂരീഭൂതേ മയി സഹചരേ ചക്രവാകീമിവൈകാം.''

## 48

**പ്രിയതമൻെറ സന്ദേശഹരനാണെന്നു സ്വയം നായികയെ പരിചയപ്പെടുത്തുവാൻ മയിലിനോടു പറയുന്നു.**

**അന്നേരം നീ പറക മൃദുവായുള്ള ഷഡ്ജസ്വരത്തിൽ**
**കുന്നേലും നൽകുചകൾമണിയാം റാണിയോടിപ്രകാരം,**
**"വന്നേനാര്യേ! വിരവിനൊടരിപ്പാട്ടനിന്നോതുവാനാ-**
**യിന്നേഷ തവ കണവനരചെയ്യോരു സന്ദേശവാചം."**

ഷഡ്ജസ്വരം—സപ്തസ്വരത്തിലെ ഒന്നാമത്തേയോ നാലാമത്തേയോ സ്വരം. ഷട്സ്ഥാനങ്ങളുടെ സഹായത്തോടുകൂടി ഉച്ചരിക്കുന്നതിനാലാണ് ഈ നാമധേയം സിദ്ധിച്ചത്. ഇതിനു മയിലിന്റെ സ്വരവുമായി സാദൃശ്യമുണ്ട്. 'ഷഡ്ജസംവാദിനീഃ കേകാഃ' (ഷഡ്ജത്തോടു തുല്യമായ കേകാരവങ്ങൾ) എന്ന കാളിദാസപ്രയോഗം നോക്കുക. ഈ സാദൃശ്യംനിമിത്തം മയൂരം ഷഡ്ജസ്വരം പുറപ്പെടുവിക്കുന്നതായി പറഞ്ഞുവരുന്നു. കുന്നേലും—കുന്നിനോടു കിടപിടിക്കുന്ന. ആര്യാ—ബഹുമാന്യയായ സ്ത്രീ. ഏഷ—ഇവൻ, മയിൽ. സന്ദേശവാചം—സന്ദേശവചനത്തെ.

അന്നേരം ആ സുന്ദരിയായ രാജ്ഞിയോടു മൃദുവായ ഷഡ്ജസ്വരത്തിൽ ഇപ്രകാരം പറയുക: "ആര്യേ, ഭവതിയുടെ ഭർത്താവിന്റെ സന്ദേശവാക്കുകൾ പറയുവാനായി അരിപ്പാട്ടുനിന്ന് ഈയുള്ളവൻ വന്നിരിക്കുകയാണ്."

സംഗീതവിദുഷിയായ പ്രസ്തുത നായികയോടു ഷഡ്ജസ്വരത്തിൽ സംവാദം ചെയ്യുവാൻ പറയുന്നതു തികച്ചും സമുചിതമായിരിക്കുന്നു.

## 49

**മയിൽ സംസാരിച്ചുതുടങ്ങുമ്പോൾ നായിക പ്രസന്നയായി അടുത്തു വരുമെന്നു പറയുന്നു.**

**ഏവം നീതാനമൃതമധുരം ചൊല്ലവേ പല്ലവാംഗീ**
**സാ വന്നീടും സകുതുകമടുത്തെത്രയും ചിത്രമോടേ**
**ഭാവം നന്നായ് തെളിയുമളിവേണിക്കു; 'വേലായുധൻതാ-**
**നീവണ്ണം മേ ശുഭമരുളി'യെന്നാർത്തിവിട്ടോർത്തിടും സാ.**

'സകുതുകമടുത്തെത്രയും' എന്ന കൈയെഴുത്തുപാഠത്തിന് 'കുതുകമൊടടുത്തെത്രയും' എന്ന് പാഠാന്തരം കല്പിച്ചുകാണുന്നു.

അമൃതമധുരം—അമൃതത്തെപ്പോലെ മധുരമായി. പല്ലവാംഗി—തളിരുപോലെ മൃദുവായ ശരീരമുള്ളവൾ; സുന്ദരി. ചിത്രം—ആശ്ചര്യം. അളിവേണി—വണ്ടിനെപ്പോലെ കറുത്ത മുടിയുള്ളവൾ, സുന്ദരി. ശുഭം—മംഗളം. ആർത്തി—ദുഃഖം.

നീ ഇങ്ങനെ അമൃതമധുരമായി സംസാരിക്കുമ്പോൾ ആ കോമളഗാത്രി കൗതുകത്തോടും ആശ്ചര്യത്തോടുംകൂടി നിന്റെ ഏററവും സമീപത്തു വരും. ആ സുന്ദരി വളരെ പ്രസന്നയാകും. വേലായുധസ്വാമി തന്നെയാണ് എനിക്ക് ഈ നന്മ വരുത്തിയതെന്ന് ആ മഹതി ദുഃഖമൊഴിഞ്ഞു വിചാരിക്കും.

അമൃതമധുരം എന്ന പ്രയോഗം സ്വഭർത്താവിനെപ്പററിയുള്ള വാക്കുകാം നായികയുടെ പ്രത്യുജ്ജീവനത്തിനുള്ള സഞ്ജീവനൗഷധമായിരിക്കും എന്നു് അഭിവ്യഞ്ജിപ്പിക്കുന്നു. ഹരിപ്പാട്ടുനിന്നും ഭർത്തൃസന്ദേശവുമായി വന്നിരിക്കുന്നു എന്നു കേട്ടതിലുള്ള അത്യാഹ്ലാദവും അതേസമയത്തു് ആരാണു ജന്നലിങ്കിൽ വന്നു സംസാരിക്കുന്നതു് എന്ന വിസ്മയവും നായികയ്ക്കു സ്വാഭാവികമായുണ്ടാകാം. മേഘത്തെക്കാണുന്ന യക്ഷകാമിനിയെ 'സ്തിമിതനയനാം' എന്നു കാളിദാസനും വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. ഈ ശുഭാവസരത്തിൽ ഈശ്വരകാരുണ്യത്തെപ്പററി സ്മരിക്കുന്നതു ലക്ഷ്മീഭായിയുടെ ഭക്തിദാർഢ്യത്തെ ദ്യോതിപ്പിക്കുന്നു.

## 50

നായികയെപ്പററിയുള്ള മധുരസ്മരണകളോടുകൂടി നായകൻ കുശലിയായിരിക്കുന്നു എന്നു് അറിയിക്കാൻ പറയുന്നു.

വല്ലീജാനിപ്രിയ! വസുമതീനായികാം വല്ലഭാം മേ
ചൊല്ലീടേണം പുനരപി ഭവാനേവമുല്ലാസമോടേ
"വല്ലീചില്ലി! തവ ഭഗികനവൻ വാണിടുന്നല്ലൽപോക്കി
ത്വല്ലീലാനുസ്മരണമതിനാലിപ്പൊഴുല്ലാഘനായ് താൻ."

ഉത്തരമയൂരത്തിൽ 'ഉല്ലാസനായ്' എന്നെഴുതിയിട്ടു് 'ഉല്ലാഘനായ്' എന്നു തിരുത്തിയിരിക്കുന്നു.

വല്ലീജാനിപ്രിയ!—വല്ലീജാനിയുടെ സുഹൃത്തേ! വല്ലീജാനി—വല്ലി ജായയായിട്ടുള്ളവൻ, സുബ്രഹ്മണ്യൻ. ജായ—ഭാര്യ. വസുമതീനായികാം—ഭൂഭർത്ത്രിയായ. വസുമതി—ഭൂമി. മേ വല്ലഭാം—എൻെറ പത്നിയെ. പുനരപി—വീണ്ടും. വല്ലീചില്ലി—വള്ളിപോലെയുള്ള പുരികത്തോടുകൂടിയവളെ. തവഭഗികൻ—നിൻെറ കാമുകൻ. ത്വല്ലീലാനുസ്മരണം—നിൻ്റെ ലീലകളെക്കുറിച്ചുള്ള ഓർമ്മ. ഉല്ലാഘനായി—രോഗരഹിതനായി.

വല്ലീവല്ലഭൻെറ സുഹൃത്തേ! രാജ്ഞിയായ എൻെറ ഭാര്യയോടു വീണ്ടും ഇങ്ങനെ സന്തോഷത്തോടുകൂടി പറയണം: ''അല്ലയോ സുന്ദരീ, ഭവതിയുടെ ലീലകാം അനുസ്മരിച്ചുകൊണ്ടു് അവിടത്തെ കാമുകൻ ദുഃഖം ഒഴിവാക്കി ഇപ്പോഠം രോഗരഹിതനായി കഴിയുന്നു.''

'വല്ലീജാനിപ്രിയ' എന്ന സംബോധനം ഉചിതമായിരിക്കുന്നു. ദേവകാമുകരെക്കുറിച്ചുള്ള സ്മരണം പ്രകൃതഭാവത്തിനനുഗുണമാണെന്നുള്ളതുകൂടാതെ സുബ്രഹ്മണ്യഭക്തയായ നായികയെ സന്ദേശംകൊണ്ടു സന്തോഷിപ്പിക്കുവാൻ മയിലിനു പ്രത്യേകം കടപ്പാടുണ്ടെന്ന അവകാശവും ഇവിടെ ധ്വനിക്കുന്നു. ഉല്ലാഘപദത്തിനു രോഗമുക്തൻ എന്ന അർത്ഥമെടുത്താൽ കാമിനീകഥകാം സ്മരിച്ചു രാജശിക്ഷയുടെ പ്രഥമാഘാതത്തിൽനിന്നും മോചനം ലഭിച്ചവനായി നായകൻ കഴിയുന്നു എന്ന ഭാവവും സിദ്ധിക്കാം. ഏതായാലും ഈ വിരഹാവസ്ഥയിൽ

നായികാലീലകളുടെ അനുസ്മരണം മാത്രമേ നായകന്ന് ആശ്വാസ സന്ദായകമായുള്ള എന്ന് ഇവിടെ വ്യഞ്ജിക്കുന്നു.

ഈ പദ്യത്തിലെ അക്ലിഷ്ടവും അയത്നസിദ്ധവുമായ അനുപ്രാസവും ശബ്ദങ്ങളുടെ തുലിതസന്നിവേശവും പ്രത്യേകം ശ്രദ്ധേയമാണ്.

## 51

**നായകൻ, സങ്കല്പത്തിൽ നായികയുടെ ആലിംഗന സൗഖ്യം അനുഭവിക്കുന്നതായി അറിയിക്കുന്നു.**

**പങ്കംപോക്കും ഗുഹനുടെ പദം നിത്യമർച്ചിച്ചപാസ്താ-**
**തങ്കം പാലിപ്പതിനു ഭവതീം പാരമർത്ഥിച്ച ദേവം**
**തങ്കംപോലുള്ളൊരു തവ വപുസ്സെപ്പൊഴും തൽപ്രിയൻ നി-**
**ശ്ശങ്കം പുൽകിസ്സുഖമനുഭവിക്കുന്നു സങ്കല്പശക്ത്യാ.**

പങ്കം—പാപം. അപാസ്താതങ്കം—ദുഃഖം മാററി. ഭവതീം—ഭവതിയെ. ദേവം—ദേവനൊട്ട്. വപുസ്സ്—ശരീരം. സങ്കല്പശക്ത്യാ—സങ്കല്പശക്തികൊണ്ട്.

നിത്യവും പാപഹരനായ സുബ്രഹ്മണ്യസ്വാമിയുടെ പാദഭജനം ചെയ്ത് ആ ദേവനോടു ഭവതിയെ ദുഃഖം നീക്കി പരിപാലിക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ടു പ്രിയഭർത്താവ് അവിടുത്തെ തങ്കവർണ്ണമായ ശരീരം സങ്കല്പത്തിൽ എപ്പോഴും സ്വച്ഛന്ദം ആലിംഗനംചെയ്ത് ആനന്ദിക്കുന്നു.

നായികയുടെ ക്ഷേമത്തിലുള്ള ഉൽക്കടമായ താല്പര്യവും അവരോടുള്ള അനുരാഗത്തിൻെറ അഗാധതയും ഇവിടെ വ്യഞ്ജിപ്പിക്കുന്നു. കൂടാതെ സങ്കല്പസുഖാനുഭവത്തിൻെറ സ്വഭാവോക്തിരീതിയിലുള്ള വർണ്ണനം വിപ്രലംഭത്തെ ഉൽക്കടമാക്കുകയുംചെയ്യുന്നു.

## 52

**നായികയോടു കുശലം ചോദിക്കയും അവൾക്കു ക്ഷേമം ആശംസിക്കയും ചെയ്യുന്നതായിപ്പറയുന്നു.**

**അച്ഛിന്നൗഘം നയനസലിലംകൊണ്ടനാച്ഛാസ്യനായി-**
**പ്പൃച്ഛിക്കുന്നൂ കുശലമയി തേ കാമുകൻ കോമളാംഗീ!**
**അച്ഛിദ്രം നിൻതിരുവടിയിരിക്കേണമെന്നൊന്നുതാനാ-**
**ണിച്ഛിച്ചീടുന്നിതവനരവിന്ദാക്ഷി! സർവ്വോപരിഷ്ടാൽ.**

അച്ഛിന്നൗഘം—അച്ഛിന്നമായ ഓഘത്തോടുകൂടിയ. അച്ഛിന്നം—ഇടമുറിയാത്ത. ഓഘം—ഒഴുക്ക്. നയനസലിലം—കണ്ണുനീര്. അനച്ഛാസ്യനായി—അനച്ഛമായ ആസ്യത്തോടുകൂടിയവനായി. അനച്ഛം—പങ്കിലം. ആസ്യം—മുഖം. അയി കോമളാംഗീ!—അല്ലയോ സുന്ദരി! കുശലം—ക്ഷേമം. പൃച്ഛിക്കുന്നു—ചോദിക്കുന്നു. നിൻതിരുവടി—അവി

ടുന്നു്. അച്ഛിദ്രം—അനാതങ്കം, ക്ഷേമത്തോടുകൂടി. ഇരിക്കേണം—വാഴണം. അരവിന്ദാക്ഷി—താമരദളംപോലുള്ള കണ്ണോടുകൂടിയവരം, സുന്ദരി സർവ്വോപരിഷ്ടാൽ—എല്ലാത്തിനും ഉപരിയായി.

അല്ലയോ സുന്ദരി! ധാരമുറിയാത്ത കണ്ണീരുകൊണ്ടു കലുഷമായ മുഖത്തോടുകൂടി അവിടുത്തെ കാമുകൻ കുശലം ചോദിക്കുന്നു. അവിടുന്നു ക്ഷേമത്തോടുകൂടി വാഴണമെന്നു മാത്രമാണു് ഈയുള്ളവൻ എല്ലാററിനും ഉപരിയായി ആഗ്രഹിക്കുന്നതു്.

നായികയോടു് ആചാരപ്രകാരം കുശലമന്വേഷണംചെയ്യുവാനൊരുമ്പെടുമ്പോഴുംതന്നെ നായകൻ അശ്രുകലുഷിതനായിപ്പോകുന്ന ചിത്രമാണു് ഇവിടെ നാം കാണുന്നതു്. നായിക യഥാർത്ഥത്തിൽ കുശലിനി അല്ല എന്നു നായകൻെറ ഹൃദയത്തിനു ബോദ്ധ്യമാണു്. നായകൻെറ സർവ്വാതിശായിയായ ആഗ്രഹമോ, നായിക ക്ഷേമസമ്പന്നയായിരിക്കണമെന്നും. ഇതാണു് ആരേയും ആർദ്രീകരിക്കുന്ന അശ്രുപ്രവാഹത്തിനു കാരണം. അശ്രുപ്രവാഹം അനുഭാവമായി വിപ്രലംഭത്തെ വ്യഞ്ജിപ്പിക്കുന്നു.

## 53

സന്ദേശഹരനു വേണ്ട മഹത്വവും വിശ്വാസ്യതയും മയിലിനുണ്ടെന്നറിയിക്കുന്നു.

**തിണ്ടാടീട്ടും പതഗമിതിനോടെൻെറ കാര്യം രഹസ്യം**
**മിണ്ടാനെന്തെൻപതി ബത മുതിർന്നെന്നു സന്ദേഹമേതും**
**ഉണ്ടാകേണ്ടാ തിരുമനസി, ഞാൻ ശ്രീവിശാഖൻെറ പത്രം,**
**വണ്ടാർവേണീ! തവ ച നിതരാം നന്മയിൽപ്രേമമില്ലേ?**

തിണ്ടാടീട്ടും—അങ്ങുമിങ്ങും നടക്കുന്ന. പതഗം—പക്ഷി. രഹസ്യം—രഹസ്യമായ കാര്യം. പതി—ഭർത്താവു്. മുതിർന്നെന്നു്—ധൈര്യപ്പെട്ടെന്നു്. സന്ദേഹം—സംശയം. തിരുമനസി—രാജ്ഞിയുടെ മനസ്സിൽ. ശ്രീവിശാഖൻ—സുബ്രഹ്മണ്യൻ. പത്രം—വാഹനം. വണ്ടാർവേണി—വണ്ടിനെപ്പോലെ കറുത്ത മുടിയോടുകൂടിയവരം, സുന്ദരി. നിതരാം—ഏററവും. നന്മയിൽപ്രേമം—മയിലിനോടുള്ള വർദ്ധിച്ച ഭക്തി. പ്രേമം—ഭക്തി.

'അലഞ്ഞുനടക്കുന്ന ഈ പക്ഷിയോടു് എന്നെ സംബന്ധിക്കുന്ന രഹസ്യകാര്യങ്ങരം പറയാൻ എൻെറ ഭർത്താവു മുതിർന്നതെന്താണു്'' എന്നു തിരുമനസ്സിൽ അല്പവും സംശയം ഉണ്ടാകേണ്ട. ഞാൻ ശ്രീസുബ്രഹ്മണ്യസ്വാമിയുടെ വാഹനമാണു്. അല്ലയോ സുന്ദരി, നിനക്കു മയിലിനോടു് അധികം ദൃഢമായ ഭക്തിയുമുണ്ടല്ലോ.

സുബ്രഹ്മണ്യസ്വാമിയുടെ ഭക്തയായ നായികയ്ക്കു് സാധാരണഗതിയിൽ ആ ദേവൻെറ വാഹനമായ മയിലിനോടും ഭക്തിയുണ്ടായിരിക്കും. അതു സിദ്ധവൽക്കരിച്ചുകൊണ്ടാണു് മയിൽ സംസാരിക്കുന്നതു്.

'വിശാഖന്റെ പത്രം' എന്ന ഭാഗം വിശാഖംതിരുനാൾ മഹാരാജാവിന്റെ നീട്ട് എന്ന ശ്ലിഷ്ടാർത്ഥത്തിലും എടുക്കണം. ഇതനുസരിച്ച് 'നന്മയിൽ പ്രേമമില്ലേ' എന്ന ഭാഗത്തിനു ഭാവിശ്രേയസ്സിൽ ആഗ്രഹമില്ലേ എന്ന് അർത്ഥം കല്പിക്കണം. അപ്പോൾ ഭാവിശ്രേയസ്സിനു നിദാനമായ ഒരു രാജകല്പനയോടു തുല്യമായി മയിലിനെ അറിയണമെന്നു ശബ്ദശക്തിമൂലകമായ വ്യംഗ്യാർത്ഥം സിദ്ധിക്കുന്നു.

## 54

## നായകന്റെ സന്ദേശവാക്കുകളെ അവതരിപ്പിക്കുന്നു.

**താന്തൻ കാന്താവിരഹദഹനജ്ജ്വാലയാൽ ദഹ്യമാന-**
**സ്വാന്തൻ പൂർന്തേൻമൊഴി പിഴകളാൽ വിപ്രതീസാരമഗ്നൻ**
**ശാന്തൻ സന്ദേശവുമവശനായ് മന്മുഖേന തദീയൻ**
**കാന്തൻ ചിന്താതരളനരുളിച്ചെയ്തിട്ടുന്നിപ്രകാരം.**

'അവശനായ്' എന്ന കൈയെഴുത്തുപാഠത്തിനു 'അവശമായ്' എന്നു പാഠാന്തരം കാണുന്നു. ഉത്തരമയൂരത്തിൽ 'സന്ദേശമിതവശനായ്' എന്നെഴുതിയിട്ട് അംഗീകൃതപാഠംപോലെ തിരുത്തിയിരിക്കുന്നു.

താന്തൻ—ദുഃഖിതൻ. കാന്താവിരഹദഹനജ്ജ്വാല—കാന്തയുമായുള്ള വിരഹമാകുന്ന അഗ്നിജ്ജ്വാല. ദഹ്യമാനസ്വാന്തൻ—ദഹിച്ചുകൊണ്ടിരിക്കുന്ന മനസ്സോടുകൂടിയവൻ. വിപ്രതീസാരമഗ്നൻ—പശ്ചാത്താപത്തിൽ മുങ്ങിയവൻ. മന്മുഖേന—ഞാൻമുഖാന്തരം. തദീയൻ—ഭവതിയുടെ. ചിന്താതരളൻ—ചിന്തകൾനിമിത്തം ചഞ്ചലചിത്തനായുള്ളവൻ. അരുളിച്ചെയ്തിട്ടുന്നു—പറയുന്നു.

ശോകാകുലനും വിരഹവഹ്നിയിൽ മനസ്സു ദഹിച്ചുകൊണ്ടിരിക്കുന്നവനും തെറ്റുചെയ്കയാൽ പശ്ചാത്താപത്തിൽ മുഴുകിയവനും ശാന്തനുമായ ഭവതിയുടെ കാന്തൻ, അവശനും തരളഹൃദയനുമായി, ഞാൻ മുഖാന്തരം ഇപ്രകാരം സന്ദേശം അറിയിക്കുന്നു.

കാരാഗൃഹവാസം കേരളവർമ്മയുടെ ജീവിതത്തിൽ വലിയ പരിവർത്തനം വരുത്തി. ദൃപ്താന്തനായിരുന്ന അദ്ദേഹം വിരഹവേദനയും പശ്ചാത്താപവുംനിമിത്തം ശാന്തനായിത്തീർന്നു. അങ്ങനെ നിർവ്വാണമായ ഒരഗ്നിപർവ്വതത്തിന്റെ ഭാവം ഈ പദ്യത്തിൽ സ്ഫുരിക്കുന്നു. ഇതിലെ പ്രാസഭംഗിയും ശ്രദ്ധാർഹമാണ്.

## 55

സന്ദേശവാക്യം അടുത്ത പതിനേഴു പദ്യങ്ങളിലടങ്ങിയിരിക്കുന്നു. ആദ്യമായി വിരഹം, നായികയോടുള്ള പ്രേമത്തെ വർദ്ധിപ്പിച്ചതേയുള്ളു എന്നു പറയുന്നു.

**മംഗല്യാംഗീമണിമകുടമേ! മൽപ്രിയേ! സാമ്പ്രതം നി-**
**ന്നംഗസ്പർശം മമ സുലഭമല്ലെങ്കിലും നിങ്കലേറും**

**സംഗത്തോടെൻ മനമതു ലയിക്കുന്നു, ഹാർദ്ദത്തിന്നോർത്താൽ**
**ഭംഗത്തിന്നല്ലലകിൽ വിരഹം തുംഗതയ്ക്കു നിമിത്തം.**

മംഗല്യാംഗീമണിമകുടം—അതിസുന്ദരി. സാമ്പ്രതം—ഇപ്പോഠം. സംഗം—സ്നേഹം. ഹാർദ്ദം—പ്രേമം. ഭംഗം—കുറവു്. തുംഗത—ഉയർച്ച.

അല്ലയോ സുന്ദരീരത്നമേ! എന്റെ പ്രിയേ! ഇപ്പോഠം നിന്റെ അംഗസ്പർശം എനിക്കു സുലഭമല്ലെങ്കിലും വർദ്ധിച്ച പ്രേമത്തോടുകൂടി എന്റെ ഹൃദയം നിന്നിൽ ലയിക്കുന്നു. ആലോചിക്കുന്നപക്ഷം വിരഹം പ്രേമത്തിന്റെ തളർച്ചയ്ക്കല്ല വളർച്ചയ്ക്കാണു കാരണമായിത്തീരുക.

വിരഹം പ്രേമപോഷകമെന്നു മേഘസന്ദേശത്തിലെ നായകനും പറയുന്നു:

''സ്നേഹത്തിന്നു വിരോധിയല്ല വിരഹം നേരോക്കിൽ നേരേമറി-
ച്ചേറീടും പ്രിയമിച്ഛപോലനുഭവിക്കാഞ്ഞാലഭീഷ്ടങ്ങളിൽ.''

—മേഘദൂതു്.

## 56

**നായികയുടെ സമീപത്തെത്തിയാലേ നായകന്റെ കദനഭാരം കുറയുകയുള്ളു എന്നു പറയുന്നു.**

**എന്നാലും ഞാനതിവിതതമാമാധിപാഥോധിപൂരേ**
**നന്നായിപ്പോഠം നളിനനയനേ! വീണിതാ കേണിടുന്നേൻ**
**ഇന്നാരോടെൻ വ്യസനമറിയിക്കുന്നു ഞാൻ? നിന്നുപാന്തേ**
**വന്നാലല്ലാതൊരു സുഖമെനിക്കില്ല പൊയ്യല്ല തെല്ലും.**

എന്നാലും—വിരഹം പ്രേമത്തെ വർദ്ധിപ്പിക്കുമെന്നാശ്വസിക്കാമെങ്കിലും. അതിവിതതം—ഏററവും വിസ്തൃതമായ. ആധിപാഥോധിപൂരേ—ദുഃഖസമുദ്രത്തിലെ വേലിയേററത്തിൽ. നളിനനയനേ!—സുന്ദരി! കേണിടുന്നേൻ—ഞാൻ ദുഃഖിക്കുന്നു. ഉപാന്തേ!—സമീപം. പൊയ്യ്—കള്ളം.

അല്ലയോ സുന്ദരി, വിരഹം പ്രേമവർദ്ധകമാണെന്നിരുന്നാലും അതിവിസ്തൃതമായ ദുഃഖസാഗരത്തിൽ വീണു് ഇതാ ഞാൻ വലയുന്നു. ഇപ്പോഠം ആരോടാണു ഞാൻ എന്റെ വ്യസനം അറിയിക്കുക! ഭവതിയുടെ സമീപത്തു വന്നാൽ മാത്രമേ എനിക്കു സുഖമുണ്ടാകയുള്ളു; സത്യം.

പലരോടും പലതരത്തിലും സങ്കടനിവേദനം നടത്തി പരാജയമടഞ്ഞ നായകന്റെ നൈരാശ്യമാണു് 'ഇന്നാരോടെൻ വ്യസനമറിയിക്കുന്നു ഞാൻ' എന്ന പദ്യത്തിൽ പ്രതിഫലിക്കുന്നതു്.

## 57

**ആനന്ദമായി ഒരുമിച്ചുകഴിഞ്ഞ കാലത്തു് ഈ വിരഹാവസ്ഥ വരുമെന്നു വിചാരിച്ചിരുന്നില്ല എന്നു സൂചിപ്പിക്കുന്നു.**

**കന്നിച്ചീടും കുളിർമതിരുചാ സുന്ദരേ മന്ദിരേ നാ-**
**മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രേ! സുഖേന**
**ചെന്നിട്ടോരോ കളികളിലെഴും കൗതുകത്തോടു വാഴണോ-**
**രന്നിക്കഷ്ടസ്ഥിതി വരുവതായോർത്തിരുന്നോ തരിമ്പും?**

കന്നിച്ചീടും—വദ്ധിക്കുന്ന. കുളിർമതിരുചാ—കുളിർമതിയുടെ രുക്കിനാൽ. രുക്ക്—ശോഭ. സുന്ദരേ മന്ദിരേ—സുന്ദരമായ മന്ദിരത്തിൽ. ഇന്ദീവരദളഗളഗ്രാഹിനേത്രേ!—ഇന്ദീവരത്തിന്റെ ദളത്തെ ഗളഗ്രഹണംചെയ്യുന്ന നേത്രത്തോടുകൂടിയവളേ! സുന്ദരി! ഇന്ദീവരം—കരിങ്കുവളം. ദളം—ഇതൾ. ഗളഗ്രഹണം—കഴുത്തിനു പിടിക്കുക, പരാജയപ്പെടുത്തുക.

അല്ലയോ സുന്ദരി, ചന്ദ്രികാപ്രസരംകൊണ്ടു മനോഹരമായ മന്ദിരത്തിൽ ഒരുമിച്ചു സുഖമായി ഓരോരോ ലീലകളിൽ കൗതുകത്തോടു കൂടിക്കഴിഞ്ഞകാലത്ത് ഈ കഷ്ടാവസ്ഥ വരുമെന്ന് അല്പംപോലും നാം വിചാരിച്ചിരുന്നോ?

ആഹ്ലാദഭരിതരായി ഒരുമിച്ചു കഴിഞ്ഞ മോഹനകാലവും ഇപ്പോഴത്തെ ശോകഭരിതമായ വിരഹകാലവും താരതമ്യപ്പെടുത്തുന്നതു വിപ്രലംഭത്തെ വിജൃംഭിപ്പിക്കുന്നു.

## 58

### സ്വയംകൃതാനർത്ഥത്താൽ ഊണും ഉറക്കവും ഇല്ലാതെ നായകൻ ദുഃഖിക്കുന്നു.

**ആപത്തേവം ബത വരുവതിന്നായതാക്ഷീമണേ! മൽ-**
**പ്പാപത്തേത്താൻ പ്രബലതരമാം ഹേതുവായോർത്തിടുന്നേൻ**
**സ്വാപത്തേയും സുമുഖിയശനത്തേയുമുജ്ഝിച്ചു പശ്ചാ-**
**ത്താപത്തേ ഞാൻ പരമനുഭവിക്കുന്നു തന്മൂലമിപ്പോൾ.**

ആയതാക്ഷീമണേ!—സുന്ദരീരത്നമേ! പ്രബലതരം—ഏററവും ശക്തിയേറിയ. സ്വാപം—ഉറക്കം. അശനം—ഊണ്. ഉജ്ഝിച്ച്—ഉപേക്ഷിച്ച്.

അല്ലയോ സുന്ദരി! ഇപ്രകാരം ആപത്തുണ്ടാകുന്നതിന് എന്റെ പാപശക്തിയേയാണു പ്രബലമായ കാരണമായി ഞാൻ വിചാരിക്കുന്നത്. അതുനിമിത്തം ഊണും ഉറക്കവുമുപേക്ഷിച്ച് ഞാൻ ഇപ്പോൾ പശ്ചാത്താപം അനുഭവിക്കുന്നു.

അഹന്തയുടെ ഉച്ചകോടിയിലിരുന്ന ഗംഭീരപുരുഷനായ നായകന്റെ വിരഹാതുരതനിമിത്തം ഊണും ഉറക്കവുമില്ലാതെയും തന്റെ ചപലപ്രവൃത്തികളോർത്ത് പശ്ചാത്താപനിമഗ്നനായും കഴിയുന്ന ഈ ചിത്രം വിപ്രലംഭോചിതമായ ശോകഭാവത്തെ പോഷിപ്പിക്കുന്നു.

59

**നായകൻചെയ്ത പിഴകളെല്ലാം പൊറുക്കണമെന്നപേക്ഷിക്കുന്നു.**

**ഗാഢപ്രേമപ്രഗുണകരുണം ദൃഢവാത്സല്യമെന്നോ-**
**ടൂഢസ്ഥേമസ്ഫുടബഹുമതി ത്വം സദാ വാണിടുമ്പോൾ**
**മൂഢത്വത്താൽ പല പിഴകൾ ഞാൻ ചെയ്തുപോയുള്ളതെല്ലാം**
**പ്രൗഢസ്ത്രീകൾക്കണിതിലകമേ! നീ പൊറുത്തീടവേണം.**

ഒന്നാമത്തെ പാദത്തിൽ 'ഗാഢപ്രേമപ്രഗുണകരുണാദൃഢവാത്സല്യം' എന്നു പാഠാന്തരം കല്പിച്ചിരിക്കുന്നു.

ഗാഢപ്രേമപ്രഗുണകരുണം—ഗാഢമായ പ്രേമത്തോടും പ്രഗുണമായ കരുണയോടുംകൂടി. പ്രഗുണം—വർദ്ധിച്ച. ദൃഢവാത്സല്യം—ദൃഢമായ വാത്സല്യത്തോടുകൂടി. ദൃഢം—ഉറച്ച. ഊഢസ്ഥേമസ്ഫുടബഹുമതി—ഊഢസ്ഥേമാവും സ്ഫുടവുമായ ബഹുമതിയോടുകൂടി. ഊഢസ്ഥേമാ—നല്ല ഉറപ്പുള്ളതു്. പ്രൗഢസ്ത്രീകൾക്കണിതിലകം—പ്രൗഢവനിതകൾക്കു തൊടുകുറിയായ നായിക.

എന്നോടു ഗാഢമായ പ്രേമം, അതിയായ കാരുണ്യം, ദൃഢമായ വാത്സല്യം, സ്ഥിരവും പ്രകടവുമായ ബഹുമാനം എന്നിവ കലൎന്നു് ഭവതി സദാ വൎത്തിക്കുമ്പോൾ ഞാൻ അജ്ഞതനിമിത്തം ചെയ്തുപോയ തെററുകളെല്ലാം, അല്ലയോ പ്രൗഢാംഗനാതിലകമേ! ഭവതി ക്ഷമിക്കണം.

രാജഹിതം ലംഘിച്ചതുകൂടാതെ നായികയോടു വ്യക്തിപരമായും ചില പിഴകൾ നായകൻ ചെയ്തിട്ടുണ്ടെന്നു സമ്മതിക്കുന്നു. അതിനു ഹൃദയമലിയിക്കുമാറു മാപ്പുചോദിക്കുന്ന ഈ പദ്യത്തിലെ ഉത്തരാൎദ്ധം സ്വാഭാവികമായി കവിഹൃദയത്തിൽ ആദ്യം ഉദിച്ചിരിക്കണം. അതിനോടു കൃത്രിമമായ പൂൎവ്വഭാഗത്തെ പിന്നീടു കൂട്ടിച്ചേൎത്തതാണെന്നു തോന്നുന്നു.

60

**ആയില്യംതിരുനാളിന്റെ നിൎബ്ബന്ധങ്ങൾ നിരസിച്ചു ഭർത്തൃസ്നേഹം പ്രദൎശിപ്പിച്ച നായികയെ അഭിനന്ദിക്കുന്നു.**

**നിഷ്കാരുണ്യം നരപരിവൃഢൻ തന്വി! തേ സന്നിധേർ മാം**
**നിഷ്കാസിച്ചിട്ടതികഠിനമായ് ചെയ്ത നിൎബ്ബന്ധമെല്ലാം**
**നിഷ്കാലുഷ്യ ധൃതിയൊടു തടുത്തോരു നിന്നോടു തുല്യം**
**നിഷ്കാപട്യം പതിഹിതകരീ നാരിയിപ്പാരിലുണ്ടോ?**

തന്വി!—അബലേ! നരപരിവൃഢൻ—നരാധിപൻ, രാജാവു്. തേ സന്നിധേർ മാം—നിന്റെ സന്നിധാനത്തിൽ, (സമീപത്തിൽ)

നിന്നും എന്നെ. നിഷ്കാരുണ്യം—കാരുണ്യലേശമില്ലാതെ. നിഷ്കാസിച്ചിട്ട്—നിഷ്കാസനംചെയ്തിട്ട്, ദൂരത്താക്കിയിട്ട്. നിഷ്കാലുഷ്യേ!—കാലുഷ്യം ഇല്ലാത്തവളേ! (സംബുദ്ധി). കാലുഷ്യം— കോപം, നീരസം. ധൃതി—ധൈര്യം. നിഷ്കാപട്യം—നിഷ്കപടമായി. പതിഹിതകരീ—ഭർത്താവിൻെറ ഹിതം അനുഷ്ഠിക്കുന്നവൾ.

അല്ലയോ തന്വി, മഹാരാജാവ് ഭവതിയുടെ അടുത്തുനിന്നും എന്നെ നിഷ്കരുണമായി ബഹിഷ്കരിച്ചശേഷം ഭവതിയോടു ചെയ്ത നിർബ്ബന്ധങ്ങളെല്ലാംകലുഷഭാവംകലരാതെ നിരോധിച്ചുനിന്ന നിന്നോടുതുല്യം നിർവ്യാജമായി ഭർത്തൃഹിതമനുഷ്ഠിക്കുന്ന മററൊരു സ്ത്രീ ഈ ലോകത്തിലുണ്ടോ?

കേരളവർമ്മയെ ജയിലിലടച്ചതിനുശേഷം അദ്ദേഹത്തെ ഉപേക്ഷിച്ചു മററാരാളെ പരിഗ്രഹിക്കണമെന്നു മഹാരാജാവു ലക്ഷ്മീഭായിയോടു നിർബ്ബന്ധിക്കയുണ്ടായി. വിശാഖവിജയത്തിൽ ഇക്കാര്യം വ്യക്തമായി പറഞ്ഞിരിക്കുന്നു.

''പതിമഭിലഷിതം വരീതുമന്യം
പ്രതിനവശോകവശാമശാത് കൃശാംഗീം''

—വിശാഖവിജയം, iv–72

നായികയുടെ അസാധാരണമായധൈര്യത്തിനും നായകനോടുള്ള പ്രേമദാർഢ്യത്തിനും, രാജകല്പനയുടെ ഈ ലംഘനം മതിയായ തെളിവാണ്. ഇതുനിമിത്തം നായിക എത്രത്തോളം ക്ലേശിച്ചിരിക്കാമെന്നു ഭാവനചെയ്യുന്ന നായകൻെറ ഹൃദയം നീറുന്നതായി വ്യഞ്ജിക്കുന്നു. ഈ ഭാവങ്ങളെല്ലാം വിപ്രലംഭത്തെ ഉദ്യോതിപ്പിക്കുന്നവയാണ്.

## 61

**വിരഹാനുഭവംനിമിത്തം നായിക സീതയുടേയും ദമയന്തിയുടേയും പദവിയിലേക്കുയർന്നതായി പ്രശംസിക്കുന്നു.**

**നാമീവണ്ണം വ്യഥയനുഭവിക്കുന്നതിന്നിന്നു ദൈവം
വാമീഭൂതം വരതനു! വരുത്തിച്ചതാമീ വിയോഗം
ഭൈമീസീതാപ്രഭൃതിസതികൾക്കുള്ള സൽക്കീർത്തിയിപ്പോൾ
ഭൂമീനാഥേ! തവ സുലഭയായീടുവാൻ ഹേതുവായി.**

വ്യഥ—ദുഃഖം. വാമീഭൂതം—പ്രതികൂലമായ. ദൈവം—ഭാഗധേയം. ഭൈമീസീതാപ്രഭൃതിസതികൾ—ദമയന്തി, സീത തുടങ്ങിയ ഉത്തമസ്ത്രീകൾ. ഭൂമീനാഥേ—രാജ്ഞി. സുലഭയായീടുവാൻ—ലഭിക്കുവാൻ. ഹേതു—കാരണം.

അല്ലയോ രാജ്ഞീ, നാം ഇപ്രകാരം വിരഹമനുഭവിക്കുന്നതിനു പ്രതികൂലമായ വിധി വരുത്തിവച്ച ഈ വിയോഗം ദമയന്തി, സീത തുടങ്ങിയ സതീരത്നങ്ങൾക്കുള്ള സദ്യശസ്സ് ഭവതിക്കും ലഭിക്കുവാൻ കാരണമായിത്തീൎന്നു.

ദമയന്തിയും സീതയും വിരഹാവസ്ഥയിൽ ദൃഢമായ ഭർത്തൃപ്രണയം പ്രദർശിപ്പിച്ചും വ്യഥകളനുഭവിച്ചും പതിവ്രതകളെന്ന സൽക്കീർത്തി സമ്പാദിച്ചു. അതുപോലെ പ്രകൃതനായിക സ്വയം പതിപരായണയാണെങ്കിലും ഭർത്തൃവിയോഗംനിമിത്തമാണ് ആ പ്രശസ്തിക്കു പാത്രമായതു്. വിയോഗകാലത്തു തമ്പുരാട്ടി പ്രദർശിപ്പിച്ച പതിഭക്തി വിസ്മയനീയമായിരുന്നു. ഇവിടത്തെ ഉദാത്താലങ്കാരത്തിൻെറ ബീജം വിശാഖവിജയത്തിൽ (iv 58, 59) കാണാം.

62

**കേരളത്തിലെ സ്ത്രീലോകത്തിനു പാതിവ്രത്യയശസ്സു സമാർജ്ജിച്ചുകൊടുത്തു് നായിക പ്രശസ്തയാകുമെന്നു പറയുന്നു.**

**പാതിവ്രത്യം പരമയി! പയോജാക്ഷി,യീ നാട്ടിലേ സ്ത്രീ-**
**ജാതിക്കില്ലെന്നൊരു പഴി ചിരാജ്ജാതമായുള്ളതിപ്പോൾ**
**നീതിക്കൊക്കും നിജനടപടിച്ചെയ്തിയാൽ നീക്കി നീതാൻ**
**ഖ്യാതിക്കേററം മതിമതി! മഹാരാജ്ഞി! പാത്രീഭവിക്കും.**

പയോജാക്ഷി—താമരക്കണ്ണി, സുന്ദരി. പരം പാതിവ്രത്യം—നിഷ്കൃഷ്ടമായ ഏകപതീവ്രതം. ചിരാജ്ജാതം—ചിരകാലമായി ഉണ്ടായതു്. ഖ്യാതി—പ്രശസ്തി. മതിമതി!—ബുദ്ധിമതി. പാത്രീഭവിക്കും—പാത്രമായിത്തീരും.

അല്ലയോ ബുദ്ധിമതിയായ മഹാരാജ്ഞി, ഈ നാട്ടിലെ സ്ത്രീകളുടെ ഇടയിൽ പാതിവ്രത്യം നിയതമല്ലെന്നു ദീഘകാലമായി ഉണ്ടായിട്ടുള്ള അപകീർത്തി നീതിയുക്തമായ നടപടികളെക്കൊണ്ടു നീക്കി ഭവതി പ്രശസ്തിക്കു പാത്രമായിത്തീരും.

മരുമക്കത്തായവ്യവസ്ഥിതിയിൽ ഏകവല്ലഭാതവം പുലത്തുവാൻ സ്ത്രീകൾക്കു് എപ്പോഴും സാധിച്ചു എന്നു വരുന്നതല്ല. എന്നാൽ പ്രതികൂലമായ പരിതഃസ്ഥിതിയിൽപ്പോലും നായിക ഉത്തമമായ മാതൃക കാട്ടി ഈ ദുഷ്കീർത്തി ദൂരീകരിച്ചു പ്രശസ്തയായിത്തീരുകതന്നെ ചെയ്തു. ഒരു യഥാസ്ഥിതികമായ മരുമക്കത്തായകുടുംബത്തിൽ ഭരണാധിപൻെറ ആജ്ഞയെ വെല്ലുവിളിച്ചുകൊണ്ടു ഭർത്തൃപരായണയായി ഒരു സ്ത്രീ വർത്തിക്കുന്നതിനുള്ള വൈഷമ്യം മനസ്സിലാക്കിയാൽ നായികയ്ക്കു നൽകുന്ന ഈ പ്രശംസയെല്ലാം സ്ഥാനത്താണെന്നു ബോദ്ധ്യമാകും.

ഏതാണ്ടിതുപോലുള്ള ഒരു പ്രശംസ വിശാഖംതിരുനാൾ മഹാരാജാവിനെപ്പററിയും കേരളവർമ്മ ചെയ്തിട്ടുണ്ടു്:

''സാരലീനമനസോ ഽസ്യ മനീഷാ–
സാരളീം കലയതാമസമാനാം
കേരളീയപുരുഷേഷ്വവഹേളാ–
വൈരളീമഗമദന്യജനാനാം.''

[മഹത്ത്വമേറിയ വിഷയങ്ങളിൽ ലയിച്ചിരിക്കുന്ന ഇദ്ദേഹത്തിൻെറ അസാമാന്യമായ ബുദ്ധിവൈഭവം മനസ്സിലാക്കിയ വിദേശികൾക്ക കേരളത്തിലെ പുരുഷന്മാരെപ്പററിയുള്ള അവജ്ഞ ഏറെക്കുറെ ഇല്ലാതായി.]

വിശാഖവിജയത്തിൽ കഥാപുരുഷൻ മദ്രാസ്സിൽ താമസിക്കുന്നതിനെ വർണ്ണിക്കുന്നതാണ് പ്രകൃതം.

## 63

വിക്ടോറിയാമഹാരാജ്ഞി, നായികയ്ക്കു ബിരുദം നല്കി ബഹുമാനിക്കുമെന്നു പറയുന്നു.

**ഭീത്യാ മുക്തം പരജനിതയാ പാരിടം പാലയന്തീ**
**നീത്യാ വിക്ടോറിയാ നിരുപമശ്രീമതീ ശീമറാണി**
**പ്രീത്യാ നൽകും ബഹുമതി മഹാലോകരെല്ലാം പുകഴ്ത്തും**
**രീത്യാ സാദ്ധ്വീത്യസദൃശയശോലാഭവത്യൈ ഭവത്യൈ.**

പരജനിതയാ—ശത്രുക്കളിൽനിന്നുണ്ടായ. ഭീത്യാ—ഭയത്താൽ. മുക്തം—മോചിപ്പിക്കപ്പെട്ട. പാരിടം—ഭൂമി. നീത്യാ—നീതിയോടുകൂടി. പാലയന്തീ—പാലിക്കുന്ന. നിരുപമശ്രീമതി—നിസ്തുലമായ പ്രതാപത്തോടുകൂടിയ. ശീമറാണി—വിക്ടോറിയാചക്രവത്തിനി. സാദ്ധ്വീത്യസദൃശയശോലാഭവത്യൈ—സാദ്ധ്വീ എന്ന് അസദൃശമായ യശസ്സു ലഭിച്ച. സാദ്ധ്വീ—ഉത്തമ. ഭവത്യൈ—ഭവതിക്കായി. രീത്യാ—രീതിയനുസരിച്ച്.

ശത്രുഭയം ഇല്ലാതെ, നീതിയനുസരിച്ച് ഭൂമിപാലനംചെയ്യുന്ന പ്രതാപസമ്പന്നയായ വിക്ടോറിയാചക്രവത്തിനി ഉത്തമവനിതയെന്ന് നിസ്തുലയശസ്സു ലഭിച്ച ഭവതിക്ക് ലോകരെല്ലാം പുകഴ്ത്തുമാറു് പ്രീതിപുരസ്സരം ബഹുമതി നല്കും.

പ്രതിവഷം നടത്തിവരുന്ന ഈശ്വരാരാധനയ്ക്കായി മഹാറാണി 1056 കുംഭത്തിൽ ആററിങ്ങൽ താമസിക്കുമ്പോഴാണ് ചക്രവത്തിനിയിൽനിന്നും സി. ഐ. ബിരുദം ലഭിച്ചതായി പ്രഖ്യാപനം ഉണ്ടായതു്. ആ വഷം മിഥുനം 5-ാംതീയതി ഒരു ഡർബാർ കൂടി അന്നത്തെ റസിഡൻറ് ഹാനിംഗ്ടൺ, ചക്രവത്തിനിക്കുവേണ്ടി മഹാറാണിക്ക് ബഹുമതിമുദ്ര സമ്മാനിച്ചു. ഇതാണ് സംഭവത്തിനുശേഷം പതിമൂന്നുകൊല്ലം കഴിഞ്ഞു് എഴുതിയ പ്രസ്തുത കൃതിയിൽ പരാമശിക്കപ്പെട്ടിരിക്കുന്നതു്.

## 64

എങ്ങനെയെല്ലാം ആശ്വസിച്ചാലും വഷകാലം നായകനിൽ ശോകാന്ധത ജനിപ്പിക്കുന്നു.

**ഏവഞ്ചിന്തിച്ചൊരുവിധമൊരാശ്വാസമുണ്ടാക്കിയാലും**
**ഹേ വഞ്ചികഷ്മാവലരിപുകുലത്തിന്നൊരുത്തംസമുത്തേ!**

**ഹാ! വഞ്ചിച്ഛിക്കരിമുകിൽ നിരക്കുന്നകാലം ശുചാന്ധീ-**
**ഭാവഞ്ചിത്തേ ഭൃശമരുളിടുന്നുണ്ടു മേ കൊണ്ടൽവേണി!**

ഏവം—ഇപ്രകാരമെല്ലാം. ആശ്വാസം—സമാധാനം. വഞ്ചിക്ഷ്മാവലരിപുകുലം—വഞ്ചീന്ദ്രൻെറ വംശം. ഉത്തംസമുത്തേ!—ശിരസ്സിൽ അണിയാനുള്ള രത്നമേ! കരിമുകിൽ നിരക്കുന്ന കാലം—വർഷകാലം. ശുചാന്ധീഭാവം—ശുചകൊണ്ടുള്ള അന്ധീഭാവം. ശുചാ—ദുഃഖം. അന്ധീഭാവം—അന്ധത, ഹൃദയത്തിൻെറ അപ്രകാശത. ചിത്തേ—മനസ്സിൽ. ഭൃശം—ഏററവും.

അല്ലയോ വഞ്ചിമഹാരാജ്ഞി! ഇങ്ങനെയെല്ലാം ചിന്തിച്ച് ഒരു തരത്തിൽ സമാധാനപ്പെട്ടാലും, മുകിൽവേണിയായ അവിടത്തെ നിരന്തരം ഓർമ്മിപ്പിക്കുന്ന കാർമേഘംനിറഞ്ഞ ഈ വർഷകാലം നിഷ്ഠുരണം എൻെറ ഹൃദയത്തിൽ അത്യന്തം ശോകാന്ധത ജനിപ്പിക്കുന്നു.

'കൊണ്ടൽവേണി' എന്ന സംബോധന സാഭിപ്രായമാണ്. വർഷകാലത്തു നിരന്നുനില്ക്കുന്ന മഴക്കാറു കാണുമ്പോഗം നായികയെക്കുറിച്ചുള്ള സ്മരണം അനുനിമിഷം ഉന്മിഷത്തായി വിരഹവ്യഥയെ വർദ്ധിപ്പിക്കുന്നു. ഇവിടെ സ്മൃതിമദലങ്കാരം വ്യംഗ്യരൂപേണ പ്രകാശിക്കുന്നു.

## 65

**മിന്നലും മേഘവും നായികയുടെ ഉടലിനേയും മുടിയേയും സ്മരിപ്പിച്ച് നായകൻെറ വിരഹദുഃഖം വർദ്ധിപ്പിക്കുന്നു.**

**ഓർത്തീടുന്നേനുടലിനെയുമക്കേശപാശത്തിനേയും**
**പാർത്തീടുമ്പോഗം പടുതടിതമിക്കാളമേഘാളിയേയും**
**ചേർത്തീടുന്നു രണരണികയെച്ചേതസി, സ്ഫീതയാക്കി-**
**ത്തീർത്തീടുന്നു വിരഹരുചയെക്കഷ്ടമീ വൃഷ്ടികാലം.**

കേശപാശം—തലമുടി. പടുതടിതം—കടുത്ത മിന്നലിനെ. കാളമേഘാളി—കാളമേഘങ്ങളുടെ കൂട്ടം. വൃഷ്ടികാലം—മഴക്കാലം. രണരണിക—വിരഹംനിമിത്തമുള്ള ഉൽക്കണ്ഠ. ചേതസി—മനസ്സിൽ. സ്ഫീതാ—വർദ്ധിച്ചതു്. വിരഹരുജ—വിരഹവേദന.

കടുത്ത മിന്നലും കാർമേഘപംക്തിയും കാണുമ്പോഗം ആ ഉടലിനേയും കേശപാശത്തിനേയും ഞാൻ ഓർമ്മിക്കുന്നു. ഈ മഴക്കാലം ഉള്ളിൽ ഉൽക്കണ്ഠ ഉളവാക്കി വിരഹദുഃഖത്തെ വർദ്ധിപ്പിക്കുന്നു. ഹാ! കഷ്ടം!

കഴിഞ്ഞ പദ്യത്തിൽ വ്യംഗ്യമര്യാദയിൽ പ്രതിപാദിച്ച കാര്യം ഇതിൽ വാച്യമായി സ്മൃതിമദലങ്കാരരൂപത്തിൽ പറഞ്ഞിരിക്കുന്നു.

## 66

വർഷകാലത്തെ മറെറാരു ദർശനം പ്രണയകോപം മാറി മന്ദഹസിക്കുന്ന നായികയെ സ്മരിപ്പിക്കുന്നു.

ഓമൽപ്പിച്ചിച്ചെടിലതമരുല്ലോളിതാ വർഷബിന്ദു-
സ്തോമക്ലിന്നാ പുതുമലർ പതുക്കെ സ്ഫുടിപ്പിച്ചിടുമ്പോൾ
പ്രേമക്രോധക്ഷുഭിതഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ.

ഉത്തരമയൂരത്തിൽ 'ഓമൽപ്പിച്ചിക്കൊടിയിത' എന്നെഴുതിയിട്ട് 'ഓമൽപ്പിച്ചിച്ചെടിലത' എന്നു തിരുത്തിയിരിക്കുന്നു.

മരുല്ലോളിതാ—മരുത്തിനാൽ ലോളിതമായ. മരുത്ത്—കാററ്. ലോളിതാ—ചലിപ്പിക്കപ്പെട്ടതു്. വർഷബിന്ദുസ്തോമക്ലിന്നാ—വർഷകാലത്തെ ജലബിന്ദുക്കളുടെ സ്തോമത്തിനാൽ ക്ലിന്നമായ. സ്തോമം—കൂട്ടം. ക്ലിന്നാ—നനയ്ക്കപ്പെട്ടതു്. ഓമൽപ്പിച്ചിച്ചെടിലത—പിച്ചിയുടെ മനോഹരമായ വള്ളി. സ്ഫുടിപ്പിക്കുക—വിരിയിക്കുക. പ്രേമക്രോധക്ഷുഭിതഭവതീ—പ്രണയകോപംകൊണ്ടു ക്ഷോഭിച്ച ഭവതി. ബാഷ്പധാരാവിലാംഗീ—അശ്രുധാരകൊണ്ടു മങ്ങിയ മുഖം മുതലായ അവയവങ്ങളോടുകൂടിയവളായി. ശ്രീമന്മന്ദസ്മിതസുമുഖി—ശ്രീമത്തായ മന്ദസ്മിതംകൊണ്ടു സുമുഖിയായവൾ. ശ്രീമത്ത്—മനോഹരം.

കാററുകൊണ്ട് ആടുന്ന പിച്ചിലത ഈ വർഷകാലത്തു ജലബിന്ദുക്കൾ വീണു നനഞ്ഞു പുതിയ പൂക്കളെ വിടർത്തുന്നതു കാണുമ്പോൾ പ്രണയകോപംനിമിത്തം ക്ഷോഭിച്ചവളും ബാഷ്പകലുഷയുമായ ഭവതി (കോപം മാറി) മനോഹരമന്ദഹാസം പൊഴിച്ച് പ്രസന്നവദനയാകുന്നതു് ഞാൻ ഓർമ്മിച്ചുപോകുന്നു.

ഇവിടെ പിച്ചിലതയും നായികയുടെ മോഹനാംഗവും തമ്മിലുള്ള സാദൃശ്യം വ്യഞ്ജിപ്പിക്കുന്നു. അതുപോലെതന്നെ ലത കാററടിച്ചു ചലിക്കുന്നതും മഴത്തുള്ളി വീണു നനയുന്നതും പൂക്കൾ വിടർത്തുന്നതും യഥാക്രമം നായിക ക്രോധക്ഷുഭിതയാകുന്നതിനോടും കണ്ണീരൊഴുക്കുന്നതിനോടും മന്ദഹസിക്കുന്നതിനോടും തുല്യമാണെന്നു പ്രതീതമാകുന്നു. നായകൻെറ മധുരമായ അനുനയനമാണ് കോപശാന്തി വരുത്തുന്നതെങ്കിൽ അതും ഇവിടെ വ്യംഗ്യമാവാം. അപ്പോൾ വാച്യാർത്ഥം മാത്രമല്ല വ്യംഗ്യമായ ഒരർത്ഥംകൂടി ഇവിടെ സ്മൃതിമദലങ്കാരത്തിന് അംഗമായിത്തീരുന്നു. നായികയിൽ കോപത്തിൻെറ ഉദയലയങ്ങളും സ്നേഹത്തിന്റെ സ്ഫുരണവും പ്രകാശിപ്പിക്കയും അതിനുപസ്കാരകമായ രീതിയിൽ പിച്ചിലതയെ ചിത്രീകരിക്കയും ചെയ്യുന്ന ഈ പദ്യത്തിൽ ഭാവസുഷമയും വർണ്ണനാവൈഭവവും യോജിച്ചിരിക്കുന്നു.

## 67

**താൽക്കാലികവിരഹംപോലും നായികയ്ക്കു ഖേദകരമാണെന്ന് അനുഭവത്തിൽനിന്നും പറയുന്നു.**

**പ്രാണേശിത്രി! പ്രണയമസൃണേ! വല്ല ജോലിക്കുമായ് ഞാൻ**
**വാണേനെന്നാലൊരുപകലകന്നല്പദൂരേƒപ്യഗാരേ**
**കേണേററം നീ വലയുമതു ഞാൻ കേൾപ്പതുണ്ടന്നതിന്നാ-**
**ലാണേ ചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ.**

പ്രാണേശിത്രി!—പ്രാണനാഥേ! പ്രണയമസൃണേ!—പ്രണയം നിമിത്തം ആർദ്രമായ ഹൃദയമുള്ളവളേ! അഗാരേ അപി—ഗൃഹത്തിൽപ്പോലും. അല്പദൂരേ—അല്പം അകന്ന്. ഏണേക്ഷണേ!—മാൻകണ്ണി! ചേതസ്സ്—മനസ്സ്. അതിചകിതം—അത്യന്തം പതറുന്നതു്.

പ്രണയസ്നിഗ്ദ്ധയായ പ്രാണനാഥേ! ഞാൻ ഏതെങ്കിലും ജോലിക്കായി കൊട്ടാരത്തിൽത്തന്നെ അല്പം അകലെ മാറി ഒരു പകൽ കഴിച്ചാൽ, നീ വിഷമിച്ചു വിലപിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. പ്രത്യേകിച്ചും അതുകൊണ്ടാണ് അല്ലയോ സുന്ദരി, എന്റെ ഹൃദയം അത്യധികം ചകിതമായിത്തീരുന്നതു്.

കുറച്ചുനേരത്തേക്കുള്ള വിരഹംപോലും നായികയെ ദുഃഖപരവശയാക്കുമെന്ന് അനുഭവത്തിൻെറ വെളിച്ചത്തിൽ നായകൻ വിശ്വസിക്കുന്നു. അങ്ങനെയിരിക്കെ, നാലഞ്ചുകൊല്ലം കഴിഞ്ഞിട്ടും തീരുന്ന ലക്ഷണമില്ലാത്ത ഈ വിരഹം നായികയെ എത്രത്തോളം ദുഃഖവിവശയാക്കുമെന്നുള്ള ചിന്തയാണ് നായകനെ അധികം ക്ലേശിപ്പിക്കുന്നതു്. സ്വന്തം താപം എങ്ങനെയും സഹിക്കാമെന്നും എന്നാൽ നായിക ദുഃഖിക്കുന്നതാണ് അസഹനീയം എന്നും ഉള്ള തോന്നൽ സ്നേഹത്തിൻെറ ആദർശപരതയെ കാണിക്കുന്നു. ''കേണേററം നീ വലയുമതു ഞാൻ കേൾപ്പതുണ്ടു്'' എന്നിടത്തു വലയുന്നതാണോ കേൾക്കുന്നതു്, അതോ കരയുന്നതാണോ? വലയുന്നതു കേൾക്കണമെങ്കിൽ മറ്റാരെങ്കിലും പറഞ്ഞുവേണം. കരയുന്നതാണു കേൾക്കുന്നതെങ്കിൽ കരച്ചിലോ ഏങ്ങലടിയോ കേൾക്കത്തക്കവണ്ണം നായകൻ വളരെ അടുത്താണ് ഇരുന്നിരുന്നതെന്നു ഭാവോചിതമായ വ്യംഗ്യം ലഭിക്കും. പക്ഷേ, രചനയ്ക്കു ന്യൂനത കല്പിക്കേണ്ടിവരും. വിരഹിണീവിപ്രലാപത്തിൽ ലക്ഷ്മീഭായി വിലപിക്കുന്നതു നോക്കുക:

''കാൽക്ഷണംപോലും നാഥം വേർവിടാതോരു ഞാനും
രൂക്ഷമാം വിയോഗമിതെങ്ങനെ സഹിപ്പതു?''

## 68

**നായികയുടെ പ്രേമവായ്പിനെ സ്ഫുരിപ്പിക്കുന്ന അടയാളവാക്യം പറയുന്നു.**

**ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ**
**നീലാപാംഗേ! കമപി നിഹനിച്ചീടിനേൻ നീഡജത്തെ**

**മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേതും**
**കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ?**

ലീലാരണ്യേ—ഉദ്യാനത്തിൽ. വിഹഗമൃഗയാലോലനായ്—പക്ഷികളെ വേട്ടയാടുന്നതിൽ തല്പരനായി. ഏകദാ—ഒരിക്കൽ. കമപി നീഡജത്തെ—ഏതോ ഒരു ആൺപക്ഷിയെ. നീലാപാംഗേ!—കറുത്ത കടക്കണ്ണുള്ളവളേ! മാലാന്ന്—ദുഃഖത്തോടുകൂടി. ആരാൽ—സമീപത്തു്. ഇണ—പെൺപക്ഷി. താം ച—അവളെക്കൂടി. കാലാഗാരം—കാലപുരിയിൽ നേതും—അയയ്ക്കുന്നതിന്. സപദി—പെട്ടെന്ന്. കൃപയാ—കാരുണ്യത്തോടുകൂടി.

ഒരിക്കൽ പക്ഷിവേട്ടയിലുള്ള കൗതുകത്തോടുകൂടി ഉദ്യാനത്തിൽ വച്ചു ഞാൻ ഒരു ആൺപക്ഷിയെ വെടിവച്ചു കൊന്നു. അപ്പോൾ ദുഃഖിച്ചു സമീപത്തിരുന്ന ഇണപ്പക്ഷിയെക്കണ്ടു് അതിനെയും ആ ക്ഷണത്തിൽ യമപുരി പ്രാപിപ്പിക്കണമെന്നു് അല്ലയോ നീലാപാംഗീ, കാതരയായ ഭവതി കാരുണ്യമസൃണമായെന്നോടു പറഞ്ഞില്ലേ?

നായികയുടെ അഗാധമായ പ്രേമവും വിരഹഭീതിയും ഇവിടെ വ്യഞ്ജിക്കുന്നു. കൂടാതെ 'നീലാപാംഗേ' എന്ന സംബോധന നായികയുടെ അപ്പോഴത്തെ കാരുണ്യകലുഷമായ നോട്ടത്തിൻെറ പ്രതീതിയും ജനിപ്പിക്കുന്നു. നായകൻ മൃഗയാകുശലനായിരുന്നതിനാൽ ഈ സംഭവം നടന്നതായിരിക്കാം. വെറും ഭാവനാസൃഷ്ടമാകണമെന്നില്ല. ഭാവനാസൃഷ്ടമാണെങ്കിൽപ്പോലും അതിനു പ്രകൃതത്തിലുള്ള മൂല്യം അനല്പമാണ്. ഇണപ്പക്ഷിയെ വധിക്കുവാനാവശ്യപ്പെടുന്ന നായികമൃതിയിൽപ്പോലും സ്വഭർത്താവിനെ അനുഗമിക്കുവാനുള്ള തൻെറ സന്നദ്ധതയാണു് അഭിവ്യക്തമാക്കുന്നതു്. നായികയുടെ ജീവകാരുണ്യവും സഹതാപശീലവും ഇവിടെ സ്പഷ്ടമാകുന്നു. വ്യാധൻ എയ്തു വീഴ്ത്തിയ പക്ഷിയുടെ ഇണയോടു വാല്മീകി പ്രദർശിപ്പിച്ച പുരാണപ്രസിദ്ധമായ കാരുണ്യം ഇവിടെ സ്മരണപഥത്തിലെത്തുന്നു. ഈ അടയാളവാക്യത്തിലെ ഔചിത്യഭംഗി അന്യാദൃശംതന്നെ.

## 69

**ലോകജീവിതം സുഖദുഃഖസമ്മിശ്രമാണെന്നു മനസ്സിലാക്കി കുറച്ചുകൂടി ക്ഷമിക്കുവാൻ നായികയോടു പറയുന്നു.**

**ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും**
**മാലോകർക്കും മതിമുഖി! വരാറില്ലയോ മാലനേകം?**
**ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാക്കി-**
**ക്കാലോപേതം കദനമതിനിക്കാണികൂടി ക്ഷമിക്ക.**

മിശ്രം—ചേർന്നതു്. മാലോകർ—വലിയവർ. മതിമുഖി—ചന്ദ്രനെപ്പോലെയുള്ള മുഖമുള്ളവളേ, സുന്ദരി, മാൽ—ദുഃഖം. അവിധവേ!—ഭർത്തൃമതി! ചിത്തം—മനസ്സ്. ആശ്വസ്തം—സമാധാനപ്പെട്ടതു്.

കദനം—സന്താപം; കാലോപേതം—കാലക്കേടുകൊണ്ടു വന്നതു്. കാണി—കുറച്ചു്.

അല്ലയോ സുന്ദരി, ഈ ലോകത്തിൽ സുഖവും അസുഖവും ഇട ചേൎന്നതന്നെയിരിക്കും. മഹത്തുക്കൾക്കും ധാരാളം ദുരിതങ്ങൾ വരാറില്ലയോ? അല്ലയോ ഭൎത്തൃമതി! ഇപ്രകാരം ആലോചിച്ച മനസ്സമാധാനം നേടി കാലക്കേടുകൊണ്ടു വന്ന ദുഃഖത്തെ കുറച്ചുകൂടി സഹിക്കുക.

ഇവിടത്തെ 'അവിധവേ!' എന്ന സംബുദ്ധി സാഭിപ്രായമാണെന്നു തോന്നുന്നു. നായികയുടെ ഭൎത്താവിനു ജീവാപായം വന്നില്ല എന്നുള്ളതുതന്നെ വളരെ ആശ്വാസകരമാണെന്നും ഭാവിയിൽ സമാഗമത്തിനു സാദ്ധ്യതയുണ്ടെന്നും ഇതു വ്യഞ്ജിപ്പിക്കുന്നു.

മേഘസന്ദേശത്തിലും ഈ സംബുദ്ധിയുടെ സാഭിപ്രായമായ പ്രയോഗം കാണുന്നുണ്ടു്. മേഘം നായികയോടു സംസാരിക്കുവാൻ തുടങ്ങുമ്പോൾത്തന്നെ ഈ സംബുദ്ധി ഉപയോഗിക്കുന്നു. കാമുകൻ അനപായം ജീവിച്ചിരിക്കുന്നുഎന്നു സൂചിപ്പിക്കുവാൻവേണ്ടിയാണു് ഇങ്ങനെ ചെയ്യുന്നതു്. മയൂരസന്ദേശത്തിൽ കാമിനീകാമുകന്മാർ ദൂരസ്ഥിതരാണെങ്കിലും പരസ്പരം പ്രധാനകാര്യങ്ങളറിഞ്ഞിരുന്നതിനാൽ ഇങ്ങനെ ഒരു സൂചനയ്ക്കാവശ്യമില്ലല്ലോ.

കേരളവൎമ്മയെ കാരാഗൃഹത്തിലാക്കിയതിനുശേഷം മററൊരു ഭൎത്താവിനെ സ്വീകരിക്കുവാനായി ആയില്യംതിരുനാൾ ലക്ഷ്മീഭായിയെ നിൎബ്ബന്ധിച്ചതായി മുമ്പു പ്രസ്താവിച്ചുവല്ലോ. ഇങ്ങനെ ചെയ്ത നിൎബ്ബന്ധത്തിനു തമ്പുരാട്ടി മററൊരാളെ വരിക്കുവാൻ താൻ വിധവയായിട്ടില്ലല്ലോ എന്നു മറുപടി പറഞ്ഞതായി വിശാഖവിജയത്തിൽ (iv–18) രേഖപ്പെടുത്തിയിരിക്കുന്നു:

''ആഹ സ്മ നാഹമധുനാ വിധവേതി രാജ്ഞീ.''

'അവിധവേ!' എന്നു സംബോധനചെയ്തപ്പോൾ ഇതും കവി അനുസ്മരിച്ചിരിക്കാം.

ഈ ശ്ലോകത്തിൻെറ പൂൎവ്വാൎദ്ധം മേഘസന്ദേശത്തിലെ,

''ഇല്ലോക്കം ദുഃഖമെന്നും, സുഖവുമനിയതംതന്നെ; നില്ക്കുന്നപാടേ
നില്ക്കാതേ മേലുകീഴായ്ദ്ദശകൾ തിരികയാം ചക്രനേമിക്രമ-
ത്തിൽ''

എന്ന ആശയത്തെ അനുസ്മരിപ്പിക്കുന്നു.

70

ധീരയായി വൎത്തിക്കണമെന്നു ഭംഗ്യന്തരേണ പറയുന്നു.

ധീരതാത്താലനതിശയിതേ! പൂരുഷന്മാരുമന്ത-
സ്സാരത്താൽ നിൻ സദൃശത കലൎന്നേറെയിപ്പാരിലില്ല

ന്നേരത്രേ,ഞാൻ നിരുപമഗുണേ! നിൻെറ ധൈര്യത്തെയാണി-
ന്നേരത്തോർക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി!

ധീരത്വത്താലനതിശയിത—ധീരതയിൽ ആരുംതന്നെ ജയിച്ചിട്ടില്ലാത്തവരം. അന്തസ്സാരം—സത്ത്വമഹിമ, ഉരംക്കട്ടി. സദൃശത—തുല്യത. നിരുപമഗുണ—നിസ്തുലങ്ങളായ ഗുണങ്ങളുള്ളവരം. ദൃഢതരാലംബം—ഏററവും ഉറപ്പുള്ള ആശ്രയം.

അതിധീരയായ സുന്ദരി, സത്ത്വമഹിമയിൽ നിന്നോടു തുല്യരായി പുരുഷന്മാർപോലും ഈ ലോകത്ത് അധികമില്ല. അല്ലയോ അന്യാദൃശഗുണസമ്പന്നേ, ഈ സന്ദർഭത്തിൽ നിൻെറ ധൈര്യത്തെമാത്രമാണ് ദൃഢതരമായ അവലംബമായി ഞാൻ കരുതുന്നത്; ഇതു സത്യംതന്നെ.

'ധീരത്വത്താലനതിശയിതേ!' എന്നും 'നിരുപമഗുണേ!' എന്നുമുള്ള സംബുദ്ധി വാച്യമായും വ്യംഗ്യമായും നായികയുടെ ധീരതയെ പ്രകാശിപ്പിക്കുന്നു. സാധാരണസ്ത്രീകളിൽനിന്നും പ്രസ്തുതനായികയെ വേർതിരിച്ചുനിർത്തുന്ന ഗുണങ്ങളിൽ പ്രഥമഗണനീയമാണു ധൈര്യം. വിരഹദുഃഖംനിമിത്തം നായിക ആപത്തുകളിൽ പതിക്കാതിരിക്കയാണ് നായകൻെറ ഏകതാല്പര്യം. അതിന് ഏററവും ഉറപ്പുള്ള അവലംബമായി അദ്ദേഹം കരുതുന്നത് നായികയുടെ അന്യാദൃശധൈര്യംതന്നെയാണ്. യാതൊരു ചാപലങ്ങരംക്കും വഴങ്ങാതെ വിരഹദശമുഴവനും ധീരയായിത്തന്നെയിരിക്കണമെന്നു പ്രകാരാന്തരേണയുള്ള ഒരു പ്രാർത്ഥനയാണ് നായകൻെറ ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്നത്.

## 71

**താമസമെന്യേ ശ്രീവിശാഖൻ അഭംഗുരമായ മംഗളം പ്രദാനംചെയ്യുമെന്നു പറഞ്ഞ് നായികയ്ക്ക് ആശയും ആശ്വാസവും നല്കുന്നു.**

ലോകത്രാണോദ്യതനവിരതം സേവയാലാവയോര-
ന്സ്തോകപ്രീതാശയനുദയദർക്കാഭനാം ശ്രീവിശാഖൻ
കോകദ്വന്ദ്വത്തൊടു സദൃശമായ് സന്തപിക്കും നമുക്കി-
ശ്ശോകത്തെത്തീർത്തരുളുമുടനേ മംഗളം ഭംഗമെന്യേ.

ലോകത്രാണോദ്യതൻ—ജനങ്ങളെ സംരക്ഷിക്കുന്നതിൽ വ്യാപൃതൻ. അവിരതം—മുടങ്ങാതെ. സേവ—ഭജനം. ആവയോഃ—നാം രണ്ടുപേരിലും. അസ്തോകപ്രീതാശയൻ—ഏററവും സന്തുഷ്ടമാനസൻ. ഉദയദർക്കാഭൻ—ഉദിച്ചുയരുന്ന സൂര്യൻെറ ശോഭയോടുകൂടിയവൻ. ശ്രീവിശാഖൻ—സുബ്രഹ്മണ്യസ്വാമി. കോകദ്വന്ദ്വം—ചക്രവാകമിഥുനം. സദൃശമായ്—തുല്യമായി. ഭംഗമെന്യേ—പ്രതിബന്ധമില്ലാതെ.

ലോകരക്ഷാദീക്ഷിതനും നിരന്തരമായ ഭജനംകൊണ്ട് നമ്മിൽ അത്യധികം സന്തുഷ്ടമാനസനും ഉദയത്സൂര്യനെപ്പോലെ പ്രശോഭി

ക്കന്നവനമായ സുബ്രഹ്മണ്യസ്വാമി ചക്രവാകമിഥുനത്തെപ്പോലെ സന്തപിക്കുന്ന നമുക്കു് ഈ ദുഃഖമെല്ലാം കളഞ്ഞു് അഭംഗുരമായ മംഗളം പ്രദാനംചെയ്യും.

യുവരാജാവായ വിശാഖംതിരുനാളിന്റെ കാരുണ്യംകൊണ്ടുവിരഹത്തിനറുതിവന്നു് നായികാനായകന്മാൎക്കു് സൎവ്വമംഗളങ്ങളും വന്നുചേരുമെന്നും ശ്ലിഷ്ടരൂപത്തിൽ ഇവിടെ അൎത്ഥകല്പന ചെയ്തിരിക്കുന്നു. സന്ദേശം അങ്ങനെ മംഗളമായി പര്യവസാനിക്കുന്നു.

## 72

**സന്ദേശം നല്കി തിരിച്ചുവന്നു് നായികാവൃത്താന്തം അറിയിച്ചശേഷം സ്വകൃത്യങ്ങളിൽ വ്യാപരിക്കുന്നതിനു് മയിലിനെ അനുവദിക്കുന്നു**

**ഇത്യേവം മദ്വചനമുരചെയ്താശ്വസിപ്പിച്ച സാധ്വീം**
**സത്യേ വൎത്തിച്ചിടുമബലമാൎമൗലിയാം വല്ലഭാം മേ**
**പ്രത്യേകം തൽകുശലവുമറിഞ്ഞെത്തിയെന്നോടു ചൊല്ലി-**
**ക്കൃത്യേ നിത്യേ കൃതമുഖ! സമുദ്യച്ഛ നീയിച്ഛപോലേ.**

ഇത്യേവം—ഇപ്രകാരം. മദ്വചനം—എന്റെ സന്ദേശം. സാധ്വീം—സാധ്വിയായ. സത്യേ വൎത്തിച്ചിടുമബലാമാൎമൗലിയാം— സത്യനിഷ്ഠരായ സ്ത്രീകളിൽ ഉത്തമയായ. വല്ലഭാം—വല്ലഭയെ. നിത്യേ—നിയതമായ. കൃത്യേ—സ്വകൃത്യത്തിൽ. കൃതമുഖ!—അല്ലയോ സമൎത്ഥ! സമുദ്യച്ഛ—വ്യാപൃതനാവുക.

സാധ്വിയും സത്യസന്ധയുമായ എന്റെ പ്രിയവല്ലഭയെ ഇപ്രകാരം സന്ദേശമറിയിച്ചു് സമാധാനപ്പെടുത്തി ആ മഹതിയുടെ കുശലമോരോന്നും വിശദമായറിഞ്ഞു തിരിച്ചുവന്നു് എന്നോടു പറഞ്ഞതിനുശേഷം നിന്റെ ഇഷ്ടംപോലെ പതിവായുള്ള കൃത്യങ്ങളിൽ അല്ലയോ സമൎത്ഥാ! നീ പ്രവേശിച്ചുകൊള്ളുക.

## 73

**മയിലിനു സുബ്രഹ്മണ്യമന്ദിരത്തിലെ സൎവ്വാധികാരപദം ലഭിക്കുമെന്നു് പ്രത്യുപകാരബുദ്ധിയോടുകൂടി നായകൻ ആശംസിക്കുന്നു.**

**മുട്ടാതെല്ലാം നിയതി മുറപോൽ ചെയ്തിടുമ്പോൾ തടസ്ഥം**
**തട്ടാതാവാമവിരഹിതരാം ദമ്പതീ നീലകണ്ഠ!**
**കൊട്ടാരത്തിൽ കൊടിയ പദമായോരു സൎവ്വാധികാരം**
**കിട്ടാനുണ്ടാം തരമഥ തവ ശ്രീവിശാഖപ്രസാദാൽ.**

രണ്ടാമത്തെ പാദത്തിനു താഴെ കൊടുക്കുന്ന പാഠാന്തരം കാണുന്നു:

''തട്ടാതററു വിരഹമനയോന്നീലകണ്ഠന്നുമപ്പോാം,'' കൂടാതെ 'തരമഥ തവ' എന്നതിനുപകരം 'ഉടനവസരം എന്നും പാഠാന്തരമുണ്ട്.

നിയതി—ലോകനിയാമകമായ മഹാശക്തി, ഈശ്വരൻ. തട സ്ഥം തട്ടാതെ—പ്രതിബന്ധമൊന്നുമില്ലാതെ. ആവാം—ഞങ്ങരം രണ്ടുപേർ. ദമ്പതീ—ദമ്പതികരം; ദമ്പതികളായ ഞങ്ങരം എന്നത്ഥം. അവിരഹിതരാം—വിരഹമുക്തരാവും. കൊടിയ പദം—ഉന്നതസ്ഥാനം. ശ്രീവിശാഖപ്രസാദാൽ സുബ്രഹ്മണ്യസ്വാമിയുടെ കാരുണ്യം നിമിത്തം.

പ്രകൃതിശക്തി നിർബാധമായി നീതിയനുസരിച്ച് കാര്യങ്ങളെല്ലാം ചെയ്യുന്നതോടൊപ്പം ശ്രീവിശാഖൻെറ കാരുണ്യത്താൽ ദമ്പതികളായ ഞങ്ങരം വീണ്ടും ഒന്നുചേരും. എന്നുമാത്രമല്ല നീലകണ്ഠ! നിനക്കു സുബ്രഹ്മണ്യപ്രസാദംകൊണ്ട് സ്വാമിമന്ദിരത്തിൽ എല്ലാ അധികാരങ്ങളുമുള്ള സ്ഥാനം കിട്ടുവാനുള്ള ഭാഗ്യവും വന്നുചേരും.

ശുഭാശംസചെയ്തു് സന്ദേശവാഹകനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതു് ഉചിതംതന്നെയാണു്.

''നൂനം തോഴനു സൗദാമിനിയൊടിതുവിധം വന്നിടൊല്ലേ വിയോഗം,'' എന്ന വാക്കുകളിൽ ഈ കൃത്യം എത്രയോ സരസമായി കാളിദാസൻ നിവ്വഹിച്ചിരിക്കുന്നു. ഇവിടെയാകട്ടെ മയിലിനു് സമുന്നതസ്ഥാനമാശംസിക്കുന്നതോടുകൂടി കേരളവമ്മയുടെ ഉററമിത്രമായ നീലകണ്ഠപ്പിള്ളയ്ക്കു്, കൊട്ടാരത്തിൽ വിശാഖംതിരുനാളിൻെറ പ്രസാദംകൊണ്ടു സവ്വാധികാര്യക്കാരുദ്യോഗം ലഭിക്കുമെന്നു് ഏതാണ്ടു വാച്യമായിത്തന്നെ പറയുകയും ചെയ്തിരിക്കുന്നു. അപ്രകൃതമായ ശ്ലിഷ്ടാത്ഥം ഇവിടെ പ്രകൃതാത്ഥത്തെക്കാരം പ്രകടമായിക്കാണുന്നു. ഗൃഹനാഥനെ അതിഥി തിരോഭവിപ്പിക്കുന്നതായി തോന്നിപ്പോവുകയും ചെയ്യുന്നു. ഇതു് കാവ്യശോഭയെ ഹനിക്കുന്നു എന്നു പറയാതെ തരമില്ല.

നിയതിയുടെ ഗതി അപ്രതിഹതമാണെന്നും വേണ്ടതെല്ലാം ആ മഹാശക്തി മുറപോലെ ചെയ്തുകൊള്ളുമെന്നും അനുഭവപരമ്പരകളിൽ നിന്നും നായകനു ലഭിച്ച ദശ്നം ഇവിടെ സ്മരിക്കുന്നതു് സമഞ്ജസമായിരിക്കുന്നു.

**കേരളഹൃദയം**
**സമാപ്തം**

മയൂരസന്ദേശമണിപ്രവാളവും
മടിച്ചിടാതിങ്ങു ചമച്ചു ഞാനിതു
മഹാജനങ്ങരംക്കു രസിക്കുമെങ്കിലീ
മമ ശ്രമം നിഷ്ഫലമല്ല കേവലം.

★

# ശ്ലോകസൂചി


| പ്രതീകം | പേജ് |
|---|---|
| അച്ഛിന്നൗഘം നയനസലിലം | 155 |
| അന്നേരം നീ പറക മൃദുവായുള്ള | 153 |
| അല്പം പാടി ശ്രമമൊടബലാ | 149 |
| അസ്സാലസ്യം മമ കമനിതാൻ | 137 |
| ആകാരത്തിൻ സുഷമയിതുപോലേതു | 76 |
| ആതങ്കത്താലധികവിധുരീഭാവം | 127 |
| ആപത്തേവം ബത വരുവതിന്നു് | 159 |
| ആത്താ താത്തേൻമൊഴിയരികിൽ | 147 |
| ആവിശ്ചിന്താഭരമവൻ | 71 |
| ഇക്കാലത്തെൻകുശലം | 81 |
| ഇത്യേവം മദ്വചനമുരചെയ്തു് | 170 |
| ഇഷ്ടപ്രാണേശ്വരിയുടെ | 71 |
| ഈ ലോകത്തിൽ സുഖമസുഖവും | 167 |
| ഉല്ലാസത്തോടവിടെ മരുവും | 121 |
| എന്നാലും ഞാനതി വിതതമാം | 158 |
| എല്ലാമീക്ഷിച്ചവിടെ വഴിയേ | 115 |
| ഏടാകൂടം വളരെ | 85 |
| ഏവഞ്ചിന്തിച്ചൊരുവിധം | 163 |
| ഏവം നീതാനമൃതമധുരം | 153 |
| ഒന്നിച്ചോരോ വിടപികരം | 110 |
| ഓജസ്സൂർജ്ജസ്വലമുലകിൽ | 144 |
| ഓമൽപ്പിച്ചിച്ചെടിലത | 165 |
| ഓർത്തീടുന്നേനുടലിനെയും | 164 |
| കണ്ടാലാർക്കും കൃതകപതഗം | 89 |
| കന്നൽക്കണ്ണാറാംമണികളവിടെ | 122 |
| കയ്യാലെത്തിക്കൗതുകമിയലും | 138 |
| കല്യൻ ഹൂണപ്രവരനൊരുവൻ | 115 |
| കല്യാരവേശാൽ കലുഷമതിയാം | 78 |
| കള്ളം കൈവിട്ടരയർ | 95 |
| കാണിക്കേണം കിമപി സഹജം | 95 |
| കാന്തിക്കാതൽക്കൊല്ലമകലരും | 113 |
| കാരാഗാരാകലിതസുരനാം | 130 |
| കാര്യം നോക്കേണ്ടതു പലതുമുണ്ടു് | 150 |
| കുന്നിച്ചീടും കുളിർമതിരുചാ | 159 |

| പ്രതീകം | പേജ് |
|---|---|
| കുന്നിന്നങ്ങേപ്പുറമടവിയാണു് | 117 |
| കൂടിച്ചേർന്നിട്ടൊരുവക കളിക്കൂട്ടർ | 86 |
| കൊണ്ടൽക്കോളാൽ കലിതകുതുകം | 72 |
| കൊല്ലം കണ്ടാലൊരുവൻ | 104 |
| കോകീവാർത്താ പ്രിയവിരഹിതാ | 152 |
| കോടക്കാർകൊണ്ടിരുളിയല്ലും | 80 |
| കോട്ടംതീർന്നോരുടൽവടിവെഴും | 126 |
| കോപത്താൽ നീ കുതി തുടരൊലാ | 91 |
| ഗാഢപ്രേമപ്രഗുണകരുണം | 160 |
| ചന്ദ്രപ്രഖ്യം മുഖമബലമാർ | 128 |
| ചാകുന്നേറജ്ജനമഹികളാൽ | 107 |
| ചാരത്തോടിച്ചകിതശശപോതങ്ങൾ | 96 |
| ചാരത്തോരോവശമതിൽ | 134 |
| ചാരുത്വത്താൽ പൃഥുതരമദം പൂണ്ടു | 139 |
| ചുററിക്കണ്ടാ നഗരമവിടംവിട്ടു | 110 |
| തങ്കത്താർതൻതതിലളിതമാം | 124 |
| തഞ്ചംനോക്കിപ്പുനരഥ | 100 |
| തണ്ടാർപൊയ്കയ്ക്കുശിശിരകരൻ | 146 |
| തത്താദൃക്കാം നരപതിഭയംകൊ | 79 |
| തത്രാനല്പം മഹിമകലരും | 96 |
| തദ്ദേശം ചെന്നണവതിനു | 83 |
| താന്തൻ കാന്താവിരഹദഹന.... | 157 |
| തിണ്ടാടീട്ടും പതംഗമിതിനോട്ടു് | 156 |
| തോകംതാങ്ങിത്തദനുചരരാം | 98 |
| തോട്ടിൽക്കൂടി ത്വരിതതരം | 92 |
| ദുർമ്മാർഗ്ഗത്തിൽ ക്ഷണമപി | 145 |
| ദൂനം ചിത്തം ദുരിതഹരമാം | 148 |
| ദൂനം ദൂരസ്ഥിതദയിതനായ് | 77 |
| ദൂരം മാർഗ്ഗം ദുരധിഗമം | 90 |
| ദേവാരാതിക്ഷപണചണയാം | 134 |
| ധന്യാത്മാവേ! ഖഗവര! | 74 |
| ധീരത്വത്താലനതിശയിതേ | 168 |
| നന്ദന്നാനാസുജനനയനാനന്ദിയായ് | 102 |
| നല്ലോരൂററുണ്ടമലജലം | 111 |
| നാട്ടിൽക്കൂടിക്കരുതി വഴിപോകേണ്ടം | 84 |
| നാനാവർണ്ണപ്രകടിതചമൽക്കാരമാം | 129 |
| നാമീവണ്ണം വ്യഥയനുഭവിക്കുന്നതിന്നിന്നു | 161 |
| നാളീകാക്ഷീമണികൾ | 125 |

| പ്രതീകം | പേജ് |
|---|---|
| നിദ്രാസൗഖ്യം നിയതി നിരസിച്ചീടവേ | 151 |
| നിഷ്കാരുണ്യം നരപരിവൃഢൻ | 160 |
| നിഷ്കാസിച്ചാലകലെ | 87 |
| നീലത്വംചേർന്നെഴുമിലകളാൽ | 88 |
| നീഹാരാഭം നിരുപമരസം | 113 |
| നേരേ കോട്ടയ്ക്കരുകുവഴിയായ് | 130 |
| നോക്കേണം നീ മലമുകളിൽ | 111 |
| പക്ഷിശ്രേഷ്ഠ! സ്വയമവിടെ | 77 |
| പങ്കംപോക്കും ഗൃഹനുടെ | 155 |
| പട്ടാളക്കാരതിപരുഷർ | 107 |
| പള്ളിക്കൂടം പലതു വലുതാം | 106 |
| പള്ളിക്കെട്ടിൻദിനമതുമുതൽ | 142 |
| പാതിവ്രത്യം പരമയി! | 162 |
| പാപംമൂലം പരവശതയാ | 151 |
| പാരിൽ പാർത്താലിഹ ഫണികുലം | 75 |
| പാലിക്കാനായ് ഭുവനമഖിലം | 132 |
| പാറക്കൂട്ടം പരമവിടെയുണ്ട് | 116 |
| പിന്നിൽക്കൂടിപ്പരിചൊടണയും | 94 |
| പുണ്യക്ഷേത്രത്തിനു പുറമെ | 114 |
| പെണ്ണിപ്പൃഥ്വീതലമതിൽ | 144 |
| പൊങ്ങിപ്പോയിപ്പരിചൊടു | 95 |
| പ്രത്യഗ്രശ്രീഭരിതമവനീഭർത്ത്രിതൻ | 136 |
| പ്രാണേശിത്രി! പ്രണയമസൃണേ! | 166 |
| പ്രേമം നമ്മോടനുപധി കലർന്നീടും | 84 |
| പ്രേയാനാമെൻ ചിരവിരഹമാം | 82 |
| ഭംഗംകൂടാതനിശം | 119 |
| ഭീത്യാ മുക്തം പരജനിതയാ | 163 |
| മംഗല്യാംഗീമണിമകുടമേ! | 157 |
| മങ്ങാതെങ്ങും മഹിതതരയാം | 105 |
| മണ്ടിച്ചെന്നങ്ങതിനു മുകളിൽ | 135 |
| മധ്വാസക്തഭ്രമരമുഖര.... | 97 |
| മല്ലീജാതിപ്രഭൃതി.... | 99 |
| മാനാതീതപ്രഥിമ കലരും | 94 |
| മാരക്രീഡാമഹലഹളയിൽ | 124 |
| മുട്ടാതെല്ലാം നിയതി മുറപോൽ | 170 |
| മൂലത്തിൽത്തൊട്ടുപരി | 138 |
| മെല്ലെ മല്ലേക്ഷണ മണിയറയ്ക്കുള്ളിൽ | 143 |
| മേളിപ്പേറും പനകളുടെയും | 118 |

| പ്രതീകം | പേജ് |
|---|---|
| യോജിക്കുന്നോരമലകവച.... | 127 |
| രണ്ടും മൂന്നും തവണ കൃഷീയേററു | 87 |
| ലീലാരണ്യേ വിഹഗമൃഗയാ | 166 |
| ലോകത്രാണോദ്യതൻ | 169 |
| വഞ്ചിക്ഷോണിക്കൊരു തിലകം | 88 |
| വഞ്ചിക്ഷോണീവലരിപു | 11[illegible] |
| വല്ലീജാനിപ്രിയ! വസുമതീനായികാം | 15[illegible] |
| വാണീദേവീ പരമുദിതമായോരു | 14[illegible] |
| വാസായാസ്സത്രയിത | 136 |
| വിശ്രാന്തിക്കായ് വീരവ്വൊട്ട് | 101 |
| വീണായ്ക്കോകം സ്വരമൊട്ട | 93 |
| വേഗത്തിൽപ്പോയഥ മധുരിപോഃ | 112 |
| വേഗാലെത്തും രഥമതിലെഴുന്നള്ളി | 141 |
| വൃത്രാരാതേരധിവസതിയാം | 123 |
| സംസാരാംഭോനിധികര | [illegible]31 |
| സച്ചേലത്തെസ്സുരസമരയിൽ | [illegible]3 |
| സത്തന്മാരപ്പൊഴുതഹിഭുജം | [illegible] |
| സന്താപഘ്നം സകലജഗതാം | [illegible]3 |
| സമ്യക്കാസ്ത്വാൻ നിയതസമയേ | [illegible]5 |
| സാരാമോദപ്രസവനികരം | 1[illegible]0 |
| സൂക്ഷിച്ചുംഗം പ്രതി സുരുചിര | [illegible]12 |
| സേവിച്ചംബാമഖിലജഗതാം | 143 |
| സ്വച്ഛന്ദം നീ തദനു | 133 |
| [illegible]രംപോലേ സുരസരണിയിൽ | 85 |
| സൈ്വരം വാണീടുകിലവിടെ നീ | 141 |
| ശ്രീമത്വത്താൽ മദമൊട്ട | 108 |
| ശ്രീമാൻ വഞ്ചിക്ഷിതിപതി | 69 |
| ശ്രീലാസ്യത്താലെഴുമഴക് | 120 |
| ശൃംഗാഗ്രംകൊണ്ടുപരിഗഗനം | 105 |
| ഹന്താനന്താപരിവൃഢ | 145 |
| ഹൃദ്യാനന്ദം നിരുപമതമം | 99 |


★


... GRANDHA SALA
THENNOORKARA
വാ ലു-5-8.

Indic Digital Archive Foundation
gpura.org